# അഹ്മദിയ്യ ഖിലാഫത്ത് (തെരെഞ്ഞെ-ടുക്കപ്പെടുന്നത്) ദൈവികമോ?

എഴുതിയത്:
അബ്ദുർറഹ്മാൻ പുതിയവളപ്പ്.

As edited on 27/11/2018

www.therealholyquran.com

# Ahmadiyya Khilafat (Elected) Divine?

(Malayalam)

Writtem by:
Abdurrahman Puthiyavalapp.

As edited on 27/11/2018

www.therealholyquran.com

# മുഖവുര

ഒരു സത്യവിശ്വാസി എപ്പോഴും നല്ല കർമ്മങ്ങൾ ചെയ്യുന്നത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാനാണ്. അവന് ഈ ലോകത്ത് ആരോടും തന്നെ വിദ്വേഷമോ പകയോ ഇല്ല. മറ്റുള്ളവർ അവനെക്കുറിച്ച് എന്തുവിചാരിക്കുമെന്നും അവനെതിരായി എന്തു പ്രവർത്തിക്കുമെന്നും എന്നതിനെ അവൻ ഗൗനിക്കാറില്ല. അവന്റെ യഥാർത്ഥ ലക്ഷ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുക എന്നതാണ്. അവനെ ബാധിക്കുന്നതൊക്കെ അവൻ ക്ഷമയോടുകൂടി കൈകാര്യം ചെയ്തുകൊണ്ട് മുന്നോട്ട് ഗമിക്കുകയും അതോടൊപ്പം വിജ്ഞാനം കരസ്ഥമാക്കാനുള്ള അവന്റെ ത്വര തുടർന്നു കൊണ്ടിരിക്കുകയും ചെയ്യുന്നു. അങ്ങനെ നാം കണ്ടെത്തുന്ന സത്യങ്ങൾ എപ്പോഴും നമ്മുടെ വിശ്വാസത്തെ ശരിവെക്കുന്നതായിരിക്കണമെന്നില്ല. മാത്രമല്ല, അത് ചിലപ്പോൾ കൈയ്പേറിയതും വേദനാജനകവുമായിരിക്കും. എന്നാൽ സത്യം കണ്ടെത്തിയാൽ ഒരു വിശ്വാസിക്ക് മറ്റുള്ളവരെ ഭയപ്പെട്ടുകൊണ്ട് അത് മറച്ചുവെക്കാൻ സാധിക്കുകയില്ല, അത് തുറന്നു പ്രഖ്യാപിക്കേണ്ടിവരും. അല്ലെങ്കിൽ ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ മുമ്പിൽ കുറ്റക്കാരനായിത്തീരുന്നതാണ്. സത്യം മറച്ചുവെക്കുകയാണെങ്കിൽ അത് അല്ലാഹുവിനു പകരം ജനങ്ങളെ ഭയപ്പെടലായിരിക്കും. അതൊരു സത്യവിശ്വാസിക്ക് ചേർന്ന കാര്യമല്ല. ഞാനീ ലിഖിതങ്ങൾ ഒരു പ്രാർത്ഥന മുഖേന ആരംഭിക്കുകയാണ്, ഇത് വായിക്കുന്നവർക്ക് ഇതിലുള്ള സത്യം മനസ്സിലാക്കാനുള്ള സൗഭാഗ്യം നല്കുകയും അല്ലാഹു എല്ലാവരേയും സത്യപാതയിലേക്ക് നയിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

ഈ ലോകത്ത് രണ്ടുതരം ജനങ്ങളാണുള്ളത്. ഭൗതികമായ സുഖലോലുപതയ്ക്ക് പിറകെ ഓടുന്നവരും ആത്മീയതയ്ക്ക് പിറകെ ഓടുന്നവരും. മിക്ക മതാനുയായികളും അവരവരുടെ പുരോഹിതന്മാർ പറയുന്നത് കണ്ണുമടച്ച് വിശ്വസിക്കുന്നവരാണ്. മിക്കവരും അവർ പറയുന്നത് ശരിയാണോ, തെറ്റാണോ എന്ന് മൂലഗ്രന്ഥങ്ങളുമായി തട്ടിച്ചു നോക്കാറില്ല. മതപുരോഹിതന്മാരെ സത്യവാന്മാരായി മനസ്സിലാക്കുകയും അവർ പറയുന്നത് വിശ്വസിച്ച് ജീവിക്കുകയും ചെയ്യുന്നു.

അങ്ങനെ ക്രിസ്തുമത വിശ്വാസികൾ അവരുടെ പുരോഹിതന്മാർ പറയുന്നതനുസരിച്ച് യേശുക്രിസ്തു ദൈവപുത്രനാണെന്ന് വിശ്വസിക്കുന്നു. ഹിന്ദുക്കൾ ശ്രീകൃഷ്ണനെ ദൈവത്തിന്റെ അവതാരമായി വിശ്വസിക്കുന്നു. മുസ്ലിംകൾ ഈസാ നബി(അ) ഇപ്പോഴും ആകാശത്ത് ജീവിക്കുന്നതായും അവിടെ നിന്ന് ഇറങ്ങിവരുമെന്നും വിശ്വസിക്കുന്നു. അതുപോലെ ഒരു വിഭാഗം അഹ്മദികൾ, മിർസാ മഹ്മൂദ് അഹ്മദിനെ മുസ്ലിഹ് മഊദ് (വഗ്ദത്ത പരിഷ്കർത്താവ്) ആയി അവത

രിപ്പിക്കുന്നു. അതുപോലെ തെരെഞ്ഞെടുക്കപ്പെടുന്ന ഖലീഫമാരെ ദൈവിക ഖലീഫമാരായും ചിത്രീകരിക്കുന്നു. ഇങ്ങനെയുള്ള കള്ളങ്ങൾ പറഞ്ഞുകൊണ്ട് സാധാരണ അഹ്മദികളെ വഴി തെറ്റിച്ചുകൊണ്ടിരിക്കയാണ്.

മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽനിന്ന് പുരോഹിതന്മാർ പറയുന്നത് അതിന്റെ മുഖവിലയ്ക്ക് എടുക്കരുതെന്നും, മൂല ഗ്രന്ഥവുമായി താരതമ്യ പഠനം നടത്തിയാൽ മത്രമേ യാഥാർത്ഥ്യം തിരിച്ചറിയാൻ സാധിക്കുകയുള്ളുവെന്നും വ്യക്തമാണ്. പക്ഷേ അതിനു വളരെയധികം ത്യാഗങ്ങളും കഠിനാദ്ധ്വാനവും ആവശ്യമാണ്. അങ്ങനെ സത്യം മനസ്സിലായിക്കഴിഞ്ഞാൽ അതു തുറന്നു പറയാൻ പ്രത്യേകമായ ഒരു ധൈര്യവും ആവശ്യമാണ്. ഇത് എല്ലാവരെക്കൊണ്ടും സാധിക്കുന്ന കാര്യമല്ല. സ്ഥാപിതമായിക്കഴിഞ്ഞ ഒരു മതപ്രസ്ഥാനത്തിന്റെ അടിസ്ഥാന വിസ്വാസത്തെ തെറ്റായി ചൂണ്ടിക്കാണിക്കുമ്പോൾ സ്വന്തം സമൂഹവും ബന്ധുക്കളും സ്നേഹിതന്മാരും സ്വാഭാവികമായും ശത്രുക്കളായിത്തീരും. അതിനാൽ ഇങ്ങനെയുള്ള ത്യാഗങ്ങൾ ദൈവത്തിനുവേണ്ടി എല്ലാം അർപ്പിക്കുന്നവർക്കു മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

എന്നാൽ സത്യത്തെ ഇഷ്ടപ്പെടാത്തവരും, വ്യക്തിപൂജയും വ്യക്തിതാല്പര്യവും ഇഷ്ടപ്പെടുന്നവരും സത്യം തുറന്നു പറയുന്നവരെ വഴിതെറ്റിയവരായും ശാപത്തിന്നിരയായവരായും ഒക്കെയാണ് മനസ്സിലാക്കാറ്. ഇത് പണ്ടുപണ്ടേ നടന്നുവരുന്ന ഒരു പ്രക്രിയയാണ്. എന്നാൽ സത്യത്തെ സ്നേഹിക്കുന്നവർ ഇവരുടെ ജല്പനങ്ങളെയൊന്നും കാര്യമായി എടുക്കാറില്ല. കാരണം അവർക്കു ലഭിച്ച തെളിവുകളിലും അതുമുഖേനെ കണ്ടെത്തിയ സത്യത്തിലും അവർ ആനന്ദം കണ്ടെത്തുന്നവരാണ്.

സത്യവാദവും അസത്യവാദവും വേർതിരിച്ച് അറിയാനുള്ള മാർഗം, സത്യവാദത്തിന് അവതരിപ്പിക്കാൻ ധാരാളം തെളിവുകളുണ്ടായിരിക്കും എന്നതാണ്, അസത്യവാദികൾക്ക് ആ തെളിവുകളെ ഘണ്ഡിക്കാനുള്ള മറുതെളിവുകൾ ഉണ്ടായിരിക്കുന്നതല്ല. അവസാനം അവർ സത്യത്തെ അമർച്ച ചെയ്യുവാൻ ശക്തി ഉപയോഗിക്കും. അങ്ങനെ ശക്തി ഉപയോഗിക്കുന്നവർ തങ്ങൾ അസത്യവാദികളാണെന്ന് സ്വയം തെളിയിക്കുകയാണ് ചെയ്യുന്ന ത്. മഹ്മൂദികളും ഈ കാര്യത്തിൽ ഒട്ടും പിറകിലല്ല. അവരും മറ്റുള്ളവരെപ്പോലെ സത്യത്തിന്നെതിരെ ശക്തി ഉപയോഗിക്കുന്നു. ജമാഅത്തിൽനിന്നും പുറത്താക്കുന്നു. ഇന്ന വ്യക്തിയുമായി സംവാദത്തിലേർപ്പെടരുതെന്ന് മറ്റുള്ളവർക്ക് താക്കീത് നല്കുന്നു. ലംഘിക്കുന്നവരെ ജമാഅത്തിൽനിന്ന് പുറത്താക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ വ്യക്തികളുടെ മ◌ൌലികാവകാശമായ അഭിപ്രായ സ്വാതന്ത്ര്യത്തെ ഹനിച്ചു കളയുകയും ചെയ്യുന്നു.

ജീവിതം അവസാനിക്കുന്നതിനു മുമ്പായി സത്യം മനസ്സിലാക്കാൻ അവസരം ഒരുക്കിത്തന്ന അല്ലാഹുവിന് ആദ്യമായി നന്ദി അർപ്പിക്കുന്നു. അതിനു ശേഷം ഈ ഗ്രന്ഥം മലയാളത്തിൽ പ്രസിദ്ധീകരിച്ചു

കാണാൻ ആഗ്രഹിച്ച സുഹൃത്തുക്കൾക്കും, കൃതജ്ഞത രേഖപ്പെടുത്തുന്നു. എല്ലാവർക്കും ഉന്നതനായ അല്ലാഹു മനം നിറയെ പ്രതിഫലം നൽകുമാറാകട്ടെ.

ഈ ഗ്രന്ഥം അഹ്മദിയ്യത്തിനോ അഹ്മദിയ്യാ ഖിലാഫത്തിനോ എതിരായിട്ടുള്ളതല്ല. പക്ഷേ, അവരുടെ തെറ്റായ വിശ്വാസങ്ങൾക്കും ചെയ്തികൾക്കും എതിരെയുള്ളതാണ്. അനർഹമായ പരിപാവനത്വം നേടിയെടുക്കാനായി, സ്വന്തം കുടുംബാംഗങ്ങൾ ഭൂരിപക്ഷമുള്ള ഏതാനും പേർ ചേർന്ന് ജനാധിപത്യവിരുദ്ധമായ നിലയിൽ തെരഞ്ഞെടുക്കുന്ന ഖലീഫയെ ജമാഅത്തിന്റെ മുഴുവൻ ഖലീഫയാണെന്നും മുസ്ലിംകളുടെ മുഴുവൻ ഖലീഫയാണെന്നും ദൈവനിയോഗിതനായ ഖലീഫയാണെന്നും ഉള്ള കള്ളം പറഞ്ഞ് സാധാരണ അഹ്മദികളേയും മുസ്ലിം സഹോദരന്മാരേയും തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്യുന്നത്. ഈ ദിവ്യത്വം കാരണമായി ഖലീഫയുടെ എല്ലാ തെറ്റായ നടപടികളെയും സാധാരണ അഹ്മദികൾ ദൈവത്തിന്റേതായി കണക്കാക്കുന്നു. ശബ്ദമുയർത്തിയാൽ ജമാഅത്തിൽനിന്ന് പുറത്താക്കുമെന്ന ഭീഷണി നിലനില്ക്കുന്നതിനാൽ പ്രതികരിക്കാതെ എല്ലാവരും മൗനം പാലിക്കുന്നു. പൂച്ചക്കാര് മണികെട്ടും എന്ന പ്രതിസന്ധിയാണിവിടെ നില നില്ക്കുന്നത്. ഇങ്ങനെയുള്ള ഇവരുടെ വഞ്ചനാത്മകമായ പ്രവർത്തനങ്ങളെ ഓരോന്നായി തുറന്നു കാട്ടുകയും അതിനെതിരെ സമൂഹത്തിൽ ഉണർവ്വ് സൃഷ്ടിക്കുകയും ചെയ്യുകയാണ് ഈ കൃതിയുടെ ലക്ഷ്യം. സത്യത്തെ അവസാനം അല്ലാഹു വിജയിപ്പിക്കുമെന്ന ഉറപ്പോടുകൂടി, വിജയിപ്പിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ കൃതി ജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മസീഹ് മൗഊദ് (അ) എഴുതിയ ഗ്രന്ഥങ്ങളുടെ സമാഹാരത്തെ Roohani Khazain (റൂഹാനി ഖസായിൻ അഥവാ ആത്മീയ ഖജനാവുകൾ) എന്ന പേരിൽ അറിയപ്പെടുന്നു. RK12:131 എന്നത് റൂഹാനി ഖസായിൻ, വാല്യം 12, പേജ് 131–നെ സൂചിപ്പിക്കുന്നു.

യഥാർത്ഥ മുസ്ലിഹ് മഊദിനെ (അ) തിരിച്ചറിയുവാൻ
www.alghulam.com സന്ദർശിക്കുക:

അബ്ദുർറഹ്മാൻ പുതിയവളപ്പ്
11/09/2017.
www.therealholyquran.com
email webmaster@therealquran.com
darussalam2@gmail.com

# ഉള്ളടക്കം

1. എന്താണ് ദൈവിക ഖിലാഫത്ത്? 7
2. രണ്ടാം ഖലീഫ മുസ്‌ലിഹ് മഊദോ? 10
3. ഖലീഫയെ തെരഞ്ഞെടുക്കുന്ന തെറ്റായ രീതി 22
4. ഖലീഫ സ്വതന്ത്ര ചിന്തയെ അടിച്ചമർത്തുന്നു 24
5. ഖലീഫ വിശ്വാസികളെ പീഡിപ്പിക്കുന്നു 26

6. മറ്റു മുസ്‌ലിംകളെ കാഫിറുകളായി പ്രഖ്യാപിക്കുന്നു 38
7. അനഹ്മദി മുസ്‌ലിംക്ൾ കാഫിറുകളോ? 41
8. ഖലീഫ ഇസ്‌ലാമിക വിവാഹത്തെ വിലക്കുന്നു 45
9. ഖലീഫ സക്കാത്തിന് വിലക്ക് ഏർപ്പെടുത്തുന്നു 47
10. അമുസ്‌ലിം ന്യൂനപക്ഷം –കാരണങ്ങൾ 48

11. ഇമാം ഹസനെ കുറ്റപ്പെടുത്തുന്നു 51
12. ആദ്യഖലീഫയുടെ സന്താനങ്ങൾക്കുനേരെ വിദ്വേഷം 55
13. ചന്ദയിലും വസിയ്യത്തിലും വരുത്തിയ മാറ്റങ്ങൾ 56
14. മറ്റു മുസ്‌ലിംകളുടെ പിറകെയുള്ള നമസ്ക്കാരം 59
15. എന്താണ് രണ്ടാം ശക്തി പ്രഭാവം? 60

16. മുജദ്ദിദുമാർ വരില്ലേ? 62
17. പതിനായിരം മസീഹിന്റെ ആഗമനം 70
18. മസീഹ് ഇബ്നു മർയം വീണ്ടും വരുന്നു 72
19. വിജയ പ്രസ്ഥാന ഘടകങ്ങൾ 76
20. കള്ളപ്പണത്തിന്റെ പനാമ രേഖകൾ 78

21. ഖിലാഫത്ത് ചരിത്രം ഒറ്റ നോട്ടത്തിൽ 82
22. എല്ലാവരോടും സ്നേഹമെന്ന വഞ്ചന 85
23. ഈ ചതിപ്രയോഗങ്ങൾ അവസാനിച്ചാലും 87
24. ഇസ്‌ലാമിൽ കക്ഷി പിരിയൽ നിഷിദ്ധം 91

25. അമേരിക്കൻ പ്രസിഡണ്ടിനേക്കാൾ ഏകാധിപതി 94
26. ലേഖ്റാമിന്റെ കൂട്ടാളികൾ! 95
27. ഖിലാഫത് റാഷിദയും അഹ്മദിയ്യാ ഖിലാഫതും 102
28. പാരമ്പര്യ ഖിലാഫതും ഇസ്‌ലാമിന്റെ വിജയവും 107
29. പരമോന്നത പ്രാർത്ഥനയും അതിന്റെ ലക്ഷ്യവും 111

# 1. എന്താണ് ദൈവിക ഖിലാഫത്ത്?

ദൈവിക ഖിലാഫത്ത് തിരഞ്ഞെടുക്കപ്പെടുന്ന ഒന്നല്ല. അത് അല്ലാഹു നേരിട്ട് നിയോഗിക്കുന്നതാകുന്നു. മുജദ്ദിദുമാരും അതുപോലെ അല്ലാഹുവിന്റെ വലിമാരും ഈ ഗണത്തിൽപ്പെടുന്നു. ഒരു പ്രവാചകന്റെയോ അല്ലെങ്കിൽ അല്ലാഹുവിന്റെ ഖലീഫയുടെയൊ വിയോഗശേഷം ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്തിനു ഒരു കാലശേഷം മൂല്യശോഷണം സംഭവിക്കുകയും പിന്നീടത് ഏകാധിപത്യത്തിലേക്കും വിശ്വാസവൈകല്യങ്ങളിലേക്കും വ്യതിചലിക്കുകയും ചെയ്യുന്നു.

ഖിലാഫത്തിനെക്കുറിച്ചുള്ള വാഗ്ദാനം വിശുദ്ധ ഖുർആനിൽ നമുക്കിങ്ങനെ വായിക്കാം.

وَعَدَ ٱللَّهُ ٱلَّذِينَ آمَنُواْ مِنكُمْ وَعَمِلُواْ ٱلصَّالِحَاتِ لَيَسْتَخْلِفَنَّهُمْ فِى ٱلْأَرْضِ كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُمْ مِّن بَعْدِ خَوْفِهِمْ أَمْناً يَعْبُدُونَنِى لاَ يُشْرِكُونَ بِى شَيْئاً وَمَن كَفَرَ بَعْدَ ذٰلِكَ فَأُوْلَٰئِكَ هُمُ ٱلْفَاسِقُونَ.

നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു, അവരുടെ മുൻഗാമികളിൽ ഖലീഫമാരെ നിയോഗിച്ചതുപോലെ തീർച്ചയായും ഭൂമിയിൽ അവൻ അവരിലും ഖലീഫമാരെ നിയോഗിക്കുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ. (വിശുദ്ധ ഖുർആൻ 24:56)

ഈ ആയത്തനുസരിച്ചാണ് മസീഹ് മഊദും (അ) ആഗതനായിരിക്കുന്നത്.

سورۃ نور میں آیت استخلاف کو غور سے پڑھ کر دیکھ لو۔ میں بھی اسی وعدہ کے موافق آیا ہوں اور اس واسطے موعود کہلا تا ہوں۔

## 1. എന്താണ് ദൈവിക ഖിലാഫത്ത്?

സൂറത്തുന്നൂറിലെ ആയത്തുൽ ഇസ്തിഖ്ലാഫ് വായിക്കുക. ഞാനും വന്നിരിക്കുന്നത് ഈ ആയത്തിൽ പറഞ്ഞ വാഗ്ദാനമനുസരിച്ചാണ്. അതു കൊണ്ടാണ് ഞാൻ വാഗ്ദത്ത (മസീഹ്) എന്ന് വിളിക്കപ്പെടുന്നത്. (ദേഹവിയോഗത്തിനു ആറുദിവസം മുമ്പുള്ള പ്രഭാഷണം.)
(Malfoozat, Volume v/v Page 666, Speech at Lahore on 17th May 1908, six days before his demise).

ഇവിടെ മനസ്സിലാക്കേണ്ട പ്രധാന കാര്യം ദൈവിക ഖിലാഫത്ത് ലഭിക്കുന്നതിന് അർഹരായിത്തീരുന്നവർ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരും അവനോട് യാതൊന്നും പങ്കുചേർക്കാത്തവരും ആയിരിക്കുമെന്നതാണ്. അല്ലാഹുവിന് പകരം തെരെഞ്ഞെടുക്കപ്പെടുന്ന ഖലീഫമാർക്ക് മുൻഗണന നല്കുന്നവർക്ക് ഈ ഭാഗ്യം ലഭിക്കുന്നതല്ല.

ഖിലാഫത്ത് രണ്ട് രീതിയിലാണ്. അതിലൊന്ന് അല്ലാഹു നേരിട്ട് നിയോഗിക്കുന്നതാണ്. ആദം (അ) മുതലുള്ള പ്രവാചകന്മാർ, മുസ്ലിം സമൂഹത്തിലെ മുജദ്ദിദുമാർ മുതലായവർ. അവരാണ് യഥാർത്ഥത്തിലുള്ള അല്ലാഹുവിന്റെ ഖലീഫമാർ. ഒരു ദൈവനിയോഗിതന്റെ മരണ ശേഷം ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫമാരാണ് രണ്ടാമത്തേത്. ഇവർ ദൈവനിയോഗിതരല്ല. ദൈവ നിയോഗിതന്റെ പ്രതിനിധിയായി വരുന്നവരാണ്. എന്നാൽ അല്ലാഹു സ്വയം വീണ്ടും തന്റെ ഖലീഫയെ നിയോഗിക്കുന്നതോടുകൂടി ഇവരുടെ പ്രസക്തി നഷ്ടപ്പെടുന്നു. ആയത്തുൽ ഇസ്തിഖ്ലാഫിൽ പറഞ്ഞത് അല്ലാഹു നേരിട്ട് നിയോഗിക്കുന്ന ഖലീഫമാരെക്കുറിച്ചാണ്. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫമാരെക്കുറിച്ചല്ല. ദൈവനിയോഗിത ഖലീഫമാർക്ക് അല്ലാഹുവിൽനിന്ന് നേരിട്ട് നിർദ്ദേശങ്ങൾ ലഭിക്കുന്നു. ജനങ്ങൾ തിരഞ്ഞെടുക്കുന്ന ഖലീഫമാർ ഒരു കാലഘട്ടത്തിനുശേഷം ഏകാധിപതികളായിത്തീരുന്നു. ഉദാഹരണമായി ഖിലാഫത്തുർറാഷിദ അഞ്ചാം ഖിലാഫത്തോടുകൂടി ഏകാധിപത്യത്തിലേക്ക് നീങ്ങി. അഹ്മദിയ്യാ ഖിലാഫത്ത് രണ്ടാം ഖിലാഫത്തോടു കൂടി ഏകാധിപത്യത്തിലേക്ക് നീങ്ങി.

ഇങ്ങനെ സംഭവിക്കുന്ന കറകൾ നീക്കുവാനായി അല്ലാഹു സ്വയം വീണ്ടും തന്റെ ഖലീഫയെ നിയോഗിക്കുന്നതാണ്.

اور جب تک کوئی خدا سے رُوح القدس پا کر کھڑا نہ ہو سب میرے بعد مل کر کام کرو۔

അല്ലാഹു ദൈവിക വെളിപാടുകൾ നല്കി ഒരാളെ നിയോഗിക്കുന്നതുവരെ നിങ്ങളെല്ലാവരും എനിക്കു ശേഷം ഒത്തൊരുമിച്ച് പ്രവർത്തിക്കുക. (Al-Wasiyyat Urdu Page 11, Islam International Publications Limited, 2004, available online)

ഈ നിർദ്ദേശത്തിൽനിന്നും അഹ്മദിയ്യാ ഖിലാഫത്ത് ദൈവിക ഖിലാഫത്തല്ലെന്ന കാര്യം വ്യക്തമാണ്. അല്ലാഹു തന്റെ ഖലീഫമാരെ നിയോഗിക്കുന്നത് ഓരോ നൂറ്റാണ്ട് ഇടവിട്ടാണ്. ഈ രണ്ടു കാലഘട്ടത്തിനിടയിലുള്ള വിടവ് നികത്തുവാനായാണ് ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഖലീഫമാർ നിലവിൽ വരുന്നത്. അല്ലാഹു തന്റെ ഖലീഫയെ നിയോഗിക്കുന്നതോടുകൂടി ഇവരുടെ പ്രസക്തി നഷ്ടപ്പെടുന്നു. അല്ലാഹു നിയോഗിച്ച ഖലീഫയെ സ്വീകരിക്കുകയെന്നത് ഇവരുടെകൂടി ബാധ്യതയായിത്തീരുന്നു.

اس مسیح کو بھی یاد رکھو جو اس عاجز کی ذریت میں سے ہے جس کا نام ابن مریم بھی رکھا گیا ہے کیونکہ اس عاجز کو براہین میں مریم کے نام سے بھی پکارا ہے۔

ഈ വിനീതന്റെ അനുചരന്മാരിൽനിന്ന് (വരാനിരിക്കുന്ന) ആ മസീഹിനെയും ഓർത്തു കൊള്ളുക. അദ്ദേഹത്തിനു ഇബ്നുമർയം എന്നും പേരുവെച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ വിനീതനെ ബറാഹീനെ അഹ്മദിയ്യായിൽ മർയം എന്ന് പേരുവിളിച്ചിരിക്കുന്നു. (RK Vol 03, P318).

## തെരെഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് പിന്നീട് ഏകാധിപത്യത്തിലേ ക്ക് നീങ്ങുമെന്ന പ്രവചനം.

അബ്ദുർറഹ്മാൻ ബിൻ സഹൽ (റ.അ.) നിവേദനം ചെയ്യുന്നു, റസൂൽ (സ) അരുൾ ചെയ്തു:

**عن عبد الرحمن بن سهل قال: قال رسول الله صلاالله عليه و سلّم ما كانت نبوة قطّ الّا طبعتها خلافة و لا كانت خلافة قطّ الّا طبعها مُلك (كنزل عمال كتاب الفتن)**

അബ്ദുർറാഹ്മാൻ ബിൻ സഹൽ നിവേദനം ചെയ്യുന്നു: റസൂൽ (സ) അരുൾ ചെയ്തു: ഖിലാഫത്ത് തുടർന്നു വരാത്ത നുബുവ്വത്തില്ല. ഏകാധിപത്യം തുടർന്നു വരാത്ത ഖിലാഫത്തുമില്ല. നുബുവ്വത്തിനു ശേഷം ഖിലാഫത്ത് പിൻതുടർന്നു വരുന്നതാണ്, ഖിലാഫത്ത് പിന്നീട് ഏകാധിപത്യത്തിലേക്ക് നീങ്ങുന്നതാണ്. (കൻസുൽ അമ്മാൽ, കിതാബുൽ ഫതൻ ഹദീസ് നമ്പർ 31447 ).

## 2. രണ്ടാം ഖലീഫ മുസ്‌ലിഹ് മഊദോ?

മസീഹ് മഊദ് (അ) മറ്റുള്ളവരിൽനിന്ന് വേർപ്പെട്ടുകൊണ്ട് ഹോഷിയാർപൂരിൽ ധ്യാനനിരതനായി നാളുകൾ ചിലവഴിച്ചതിന്റെ ഫലമായി ലഭിച്ച വെളിപാടുകളെയാണ് മുസ്‌ലിഹ് മഊദിനെക്കുറിച്ചുള്ള പ്രവചനം (20/02/1886–ന് വിളംബരപ്പെടുത്തിയത്) എന്ന പേരിൽ അറിയപ്പെടുന്നത്. ഇത് മുഖ്യമായും മുസ്‌ലിഹ് മഊദിനെക്കുറിച്ചുള്ള പ്രവചനമാണെങ്കിലും അതിൽ മറ്റുള്ള പ്രവചനങ്ങളും അടങ്ങിയിരുന്നു. അതിൽ പ്രധാനമായും രണ്ട് വാഗ്ദത്ത പുത്രന്മാർ ജനിക്കുന്നതിനെക്കുറിച്ചായിരുന്നു. ഒരു ശാരീരിക സന്താനവും മറ്റൊരു ആത്മീയ സന്താനവും. ധാരണ പിശക് മൂലം മസീഹ് മഊദ് (അ) ഈ പ്രവചനങ്ങൾ ഒരു പുത്രൻ മാത്രം ജനിക്കുന്നതിനെ കുറിച്ചാണെന്നായിരുന്നു മനസ്സിലാക്കിയിരുന്നത്. എന്നാൽ അല്ലാഹു പിന്നീട് ഈ ധാരണ തിരുത്തുകയാണ് ചെയ്തത്. മുസ്‌ലിഹ് മഊദിന്റെ ഒരു ഗുണമായി പറഞ്ഞത് അവൻ മൂന്നി നെ നാലാക്കുമെന്നായിരുന്നു.

അങ്ങനെ ആദ്യത്തെ കുട്ടിയായ ബഷീർ ഒന്നാമൻ ജനിച്ചപ്പോൾ ഈ കുട്ടി മുസ്‌ലിഹ് മഊദ് ആയിരിക്കുമെന്ന് പ്രതീക്ഷിച്ചു. എന്നാൽ ബഷീർ ഒന്നാമൻ ചെറുപ്പത്തിൽ തന്നെ മരണം വരിച്ചു. ശത്രുക്കൾ മുറവിളി കൂട്ടിയപ്പോൾ, വെളിപാടുകളിൽ ഈ കുട്ടിയാണ് മുസ്‌ലിഹ് മഊദ് എന്ന് എവിടെയും പറഞ്ഞിട്ടില്ലെന്ന് മറുപടി കൊടുത്തു. ബഷീർ ഒന്നാമനു പകരമായാണ് ബഷീറുദ്ദീൻ മഹമൂദ് അഹ്മദ് ജനിക്കുന്നത്. പക്ഷേ ഈ കുട്ടി മുസ്‌ലി ഹ് മഊദ് ആയിരിക്കുമെന്ന് മസീഹ് മഊദ് (അ) വിളംബരപ്പെടുത്തിയില്ല. അല്ലാഹു അറിയിക്കുകയാണെങ്കിൽ പിന്നീട് വിളംബരം ചെയ്യുന്നതാണെന്ന് പറഞ്ഞു. ശേഷം രണ്ടാമത്തെ മകനായ ബഷീർ അഹ്മദും, മൂന്നാമത്തെ മകനായ ശരീഫ് അഹ്മദും, നാലാമത്തെ മകനായ മുബാറക് അഹ്മദും ജനിച്ചു. നാലാമത്തെ പുത്രൻ ജനിക്കുന്നതിനു മുമ്പേ, മൂന്നിനെ നാലാക്കുന്നവൻ ഇതാ വരുന്നൂ എന്ന വെളിപാടും ഉണ്ടായി. അതിനാൽ മുബാറക് അഹ്മദ് മുസ്‌ലിഹ് മഊദ് ആയിരിക്കുമെന്ന് പ്രതീക്ഷിച്ചു.

ആദ്യത്തെ കുട്ടിയായ ബഷീർ മരണപ്പെട്ടതിനു ശേഷം പിന്നീട് ജനിച്ച മൂന്ന് ആൺ സന്താനങ്ങളിൽ ആരെക്കുറിച്ചും മസീഹ് മഊദ് (അ) മുസ്‌ലിഹ് മഊദാണെന്ന് പറഞ്ഞിട്ടില്ല. എന്നാൽ നാലാമത്തെ കുട്ടി 14/06/1899–ന് ജനിച്ചപ്പോൾ (മൂന്നിനെ നാലാക്കുന്നവൻ എന്ന നിലയിൽ) ഈ കുട്ടി മുസ്‌ലിഹ് മഊദാണെന്ന് പറയുകയുണ്ടായി.

## 2. രണ്ടാം ഖലീഫ മുസ്‌ലിഹ് മഊദോ?

14جون1899ء- مبارک احمد کی پیدائش -اور میرا چوتھا لڑکا جس کا نام مبارک احمد ہے اسکی نسبت پیشگوئی اشتہار 20فروری 1886ء میں کی گئی اور پھر انجام آتھم میں یہ پیشگوئی کی گئی

മുബാറക് അഹ്മ്ദിന്റെ ജനനം. എന്റെ നാലാമത്തെ സന്താനം, അവന്റെ പേര് മുബാറക് അഹ്മദ് എന്നാണ്. അവനെക്കുറിച്ച് 20/2/1886–ലെ വിജ്ഞാപനത്തിലും അതിനു ശേഷം അൻജാമെ ആഥത്തിലും പ്രവചിച്ചിരുന്നു. (തർയാഖുൽ ഖുലൂബ്, റൂഹാനി ഖസായിൻ വല്യം 15, പേജ് 221–223)

എന്നാൽ മസീഹ് മഊദ് (അ) കണ്ട ഒരു സ്വപ്നത്തിൽ ഈ കുട്ടി വെള്ളം നിറഞ്ഞൊരു കുഴിയിൽ പ്രവേശിക്കുന്നതായും അതിൽ മുങ്ങിപ്പോകുന്നതായും കണ്ടു. കുറെ തിരഞ്ഞെങ്കിലും ഒരു വിവരവും ലഭിച്ചില്ല. പിന്നീട് മുബാറക് അഹ്മദിനു പകരമായി വേറൊരു കുട്ടി ഇരിക്കുന്നതായാണ് കണ്ടത്. ശേഷം 16/09/1907–ന് മുബാറക് അഹ്മദ് മരിച്ചപ്പോൾ ആ പ്രതീക്ഷയും ഇല്ലാതായി. പക്ഷേ മുസ്‌ലിഹ് മഊദിനെക്കുറിച്ചുള്ള വെളിപാടുകൾ തുടർന്നു കൊണ്ടേയിരുന്നു. തുടർച്ചയായുള്ള ഈ വെളിപാടുകളിൽ നിന്നും മനസ്സിലാകുന്ന ഒരു കാര്യം ഇതുവരെ ജനിച്ച കുട്ടികളിൽ ആരും തന്നെ മുസ്‌ലിഹ് മഊദ് അല്ലെന്നാണ്. ആ കുട്ടി ജനിക്കാൻ പോകുന്നുവെന്നേയുള്ളൂ എന്നാണ്.

ഇതിനു ശേഷം മസീഹ് മഊദിന് (അ) ആൺ കുട്ടികൾ ആരും ജനിച്ചിട്ടില്ല. അങ്ങനെ മുസ്‌ലിഹ് മഊദ് ഒരു പക്ഷേ പൗത്രന്മാരിൽ നിന്നായിരിക്കും ജനിക്കുകയെന്ന് പ്രതീക്ഷിച്ചുകൊണ്ട് ജീവിച്ചിരിക്കുന്ന ആദ്യത്തെ മകന് ഒരു പേരക്കുട്ടി (നസീർ അഹ്മദ്) ജനിച്ചപ്പോൾ ആ കുട്ടി മുസ്‌ലിഹ് മഊദ് ആയിരിക്കുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ ആ കുട്ടിയും മരണപ്പെട്ടു പോയി. ഏതൊക്കെ കുട്ടികളെ മസീഹ് മഊദ് (അ) മുസ്‌ലിഹ് മഊദ് എന്ന് കരുതിയോ, ആ കുട്ടികളെല്ലാം മരണപ്പെടുകയുണ്ടായി എന്നത് ഒരു അത്ഭുത അടയാളമായി അവശേഷിക്കുന്നു. ഇതിൽനിന്നും മനസ്സിലാകുന്നത് മുസ്‌ലിഹ് മൗഊദിന്റെ ആവിർഭാവം വലിയൊരു പരീക്ഷണമായിരിക്കുമെന്നാണ്. വീണ്ടും ഒരു വിവാഹം കൂടി നടക്കാൻ പോകുകയാണെന്നും ഒരു പക്ഷേ മുസ്‌ലിഹ് മഊദ് ആ പത്നിയിൽ കൂടിയായിരിക്കും ജനിക്കുകയെന്നും പ്രതീക്ഷിക്കുകയുണ്ടായി. (തദ്കിറ പേജ് 113). പക്ഷേ ആ വിവാഹവും നടന്നില്ല. അങ്ങനെ മുസ്‌ലിഹ് മഊദിന്റെ ജനനം മസീ ഹ് മഊദിന്റെ (അ) ജീവിത കാലത്ത് സംഭവിച്ചിട്ടില്ലെന്ന് പൂർണ്ണമായും തെളിയുന്നു.

മസീഹ് മഊദിന് (അ) തെറ്റുപറ്റി എന്ന് പറയുന്നത് മസീഹ് മഊദിനെ ആക്ഷേപിക്കലാണ് എന്ന് പറയുന്നവരുണ്ട്. എന്നാൽ മസീഹ് മഊദ്

(അ) സ്വയം തന്നെ അദ്ദേഹത്തിന് ഈ കാര്യത്തിൽ തെറ്റ് പിണഞ്ഞതായി സമ്മതിച്ചിട്ടുണ്ട്.

The prophecy of February 20…consisted of two prophecies, which were mistaken as one. Thereafter…this mistake was corrected by the subsequent revelation. [Maktubat-e-Ahmadiyyah, vol. 5, pp. 43–44, dated December 4, 1888, addressed to Hadrat Khalifatul Masih 1 (ra) ]. Tadhkirah English Translation, Page 176.

ഫെബ്രുവരി 20-ന്റെ പ്രവചനം രണ്ട് പ്രവചനങ്ങൾ അടങ്ങുന്നതായിരുന്നു. അത് ഒന്നാണെന്ന് തെറ്റിദ്ധരിച്ചു. പിന്നീട് വന്ന വെളിപാടുകൾ ഈ തെറ്റിനെ തിരുത്തുകയുണ്ടായി. [മക്തൂബാത് അഹ്മദിയ്യ വാല്യം 5, പേജ് 43-44, 4/12/1888, ഹദ്രത്ത് ഖലീഫതുൽ മസീഹ് ഒന്നാമന് (റ) എഴുതിയത്. തദ്കിറ ഇംഗ്ലീഷ് തർജമ പേജ് 176 കാണുക ]

മുബാറക് അഹ്മദിന്റെ മരണത്തിനു ശേശവും മുസ്ലിഹ് മഊദിനെ സംബന്ധിച്ച പ്രവചനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

اکتوبر1907ء۔ اِنَّانُبَشِّرُكَ بِغُلَمٍ حَلِيمٍ يَنْزِلُ مَنْزِلَ الْمُبَارَكِ ۔ ۔(ہم تجھے ایک حلیم غلام کی خوشخبری دیتے ہیں وہ مبارک کی شبیہ ہو گا).Tadhkirah Page 622.

നാം നിനക്ക് ഒരു സ ൌമ്യദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു, അവൻ മുബാറകിന്റെ സ്ഥാനത്തേക്ക് ഇറങ്ങി വരുന്നതാണ്. (ഒക്ടോബർ 1907, തദ്കിറ പേജ് 622)

7-نومبر1907ء۔ اِنَّانُبَشِّرُكَ بِغُلَمٍ... میں ایک ذکی غلام کی خوشخبری دیتا ہوں Tadhkirah Page 626.

നാം നിനക്ക് ഒരു പരിശുദ്ധ ദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയിക്കുന്നു........ (1907 നവമ്പർ 7, തദ്കിറ പേജ് 626)

മുസ്ലിഹ് മഊദും (വാഗ്ദത്ത പരിഷ്കർത്താവും) പരിശുദ്ധ ദാസനും ( (ذکی غلام ഒരാൾ തന്നെയാണ്. കാരണം രണ്ടുപേർക്കും നല്കിയ വിശേഷണ ഗുണങ്ങൾ اِنَّانُبَشِّرُكَ بِغُلَمٍ مظهر الحق والعلاء كأنّ الله نزل من السماء (നാം നിനക്ക് ഒരു ദാസനെ നല്കുന്നതാണെന്ന സന്തോഷ വാർത്ത അറിയി

ക്കുന്നു, അവൻ സത്യ ത്തിന്റെയും ഔന്നത്യത്തിന്റെയും പ്രത്യക്ഷഭാവ മായിരിക്കും, അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിവന്നതുപോലെ) ഒന്നു തന്നെയാണ്. അതുപോലെ വാഗ്ദത്ത പുത്രൻ (ആത്മീയ സന്താനം) 7/11/1907 വരെ ജനിച്ചിട്ടില്ല എന്നതും മസീഹ് മഊദിന്റെ (അ) പുത്രന്മാരാരും മുസ്‌ലിഹ് മഊദ് അല്ലെന്നതും സത്യമാണ്. രണ്ടാം ഖലീഫയുടെ മുസ്‌ലിഹ് മഊദ് വാദം വ്യാജമാണെന്ന് ഇത് തെളിയിക്കുന്നു. രണ്ടാം ഖലീഫ വാഗ്ദത്തം ചെയ്യപ്പെട്ട പുത്രന്മാരിൽ ഒരാൾ മാത്രമാണ്. അല്ലാതെ മുസ്‌ലിഹ് മഊദ് അല്ല.

അല്ലാഹു നിയോഗിച്ചയക്കുന്ന ഒരാളെ യാതൊരുവിധ എതിർപ്പുകളുമില്ലാതെ ജനം സ്വീകരിക്കാറില്ല. റസൂൽമാരുടെ ചരിത്രം വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്നത് ഈ രീതിയിലാണ്. എന്നാൽ രണ്ടാം ഖലീഫയ്ക്ക് അങ്ങനെ യാതൊരുവിധ എതിർപ്പുകളും നേരിടേണ്ടി വന്നില്ല. അദ്ദേഹം വാദം പുറപ്പെടുവിച്ചു, ജമാഅത്തിലെ എല്ലാ അംഗങ്ങളും സ്വീകരിച്ചു. അദ്ദേഹത്തെ സ്വീകരിച്ചവർക്കും എതിർപ്പുകളൊന്നും നേരിടേണ്ടി വന്നില്ല.

അല്ലാഹു നിയോഗിച്ചയക്കുന്നവരുടെ ജീവിതം പരിശുദ്ധമായിരിക്കുന്നതാണ്. അവരെക്കുറിച്ച് അപവാദ പ്രചരണങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. എന്നാൽ മസീഹ് മഊദിന്റെ (അ) കാലത്തുതന്നെ, ഖലീഫയാകുന്നതിനു മുമ്പ് അദ്ദേഹത്തെക്കുറിച്ച് ആരോപണങ്ങൾ ഉണ്ടായിരുന്നു. അതിനു പിറകെ ഖലീഫ ആയതിനു ശേഷവും അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ കൂടെ പ്രവർത്തിച്ചവരും അടുത്ത ബന്ധുക്കളും അദ്ദേഹത്തിന്നെതിരിൽ അപവാദങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിൽ ചിലർ ഗ്രന്ഥങ്ങൾ എഴുതി പ്രസിദ്ധീകരിച്ചുകൊണ്ട് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തുകൊണ്ടും, വിശുദ്ധ ഖുർആന്റെ മേൽ കൈവെച്ചുകൊണ്ടും, സ്വന്തം കുട്ടികളുടെ തലയിൽ കൈവെച്ചുകൊണ്ടും അപവാദങ്ങൾ ആണയിട്ട് പറഞ്ഞുകൊണ്ട് അവർ പറയുന്നത് കള്ളമാണെങ്കിൽ അവരുടെ മേൽ ദൈവശാപം ഉണ്ടാകാൻ വേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. ഇവയാണ് മുഖ്യമായ ഗ്രന്ഥങ്ങൾ: 1. Rabwa Ka Mazhabi Amir by Rahat Malik. 2. Tariqe Ahmadiyyat Ka Poshida Auraq by Mazharuddin Multani. 3. Shehr-e- Sadoom by Shafiq Mirza. 4. Rabwa Ka Rasputin by Chaudhary Ghulam Rasool. ചില ഗ്രന്ഥങ്ങൾ ഇന്റർനെറ്റിൽ ഇപ്പോഴും ലഭ്യമാണ്. എന്നാൽ രണ്ടാം ഖലീഫ എതിർ പ്രാർത്ഥന നടത്തിക്കൊണ്ട്, തബ്‌ലീഗ് റിസാലത്ത് വാല്യം 2, പേജ് രണ്ടിലുള്ള മസീഹ് മഊദിന്റെ (അ) നിർദ്ദേശ പ്രകാരമുള്ള മറുപടി കൊടുക്കാൻ തയാറായില്ല. ഇതു പോലെയുള്ള ആരോപണങ്ങളും അദ്ദേഹത്തിന്റെ താഴെ കൊടുത്ത മറ്റു പ്രവൃത്തികളും അദ്ദേഹത്തിന്റെ വാദത്തിന്നെതിരായി നില്ക്കുന്നു.

01. മസീഹ് മഊദിനെ (അ) യഥാർത്ഥ പ്രവാചകനാക്കി, മറ്റു മുസ്‌ലിംകളെ കാഫിറാക്കി പ്രഖ്യാപിച്ചതിനാൽ റസൂൽ സ: യുടെ ഹദീസ് പ്രകാരം അദ്ദേഹം സ്വയം തന്നെ കാഫിറായി മാറി .

02. ആദ്യ ഖിലാഫത്തിന്റെ കാലത്തു തന്നെ മജ്‌ലിസ് അൻസാറുല്ലാഹ് എന്ന സമാന്തര സംഘടന രൂപീകരിക്കുകയും അതിന്റെ നേതാവാകുകയും ചെയ്തു. ഇത് ഭരണകൂടത്തിനുള്ളിൽ വേറൊരു ഭരണകൂടം ഉണ്ടാക്കുന്നതുപോലെയായിരുന്നു.

03. ആദ്യ ഖലീഫയുടെ വിയോഗ ശേഷം മസീഹ് മഊദ് (അ) നിയോഗിച്ച അഞ്ചുമൻ അഹ്മദിയ്യ ആയിരുന്നു പുതിയ ഖലീഫയെ തിരഞ്ഞെടുക്കേണ്ടിയിരുന്നത്. എന്നാൽ അതിനു അവസരം കൊടുക്കാതെ താൻ രൂപീകരിച്ച സംഘടന മുഖേനയും ജനങ്ങൾ മുഖേനയും ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു.

04. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട അതേ ഖലീഫ തന്നെ ,ഖലീഫയെ തെരഞ്ഞെടുക്കാനുള്ള അവരുടെ അവകാശം കവർന്നെടുത്തു. കുടുംബാംഗങ്ങൾ ഭൂരിപക്ഷമുള്ള തെരഞ്ഞെടുപ്പു സമിതി ഉണ്ടാക്കിക്കൊണ്ട് ഖിലാഫത്തിനെ കുടുംബ സ്വത്താക്കി മാറ്റി.

05. മസീഹ് മഊദിന്റെ അ: നിർദ്ദേശത്തിന് കടകവിരുദ്ധമായി, ചന്തയിലും (മാസവരിപ്പണം) വസിയ്യത്തിലും (മരണ സമയത്തുള്ള സ്വത്തിന്റെ പത്തിലൊന്നു മുതൽ മൂന്നിലൊന്നുവരെ നൽകൽ) ഭേദഗതി വരുത്തിക്കൊണ്ട് ജനങ്ങളിൽ അധികഭാരം ചുമത്തി.

06. മസീഹ് മഊദ് അ: നിയോഗിച്ച അഞ്ചുമൻ അഹ്മദിയ്യയെ പിരിച്ചുവിട്ടു.

07. സ്വന്തമായ നിലയിൽ വേറൊരു അഞ്ചുമൻ അഹ്മദിയ്യ ഉണ്ടാക്കി.

08. അഭിപ്രായസ്വാതന്ത്ര്യം ഇല്ലാതാക്കിക്കൊണ്ടും പേടിപ്പെടുത്തുന്ന പുറത്താക്കൽ നടപടിയെടുത്തുകൊണ്ടും ജമാഅത്തിലെ അംഗങ്ങളെ അത്മീയ തടവുകാരാക്കി മാറ്റി.

09. ഏകപക്ഷീയമായ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി അംഗങ്ങൾക്കെതിരെ നടപടിയെടുത്തുകൊണ്ട് പരിപൂർണ്ണവും സ്വതന്ത്രവുമായ നീതിവ്യവസ്ഥ നിഷേധിച്ചു.

10. പുറത്താക്കപ്പെടുന്ന അംഗങ്ങളിൽനിന്നും ചന്തയും സക്കാത്തും വാങ്ങിക്കരുതെന്ന് വിലക്കിക്കൊണ്ട് അവരെ സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽനിന്നും തടഞ്ഞുനിർത്തി. അവരുടെ വസിയ്യത്ത് അവകാശങ്ങളെ നിഷേധിച്ചു.

11. ശരീഅത്തിനെതിരായ നിയമങ്ങൾ ഉണ്ടാക്കി. മുസ്‌ലിം പെൺകുട്ടികളെ വിവാഹം കഴിക്കുന്നതിൽ വിലക്കേർപ്പെടുത്തി. ഇങ്ങനെയുള്ള പ്രവൃത്തികൾ മുഖേനെ ദൈവത്തേക്കാൾ വലിയവനാണെന്ന ഭാവം പ്രകടിപ്പിച്ചു.

12. പുറത്താക്കപ്പെടുന്ന അംഗങ്ങൾക്കെതിരെയുള്ള റിപ്പോർട്ടുകൾ ജുമുഅ നമസ്കാരത്തിനു ശേഷം പരസ്യമായി വായിപ്പിച്ചുകൊണ്ട് അവരുടെ പച്ച മാംസം ഭുജിക്കുന്നതിൽ ആസ്വാദനം കണ്ടെത്തി.

13. എല്ലാ അധികാരങ്ങളും സ്വന്തം കൈയിൽ പിടിച്ചടക്കിക്കൊണ്ട് ഖിലാഫത്തിനെ ഏകാധിപത്യമാക്കി മാറ്റി.

14. മുസ്‌ലിംകളുടെ ഏകോപനത്തിനു വേണ്ടി ഖിലാഫത്തിൽ നിന്ന് രാജി വെച്ചൊഴിഞ്ഞ ഇമാം ഹസനെ റ:അ: അധിക്ഷേപിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രവൃത്തികളെ തെറ്റായി ചിത്രീകരിച്ചു.

15. മറ്റു മുസ്‌ലിംകളെ കാഫിറായി പ്രഖ്യാപിച്ചതിനാൽ മുസ്‌ലിംകളും അഹ്മദികളെ കാഫിറായി പ്രഖ്യാപിച്ചുകൊണ്ട് നിയമനടപടികൾ സ്വീകരിച്ചു. ഇതിന്റെ ഫലമായി ധാരാളം അഹ്മദികൾ വധിക്കപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ ജമാഅത്തിൽ വിധവകളുടെയും അനാഥകളുടെയും എണ്ണം ദിനം പ്രതി വർദ്ധിച്ചു വരുന്നു.

16. ആദ്യ ഖിലാഫത്തിന്റെ കാലത്ത്, ഖുദ്റത്തെസാനിയ (രണ്ടാം ശക്തി പ്രഭാവം) എന്ന ദൈവ നിയോഗിതൻ പ്രത്യക്ഷപ്പെടാൻ വേണ്ടി പ്രാർത്ഥിച്ച അതേ വ്യക്തി തന്നെ, ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടതിനു ശേഷം, ഖിലാഫത്തിനെ ഖുദ്റത്തെസാനിയയായി പ്രഖാപിച്ചുകൊണ്ട് ഒന്നാം ഖലീഫയെ തെരെഞ്ഞെടുത്ത സ്ഥലത്ത് ഖുദ്റത്തെസാനിയയുടെ ഉത്ഭവം എന്ന ഫലകം സ്ഥാപിച്ചുകൊണ്ട് എല്ലാ ജമാഅത്തംഗങ്ങളെയും വഴികേടിലാക്കി .

17. സ്വന്തം ബന്ധുക്കളും സഹപ്രവർത്തകരും ആരോപണങ്ങൾ ചുമത്തിക്കൊണ്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. അതിലവർ ആരോപണങ്ങൾ ആണയിട്ട് പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ ശപഥങ്ങൾ ചെയ്തു. എന്നാൽ മസീഹ് മഊദിന്റെ (അ) നിർദ്ദേശപ്രകാരമുള്ള എതിർ ശപഥ ത്തിന് തയ്യാറായില്ല .

18. മുസ്‌ലിഹ് മഊദാണെന്ന് വ്യാജമായി വാദിച്ചു.

19. സ്ത്രീകളെ നഗ്നമായി വീക്ഷിക്കുവാൻ നിശാക്‌ളബിൽ സന്ദർശനം നടത്തി

20. മുസ്‌ലിഹ് മഊദ് എന്ന വ്യാജവാദത്തെ ശരിവെച്ചുകൊണ്ട് വിശുദ്ധ ഖുർആനിൽ പറഞ്ഞ പ്രകാരമുള്ള ശിക്ഷാവിധിക്ക് പാത്രമായി, ജീവനാഡി ഛേദിക്കപ്പെട്ടു. ക്രമേണയായി ശാരീരിക ശക്തികൾ ഓരോന്നായി നഷ്ടമായി. ബുദ്ധിശക്തിയും നഷ്ടമായി. അവസാനം അവശനായിക്കൊണ്ട് ഈ ലോകത്തോട് വിടപറഞ്ഞു.

രണ്ടാം ഖലീഫ, മുസ്‌ലിഹ് മഊദെന്ന വാദം പുറപ്പെടുവിച്ച്, ജമാഅത്തിൽ വലിയ പരിപാവനത്വം നേടിയെടുത്ത വ്യക്തിയാണ്. അതിനാൽ ഇദ്ദേഹത്തിന്റെ എല്ലാ ആശയങ്ങളും വാക്കുകളും പ്രവൃത്തികളും ലിഖിതങ്ങളും ദൈവഹിതമായിട്ടാണ് ജമാഅത്ത് കാണുന്നത്. ഇദ്ദേഹത്തി

ന്റെ വാക്കുകൾക്കാണ് ഒന്നാം സ്ഥാനം. മസീഹ് മഊദിനെപ്പോലും അ: കവച്ചുവെച്ചാണ് ഈ പ്രാധാന്യം നല്കുന്നത്. ജനാധിപത്യ മാതൃകയിലല്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് പോലും ദൈവികമാണെന്ന അന്ധവിശ്വാസവും, എതിരഭിപ്രായം പറഞ്ഞാൽ പുറത്താക്കപ്പെടുമെന്ന ഭയവും, ഖലീഫയുടെ എന്തു കൊള്ളരുതായ്മയും ഏറ്റുപാടാൻ ജമാഅത്തിനെ നിർബന്ധിതമാക്കുന്നു. ഇദ്ദേഹമാണ് മസീഹ് മഊദിനെ യഥാർത്ഥ പ്രവാചകനാക്കുകയും അദ്ദേഹത്തിന്റെ പേര് കേൾക്കാത്തവരെപ്പോലും കാഫിറായും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്തുള്ളവരായും പ്രഖ്യാപിച്ചത്. എന്നാൽ എന്തായിരുന്നു ഇദ്ദേഹത്തിന്റെ പര്യവസാനം?

ഞാനാണ് യഥാർത്ഥ മുസ്‌ലിഹ് മഊദെന്ന് വാദിക്കുന്ന അബ്ദുൽ ഗഫ്ഫാർ ജംബാ സാഹിബിന്റെ വാദപ്രകാരം രണ്ടാം ഖലീഫയുടെ വാദം വ്യാജമായിരുന്നു. അതിനാൽ വിശുദ്ധ ഖുർആനിൽ പറഞ്ഞ പ്രകാരമുള്ള ദൈവിക ശിക്ഷ ഏറ്റുവാങ്ങിയെന്നാണ് ജംബാ സാഹിബ് പറയുന്നത്.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ۝ لَأَخَذْنَا مِنْهُ بِٱلْيَمِينِ ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ

നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും വ്യാജമായി പറഞ്ഞിരുന്നെങ്കിൽ അദ്ദേഹത്തെ നാം വലതുകൈ കൊണ്ട് പിടികൂടുകയും എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങളിൽ ആർക്കും അതിൽനിന്ന് നമ്മെ തടയാനാവില്ല. (വി.ഖു. 69:45–47 )

എങ്ങനെയാണ് ജീവനാഡി മുറിക്കപ്പെട്ടതെന്ന് അറിയുവാൻ സഫറുല്ലാ ഖാൻ സാഹിബിന്റെ അഹ്മ്ദിയ്യത്ത് ഇസ്‌ലാമിന്റെ പുനരുത്ഥാനം എന്ന ഗ്രന്ഥത്തിൽനിന്നുള്ള പ്രസക്ത ഭാഗം വായിച്ചാൽ മതിയാകുന്നതാണ്.
(Ahmadiyyat, the Renaissance of Islam, Page 331-334)

1954 മാർച്ച് മാസത്തിൽ ഒരു ദിവസം, ഒരു യുവാവ്... മാരകമായ ശക്തിയോടെ കൂർത്ത മുനയുള്ള നീളം കൂടിയ കത്തിയുടെ വായ്ത്തല അദ്ദേഹത്തിന്റെ കഴുത്തിൽ കുത്തിക്കയറ്റി. മുറിവിൽനിന്നും രക്തം ധാരയായി ഒഴുകി... ശസ്ത്രക്രിയാ വിദഗ്ദ്ധന്മാർ അദ്ദേഹത്തിന്റെ ജീവൻ രക്ഷപ്പെട്ടതിൽ അത്ഭുതപ്പെട്ടു. കത്തിയുടെ വായ്ത്തലയുടെ മുന അദ്ദേഹത്തിന്റെ കഴുത്തിന്റെ നാലിഞ്ച് അകത്തേക്ക് കണ്ഠ നാഡിയുടെ തൊട്ടടുത്തുവരെ എത്തിയിരുന്നു. സർജന്മാരുടെ പരിശോധനകളും എക്സ്രേയും നാഡിക്ക് എന്തെങ്കിലും സംഭവിച്ചതായി കാണിക്കുന്നതിൽ പരാജയപ്പെട്ടു. മുറിവ് പൂർണ്ണമായും ഉണങ്ങിയതായി കാണപ്പെട്ടുവെങ്കിലും രോഗിക്ക് തുടർച്ചയായുള്ള അസ്വസ്ഥതകളും ബലഹീനത

കളും അനുഭവപ്പെട്ടു. എല്ലാം നല്ല സുഖമായി എന്ന നിർണ്ണയത്തിൽ അദ്ദേഹം തൃപ്തനായില്ല. എന്നാൽ തുടരെയുള്ള സർജന്മാരുടെ പരിശോധനകൾക്ക് അസ്വസ്ഥതകൾക്കുള്ള കാരണങ്ങളൊന്നും കണ്ടെത്തുവാൻ സാധിച്ചില്ല. കുറച്ചു സമയമെടുത്തുകൊണ്ട് ക്രമേണയായി അകത്തുള്ള മുറിവുകളൊക്കെ ഉണങ്ങി എല്ലാം നേരെയാകുമെന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ഈ ശുഭാപ്തി വിശ്വാസം നിറവേറിയില്ല. അങ്ങനെ 1955–ൽ വിദഗ്ദ്ധ ചികിൽസക്കും പരിശോധനക്കുമായി ഖലീഫത്തുൽ മസീഹ് യൂറോപ്പിലേക്ക് തിരിച്ചു.

സൂറിച്ചിലും, ഹംബർഗിലും, ലണ്ടനിലുമുള്ള വിദഗ്ദ്ധരുടെ എക്സ്രേ പരിശോധനയിൽ നിന്നും ലഭിച്ച ഏകോപിത അഭിപ്രായം, കത്തിയുടെ മുന കണ്ഠ നാഡിയിൽ വെച്ച് പൊട്ടുകയും അതിന്നകത്താകുകയും ചെയ്തിരിക്കുന്നു എന്നതാണ്. അത് പുറത്തേക്കെടുക്കാനുള്ള ഏത് ശ്രമവും ജീവൻ അപകടത്തിലാക്കുമെന്ന കാരണത്താൽ ഓപ്പറേഷനു വേണ്ടി ശ്രമിക്കരുതെന്നായിരുന്നു വിദഗ്ദാഭിപ്രായം. നാഡിയിലുള്ള സമ്മർദ്ദം ക്രമേണയായി കുറയുമെന്നും സാധാരണ നില കൈവരുമെന്നും ആശിച്ചു. വിശ്രമരീതിയിലുള്ള ജീവിതം സ്വീകരിക്കുവാനും ദീർഘസമയ ജോലികളും കഠിനാദ്ധ്വാനവും ഒഴിവാക്കുവാനും അദ്ദേഹം ഉപദേശിക്കപ്പെട്ടു. ... ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ജീവിതം അങ്ങനെ ദൈർഘ്യമേറിയതും വേഗത കുറഞ്ഞതുമായ പ്രക്രിയയിലൂടെ മോശമായി വരികയും 1965 നവമ്പർ 8ന് അവസാനിക്കുകയും ചെയ്തു. (Ahmadiyyat the Renaissance of Islam by Zafarullah Khan).

അങ്ങനെ 11 വർഷവും 8 മാസവും വേദന സഹിച്ചുകൊണ്ടാണ് അദ്ദേഹം ജീവിച്ചത്. അവസാന ഘട്ടത്തിൽ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാൻ പോലും പരസഹായം വേണ്ടി വന്നു. ജമാഅത്തിന്റെ ചുമതലകൾ നിർവ്വഹിക്കാൻ പോലും സാധിക്കാതെയായി.

ഒരു സത്യവാദിയുടെ ജീവിതത്തിൽ ഇങ്ങനെയുള്ള ഉദാഹരണങ്ങൾ എടുത്തു കാണിക്കുവാൻ സാധിക്കുമോ? കൊല്ലപ്പെടുകയോ, മരണപ്പെടുകയോ ചെയ്യാം, പക്ഷെ ഇതുപോലുള്ള ശിക്ഷ ലഭിച്ചതായുള്ള ഉദാഹരണങ്ങൾ കാണുകയില്ല. സത്യവാദികളെ അല്ലാഹു മറ്റുള്ളവരിൽനിന്ന് രക്ഷിക്കുമെന്ന വാഗ്ദാനമാണ് നല്കിയിരിക്കുന്നത്. രണ്ടാം ഖലീഫയുടെ ജീവൻ രക്ഷിക്കപ്പെട്ടിട്ടില്ലെങ്കിൽ അദ്ദേഹത്തിന്റെ ജീവനാഡി ഛേദിക്കപ്പെട്ടുവെന്ന് പിന്നീട് ജനങ്ങൾ എങ്ങനെ അറിയാനാണ്?

لَهُۥ مُعَقِّبَٰتٌ مِّنۢ بَيْنِ يَدَيْهِ وَمِنْ خَلْفِهِۦ يَحْفَظُونَهُۥ مِنْ أَمْرِ ٱللَّهِ

അവന്റെ (ദൂതന്റെ) മുമ്പിലും പിന്നിലും തുടരെ വന്നുകൊണ്ട് അല്ലാഹുവിന്റെ കൽപനപ്രകാരം അവനെ കാത്തുസൂക്ഷിക്കുന്ന (മലക്കുകൾ) ഉണ്ട്. (വി.ഖു. 13:12).

എന്നാൽ രണ്ടാം ഖലീഫയെ അല്ലാഹു കാത്തുസൂക്ഷിക്കുന്നതിനു പകരം ശിക്ഷിക്കുകയാണ് ചെയ്തത്.

മസീഹ് മഊദിന്റെ(അ) കുടുംബം പഴയരീതിയിലേക്ക് മടങ്ങുമെന്ന പ്രവചനം:

وما قلت الا بعد ما أُنبِئتُ من ربی وان عشیرتی سیرجعون مرة اخری الی الفساد و یتزائدون فی الخبث و العناد- فینزل یومئذ الأمرالمقدر من رب العباد لا رادّ لما قضٰی- ولأ مانع لما اعطی وانی اراھم انھم قد ما لوا الی سِیَرِھم الأولی- وقست قلوبھم کما ھی عادة النَّوکَی- ونسوا ایام الفزِع و عادوا الی التکزیب والطغویٰ- فسینزل امر الله اذا رأی انھم یتزائدون، وما کان الله ان یعذّب قوما وھم یخافون-

എന്റെ രക്ഷിതാവ് എന്നെ അറിയിച്ചതിനു ശേഷമല്ലാതെ ഞാനിത് പറയുന്നില്ല. എന്റെ ബന്ധുക്കൾ ഒരിക്കൽ കൂടി അഴിമതിയിലേക്ക് മടങ്ങിച്ചെല്ലുമെന്നും അവർ തെറ്റായ പ്രവൃത്തികളിലും അനുസരണക്കേടിലും തുടർന്നു കൊണ്ടിരിക്കുമെന്നും, അങ്ങനെ ആ ദിവസം, അടിയാറുകളുടെ ദൈവം അവർക്ക് വിധിച്ചത് പ്രഖ്യാപിക്കുമെന്നും ആരെക്കൊണ്ടും അത് തടയാ ൻ സാധിക്കുകയില്ലെന്നും എന്നെ അറിയിച്ചിരിക്കയാണ്. അവരുടെ പഴയ തെറ്റായ പ്രവൃത്തികളിലേക്ക് അവർ ചാഞ്ഞിരിക്കയാണെന്നും അവരുടെ ഹൃദയം അക്ഷരജ്ഞാനമില്ലാത്തവരെപ്പോലെ കഠിനമായിരിക്കയാണെന്നും ഞാൻ കാണുന്നു. ദൈവഭയത്തിന്റെ ആ ദിവസത്തെ അവർ മറന്നു കളഞ്ഞു. അസത്യത്തിലും പെരുപ്പിച്ച് കാണിക്കുന്നതിലും അവർ മുന്നേറി. ആരെങ്കിലും അവനെ ഭയപ്പെടുന്ന സമയത്ത് അവരെ ശിക്ഷിക്കുന്നവനല്ല അല്ലാഹു. (Anjame Atham, RK11:223-224)

രണ്ടാം ഖലീഫ അദ്ദേഹത്തിന്റെ മാസികയായ തശ്ഹീദുൽ ആദാൻ വാല്യം 3, ലക്കം 6–7 (ജൂൺ–ജൂലായ് 1908)–ൽ എഴുതുകയാണ്:

پس صاف ظاہر ہے کہ وہ الہامات کسی آئندہ نسل کے لڑکے کی نسبت تھے خواہ پوتا ہو یا پڑپوتاہو یا کچھ مدت بعد ہو۔(رسالہ تشحیذ لا ذہان ولیم۔3نمبر6۔7صفحات301تا303۔مورخہ جون، جولائی1908 ء)

ആ വെളിപാടുകൾ (മുസ്‌ലിഹ് മഊദിനെ സംബന്ധിച്ചത്) വരാനിരിക്കുന്ന തലമുറയിലെ ഏതെങ്കിലും കുട്ടിയെ സംബന്ധിച്ചാണെന്ന് വ്യക്തമാണ്, അത് പൗത്രനായാലും, പൗത്രപുത്രനായാലും അല്ലെങ്കിൽ കുറച്ചു കാലത്തിനു ശേഷമായാലും ശരി.

മുകളിൽ കൊടുത്ത അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. ഖലീഫയാകുന്നതിന്നു മുമ്പ് അദ്ദേഹം തന്നെയും വിശ്വസിച്ചിരുന്നത്, മുസ്‌ലിഹ് മഊദ് ജനിക്കാനിരിക്കുന്നുവെ

ന്നേയുള്ളു എന്നാണ്. അതേ വ്യക്തി തന്നെ മുസ്‌ലിഹ് മഊദായി വേഷമിട്ടുവന്നത് ഒരു അഭിനയമായിരുന്നുവെന്ന് ഇത് തെളിയിക്കുന്നു.

ചിലയാളുകൾ പറയാറുണ്ട്, ഇത്ര വലിയ തഫ്സീർ പ്രസിദ്ധീകരിച്ച വ്യക്തി എങ്ങനെയാണ് വ്യാജവാദിയാവുകയെന്ന്? തഫ്സീർ കബീറിനെക്കാളും വലിയ തഫ്സീറുകൾ പ്രസിദ്ധീകരിച്ച വ്യക്തികളുണ്ട്. ഉദാഹരണമായി അല്ലാമ ഫക്രുദ്ദീൻ റാസി. കൂടാതെ തഫ്സീർ കബീർ രണ്ടാം ഖലീഫ എഴുതിയതല്ലെന്നും അദ്ദേഹത്തിന്റെ കീഴിലുള്ള ഏതാനും പണ്ഡിതന്മാർ ചേർന്ന് എഴുതിയതാണെന്നും സാമൂഹ്യ മാധ്യമത്തിൽ (ഇന്റർനെറ്റ്) വായിക്കാം. സത്യം ഏതായാലും തഫ്സീർ കബീർ ഒരു പൂർണ്ണമായ തഫ്സീറല്ല. മൂന്നു മുതൽ ഒമ്പത് വരെയുള്ള അദ്ധ്യായങ്ങൾ അതിലില്ല. മസീഹ് മഊദ് (അ) പോലും വിശുദ്ധ ഖുർആന് ഒരു പൂർണ്ണമായ തഫ്സീർ എഴുതുയിട്ടില്ലെന്നത് ശ്രദ്ധേയ മാണ്.

മസീഹ് മഊദ് (അ) തഫ്സീർ പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് പറയുകയാണ്:

വിശുദ്ധ ഖുർആന്റെ തഫ്സീർ (വ്യാഖ്യാനം) പ്രസിദ്ധീകരിക്കുകയെന്നതും അതുപോലെ മതഗ്രന്ഥങ്ങളുടെ ഉർദു, പേർഷ്യൻ തർജമ പ്രസിദ്ധീകരിക്കയെന്നതും ഒരു ആചാരമായി മാറിയിരിക്കയാണ്. ഇതൊരു ജീവനില്ലാത്ത ഏർപ്പാടാണ്. ഇത് മതത്തെ പുനരുജ്ജീവിപ്പിക്കുന്ന ഒരു പ്രക്രിയ അല്ല. ... വിശുദ്ധ ഖുർആനും ഹദീസും പ്രസിദ്ധീകരിക്കയെന്നത് നിസ്സംശയം പ്രശംസനീയം തന്നെയാണ്. ഇത് വളരെ ജാഗ്രതയോടും ശ്രദ്ധയോടും കൂടി ചെയ്യേണ്ട ഒരു കാര്യമാണ്. എന്നാലും ഇതൊരു യഥാർത്ഥ സേവനമായി മാറുന്നതിൽ പരാജയപ്പെടുന്നു. യഥാർത്ഥ സേവനം, ഖുർആന്റെയും ഹദീസിന്റെയും സ്വാധീനം സ്വീകരിക്കുന്ന ഹൃദയത്തിൽനിന്നാണ് ആരംഭി ക്കുന്നത്. അതില്ലാതെ ഖുർആന്റെയും ഹദീസിന്റെയും സേവനം ജീവനില്ലാത്തതും അർത്ഥമില്ലാത്തതും ആയിത്തീരുന്നു. അതിന് യഥാർത്ഥ പുനരുജ്ജീവനുമായി യാതൊരു ബന്ധവുമില്ല. അല്ലാഹുവിന്റെ ദൃഷ്ടിയിൽ അത് ദ്രവിച്ചതും ഉണങ്ങിയതുമായ എല്ലുകളുടെ ക്രയവിക്രയം പോലെയാണ്. അല്ലാഹു പറയുന്നു: നിങ്ങൾ ചെയ്യാത്തത് നിങ്ങൾ പറയുക എന്നത് അല്ലാഹുവിന്റെയടുക്കൽ വലിയ വിരോധത്തിന് കാരണമായിത്തീരുന്നു. (വി.ഖു 61:3–4).

സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളെക്കുറിച്ച് ശ്രദ്ധിച്ച് കൊള്ളുക. നിങ്ങൾ സൻമാർഗം പ്രാപിച്ചിട്ടുണ്ടെങ്കിൽ വഴിപിഴച്ചവർ നിങ്ങൾക്കൊരു ദ്രോഹവും വരുത്തുകയില്ല. (വി.ഖു 5:106). ഒരു കുരുടന് മറ്റൊരു കുരുടന് നേർവഴി കാണിച്ചുകൊടുക്കുവാൻ സാധിക്കുകയില്ല, ഒരു കുഷ്ഠ രോഗിക്ക് മറ്റൊരാളുടെ രോഗം ഏറ്റെടുക്കുവാൻ സാധിക്കുകയില്ല. പുനരുജ്ജീവനം ആരംഭിക്കുന്നത് ദൈവിക വെളിപാടുകൾ ലഭിക്കുന്ന വ്യക്തിയുടെ ഹൃദയത്തിന്റെ പരിശുദ്ധാവസ്ഥയിൽ നിന്നാണ്. അത് അയാളിൽനിന്ന് മറ്റുള്ളവർക്ക് പകർന്ന് ലഭിക്കുന്നു.

ദൈവത്തിൽനിന്ന് പുനർജീവൻ ലഭിക്കുന്നയാൾ ദ്രവിച്ച എല്ലുകളുടെ വ്യാപാരിയല്ല. നേരെമറിച്ച് അവർ റസൂൽ (സ)യുടെ പ്രാതിനിധ്യം വ ഹിക്കുന്നവരും ആത്മീയമായ നിലയിൽ അദ്ദേഹത്തിന്റെ (സ) ഖലീഫ മാരുമാകുന്നു. (Roohani Khazain, Vol. 3, P. 6-7).

മുകളിൽ കൊടുത്ത വിവരണങ്ങളിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. വിശു ദ്ധഖുർആന്റെ തഫ്സീർ (വ്യാഖ്യാനം) പ്രസിദ്ധീകരിച്ചു എന്നതു കൊണ്ടുമാ ത്രം ആരും തന്നെ മുസ്‌ലിഹ് മഊദ് ആയിത്തീരുകയില്ല.

മുസ്‌ലിഹ് മഊദിന്റെ കാലഘട്ടത്തെക്കുറിച്ച് മസീഹ് മഊദ് (അ) പറയുന്നു:

സാഹിബ്സാദാ പീർ സിറാജുൽ–ഹഖ് റ: നിവേദനം ചെയ്യുന്നു: മസീഹ് മഊദ് (അ) ഒരിക്കൽ പറഞ്ഞു:

അല്ലാഹു എന്നെ അറിയിച്ചു: വലിയൊരു പിളരൽ എന്റെ പ്രസ്ഥാനത്തി ലും സംഭവിക്കുന്നതാണ്. കുഴപ്പക്കാരും സ്വേച്ഛയ്ക്ക് അടിമപ്പെട്ടവരും വേർപെട്ട് പോകുന്നതാണ്. പിന്നീട് സർവ്വശക്തനായ ദൈവം ഈ പിള ർച്ചയെ ഏകോപിപ്പിക്കുന്നതാണ്. പക്ഷേ ഛേദിക്കപ്പെടാൻ അർഹത പ്പെട്ടവരും സത്യവുമായി ബന്ധമില്ലാത്തവരും കുഴപ്പക്കാരും ഛേദിക്ക പ്പെടുന്നതാണ്. അപ്പോൾ ലോകത്ത് വലിയൊരു പ്രക്ഷോഭം നടക്കുന്ന താണ്. അത് ആദ്യത്തേതായിരിക്കും. രാജാക്കന്മാർ രാജാക്കന്മാരെ ആ ക്രമിക്കുന്നതായിരിക്കും. അത്യധികമായി രക്തച്ചൊരിച്ചിൽ ഉണ്ടാവുക യും ഭൂമി രക്തം കൊണ്ട് നിറയുകയും ചെയ്യും. രാജാക്കന്മാരുടെ അധീനതയിലുള്ളവരും അന്യോന്യം യുദ്ധം ചെയ്യുന്നതാണ്. സർവ്വ ലോക നാശം സംഭവിക്കുന്നതാണ്. ഇതിന്റെയെല്ലാം കേന്ദ്രം സിറിയ ആയിരിക്കും.

സാഹിബ്സാദാ പീർ സിറാജുൽ–ഹഖ് റ: യെ നേരിട്ടഭിമുഖമാക്കി ക്കൊണ്ട് മസീഹ് മഊദ് (അ) തുടർന്നു പറഞ്ഞു:

ഇതായിരിക്കും വാഗ്ദത്ത പുത്രന്റെ കാലഘട്ടം. ഈ സംഭവവികാസ ങ്ങൾ അവനുമായി ബന്ധിച്ചുകൊണ്ടാണ് ദൈവം വിധിച്ചിരിക്കുന്നത്. അതിനുശേഷം നമ്മുടെ പ്രസ്ഥാനം വ്യാപിക്കുയും രാജാക്കന്മാർ പ്രസ്ഥാനത്തിൽ അംഗങ്ങളായിത്തീരുകയും ചെയ്യും. വാഗ്ദത്ത പുത്ര നെ തിരിച്ചറിയുമെന്ന് ഉറപ്പു വരുത്തുക. (Tadhkirah English Page 1065-1066).

മുകളിൽ വിവരിച്ച കാര്യങ്ങളിൽനിന്നും ചില പ്രധാന സംഗതികൾ മനസ്സി ലാക്കാവുന്നതാണ്:

1. പ്രസ്ഥാനത്തിൽ വലിയൊരു വിഭാഗീയത സംഭവിക്കുന്നതായിരി ക്കും.

2. അല്ലാഹു പിന്നീട് ഈ വിഭാഗീയതയെ അവസാനിപ്പിക്കുന്നതായിരി ക്കും.

2. രണ്ടാം ഖലീഫ മുസ്‌ലിഹ് മഊദോ?

3. സർവ്വലോക നാശം സംഭവിക്കുന്നതായിരിക്കും. അതിന്റെ കേന്ദ്രം സിറിയ ആയിരിക്കും.

4. ഇതായിരിക്കും വാഗ്ദത്ത പുത്രന്റെ കാലഘട്ടം.

5. ഇതിനു ശേഷം പ്രസ്ഥാനം വ്യാപിക്കുന്നതും രാജാക്കന്മാർ അംഗങ്ങളായിച്ചേരുന്നതുമായിരിക്കും.

പ്രസ്ഥാനത്തിൽ വലിയൊരു വിഭാഗീയത സംഭവിച്ചുവെന്നത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷേ പ്രവചനത്തിന്റെ ബാക്കി ഭാഗങ്ങൾ പൂർത്തിയായിട്ടില്ല.

പിളർന്ന രണ്ടു വിഭാഗത്തെയും അല്ലാഹു ഒന്നാക്കിയിട്ടില്ല. മാത്രമല്ല, കൂടുതൽ വിഭാഗങ്ങൾ ഉണ്ടാവുകയാണ് ചെയ്തത്. സിറിയ കേന്ദ്രമായുള്ള സർവ്വലോകനാശം ഇതുവരെ നടന്നിട്ടില്ല. ആദ്യത്തെ രണ്ട് ലോകമഹായുദ്ധങ്ങളുടെയും കേന്ദ്രം സിറിയ ആയിരുന്നില്ല. രാജാക്കന്മാർ ഇതുവരെയും പ്രസ്ഥാനത്തിൽ ചേർന്നുകൊണ്ട് അംഗത്വം സ്വീകരിച്ചിട്ടില്ല. ഞാനിവിടെ ഉദ്ദേശിക്കുന്നത് ഗോത്രത്തലവന്മാരെയും ഗ്രാമത്തലവന്മാരെയും അല്ല. ഭരണാധികാരമുള്ള രാജ്യത്തലവന്മാരെയാണ്.

രണ്ടാം ഖലീഫ മുസ്‌ലിഹ് മഊദ് ആയിരുന്നുവെങ്കിൽ ഇതായിരിക്കും വാഗ്ദത്ത പുത്രന്റെ കാലഘട്ടം... വാഗ്ദത്ത പുത്രനെ തിരിച്ചറിയുമെന്ന് ഉറപ്പു വരുത്തുക എന്ന് മസീഹ് മഊദ് (അ) പറയുമായിരുന്നില്ല. ഇതാ, എന്റെ പുത്രനായ മുസ്‌ലിഹ് മഊദ് ഇവന്റെ കാലത്ത് ഇന്നയിന്ന കാര്യങ്ങൾ സംഭവവിക്കുന്നതായിരിക്കും എന്നാണ് പറയുക.

മുസ്‌ലിഹ് മഊദിന്റെ കാലത്ത് സംഭവിക്കുമെന്ന് പറഞ്ഞ കാര്യങ്ങൾ ഇതുവരെ സംഭവിച്ചിട്ടില്ല എന്നത് വ്യക്തമാണ്. അങ്ങനെ ഏത് രീതിയിൽ നോക്കിയാലും രണ്ടാം ഖലീഫ മുസ്‌ലിഹ് മഊദ് അല്ലെന്ന് വളരെ വ്യക്തമായിതന്നെ തെളിയുന്നു.

**********

# 3. ഖലീഫയെ തെരഞ്ഞെടുക്കുന്ന തെറ്റായ രീതി.

ഖലീഫയെ തെരെഞ്ഞെടുക്കുകയെന്നത് ജമാഅത്തിലെ ഓരോ അംഗങ്ങളുടെയും അവകാശമാനണ്. ദേശീയ അമീർമാർ ദേശീയ കൂടിയാചന സമിതി വഴി തെരഞ്ഞെടുക്കപ്പെടുന്നതു പോലെ ഖലീഫയെയും തെരഞ്ഞെടുക്കേണ്ടത് അന്താരാഷ്ട്ര കൂടിയാലോചന സമിതിയാണ്. എന്നാൽ ഖലീഫ സാനി സാഹിബ് ജമാഅത്തിന്റെ സാധാരണ അംഗങ്ങളുടെ ഈ അവകാശങ്ങളെ ഇല്ലാതാക്കുകയും ഈ അധികാരം ഒരു തെരടുപ്പു സമിതിക്ക് വിട്ടു കൊടുക്കുകയും ചെയ്തു .

ഓരോ സമ്മതിദായകനും പ്രസ്ഥാനത്തിലെ അംഗമായിരിക്കണം ,ഖിലാഫത്തിനെ സഹായിക്കുന്നവനും ആയിരിക്കണം എന്ന നിബന്ധനയോടു കൂടി താഴെ പറയുന്ന അംഗങ്ങളെയാണ് തെരഞ്ഞെടുപ്പു സമിതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്:

( 1 ) വാഗ്ദത്ത മസീഹിന്റെ ജീവിച്ചിരിക്കുന്ന പുത്രന്മാർ.
( 2 ) സദർ അഞ്ചുമൻ അഹമദിയ്യയുടെ പ്രസിഡണ്ട്.
( 3 ) സദർ അഞ്ചുമൻ അഹമദിയ്യയുടെ സെക്രട്ടറിമാർ.
( 4 ) തഹ്രീഖ് ജദീദിന്റെ ഡയറക്ടർ ജനറൽ, ഡയറക്ടർമാർ
( 5 ) വഖ്ഫ് ജദീദിന്റെ പ്രസിഡണ്ട്.
( 6 ) താലീമുൽ ഇസ്ലാം കോളേജ് പ്രിൻസിപ്പൽ.
( 7 ) താലീമുൽ ഇസ്ലാം ഹൈ സ്കൂൾ ഹെഡ്മാസ്റ്റർ.
( 8 ) തിയോളജിക്കൽ സെമിനാരിയുടെ പ്രസിഡണ്ട്.
( 9 ) അൻസാറുല്ലാഹ് പ്രസിഡണ്ട്.
(10) ഖുദ്ദാമുൽ അഹ്മദിയ്യ പ്രസിഡണ്ട്.
(11) ലജ്നാ ഇമായില്ലാഹ് പ്രതിനിധി.
(12) കുറഞ്ഞത് മൂന്നു വർഷം വിദേശത്ത് ജോലി ചെയ്ത മിഷനറിമാർ.
(13) ഇന്ത്യയിലും പാക്കിസ്ഥാനിലും കുറഞ്ഞത് അഞ്ചു വർഷം ജോലി ചെയ്ത മിഷനറിമാർ.
(14) പാകിസ്ഥാൻ മേഖലയിലെ അമീർമർ.
(15) പ്രസ്ഥാന സ്ഥാപകന്റെ ജീവിതകാലത്ത് പ്രസ്ഥാനത്തിൽ ചേർന്ന അംഗങ്ങൾ.

കോളേജിന്റെ ആകെ മെമ്പർഷിപ്പ് ഏകദേശം നൂറ്റമ്പതാണ്.
(Ahmadiyyat, the Renaissance of Islam Page 334 by Muhammad Zafarullah Khan)

മുകളിൽ കൊടുത്ത ലിസ്റ്റിൽ നിന്ന്, അംഗങ്ങൾ പ്രധാനമായും മസീഹ് മഊദിന്റെ (അ) കുടുംബത്തിൽ നിന്നുള്ളവരും മറ്റുള്ളവർ ഖലീഫ നേട്ട് നിയമിക്കുന്ന ആളുകളുമാകുന്നു എന്നതു വ്യക്തമാണ്.

ഇലക്ടറൽ കോളേജിന്റെ ഈ സിസ്റ്റം അനുസരിച്ച്, ഖിലാഫത്ത് എപ്പോഴും മസീഹ് മഊദിന്റെ (അ) കുടുംബത്തിൽ ഒതുങ്ങി നിൽക്കുന്നതാണ്. ചരിത്രവും ഇതു തന്നെ തെളിയിക്കുന്നു. മറ്റൊരു വിചിത്രമായ കാര്യം അന്യായമായ രീതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഖിലാഫാത്തിനെ ദൈവിക ഖിലാഫത്തായി അവതരിപ്പിക്കുന്നു എന്നതാണ്.

## മസീഹ് മഊദ് (അ) നിയോഗിച്ച തെരഞ്ഞെടുപ്പു സമിതിയെ പിരിച്ചുവിട്ടു.

(13) چونکہ انجمن خدا کے مقرر کردہ خلیفہ کی جانشین ہے اس لئے اس انجمن کو دنیا داری کے رنگوں سے بکلی پاک رہنا ہو گا اور اس کے تمام معاملات نہایت صاف اور انصاف پر مبنی ہونے چاہئیں۔

13. അഞ്ചുമൻ അല്ലാഹു നിയോഗിച്ച ഖലീഫയുടെ പ്രധിനിധി (ഖലീഫ) ആയതിനാൽ അതു ഭൗതികമായ എല്ലാ വിധ ആഗ്രഹങ്ങളിൽനിന്നും സ്വതന്ത്രമായിരിക്കണം അതിന്റെ കാര്യങ്ങൾ നേരായതും സുതാര്യമായതും നീതിയിൽ അധിഷ്ടിതവും ആയിരിക്കണം.
(The Will Page 48).

മസീഹ് മഊദ് അ: നിയോഗിച്ച പതിനാല് അംഗങ്ങൾ അടങ്ങിയ അഞ്ചുമനെ, അദ്ദേഹം വ്യക്തമായി അല്ലാഹുവിന്റെ ഖലീഫയുടെ (അദ്ദേഹത്തിന്റെ) ഖലീഫയായി പ്രഖ്യാപിച്ചു. അവർക്ക് എല്ലാവിധ അധികാരങ്ങളും നല്കി, അവരുടെ നേതാവിനെ (ഖലീഫയെ) തിരഞ്ഞെടുക്കാനുള്ള അധികാരവും നൽകി. എന്നാൽ ഖലീഫ സാനി സാഹിബ് ഈ അഞ്ചുമനെ പിരിച്ചു വിടുകയും തന്റെ സ്വന്തം അഞ്ചുമനെ നിയോഗിക്കുകയും ഖലീഫയുടെ തിരഞ്ഞെടുപ്പിന് വേണ്ടി അദ്ദേഹം സ്വന്തം ഇലക്ടറൽ കോളേജ് സ്ഥാപിക്കുകയും ചെയ്തു.നീതീകരിക്കാനാവാത്ത ഇത്തരം പ്രവർത്തനങ്ങളിലൂടെ, ഖലീഫ സാനി സാഹിബ്, മസീഹ് മഊദിന്റെ (അ) ഉപദേശത്തിന് യാതൊരു പ്രാധാ വും കൊടുത്തില്ലെന്ന് വ്യക്തമാകുന്നു.

*********

# 4. ഖലീഫ സ്വതന്ത്ര ചിന്തയെ അടിച്ചമർത്തുന്നു.

ഖലീഫ നല്കുന്ന നിർദ്ദേശങ്ങൾ എന്തു തന്നെയായാലും അത് ഒരു വിധത്തിലുമുള്ള മറു ചോദ്യങ്ങൾ ഇല്ലാതെ അനുസരിക്കപ്പെടുവാൻ ജമാഅത്ത് ബാധ്യസ്ഥമാണ്. അതു വിശുദ്ധ ഖുർആനെതിരായാലും വിശുദ്ധ നബിയുടെ (സ) അധ്യാപനങ്ങൾക്കെതിരായാലും അല്ലെങ്കിൽ മസീഹ് മഊദിന്റെ (അ) ഉപദേശത്തിനെതിരായാൽ പോലും ആർക്കും തന്നെ ചോദ്യം ചെയ്യാനവുകയില്ല. ജമാഅത്തിന്റെ Qada Borad എന്ന ആന്തരിക നിയമ വ്യവസ്ഥയിലും ഖലീഫയെ ചോദ്യം ചെയ്യാനാ വുകയില്ല. ആരെങ്കിലും ജമാഅത്തിന്റെ യാഥാസ്ഥിതിക വിശ്വാസത്തി നെതിരെ എന്തെങ്കിലും അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നുവെങ്കിൽ അയാളെ ഏക പക്ഷീയമായ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി, ശരിയാ യ അന്വേഷണം പോലും നടത്താതെ, ജമാഅത്ത് വ്യവസ്ഥയിൽനിന്ന് പുറത്താക്കുന്നതായിരിക്കും. ഈ നടപടികളിൽനിന്ന് ഈ ഖിലാഫത്ത് ദൈവിക ഖിലാഫത്ത് അല്ല എന്നും ഇത് ഒരു ഏകാധിപത്യ ഖിലാഫ ത്ത് അല്ലെങ്കിൽ മുലൂക്കിയത്ത് ആണെന്നും വ്യക്തമാകുന്നു.

അഹമദിയ്യ ജമാഅത്ത് ബാഹ്യമായി അഭിപ്രായ സ്വാതന്ത്ര്യത്തിനുവേ ണ്ടി മുറവിളി കൂട്ടുന്നുവെങ്കിലും, ആന്തരികമായി ഏതെങ്കിലും തരത്തി ലുള്ള അഭിപ്രായ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കാൻ തയ്യാറല്ല. ആരെങ്കിലും ജമാഅത്തിന്റെ യാഥാസ്ഥിതിക വിശ്വാസത്തിനെതിരെ സംസാരിക്കുന്ന പക്ഷം അവരെ ജമാഅത്തിന്റെ വ്യവസ്ഥയിൽനിന്ന് പുറത്താക്കുന്നതായിരിക്കും. ഇതിൽനിന്നും അഹ്മദിയ്യാ ജമാഅത്തും മറ്റു യാഥാസ്ഥിതിക മത സമൂഹങ്ങളിൽനിന്ന് ഒട്ടും വിഭിന്നമല്ല എന്നു തെളിയുന്നു.

ഖലീഫയുടെ പ്രധാന ചുമതല പരിപൂർണ്ണമായ നീതി വ്യവസ്ഥ സ്ഥാ പിക്കുകയെന്നതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

يَٰدَاوُۥدُ إِنَّا جَعَلْنَٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ
ٱللَّهِ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌۢ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ

4. ഖലീഫ സ്വതന്ത്ര ചിന്തയെ അടിച്ചമർത്തുന്നു.

ഓ ദാവൂദ്, നാം താങ്കളെ ഭൂമിയിൽ ഒരു ഖലീഫയാക്കിയിരിക്കുന്നു. അതിനാൽ താങ്കൾ ജനങ്ങൾക്കിടയിൽ നീതിയോടുകൂടി വിധി കല്പിക്കുക. സ്വാർത്ഥ താല്പര്യങ്ങളെ പിന്തുടരുത്. അത് അല്ലാഹുവിന്റെ മാർഗ്ഗത്തി ൽനുന്നും തങ്കളെ വ്യതിചലിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തി ൽനിന്ന് വ്യതി ചലിച്ചവർക്ക് കഠിനമായ ശിക്ഷയുണ്ടായിരിക്കുന്നതാണ്, അവർ വിചാരണ നാളിനെ വിസ്മരിച്ചതു കാരണമായി. (വിശുദ്ധ ഖുർആൻ 38:27).

ജമാഅത്തിൽ സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ ഇല്ലാത്തതിനാലും ചിന്താ സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കാത്തതിനാലും അഹ്മദിയ്യ ഖിലാഫത്ത് ഏകാധിപത്യ ഖിലാഫത്ത് ആണെന്ന് വ്യക്തമാകുന്നു.

*************

## 5. ഖലീഫ വിശ്വാസികളെ പീഡിപ്പിക്കുന്നു.

ആദ്യകാല ഇസ്‌ലാമിക ഖിലാഫത്തിൽ സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ നില നിന്നിരുന്നു. എല്ലാ വിധ തർക്കങ്ങളും കോടതിയായിരുന്നു കൈകാര്യം ചെയ്തിരുന്നത്. ജഡ്ജി, ഖലീഫയെ പോലും ചോദ്യം ചെയ്യുന്നതിനായി കോടതിയിലേക്ക് വിളിച്ചിരുന്നു. വിധി പറയലും ശിക്ഷ കൊടുക്കലും കോടതി ആയിരുന്നു ചെയ്തുകൊണ്ടിരുന്നത്.

എന്നാൽ അഹമദിയ്യ ഖിലാഫത്തിൽ, ശിക്ഷ കൊടുക്കുന്നത് ഖലീഫ നേരിട്ടാണ്. ജമാഅത്തിന്റെ ഭാരവാഹികൾ അയക്കുന്ന ഏകപക്ഷീയമായ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ശിക്ഷ വിധിക്കുന്നു. ചോദ്യം ചെയ്യലോ അല്ലെങ്കിൽ പ്രതിയുടെ ഭാഗം കേൾക്കുന്ന സമ്പ്രദായമോ ജമാഅത്തിൽ ഇല്ല. ഈ രീതിയിൽ ശിക്ഷ വിധിക്കുന്നതു കാരണമായി, ജമാഅത്ത് അംഗങ്ങൾ ഭാരവാഹികളുടെ സന്മനസ്സിന് വിധേയമായിരിക്കുന്നു. ഒരു അമീറിന് ആരോടെങ്കിലും വിദ്വേഷമുണ്ടെങ്കിൽ കള്ള റിപ്പോർട്ടുകൾ അയച്ചുകൊണ്ട് അയാളുടെ നേരെ നടപടി എടുക്കാൻ സാധിക്കുന്നു.

മറ്റുള്ളവർക്ക് അമീറിന്റെ അക്രമ പ്രവർത്തനങ്ങൾക്കു നേരെ ഏതെങ്കിലും തരത്തിലുള്ള ശബ്ദം ഉയർത്താൻ സാധിക്കുകയില്ല. ഇങ്ങനെയുള്ള ഭരണ സംവിധാനം വഴി ഒരു തരത്തിലുള്ള ഭയം ജമാഅത്തിൽ അവശേഷിപ്പിച്ചിരിക്കുന്നു. ഖലീഫ അമീറിന്റെ റിപ്പോർട്ടുകൾ ശരിവെക്കുന്ന റബ്ബർ സ്റ്റാമ്പായി മാറിയിരിക്കുന്നു. അമീറിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും സൂക്ഷ്മപരിശോധന നടത്തുവാനും കേന്ദ്രത്തിൽ നിന്ന് ആരെയും നിയമിക്കുന്നില്ല. അങ്ങനെ ഒരുപാട് അനീതി ജമാഅത്തിൽ നിലനിൽക്കുന്നു.

അഹ്മദിയ്യ ജമാഅത്ത് ഉണ്ടാക്കിയ വെബ്സൈറ്റുകളെക്കാൾ അധികം അഹ്മദിയ്യ വിരുദ്ധ വെബ്സൈറ്റുകൾ, ജമാഅത്തിൽനിന്ന് പുറത്താക്കിയവർ സൃഷ്ടിച്ചത് കാണാവുന്നതാണ്.

യഥാർത്ഥത്തിൽ ശിക്ഷാനടപടികൾ ഒരു സ്വതന്ത്ര ജുഡീഷ്യൽ സിസ്റ്റം കൈകാര്യം ചെയ്യുകയും മാപ്പുകൊടുക്കൽ ഖലീഫ കൈകാര്യം ചെയ്യുകയുമായിരുന്നു വേണ്ടിയുരുന്നത്. ഖലീഫ സ്വയം ശിക്ഷ നൽകുമ്പോൾ അതു അദ്ദേഹത്തോടുള്ള മതിപ്പ് കുറക്കുയും അദ്ദേഹത്തെ ഒരു രാക്ഷസനായി മാറ്റുകയും ചെയ്യുന്നു.

ജമാഅത്ത് ശിക്ഷ നല്കുന്നത് മറ്റുള്ളവരെ നല്ല പ്രവൃത്തികളിൽനിന്ന് തടഞ്ഞു കൊണ്ടാണ്. അല്ലാഹു നല്ല പ്രവൃത്തികൾ ചെയ്യാനായി വിശ്വാകളോട് കല്പിക്കുമ്പോൾ, ജമാഅത്ത് അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായി നല്ല പ്രവൃത്തികൾ ചെയ്യുന്നതിൽനിന്ന് അവരെ തടഞ്ഞു നിർത്തുന്നു.

ഇത്തരത്തിൽ ശിക്ഷിക്കുകയെന്നത് വിചിത്രവും നിന്ദ്യവുമായ രീതിയാണ്. സ്വബോധമുള്ള ഒരു വ്യക്തിക്കും മതത്തിന്റെ പേരിൽ ഇത്തരം ശിക്ഷാ വിധികൾ സ്വീകരിക്കാൻ സാധിക്കുകയില്ല.

സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ ഇല്ലാതെ ഒരു വ്യക്തി ശിക്ഷാനടപടികൾ കൈകാര്യം ചെയ്യുമ്പോൾ, അദ്ദേഹം എപ്പോഴും തന്റെ വ്യക്തിപരമായ വികാരങ്ങൾക്ക് അടിമപ്പെട്ട് അനീതിയും, നിഷ്പക്ഷതയില്ലായ്മയും കാണിക്കുന്നതായിരിക്കും. ഉദാഹരണത്തിന്, MTA യുടെ സ്ഥാപന കാലത്ത് സാമ്പത്തിക ക്രമക്കേട് നടത്തിയ ആളുകൾക്കു നേരെ എന്തു നടപടിയാണ് ഖലീഫ എടുത്തത്? അതുപോലെ ബൈത്തുൽ ഫുതൂഹ് മസ്ജിദ് പണിയുന്ന ആളുകൾ നടത്തിയ സാമ്പത്തിക ക്രമക്കേടുകൾക്കുനേരെ എന്തു നടപടി സ്വീകരിച്ചു? വലിയ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയ ആളുകളോട് പക്ഷഭേദം കാണിച്ചിരിക്കുന്നതായി ഈ ഉദാഹരണങ്ങളിൽനിന്ന് വ്യക്തമാകുന്നു.

ശിക്ഷാനടപടികൾ ജുമാ നമസ്കാരത്തിന് ശേഷം പരസ്യമായി വായിക്കുക വഴി, ശിക്ഷക്കു വിധേയമായ വ്യക്തികളുടെ ആത്മാഭിമാനത്തെ മറ്റുള്ളവരുടെ മുമ്പിൽ ഖലീഫ ഇടിച്ചു താഴ്ത്തുന്നു.

ഇത് ഹജ്ജത്തുൽവിദായിൽ നബി (സ) നടത്തിയ അവസാന പ്രഭാഷണത്തിൽ നല്കിയ നിർദ്ദേശങ്ങൾക്ക് എതിരാണ്:

'ഈ മാസം പവിത്രമായതുപോലെ ഈ പ്രദേശം അലംഘനീയമായതുപോലെ ഇന്നത്തെ ദിവസം വിശുദ്ധമായതുപോലെ ദൈവം ഓരോ ആളുടെയും ജീവനും സ്വത്തും മാനവും വിശുദ്ധമാക്കി വെച്ചിരിക്കുന്നു. ആരുടെയെങ്കിലും ജീവനോ സ്വത്തോ എടുക്കുകയെന്നതും അല്ലെങ്കിൽ അവന്റെ അഭിമാനത്തിന് ക്ഷതമേല്പിക്കുകയെന്നതും ഈ മാസത്തിന്റെ പവിത്രതയും ഈ പ്രദേശത്തിന്റെ അലംഘനീയതയും ഈ ദിവസത്തിന്റെ വിശുദ്ധതയും ലംഘിക്കുന്നതു പോലെയാണ്. ഞാൻ നിങ്ങൾക്ക് നൽകുന്ന ഈ കല്പന ഇന്നത്തേക്ക് മാത്രമുള്ളതല്ല. ഇത് എല്ലാ കാലത്തേക്കുമുള്ളതാണ്. നിങ്ങൾ ഈ ലോകം വിട്ടു അടുത്ത ലോകത്ത് നിങ്ങളുടെ സ്രഷ്ടാവിനെ കണ്ടുമുട്ടാൻ പോകുന്നതുവരെ നിങ്ങൾ ഇത് ഓർമ്മ വെക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമെന്നാണ് ഞാൻ പ്രതീ ക്ഷിക്കുന്നത്.'

മുകളിൽ കൊടുത്ത ഉദാഹരണത്തിൽനിന്ന് അഹ്മദിയ്യ ജമാഅത്ത് നൽകുന്ന ശിക്ഷ അനിസ്ലാമികവും അപരിഷ്കൃതവും ആണ് എന്ന് വളരെ വ്യക്തമാണ്. ഇത് തലമുറകളെ തിരിച്ചു അന്ധകാരത്തിലേക്ക്

കൊണ്ടുവരുന്നതിനു സമാനമാണ്. ഈ നിലയിൽ ജമാഅത്ത് തങ്ങളുടെ അംഗങ്ങളോട് മൃഗങ്ങളെക്കാൾ മോശമായ രീതിയിലാണ് പെരുമാറുന്നത്. ആത്മാഭിമാനമുള്ള ഒരു വ്യക്തിക്കും ഒരു മതത്തിന്റെ പേരിലും ഇത്തരം ശിക്ഷാനട പടികൾ സ്വീകരിക്കാൻ സാധിക്കുകയില്ല. സാധാരണ ഗതിയിൽ ആർക്കും തന്നെ ഈ ശിക്ഷയുടെ കടിന കഠോരതയെ മനസ്സിലാക്കാൻ കഴിയുകയില്ല, അയാൾ ജമാഅത്തിൽനിന്ന് പുറത്താക്കപ്പെട്ട് സ്വയം ഈ ശിക്ഷ അനുഭവിച്ചറിയുന്നതുവരെ.

ഓരോന്നും അതിന്റെ പരമകോടിയിലെത്തിക്കഴിഞ്ഞാൽ അധോഗതി പ്രാപിക്കുന്നു. സൂര്യൻ ഉദിക്കുകയും കുറച്ചു സമയം കഴിഞ്ഞ് അസ്തമിക്കുകയും ചെയ്യുന്നു. എന്നാൽ ഇതുകൊണ്ട് വൻനാശമൊന്നും സംഭവിക്കുന്നില്ല. എന്നാൽ വൻനാശം സംഭവിക്കുന്നത് ഒരു ജമാഅത്തിന്റെ മുഖ്യൻ തന്റെ അംഗങ്ങളോട് അന്യായമായും ധാർഷ്ട്യമായും പെരുമാറുമ്പോഴാണ്. അയാൾ അഹങ്കാരത്തോടു കൂടി സംസാരിക്കുമ്പോൾ, തൻ മേന്മ പ്രകടിപ്പിക്കുമ്പോൾ, മറ്റുള്ളവരെ അപമാനിക്കുമ്പോൾ, പുറത്താക്കിക്കൊണ്ട് ഭയപ്പെടുത്തുമ്പോൾ ആട്ടിൻ തോലിട്ട വ്യക്തിയുടെ അകത്ത് ഉറങ്ങിക്കിടക്കുന്ന ചെന്നായ പുറത്തു വരുന്നു. അപ്പോഴാണ് വൻ നാശം സംഭവിക്കുക. അല്ലാഹു അതിനെ നാശത്തിലേക്കെത്തിക്കുക.

إِنَّ ٱلَّذِينَ فَتَنُواْ ٱلْمُؤْمِنِينَ وَٱلْمُؤْمِنَاتِ ثُمَّ لَمْ يَتُوبُواْ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ

85:11– സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുകയും പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവരാരോ അവർക്ക് തീർച്ചയായും നരക ശിക്ഷയും ഹൃദയം എരിയുന്ന ശിക്ഷയും ഉണ്ടായിരി ക്കുന്നതാണ്. (വിശുദ്ധ ഖുർആൻ)

അല്ലാഹുവിനെ അല്പം പോലും ഭയപ്പെടുന്ന ഒരു വ്യക്തി, ഒരിക്കലും വിശ്വാസികളെ ശിക്ഷിക്കാൻ തുനിയുകയില്ല. മറ്റു മുസ്ലിംകൾ അഹ്മദികളെ ദ്രോഹിക്കുന്നത് അവർ വിവരമില്ലാത്ത ഒരു ജനവിഭാഗമായതുകൊണ്ടാണ്. എന്നാൽ സ്വന്തം സഹോദരന്മാരെ ദ്രോഹിക്കുന്നവർ യൂസുഫ് നബിയുടെ സഹോദരന്മാർക്ക് തുല്യരാണ്. അവരോട് അല്ലാഹു എങ്ങനെ പെരുമാറുമെന്നതിനെ കുറിച്ചുള്ള ഭയം അല്പമെങ്കിലും അവരിൽ ഉണ്ടായിരുന്നുവെങ്കിൽ അവരിങ്ങനെ ചെയ്യുമായിരുന്നില്ല.

ഒരു അംഗം ഏകപക്ഷീയമായ, അന്യായമായ, റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി പുറത്താക്കിപ്പെടുമ്പോൾ, ജമാഅത്തിൽ വളരെപ്പേർ വന്നുചേരു മെന്ന വികാരമല്ല ഈസാ നബി (അ) പ്രകടിപ്പിച്ചത്. ബൈ ളിൽ നിന്നുള്ള വാക്യം കാണുക:

'നിങ്ങൾക്കു എന്തു തോന്നുന്നു ഒരു മനുഷ്യന്നു നൂറു ആടു ഉണ്ടു എന്നിരിക്കട്ടെ അവയിൽ ഒന്നു തെറ്റി ഉഴന്നുപോയാൽ തൊണ്ണൂറ്റൊമ്പതിനെയും വിട്ടേച്ചു തെറ്റിപ്പോയതിനെ മലകളിൽ ചെന്നു തിരയുന്നില്ലയോ, അതിനെ കണ്ടെത്തിയാൽ തെറ്റിപ്പോകാത്ത തൊണ്ണൂറ്റമ്പ

തിലും അധികം അതിനെക്കുറിച്ചു സന്തോഷിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. അങ്ങനെതന്നേ ഈ ചെറിയവരിൽ ഒരുത്തൻ നശിച്ചുപോകുന്നതു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്നു ഇഷ്ടമല്ല. നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന്നു ബോധം വരുത്തുക, അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ രണ്ടു മൂന്നു സാക്ഷികളുടെ വായാൽ സകല കാര്യവും ഉറപ്പാകേണ്ടതിന്നു ഒന്നു രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയോടു അറിയിക്ക, സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ. (മത്തായി – അദ്ധ്യായം 18:12–17)

ഒരാളെ സഭയിൽനിന്ന് പുറത്താക്കുന്നതിനു മുമ്പായി ചെയ്യേണ്ട നടപടിക്രമം ഈ രീതിയിലാണ് ബൈബിൾ പോലും വിവരിക്കുന്നത്. പക്ഷേ ജമാഅത്ത് നടപടിയെടുക്കുന്നത് ഏകാധിപത്യ രീതിയിലാണ്.

ഖലീഫയുടെ പ്രധാന ചുമതല  പരിപൂർണ്ണമായ നീതി വ്യവസ്ഥ സ്ഥാപിക്കുകയെന്നതാണ്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

يَٰدَاوُۥدُ إِنَّا جَعَلْنَٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ
ٱللَّهِ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ

ഓ ദാവൂദ്, നാം താങ്കളെ ഭൂമിയിൽ ഒരു ഖലീഫയാക്കിയിരിക്കുന്നു. അതിനാൽ താങ്കൾ ജനങ്ങൾക്കിടയിൽ നീതിയോടുകൂടി വിധി കല്പിക്കുക. സ്വാർത്ഥ താല്പര്യങ്ങളെ പിന്തുടരുത്. അത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും താങ്കളെ വ്യതിചലിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് വ്യതി ചലിച്ചവർക്ക് കഠിനമായ ശിക്ഷയുണ്ടായിരിക്കുന്നതാണ്, അവർ വിചാരണ നാളിനെ വിസ്മരിച്ച തുകാരണമായി. (വിശുദ്ധ ഖുർആൻ 38:27).

ഖിലാഫത്ത് അഹ്മദിയ്യയിൽ മുകളിൽ കൊടുത്ത വിശുദ്ധ ഖുർആനിക വചനത്തിന്റെ പൂർത്തീകരണം കണ്ടെത്താൻ കഴിയുകയില്ല.

മറ്റൊരു ദു:ഖകരമായ കാര്യം, ജമാഅത്ത് ശിക്ഷ നൽകുന്നത് ജമാഅത്തുമായി അടുത്തു കഴിയുന്ന ആൾക്കാർക്കാണ്.  ജമാഅത്തുമായി അകലത്തിൽ കഴിയുന്ന ആൾക്കാർക്ക് ജമാഅത്ത് എന്ത് ശിക്ഷ നൽകാനാണ്. ഇത് ജമാഅത്ത് വ്യവസ്ഥിതിയുടെ ബലഹീനതയെ കാണിക്കുന്നു. ഉദാഹരണത്തിന് മറ്റ് സമുദായങ്ങളിലെ പെൺകുട്ടികളെ വിവാഹം കഴിച്ച് രഹസ്യമാക്കിവെക്കുന്ന ആൾക്കാർ  ജമാഅത്തിലുണ്ട്. പെൺകുട്ടികളെ രഹസ്യ സുഹൃത്തുക്കളാക്കി വെക്കുന്ന ആളുകൾ ജമാഅത്തിലുണ്ട്. മദ്യം കഴിക്കുന്ന  ആളുകൾ ജമാഅത്തിലുണ്ട്. ജമാഅത്തിന് അവർക്ക് ഏതു തരത്തിലുള്ള ശിക്ഷ നൽകാനാണ് സാധിക്കുക? ഖലീഫയെ സ്നേഹിക്കുകയും ഖലീഫയോട് സത്യസന്ധമായി  പെരു

മാറുകയും ചെയ്യുന്നവർക്കാണ് ശിക്ഷ ലഭിക്കുന്നത്. ഇത് എന്തുതരം വൈരുദ്ധ്യം!

ഖലീഫ വിശുദ്ധ ഖുർആനിൽ പറഞ്ഞ രീതിയനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. നീ ഉപദേശിക്കുക നീ ഒരു ഉൽബോധകനാകുന്നു. നിന്നെ വരുടെ മേൽ നാം ഒരു കാവൽക്കാരനാക്കിയിട്ടില്ല. (വിശുദ്ധ ഖുർആൻ 88–22–23).

ഇപ്പോൾ ജമാഅത്തിന് ഭൗതികാധികാരമില്ല. ഭൗതിക ശക്തി നേടുന്ന പക്ഷം അവർ എന്തു ചെയ്യും? വിചാരണ കൂടാതെ ജനത്തെ ജയിലിൽ അടക്കുകയില്ലേ?

മറ്റൊരു മോശമായ വശം, ഖലീഫക്ക് ഒരു കത്തെഴുതിയാൽ മറുപടി ലഭിക്കാൻ സാധാരണ ഗതിയിൽ മൂന്നു മാസമെടുക്കുന്നു. കൂടുതൽ സമയം എടുത്തെന്നും വരാം. ആറു മാസം കഴിഞ്ഞാലും മറുപടി ലഭിച്ചില്ലെന്നും വരാം. ജമാഅത്ത് ഇപ്പോഴും ഒരു സൂക്ഷ്മതല സമുദായമാണ്. ഓരോ കാര്യവും ഖലീഫയെ അറിയിച്ച് മറുപടിക്കുവേണ്ടി കാത്തിരിക്കേണ്ടതാണ്. ജമാഅത്ത് കൂടുതൽ വ്യാപിക്കുമ്പോൾ എന്തു സംഭവിക്കും? മൂന്നു മാസം എന്നത് മൂന്നു വർഷം വരെ എടുത്തേക്കാം. ഒരാളെ നാലു മാസത്തിൽ കൂടുതൽ അനിശ്ചിതത്തിൽ നിലനിർത്തുന്നതിന് വിശുദ്ധ ഖുർആനിൽ പോലും അനുവാദമില്ല (2:227)

حَدَّثَنَا أَبُو نُعَيْمٍ، حَدَّثَنَا أَبُو الأَشْهَبِ، عَنِ الْحَسَنِ، أَنَّ عُبَيْدَ اللَّهِ بْنَ زِيَادٍ، عَادَ مَعْقِلَ بْنَ يَسَارٍ فِي مَرَضِهِ الَّذِي مَاتَ فِيهِ فَقَالَ لَهُ مَعْقِلٌ إِنِّي مُحَدِّثُكَ حَدِيثًا سَمِعْتُهُ مِنْ رَسُولِ اللَّهِ صلى الله عليه وسلم سَمِعْتُ النَّبِيَّ صلى الله عليه وسلم يَقُولُ " مَا مِنْ عَبْدٍ اسْتَرْعَاهُ اللَّهُ رَعِيَّةً، فَلَمْ يَحُطْهَا بِنَصِيحَةٍ، إِلاَّ لَمْ يَجِدْ رَائِحَةَ الْجَنَّةِ ".

മാഖിൽ (റ.അ.) നിവേദനം ചെയ്യുന്നു. ഞാൻ നബി (സ) പറയുന്നതായി കേട്ടു. അല്ലാഹു ഒരാൾക്ക് ഭരണാധികാരം നല്കി എന്നിട്ട് അയാൾ തന്റെ കീഴിലുള്ളവരോട് സത്യസന്ധമായ വിധത്തിൽ പെരുമാറുന്നില്ലെങ്കിൽ അയാൾക്ക് സ്വർഗത്തിന്റെ വാസന പോലും അനുഭവപ്പെടുന്നതല്ല. (സഹീഹുൽ ബുഖാരി, ന്യായവിധികൾ)

തബൂക്ക് യുദ്ധത്തിൽ പങ്കെടുക്കാത്തവർക്ക് റസൂൽ(സ) ശിക്ഷ നൽകിയതിനെ ഉദാഹരണമാക്കിക്കൊണ്ട് ജമാഅത്ത് നല്കുന്ന ശിക്ഷയെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ട്. ഇവിടെ പ്രസക്തമായ ചോദ്യം അതുപോലെ യുദ്ധത്തിൽ പങ്കെടുക്കാത്തതിനാണൊ ജമാഅത്ത് ശിക്ഷ നല്കുന്നത്? ഏതെങ്കിലും അമീർ അയക്കുന്ന റിപ്പോർട്ട് അനുസരിച്ചാണോ റസൂൽ(സ) ശിക്ഷ നൽകിയത്? റസൂൽ(സ) ശിക്ഷ നൽകിയത് അല്ലാഹുവിന്റെ വെളിപാടനുസരിച്ചായിരുന്നു. അതുപോലെ അല്ലാഹുവിന്റെ വെളിപാടനുസരിച്ചാണോ ഖലീഫ ശിക്ഷ നല്കുന്നത്? അങ്ങനെയെങ്കിൽ അമീറിന്റെ റിപ്പോർട്ടിന്റെ ആവശ്യമെന്ത്? അല്ലാഹുവിന്റെ വെളിപാടനുസരിച്ച് ശിക്ഷ നല്കിയാൽ പോരെ? അല്ലാഹു പരിശുദ്ധ

നാണ്. അവൻ സ്രഷ്ടാവാണ്. അവൻ അണുവിട പോലും തെറ്റ് ചെയ്യുകയില്ല. അല്ലാഹു പല രീതിയിലും ആളുകളെ പരീക്ഷിക്കുന്നു. വിപത്തായും ശിക്ഷയായും. അല്ലാഹുവും ഖലീഫയും തുല്യരാണോ? ഏകാധിപത്യ രീതിയിൽ ശിക്ഷ കൊടുക്കാനുള്ള തന്റെ അധികാരം അല്ലാഹു പ്രവാചകന്മാർക്കോ ഖലീഫക്കോ നൽകിയിട്ടുണ്ടോ? ഇല്ല തന്നെ. ന്യായവിധി അനുസരിച്ച് ശിക്ഷിക്കാൻ മാത്രമാണ് അല്ലാഹു എല്ലാവരോടും കല്പിച്ചിരിക്കുന്നത്. പ്രവാചകന്മാരോടു പോലും.

പല വിപത്തുകളിലും അപകടങ്ങളിലും പെട്ട് ജനങ്ങൾ കൂട്ടമായി മരണമടയുന്നു. എന്നാൽ ആരെങ്കിലും ദൈവത്തെ കുറ്റം പറയാറുണ്ടോ? അല്ലാഹുവിന് അതിനു അധികാരമുണ്ടെന്ന് എല്ലാവർക്കും അറിയാം.

സ്വന്തം അംഗങ്ങളെ പുറത്താക്കുകയെന്നത് ജൂതപുരോഹിതന്മാരുടെ പ്രവ്റ്ത്തിയായിരുന്നു. ഇതിനെ വിശുദ്ധ ഖുർആൻ നിരോധിക്കുകയാണ് ചെയ്തിരിക്കുന്നത്.

وَإِذْ أَخَذْنَا مِيثَاقَكُمْ لاَ تَسْفِكُونَ دِمَآءِكُمْ وَلاَ تُخْرِجُونَ أَنْفُسَكُمْ مِّن دِيَارِكُمْ ثُمَّ أَقْرَرْتُمْ وَأَنْتُمْ تَشْهَدُونَ

2:85 നിങ്ങൾ അന്യോന്യം രക്തം ചിന്തുകയില്ലെന്നും, സ്വന്തമാളുകളെ കുടിയൊഴിപ്പിക്കുകയില്ലെന്നും നിങ്ങളോട് നാം ഉറപ്പ് വാങ്ങിയ സന്ദർഭവും (ഓർക്കുക). എന്നിട്ട് നിങ്ങളത് സമ്മതിച്ച് ശരിവെക്കുകയും ചെയ്തു. നിങ്ങളതിന് സാക്ഷികളുമാകുന്നു.

ثُمَّ أَنْتُمْ هَٰؤُلَآءِ تَقْتُلُونَ أَنْفُسَكُمْ وَتُخْرِجُونَ فَرِيقاً مِّنْكُمْ مِّن دِيَارِهِمْ تَظَاهَرُونَ عَلَيْهِمْ بِٱلإِثْمِ وَالْعُدْوَانِ وَإِن يَأْتُوكُمْ أُسَارَىٰ تُفَادُوهُمْ وَهُوَ مُحَرَّمٌ عَلَيْكُمْ إِخْرَاجُهُمْ أَفَتُؤْمِنُونَ بِبَعْضِ ٱلْكِتَابِ وَتَكْفُرُونَ بِبَعْضٍ فَمَا جَزَآءُ مَن يَفْعَلُ ذَٰلِكَ مِنكُمْ إِلاَّ خِزْيٌ فِى ٱلْحَيَاةِ ٱلدُّنْيَا وَيَوْمَ ٱلْقِيَامَةِ يُرَدُّونَ إِلَىٰ أَشَدِّ ٱلْعَذَابِ وَمَا ٱللَّهُ بِغَافِلٍ عَمَّا تَعْمَلُونَ

2:85 എന്നിട്ടും നിങ്ങളിതാ സ്വജനങ്ങളെ കൊന്നുകൊണ്ടിരിക്കുന്നു. നിങ്ങളിലൊരു വിഭാഗത്തെ തന്നെ അവരുടെ വീടുകളിൽ നിന്നും ഇറക്കി വിട്ടുകൊണ്ടിരിക്കുന്നു. തികച്ചും കുറ്റകരമായും അതിക്രമപരമായും അവർക്കെതിരിൽ നിങ്ങൾ അന്യോന്യം സഹായിക്കുകയും ചെയ്യുന്നു. അവർ നിങ്ങളുടെ അടുത്ത് യുദ്ധത്തടവുകാരായി വന്നാൽ നിങ്ങൾ മോചനമൂല്യം വാങ്ങി അവരെ മോചിപ്പിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവരെ പുറം തള്ളുന്നത് തന്നെ നിങ്ങൾക്ക് നിഷിദ്ധമായിരുന്നു. നിങ്ങൾ വേദ ഗ്രന്ഥത്തിലെ ചില ഭാഗങ്ങൾ വിശ്വസിക്കുകയും മറ്റു ചിലത് തള്ളിക്കളയുകയുമാണോ, എന്നാൽ നിങ്ങളിൽ നിന്ന് അപ്രകാരം പ്രവർത്തിക്കുന്നവർക്ക് ഇഹലോകജീവിതത്തിൽ അപമാനമല്ലാതെ മറ്റൊരു ഫലവും കിട്ടാനില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാ

വട്ടെ അതി കഠിനമായ ശിക്ഷയിലേക്ക് അവർ തള്ളപ്പെടുകയും ചെയ്യും. നിങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി അല്ലാഹു അശ്രദ്ധനല്ല.

അല്ലാഹു ഇബ്ലീസിനേയും ആദം നബിയെയും (അ). പുറാത്താക്കിയിട്ടുണ്ട്. ഇത് ദൈവ കൽപന നിരസിച്ചതുകൊണ്ടാണ്. ദൈവ കല്പന അനുസരിച്ചതു കാരണമായി അല്ലാഹു ആരെയെങ്കിലും പുറത്താക്കിയിട്ടുണ്ടോ? ഖലീഫയുടെ സമ്മതമില്ലാതെ വിശുദ്ധ ഖുർആന്റെ കല്പന അനുസരിച്ചതിനും ജമാഅത്ത് ശിക്ഷ നല്കുന്നു, ഇതൊക്കെ അനുവദനീയമായ കാര്യമാണോ?

വളരെ ദു:ഖകരമായ കാര്യം ശരീഅത്ത് പുനരുദ്ധരിക്കുന്നതിന് സ്ഥാപിതമായ ജമാഅത്താണെന്ന് ഒരു ഭാഗത്ത് അവകാശപ്പെടുമ്പോൾ അതേ ജമാഅത്ത് തന്നെ അല്ലാഹുവിന്റെ വ്യക്തമായ കല്പനകൾക്ക് എതിപ്രവർത്തിച്ചുകൊണ്ട് അല്ലാഹു യാതൊരു ശിക്ഷയും വിധിക്കാത്ത കാര്യങ്ങൾക്ക് അംഗങ്ങളെ ശിക്ഷിക്കുകയും ചെയ്യുന്നു.

അല്ലാഹുവും നബിയും (സ.അ) മസീഹ് മഊദും (അ) നിബന്ധനകൾക്ക് വിധേയമാക്കിക്കൊണ്ട് ഒന്നിലധികം വിവാഹങ്ങൾ പ്രേരിപ്പിക്കുകയുണ്ടായി. എന്നാൽ മറ്റു മുസ്‌ലിംകളിൽനിന്ന് ആരെങ്കിലും ബഹുഭാര്യത്വം സ്വീകരിക്കുകയാണെങ്കിൽ ആ വ്യക്തിക്ക് ശിക്ഷ നല്കിക്കൊണ്ട് അയാളെ ജമാഅത്തിൽനിന്ന് പുറത്താക്കുന്നു. ഒരു ഇസ്‌ലാമിക ജമാഅത്ത് ചെയ്യേണ്ട കാര്യമാണോ ഇതൊക്കെ?

എന്നാൽ മനസ്സിൽ നന്മയുള്ള ഒരു വിശ്വാസിക്ക്, അല്ലാഹു വിശുദ്ധ ഖുർആനിൽ അയാൾക്ക് നഷ്ടപ്പെട്ടതിനേക്കാൾ മികച്ചത് നൽകുമെന്നും പൊറുത്തു കൊടുക്കുമെന്നുമുള്ള വാഗ്ദാനമാണ് ചെയ്തിരിക്കുന്നത്.

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّمَن فِيٓ أَيۡدِيكُم مِّنَ ٱلۡأَسۡرَىٰٓ إِن يَعۡلَمِ ٱللَّهُ فِي قُلُوبِكُمۡ خَيۡرٗا يُؤۡتِكُمۡ خَيۡرٗا مِّمَّآ أُخِذَ مِنكُمۡ وَيَغۡفِرۡ لَكُمۡۚ وَٱللَّهُ غَفُورٞ رَّحِيمٞ

നബിയേ, നിങ്ങളുടെ കൈവശമുള്ള യുദ്ധത്തടവുകാരോട് പറയുക: നിങ്ങളുടെ ഹൃദയങ്ങളിൽ വല്ല നൻമയുമുള്ളതായി അല്ലാഹു അറിയുന്ന പക്ഷം നിങ്ങൾക്ക് നഷ്ടപ്പെട്ടതിനേക്കാൾ ഉത്തമമായത് അവൻ നിങ്ങൾക്ക് തരികയും നിങ്ങൾക്ക് അവൻ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (8:71)

ഖലീഫ ശിക്ഷാനടപടിയെടുക്കുന്നത് യഥാർത്ഥത്തിൽ ശിക്ഷിക്കുവാനല്ല, പരിവർത്തനമുണ്ടാകാൻ വേണ്ടിയാണെന്ന ഒരു കബളിപ്പിക്കൽ ജമാഅത്ത് നടത്താറുണ്ട്. അങ്ങനെയെങ്കിൽ ജമാഅത്തിൽ പരിവർത്തനത്തിന് വിധേയമാകാത്ത വ്യക്തികൾ എത്രയോ ഉണ്ട്. അവരുടെ നേരെയല്ലേ ശിക്ഷാനടപടികൾ എടുക്കേണ്ടിയിരുന്നത്?

പിന്നെ പറയുന്നത് ഖലീഫ കൈ വെട്ടുകയോ, കാൽ വെട്ടുകയോ, തല വെട്ടുകയോ അല്ല ചെയ്യുന്നത്, ജമാഅത്ത് വ്യവസ്ഥിതിയിൽനിന്ന് പുറത്താക്കുക മാത്രമാണ് ചെയ്യുന്നതെന്നാണ്. ഇതിനുള്ള മറുപടിയെന്തന്നാൽ, അല്ലാഹു വിശുദ്ധ ഖുർആനിൽ പീഢനം കൊലയേക്കാൾ ഭീകരമെന്നാണ് പറഞ്ഞിരിക്കുന്നത്. (2:192) ഇവിടെ ശിക്ഷ നല്കുന്നതിനെയല്ല വിമർശിക്കുന്നത്. ശിക്ഷ നൽകുന്ന രീതിയെക്കുറിച്ചാണ്. ഖലീഫ കോടതികൾ സ്ഥാപിക്കട്ടെ, ജഡ്ജിമാരെ നിയമിക്കട്ടെ, ഇരു ഭാഗത്തുനിന്നും വാദം കേൾക്കട്ടെ, വിധി പറയട്ടെ, ശിക്ഷ വിധിക്കട്ടെ. ആർക്കും എതിർപ്പുണ്ടാകില്ല. ഏകാധിപത്യരീതിയിൽ ശിക്ഷാനടപടികൾ എടുക്കാൻ ഖലീഫക്ക് യാതൊരു അധികാരവും അല്ലാഹു നല്കിയിട്ടില്ല.

ഖിലാഫത്ത് എന്നത് ആരാധനയല്ല. ഖലീഫയുടെ നിർദ്ദേശങ്ങൾ വിശുദ്ധഖുർആനിനും സുന്നത്തിനും അനുസൃതമായിരിക്ൾ ആ നിർദ്ദേശങ്ങൾ അനുസരിക്കുകയെന്നതാണ്. എന്നാൽ വിശുദ്ധ ഖുർആനിനും സുന്നത്തിനും എതിരായ കൽപനകൾ  ജമാഅത്തിന്റെ നിയമാവലികളിൽ എഴുതിച്ചേർക്കുമ്പോൾ  അത്തരം നിർദ്ദേശങ്ങൾ അനു സരിക്കുകയെന്നത് തന്നെ തെറ്റായ കര്യമാകുന്നു. അവർക്കു തന്നെ അവരുടെ നിയമാവലികളിൽ ഇത്തരം നിർദ്ദേശങ്ങൾ ഉൾപ്പെടുത്താൻ യാതൊരു അധികാരവുമില്ല തന്നെ.

അല്ലാഹു സകാത്ത് നൽകുവാൻ കല്പിക്കുമ്പോൾ, ഖലീഫ നടപടി എടുത്തവരിൽ നിന്ന് സകാത്ത് സ്വീകരിക്കരുതെന്ന് വിലക്കുകയാണ് ചെയ്യുന്നത്. ഒരു ഖലീഫക്ക് അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ എങ്ങനെ കഴിയും, ഖലീഫ അല്ലാഹുവിനേക്കാൾ വലിയവനായി സ്വയം ഗണിക്കുകയാണോ?

ഹദ്രത്ത്  അബൂബക്കർ (റ.അ.)  ഖലീഫയായി തെരെഞ്ഞെടുക്കപ്പെട്ടപ്പോൾ ചില ആളുകൾ സകാത്ത് നൽകുവാൻ  വിസമ്മതിക്കുകയുണ്ടായി. അപ്പോൾ നിങ്ങൾ വിശുദ്ധ നബിക്ക് (സ) ഒരു കയർ കൊടുക്കുകയും എന്നിട്ട് നിങ്ങൾ എനിക്കതു  തരാതിരിക്കുയും  ചെയ്യുന്നുവെങ്കിൽ ഞാൻ നിങ്ങളോട് യുദ്ധം ചെയ്തു അത് വാങ്ങിക്കുന്നതാണെന്ന് പറയുകയുണ്ടായി. വ്യത്യാസം കാണുക!

എങ്ങനെ ഒരു ഖലീഫക്ക് അമീർ അയക്കുന്ന ഏകപയമായി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി,  ശരിയായ അന്വേഷണം പോലും  നടത്താതെ ഒരു വ്യക്തിക്കെതിരെ നടപടി എടുക്കാൻ കഴിയും?

ഖലീഫ ജമാഅത്തിന്റെ പത്ത് ബൈഅത്ത് നിബന്ധനകൾ  എല്ലാവർക്കും പഠിപ്പിച്ചു കൊടുക്കുന്നു. ഖലീഫയും മുൻപ്, ബൈഅത്ത് ചെയ്ത വ്യക്തിയാണ്. ഖലീഫ ജമാഅത്തിന്റെ അംഗങ്ങൾക്കെതിരെ അനീതി പ്രവർത്തിക്കുമ്പോൾ  ഖലീഫ ബൈഅത്തിന്റെ നാലാമത്തെ നിബന്ധന അറിഞ്ഞുകൊണ്ട് വിസ്മരിക്കുകയാണ് ചെയ്യുന്നത്.  ഇതാണ് ആ നിബന്ധന:

ഏതെങ്കിലും വികാരത്തിന് അടിമപ്പെട്ടുകൊണ്ട് പൊതുവേ അവൻ/ അവൾ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് യാതൊരു ദ്രോഹവും വരുത്തുകയില്ല, പ്രത്യേകിച്ച് മുസ്ലിംകൾക്ക്. അവന്റെ/അവളുടെ നാവ് കൊണ്ടോ, കൈകൾ കൊണ്ടോ, മറ്റു വിധേനയോ.

ഈ നിബന്ധന മറ്റാരേക്കാളുമധികം ഖലീഫക്കാണ് ബാധകമായിരിക്കുന്നത്. ഖലീഫ അല്ലാഹുവിന്റെ മുന്നിൽ ചോദ്യം ചെയ്യപ്പെടുന്നതാണ്.

ജമാഅത്തിന്റെ സാമ്പത്തിക കാര്യങ്ങളിൽ, ഖലീഫ അമീർ അയക്കുന്ന റിപ്പോർട്ട് കൊണ്ട് പൂർണ്ണമായി തൃപ്തി അടയുന്നില്ല. ജമാഅത്ത് കമ്മിറ്റിയിൽ ഓഡിറ്റർ ഉണ്ട്. എന്നാൽ ഖലീഫക്ക് ആ ഓഡിറ്ററുടെ റിപ്പോർട്ട് മതിയാവില്ല. ജമാഅത്തിന്റെ സാമ്പത്തിക ഇടപാടുകൾ ഓഡിറ്റ് ചെയ്യുവാൻ പുറമെനിന്നും ഓഡിറ്ററെ നിയമിക്കുന്നു. സാമ്പത്തിക കാര്യങ്ങളിൽ ഖലീഫക്ക് രണ്ടു റിപ്പോർട്ട് ആവശ്യമായി വരുമ്പോൾ, ജമാഅത്തിന്റെ ഒരു അംഗത്തിനെതിരെ നടപടി എടുക്കാൻ ഖലീഫക്ക് അമീർ അയച്ച ഒറ്റ റിപ്പോർട്ട് മതിയാകുന്നു. അതനുസരിച്ച് ഖലീഫ ഉടനെ ശിക്ഷ പ്രഖ്യാപിക്കുന്നു.

ഈ പ്രവൃത്തിയിൽ നിന്നും, പണം ഒരു വിശ്വാസിയുടെ അഭിമാനത്തെക്കാൾ വലുതാണെന്ന് ഖലീഫ തെളിയിക്കുകയാണ് ചെയ്യുന്നത്. സാമ്പത്തിക കാര്യങ്ങളിൽ ഇരട്ടി പരിശോധന ആവശ്യമാണ് എന്ന് ബോധ്യമുള്ള ഖലീഫക്ക് ഒരു വിശ്വാസിയുടെ കാര്യങ്ങളിൽ എന്തുകൊണ്ട് ഇരട്ടി പരിശോധന ആവശ്യമാണ് എന്ന ബോധമില്ലാതെ പോകുന്നു? അങ്ങനെ തന്റെ സ്വന്തം പ്രവർത്തനങ്ങൾ മുഖേനെ ഖലീഫ തന്റെ ദൃഷ്ടിയിൽ ജമാഅത്തിലെ സ്വന്തം അംഗങ്ങൾക്ക് യാതൊരു പ്രാധാന്യവുമില്ല എന്ന് വ്യക്തമാക്കുകയാണ് ചെയ്യുന്നത്. ഖലീഫക്ക് അവർ രണ്ടാം കിടക്കാരാണ്. ഖലീഫക്ക് പണമാണ് മുഖ്യം.

വസിയ്യത്തിലൂടെ ലഭിക്കുന്ന വരിപ്പണം വഴി ഇപ്പോൾ ജമാഅത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ മെച്ചപ്പെട്ടിരിക്കയാണ്. എന്നാൽ ഈ പണം ഹദ്രത്ത് മസീഹ് മഊദ് എഴുതിയ അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ പറഞ്ഞ പ്രകാരമാണ് ചെലവഴിച്ചക്കുന്നതെന്നതിന് ഒരു തെളിവും പ്രസിദ്ധീകരിക്കുന്നില്ല.

ജീവിക്കുവാൻ വേണ്ടത്ര വകയില്ലാത്ത അനാഥർക്കും ദരിദ്രർക്കും അഗതികൾക്കും, പുതുതായി മതം മാറി വരുന്നവർക്കും വേണ്ടി ഈ ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിക്കാവുന്നതാണ്. (അൽവസിയ്യ ത്ത് 2005, ഇസ്ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻ ലിമിറ്റഡ് ).

പെരുന്നാൾ ദിവസം പോലും ഭക്ഷണവും വസ്ത്രങ്ങളും വാങ്ങാൻ പണം ഇല്ലാതെ കഷ്ടപ്പെടുന്ന എത്രയോ ആൾക്കാരെ ജമാഅത്തിൽ കാണാവുന്ന്താണ്. ചില അംഗങ്ങൾ സ്വകാര്യ സംഭാവനകൾ പിരിച്ചുകൊണ്ടാണ് ജമാഅത്തിലുള്ള ഇത്തരം ആളുകളെ സഹായിക്കുന്നത്. ജമാഅത്ത് എന്തെങ്കിലും സഹായം ഇങ്ങനെയുള്ളവർക്ക് വിതരണം ചെയ്യുന്നതായി കാണുന്നില്ല.

## 5. ഖലീഫ വിശ്വാസികളെ പീഡിപ്പിക്കുന്നു

ജമാഅത്തിന്റെ ഏതെങ്കിലും ഫണ്ടുകളിൽ നിന്ന് ഒരംഗം എന്തെങ്കിലും സഹായം അഭ്യർത്ഥിച്ചാൽ, ഉദാഹരണമായി മർയം ശാദി ഫണ്ട്, അതിന്റെ അംഗീകാരം ലഭിക്കാൻ വളരെ സമയം എടുക്കുന്നതാണ്. ആ ഫണ്ടിന്റെ ഒരു സെക്രട്ടറി ഒരിക്കൽ പറയുകണ്ടായി, അംഗീകാരം വരുമ്പോഴേക്ക്, ആ പെൺകുട്ടിയുടെ വിവാഹം കഴിഞ്ഞ് ഒരു കുഞ്ഞ് പിറക്കുമെന്ന്. ജമാഅത്തിന്റെ ഘടന ഈ രീതിയിലാണ് പ്രവർത്തിക്കുന്നത്.

നാം ആദ്യകാല ഇസ്‌ലാമിക ഖിലാഫത്ത് ചരിത്രം പഠിക്കുകയാണെങ്കിൽ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഖലീഫമാർ, ചില കാലയളവിനുശേഷം അനീതി പ്രവർത്തിച്ചുകൊണ്ട്, കൊലയും രക്തച്ചൊരിച്ചിലും നടത്തുകയാണ് ചെയ്തത്. ഉദാഹരണത്തിന് മുആവിയയുടെ ചരിത്രം കാണുക. ഇതാണ് തെരഞ്ഞെടുക്കപ്പെടുന്ന ഖലീഫമാരുടെ വൈകല്യങ്ങൾ. പൊറുത്തുകൊടുക്കൽ എന്ന ദൈവിക ഗുണമേന്മ കാണിക്കുന്ന തിൽനിന്ന് അവർ പിറകോട്ട് പോകുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ മാതാപിതാക്കൾക്ക് എതിരായാൽ പോലും പരിപൂർണ്ണ നീതിയിൽ ഉറച്ചു നിൽക്കുവാൻ കല്പിച്ചിരിക്കയാണ്.

يَا أَيُّهَا ٱلَّذِينَ آمَنُواْ كُونُواْ قَوَّامِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰۤ أَنْفُسِكُمْ أَوِ ٱلْوَالِدَيْنِ وَٱلأَقْرَبِينَ إِن يَكُنْ غَنِيّاً أَوْ فَقِيراً فَٱللَّهُ أَوْلَىٰ بِهِمَا فَلاَ تَتَّبِعُواْ ٱلْهَوَىٰ أَن تَعْدِلُواْ وَإِن تَلْوُواْ أَوْ تُعْرِضُواْ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيراً

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കുവിൻ. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവരേക്കാ പ്രതികൂലമായിത്തീർന്നാലും ശരി. കക്ഷി ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോട് കൂടുതൽ അടുത്തവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു. (4:136)

ജമാഅത്തിലെ മുബല്ലിഗുമാർ വെറും ഉച്ചഭാഷിണികൾ (Loud Speakers) മാത്രമാണ്. സ്വതന്ത്രമായി ചിന്തിക്കുവാനോ, അഭിപ്രായം പറയുവാനോ അവരെക്കൊണ്ട് സാധിക്കുകയില്ല. മുകളിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ തെറ്റായാലും ശരിയായാലും തത്തമ്മയെ പോലെ ഏറ്റുപാടുക എന്നതു മാത്രമാണ് അവരെക്കൊണ്ട് സാധിക്കുക. അതിനപ്പുറം പോയാൽ അവരെയും പിടിച്ചു പുറത്താക്കുന്നതാണ്.

കുടുംബാംഗങ്ങൾ ഭൂരിപക്ഷമുള്ള, ഇലക്ടറൽ കോളേജെന്ന അന്യായമായ തെരെഞ്ഞെടുപ്പു സമിതിയിലൂടെ ഖലീഫയാകുന്ന ഒരു വ്യക്തിക്ക് സ്വന്തം അംഗങ്ങളോട് പരിപൂർണ്ണ നീതി കാണിക്കാൻ എങ്ങനെ സാധിക്കും?

ഈ അദ്ധ്യായം ഈമെയിലിൽ വായിച്ച ഒരു അഹ്മദിയുടെ പ്രതികരണവും അതിനു ള്ള മറുപടിയുമാണ് താഴെ കൊടുക്കുന്നത്.

പ്രതികരണം:

'സുഹ്രത്തെ താങ്കളുടെ റിപ്പോർട്ട് വായിച്ചു. നിഷ്പക്ഷനായി നിൽക്കുന്ന ഒരു വ്യക്തിക്ക് തികച്ചും ശരിയായിരിക്കുന്ന കാര്യങ്ങളാണ് താങ്കൾ പറഞ്ഞിട്ടുള്ളത് പക്ഷെ ഒരു വിശ്വാസിയെ സംബന്ധിച്ച് തികച്ചും അടിസ്ഥാന രഹിതമാണ് താങ്കൾ ഉന്നയിച്ച കാര്യങ്ങൾ കാരണം നമ്മെ, ജമാഅത്തിനെ, ഖലീഫയെ മറ്റെന്തിനെയും നിയന്ത്രിക്കുന്നത് അല്ലാഹുവാണ് എന്ന പൂർണ്ണ വിശ്വാസത്തിലാണ് ഒരു അഹ്മദി ജമാഅത്തിൽ നിൽക്കുന്നത് എന്നതാണ് അതിന്റെ ഉത്തരം. താങ്കൾ വിശുദ്ധ ഖുർആന്റെ വിശ്വാസത്തിന്റെ പുറത്ത് നിന്ന് കൊണ്ട് വിശുദ്ധ ഖുർആനിൽ പറയപ്പെടുന്ന അല്ലാഹുവിനെ വീക്ഷിക്കുക. താങ്കൾക്ക് പക്ഷഭേദം കാട്ടുന്ന ഒരു ക്രൂര ദൈവത്തിനെ കാണാൻ കഴിയും. '

മറുപടി:

താങ്കൾ പറഞ്ഞ പ്രകാരം ക്രിസ്ത്യാനികൾക്ക് യേശു ക്രിസ്തു ദൈവപുത്രനാണ്. അവരുടെ വിശ്വാസം അങ്ങനെയാണു. അതുപോലെ ഹിന്ദുക്കൾക്ക് ബിംബങ്ങൾ ദൈവങ്ങളാണ്. അന്ധമായി ഒരാൾ ഒരു കാര്യം വിശ്വസിക്കുമ്പോൾ അയാളെ ആർക്കും തിരുത്താനാവുകയി ല്ല. താങ്കളുടെ ഖലീഫ ദൈവ പ്രതിനിധിയല്ല. അഹ്മദികളുടെ ആഗോള പ്രധിനിധിയുമല്ല. എലക്ടോറൽ കോളേജെന്ന പേരിൽ കുടുംബാംഗങ്ങൾ ഭൂരുപക്ഷമുള്ള ഏതാനും പേർ തെരെഞ്ഞെടുക്കുന്ന വ്യാജ പ്രതിനിധിയാണ്. ആർക്കും ചോദ്യം ചെയ്യാനാകാത്ത, ആരോടും കണക്കു പറയാൻ ബാദ്ധ്യതയില്ലാത്ത, ചോദ്യം ചെയ്യുന്നവരെ അന്യായമായ രീതിയിൽ പുറത്താക്കുന്ന ഏകാധിപതിയാണ്. അല്ലെന്ന് താങ്കൾക്ക് തെളിവു സഹിതം തെളിയിക്കാനാകുമോ? അല്ലെന്നുണ്ടെങ്കിൽ ജമാഅത്തിന്റെ വരിപ്പണവും അത് ചിലവഴിച്ചതിന്റെ കണക്കും ജമാഅത്ത് പ്രസിദ്ധീകരിച്ചത് താങ്കൾ എടുത്തു കാണിക്കുക. പനാമയിൽ കൊണ്ടുപോയി പണം മൂടിവെച്ചതിന്റെ കാരണം വ്യക്തമാക്കുക.

പ്രതികരണം:

## 5. ഖലീഫ വിശ്വാസികളെ പീഡിപ്പിക്കുന്നു

'പ്രിയ സഹോദരാ ഞാൻ ചന്ത കൊടുക്കുന്നത് ഖലീഫക്കല്ല അല്ലാഹുവിനാണ്. ലോകത്തുള്ള കോടാനുകോടി അഹ്മദികളും ചന്ത കൊടുക്കുന്നത് ഇതേ ഉദ്ദേശ്യത്തിൽ തന്നെയാണ്. അതിന്റെ ഫലവും പ്രതിഫലവും ഒക്കെ അവർ അനുഭവിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു . അതുകൊണ്ട് തന്നെ അല്ലാഹുവിന്റെ ഖജനാവിലെ കണക്കുകൾ പരിശോധിക്കാൻ താങ്കളെപ്പോലെ വിഡ്ഢികളല്ല ഞങ്ങൾ.'
മറുപടി:

നിങ്ങൾ ചന്ത കൊടുക്കുന്നത് ഖലീഫക്കല്ല അല്ലാഹുവിനാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ഖജനാവിലെ കണക്കുകൾ പരിശോധിക്കാൻ താങ്കളെപ്പോലെ വിഡ്ഢികളല്ല ഞങ്ങൾ. സമ്മതിച്ചു. ഇതുപോലെയാണ് എല്ലാ വിശ്വാസികളും ചെയ്യുന്നത്. ഹിന്ദുക്കൾ ദൈവത്തിന് കാഴ്ച വെക്കുന്ന സ്വർണ്ണക്കൂമ്പാരങ്ങൾ അമ്പലങ്ങളിൽ യാതൊരു പ്രയോജനവുമില്ലാതെ കെട്ടിക്കിടക്കുന്നത് കാണുന്നില്ലെ? അല്ലാഹുവിന്റെ ഖജനാവിലെ കണക്കുകൾ പരിശോധിക്കാൻ അല്ല ആവശ്യപ്പെടുന്നത്. അത് നിങ്ങൾക്കെന്നല്ല, ആരെക്കൊണ്ടും സാധിക്കുകയില്ല. ഞാൻ പറഞ്ഞത് ജമാഅത്തിലെ കണക്കുകളെക്കുറിച്ചാണ്. അതു പരിശോധിക്കുവാനും നിങ്ങളെക്കൊണ്ടെന്നല്ല, ഒരു കൊലക്കൊമ്പനെക്കൊണ്ടും സാധിക്കുകയില്ല. പരിശോധിക്കുവാൻ തുനിഞ്ഞാൽ നിങ്ങളെ പിടിച്ച് പുറത്താക്കും. ഞാൻ പറഞ്ഞത് ജമാഅത്ത് പ്രസിദ്ധീകരിച്ചത് താങ്കൾ എടുത്തു കാണിക്കുവാനാണ്, നിരീക്ഷണം നടത്തുവാനാണ്, അത് ശരിയായ രീതിയിലാണോ ചിലവഴിക്കപ്പെടുന്നതെന്ന്. നിങ്ങളുടെ ഖലീഫ സത്യവാനാണെങ്കിൽ അദ്ദേഹത്തിന് ഒരു ചുമതലയുണ്ട്. ജമാഅത്തിന്റെ കണക്കുകൾ പ്രസിദ്ധീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സത്യസന്ധത തെളിയിക്കുകയെന്നതാണത്. ഞാനാണെങ്കിൽ അതാണ് ചെയ്യുക. ഒന്നാം ഖലീഫ (റ.അ) അതാണ് ചെയ്തുകൊണ്ടിരുന്നത്. രണ്ടാം ഖലീഫ അത് നിർത്തലാക്കി. ഇതിൽനിന്നും എന്താണ് മന്സ്സിലാക്കാ ൻസാധിക്കുക. പനാമ ലീക്കുകളിൽനിന്നും എന്താണ് മനസ്സിലാകുന്നത്. ബുദ്ധി പണയം വെക്കാത്തവർക്ക് അത് മനസ്സിലാക്കാൻ സാധിക്കും.

*************

## 6. മറ്റു മുസ്ലിംകളെ കാഫിറുകളായി പ്രഖ്യാപിക്കുന്നു.

രണ്ടാം ഖലീഫ പഠിപ്പിച്ച മഹ്മൂദിയ്യത്തിനെയാണ് മിക്ക അഹ്മദികളും യഥാർത്ഥ അഹ്മദിയ്യത്തെന്ന് വിചാരിച്ച് പിൻപറ്റുന്നത്. മൗലാന മുഹമ്മദലിക്ക് (റ.അ) മറുപടിയായി അദ്ദേഹം രചിച്ച 'ആയിനെ സദാഖത് 'എന്ന ഗ്രന്ഥവും (പേജ് 110) അതിന്റെ ഇംഗ്ലീഷ് തർജമ The Truth about the Split പേജ് 56 –ലും അദ്ദേഹം എഴുതുകയാണ്:

اول یہ کہ میں نے حضرت مسیح موعود کے متعلق یہ خیال پھیلایا ہے کہ آپ فی الواقع نبی ہیں۔دوم یہ کہ آپ علیہ السلام ہی آیت اِسمُہٗ اَحمدُ کی پیشگوئی مذکورہ قرآن کریم (الصف:7)کے مصادق ہیں۔سوم یہ کہ کل مسلمان جو حضرت مسیح موعود علیہ السلام کے بیت میں شامل نہیں ہوئے خواہ انہوں نے حضرت مسیح موعود علیہ السلام کا نام بھی نہیں سنا۔وہ کافر اور دائرہ اسلام سے خارج ہیں۔میں تسلیم کرتا ہوں کہ میرے یہ عقائد ہیں۔

(1) The belief that Hadrat Mirza Ghulam Ahmad was actually a *Nabi*; (2) The belief that he was 'the Ahmad' spoken of in the prophecy of Jesus as referred to in the Holy Quran in Al-Saff 61:7; (3) The belief that all those so-called Muslims who have not entered into his *Bai'at* formally, wherever they may be, are *kuffar* and outside the pale of Islam, even though they may not have heard the name of the Promised Messiah. I admit that the above beliefs are mine. The Truth about the Split (പേജ് 56)

1. ഹദ്രത്ത് മിർസാ ഗുലാം അഹ്മദ് യഥാർത്ഥൽ നബിയാണെന്ന വിശ്വാസം, 2. വിശുദ്ധ ഖുർആനിൽ സൂറത്തുസ്സഫ്ഫിൽ (61:7) ഈസാനബിയുടെ (അ) പ്രവചനത്തിൽ പറഞ്ഞ അഹ്മദ് അദ്ദേഹമാണെന്ന വിശ്വാസം, 3. അദ്ദേഹത്തിന് ബൈഅത്ത് ചെയ്യാത്ത എല്ലാ മുസ്ലിംകളും, അവർ എവിടെ ആയിരുന്നാലും ശരി, അദ്ദേഹത്തിന്റെ പേര് പോലും കേട്ടിട്ടില്ലെങ്കിലും ശരി, അവർ കാഫിറുകളും ഇസ്ലാമിക വൃത്തത്തിൽനിന്ന് പുറത്താണെന്നുമുള്ള വിശ്വാസം, ഈ വിശ്വാസങ്ങളെല്ലാം എന്റേതാണെന്ന് ഞാൻ അംഗീക രിക്കുന്നു. 'The Truth about the Split' (പേജ് 56)

എന്നാൽ മസീഹ് മഊദ് (അ) എന്താണ് പഠിപ്പിക്കുന്നതെന്ന് കാണുക:

6. മറ്റു മുസ്‌ലിംകളെ കാഫിറുകളായി പ്രഖ്യാപിക്കുന്നു.

اور ختم نبوت آپ پر نہ صرف زمانہ کے تاخّر کی وجہ سے ہوا بلکہ اس وجہ سے بھی کہ تمام کمالات نبوت آپ پر ختم ہو گئے۔

നുബുവ്വത്ത് അദ്ദേഹത്തിൽ (സ) അവസാനിച്ചത് കാലദൈർഘ്യം കൊണ്ടുമാത്രമല്ല, നുബുവ്വത്തിന്റെ എല്ലാവിധ ശ്രേഷ്ഠതകളും അദ്ദേഹത്തിൽ പൂർത്തിയായതുകൊണ്ടുമാണ്. (*Lecture Sialkot,* RK20- P 207)

اس لئے اس نبوت پر تمام نبوتوں کا خاتمہ ہے اور ہونا چاہئے تھا کیونکہ جس چیز کے لئے ایک آغاز ہے اس کے لئے ایک انجام بھی ہے

ആയതിനാൽ ഈ നുബുവ്വത്തിൽ മറ്റെല്ലാ നുബുവ്വത്തുകളും അവസാനിച്ചിരിക്കുന്നു. വേണ്ടതും അതായിരുന്നു. കാരണം ഏതൊരു വസ്തുവിന് ആരംഭമുണ്ടോ അതിനൊരു അവസാനവും ഉണ്ട്. (AlWasiyat RK 20:P311).

മസീഹ് മഊദ് (അ), അദ്ദേഹത്തിന്റെ അവസാന കൃതികളിൽ ഒന്നായ ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥത്തിൽ എഴുതുകയാണ്:

**والنبوة قد انقطعت بعد نبيّنا صلى الله عليه و سلم ... وما عنى الله من نبوّتى الأكثرة المكالمة والمخاطبة و لعنة الله علٰى من أراد فوق ذالك،**

നമ്മുടെ നബിയോടുകൂടി (സ) നുബുവ്വത്ത് അവസാനിച്ചിരിക്കുന്നു... എന്റെ നുബുവ്വത്ത് കൊണ്ട് അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ എന്നോട് തുടർച്ചയായി സംസാരിക്കുന്നു എന്നതുമാത്രമാണ്. അതിനപ്പുറം ആരെങ്കിലും ഉദ്ദേശിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ ശാപം അവരിൽ ഉണ്ടാവട്ടെ. (Haqiqat-ul Wahy Page 64. (Roohani Khazain V22 Page 689)

یہ نکتہ یاد رکھنے کے لائق ہے کہ اپنے دعوے کے انکار کرنے والے کو کافر کہنا یہ صرف ان نبیوں کی شان ہے جو خدا تعالٰی کی طرف سے شریعت اور احکام جدیدہ لاتے ہیں۔لیکن صاحب الشریعت کے ماسوا جس قدر ملہم اور محدث ہیں گو وہ کیسی ہی جناب الٰہی میں اعلٰی شان رکھتے ہیں اور خلعتِ مکالمہ الہیہ سے سرفراز ہوں ان کے انکار سے کوئی کافر نہیں بن جاتا۔

ഓർക്കേണ്ട ഒരു കാര്യം, നിഷേധിയായ ഒരാളെ കാഫിറെന്ന് വിളിക്കാനുള്ള അധികാരം ശരീഅത്ത് കൊണ്ടുവരികയും അല്ലാഹുവിൽനിന്ന് പുതിയ കല്പനകൾ കൊണ്ടുവരികയും ചെയ്യുന്നവരുടെ പ്രത്യേകാധികാരമാണെന്നാണ്. എന്നാൽ ശരീഅത്തുമായി വരാത്ത മറ്റുള്ള മുൽഹം

മാരും മുഹദ്ദസുമാരും, അവരുടെ പദവി എത്ര തന്നെ അല്ലാഹുവിന്റെ യടുക്കൽ ഉന്നത മായിരുന്നാലും, അവരുടെ വെളിപാടുകൾ എത്രമാത്രം ഉയർന്ന നിലയി ലുള്ളതായിരുന്നാലും, അവരെ നിഷേധിക്കുന്നതു കൊണ്ട് ആരും തന്നെ കാഫിറായിത്തീരുന്നില്ല. (Tiryaq-ul-Qulub, October 1902, p. 130, footnote)

അവരുടെ പദവി എത്ര തന്നെ അല്ലാഹുവിന്റെയടുക്കൽ ഉന്നത മായിരുന്നാലും, അവരുടെ വെളിപാടുകൾ എത്രമാത്രം ഉയർന്ന നിലയിലുള്ളതായിരുന്നാലും, അവരെ നിഷേധിക്കുന്നതുകൊണ്ട് ആരും തന്നെ കാഫിറായിത്തീരുന്നില്ല എന്ന് ഹദ്രത്ത് മിർസ ഗുലാം അഹ്മദ് (അ) പ്രഖ്യാപിക്കുമ്പോൾ രണ്ടാം ഖലീഫയുടെയും അതേ തത്ത്വങ്ങൾ പിന്തുടരുന്ന മറ്റു ഖലീഫമാരുടെയും നില എന്തായിരിക്കുമെന്ന് വായനക്കാർക്ക് തീരുമാനിക്കാവുന്നതാണ്.

മസീഹ് മഊദിന് (അ) ലഭിക്കാത്ത ഈ അധികാരം രണ്ടാം ഖലീഫയ്ക്ക് ആരു കൊടുത്തു? രണ്ടാം ഖലീഫ ശരീഅത്തും കൊണ്ട് വന്ന പ്രവാചകനായി മാറിയോ?

*************

# 7. അനഹ്മദി മുസ്ലിംക്ൾ കാഫിറുകളോ?

ഹഖീഖത്തുൽ വഹ്യ് എന്ന തന്റെ ഗ്രന്ഥത്തിൽ മസീഹ് മഊദ് (അ) എഴുതിയത് കാണുക.

پھر اس جھوٹ کو تو دیکھو کہ ہمارے ذمہ یہ الزام لگاتے ہیں کہ گویا ہم نے بیس20 کروڑ مسلمان اور کلمہ گو کو کافر ٹھہرایا۔.... کیا کوئی مولوی یا کوئی اور مخالف یا کوئی سجادہ نشین یہ ثبوت دے سکتا ہے کہ پہلے ہم نے ان لوگوں کو کافر ٹھہرایا تھا۔اگر کوئی ایسا کاغذ یا اشتہار یا رسالہ ہماری طرف سے ان لوگوں کے فتوائے کفر سے پہلے شائع ہوا ہے جس میں ہم نے مخالف مسلمانوں کو کافر ٹھہرایا ہو تو وہ پیش کریں ورنہ خود سوچ لیں کہ یہ کس قدر خیانت ہے کہ کافر تو ٹھہراویں آپ اور پھر ہم پر یہ الزام لگاویں کہ گویہ ہم نے تمام مسلمانوں کو کافر ٹھہرایا ہے اس قدر خیانت اور جھوٹ اور خلاف واقعہ تہمت کس قدر دل آزار ہے۔

ഇരുനൂറ് ദശലക്ഷം മുസ്ലിംകളെ നാം കാഫിറുകളായി പ്രഖ്യാപിച്ചു എന്ന രീതിയിൽ അവർ പിന്നെയും നമുക്കു നേരെ ചുമത്തുന്ന ഈ അസത്യം പരിഗണിക്കുക ... ഏതെങ്കിലും മൌലവിക്കോ അല്ലെങ്കിൽ ഏതെങ്കിലും എതിരാളിക്കോ അല്ലെങ്കിൽ ഏതെങ്കിലും സുജൂദുകാരനോ ഏതെങ്കിലും ലഘുലേഖയിൽ, ഗ്രന്ഥികയിൽ, വിജ്ഞാപനത്തിൽ, നമ്മെ കാഫിറുകളായി പ്രഖ്യാപിക്കുന്നതിനു മുമ്പ്, നാമാണ് ആദ്യമായി ഇവരെ കാഫിറുകളായി പ്രഖ്യാപിച്ചെന്നതിന് തെളിവു കാണിക്കുവാൻ സാധിക്കുമെങ്കിൽ അവരത് മുമ്പോട്ടു കൊണ്ടുവരട്ടെ. നമ്മെ കാഫിറുകളായി പ്രഖ്യാപിക്കുകയും എന്നിട്ട് നാമാണ് മറ്റു മുസ്ലികളെ കാഫിറുകളായി പ്രഖ്യാപിച്ചതെന്ന് പറഞ്ഞു പരത്തുകയും ചെയ്യുന്നത് എത്രമാത്രം സത്യസന്ധതയില്ലായ്മയാണ്. ഈ സത്യസന്ധതയില്ലായ്മയും കള്ളവും കള്ള ആരോപണങ്ങളും എത്രമാത്രം കുറ്റകരമായ കാര്യമാണ്. (Haqiqatul Wahy P. 120- RK22-184).

ایک یہ کہ ڈاکٹر عبدالحکیم خان اپنے رسالہ المسیح الدجال وغیرہ میں میرے پر یہ الزام لگاتا ہے کہ گویا میں نے اپنی کتاب میں یہ لکھا ہے کہ جو شخص میرے پر ایمان نہیں لائے گا گووہ میرے نام سے بھی بے خبر ہو گا اور گو وہ ایسے ملک میں ہو گا جہاں تک میری دعوت نہیں پہنچی تب بھی وہ کافر ہو جائے گا اور دوزخ میں پڑے گا۔یہ ڈاکٹر مذکورہ کا سراسر افترا ہے میں نے کسی کتاب یا کسی اشتہار میں ایسا نہیں لکھا۔اس پر فرض ہے کہ وہ ایسی کوئی میری کتاب پیش کرے جس میں یہ لکھا ہے۔

അൽമസീഹുദ്ദജ്ജാൽ എന്ന തന്റെ ലഘുലേഖയിൽ ഡോ. അബ്ദുൽ ഹക്കിം ഖാൻ, ഞാൻ എന്നെ സ്വീകരിക്കാത്തവരും, എന്റെ ക്ഷണം എത്താത്ത രാജ്യത്ത് താമസിക്കുന്നവരും, എന്റെ പേര് പോലും കേൾക്കാത്തവരും ആയ എല്ലാവരെയും തന്നെ കാഫിറുകളും നരകാവകാശികളും ആണെന്ന് എന്റെ ഗ്രന്ഥത്തിൽ എഴുതിയതായി എനിക്ക് നേരെ ആരോപണം ഉന്നയിക്കുകയാണ്, ഇത് പൂർണ്ണമായും ഡോക്ടർ കെട്ടിച്ചമച്ചതാണ്. എന്റെ ഏതെങ്കിലും പുസ്തകത്തിലോ പ്രഖ്യാപനത്തിലോ ഞാൻ അങ്ങനെ എഴുതിയിട്ടില്ല. അങ്ങനെ എഴുതിയതായി എടുത്തുകാണിക്കുകയെന്നത് അയാളുടെ കടമയാണ്.
(Haqiqatul Wahy p. 178- RK22-123).

മറ്റ് മുസ്ലിംകൾ അഹ്മദികളെ കാഫിറുകളായി പ്രഖ്യാപിക്കുമ്പോൾ ആരാണ് യഥാർഥ കുറ്റവാളികൾ? അഹ്മദികളോ അല്ലെങ്കിൽ മറ്റ് മു മുസ്ലിംകളോ? വിശുദ്ധ നബി (സ) യുടെ ഹദീസ് പ്രകാരം അഹ്മദികൾ മറ്റു മുസ്ലിംകളെ കാഫിറുകളായി പ്രസ്താവിക്കുമ്പോൾ അവർ സ്വയം കാഫിറുകളായിത്തീരുകയാണ് ചെയ്യുന്നത്. സാധാരണ ജനങ്ങൾ വാഗ്ദത്ത മസീഹിന്റെ പുസ്തകങ്ങൾ വായിക്കുന്നില്ല. പൊതുജനം കഴുതയെന്ന് സാധാരണയായി പറയപ്പെടുന്നു.

എന്നാൽ പണ്ഡിതന്മാരെ കുറിച്ച് എന്താണ് പറയുക? അവർ ഗ്രന്ഥങ്ങൾ പഠിക്കുന്നു. എന്നാൽ അവർ അവരുടെ ഐഹിക നേട്ടത്തിനു വേണ്ടി വാഗ്ദത്ത മസീഹിന്റെ യഥാർത്ഥ ഉപദേശങ്ങൾ മറച്ചുവെക്കുന്നു. അതിനാൽ അവർ ശരിക്കും ദൈവത്തിന്റെ ശാപം അർഹിക്കുന്നവരാകുന്നു.

അപ്പോൾ എന്താണ് ഒരു യഥാർഥ വിശ്വാസിയുടെ ചുമതല? കബളിപ്പിക്കുന്ന അത്തരം വ്യാജവിശ്വാസങ്ങൾ സ്വായത്തമാക്കിക്കൊണ്ട് ദൈവത്തിന്റെ ശാപം കരസ്ഥമാക്കുകയോ അല്ലെങ്കിൽ അത്തരം ആളുകളെ പൂർണ്ണമായും തള്ളിക്കളയുകയോ?

میں تیرے خالص اور دلی محبوں کا گروہ بھی بڑھاوں گا اور ان کے نفوس و اموال میں برکت دوں گااور ان میں کثرت بخشوں گا اور وہ **مسلمانوں** کے اس دوسرے گروہ پر تابروز قیامت غالب رہیں گے جو حاسدوں اور معاندوں کا گروہ ہے۔

ഞാൻ നിന്നെ ആത്മാർഥമായി പിന്തുടകയും നിന്നെ പൂർണ്ണമായി സ്നേഹിക്കുകയും ചെയ്യുന്ന വിഭാഗങ്ങളെ വർദ്ധിപ്പിക്കുകയും ഞാൻ അവരുടെ സന്താനങ്ങളിലും സമ്പത്തുകളിലും അനുഗ്രഹങ്ങൾ ചൊരിയുകയും ഞാൻ അവരെ സമൃദ്ധമാക്കുകയും അങ്ങനെ അവർ അസൂയാലുക്കളും എതിരാളികളും ആയുള്ള മറ്റു മുസ്‌ലിം വിഭാഗങ്ങളുടെ മേൽ അവസാന നാൾ വരെയും വിജയം നേടുന്നതുമാണ്.
(Prophecy about Muslih Mauood).

അഹ്മദിയ്യാ ജമാഅത്തിലും വിഭാഗങ്ങൾ ഉണ്ടാകുമെന്നും ആത്മാർഥമായി പിന്തുടരുന്ന എല്ലാ വിഭാഗങ്ങളെയും വിജയിപ്പിക്കുമെന്നും അല്ലാഹു ഉറപ്പു നൽകിയിരിക്കയാണ്.

താനാണ് മുസ്‌ലിഹ് മഊദെന്ന് വ്യാജമായി അവകാശപ്പെട്ട വ്യക്തിക്ക് അല്ലാഹു തന്റെ വെളിപാടുകളിൽ മറ്റു മുസ്‌ലിംകളെ മുസ്‌ലിംകളെന്ന് സംബോധന ചെയ്തത് അറിയാതെ പോയത് എന്തുകൊണ്ട്?

حَدَّثَنَا عَمْرُو بْنُ عَبَّاسٍ، قَالَ حَدَّثَنَا ابْنُ الْمَهْدِيِّ، قَالَ حَدَّثَنَا مَنْصُورُ بْنُ سَعْدٍ، عَنْ مَيْمُونِ بْنِ سِيَاهٍ، عَنْ أَنَسِ بْنِ مَالِكٍ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم " مَنْ صَلَّى صَلاَتَنَا، وَاسْتَقْبَلَ قِبْلَتَنَا، وَأَكَلَ ذَبِيحَتَنَا، فَذَلِكَ الْمُسْلِمُ الَّذِي لَهُ ذِمَّةُ اللَّهِ وَذِمَّةُ رَسُولِهِ، فَلاَ تُخْفِرُوا اللَّهَ فِي ذِمَّتِهِ "

അനസ് ബിൻ മാലിക് നിവേദനം ചെയ്യുന്നു.

നബി (സ) പറഞ്ഞു: നാം പ്രാർഥിക്കുന്നതുപോലെ പ്രാർഥിക്കുകയും നമ്മുടെ ഖിബ്‌ലയെ ഖിബ്‌ലയാക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവരെല്ലാം അല്ലാഹുവും അവൻറെ പ്രവാചകനും ഉത്തരവാദിത്വമേറ്റടുത്ത മുസ്‌ലിംകളാണ്. അതിനാൽ അല്ലാഹു ഏറ്റെടുത്ത ഉത്തരവാദിത്വം നിങ്ങൾ ലംഘിക്കാതിരിക്കുക. (ബുഖാരി).

ഇതിനെതിരെ താനാണ് മുസ്‌ലിഹ് മഊദെന്ന് വാദിച്ച രണ്ടാം ഖലീഫ പ്രഖ്യാപിച്ചു:

کل مسلمان جو حضرت مسیح موعود علیہ السلام کے بیت میں شامل نہیں ہوئے خواہ انہوں نے حضرت مسیح موعود علیہ السلام کا نام بھی نہیں سنا۔وہ کافر اور دائرہ اسلام سے خارج ہیں۔

മസീഹ് മഊദിന് (അ) ബൈഅത്ത് ചെയ്യാത്ത എല്ലാ മുസ്ലിംക്ളും, അവർ അദ്ദേഹത്തിന്റെ പേര് പോലും കേട്ടിട്ടില്ലെങ്കിലും ശരി, അവർ കാഫിറുകളും ഇസ്ലാമിക വൃത്തത്തിൽനിന്ന് പുറത്തുള്ളവരുകാകുന്നു.
'The Truth about the Split' (പേജ് 56)

ഇതു കാരണമായി പാക്കിസ്ഥാന്റെ ദേശീയ അസംബ്ളി അഹ്മദികളെ അമുസ്ലിംകളായി പ്രഖ്യാപിച്ചു.

ഇപ്പോൾ മുസ്ലിഹ് മഊദിന്റെ അനുയായികളെന്ന് അവകാശപ്പെടുന്നവർ ഞങ്ങൾ മുസ്ലിംകളാണെന്ന് സ്വയം തെളിയിക്കാൻ മുകളിൽ കൊടുത്ത ഹദീസ് ഉദ്ധരിച്ചുകൊണ്ട് പരശ്രമിക്കികയാണ്. തെളിവായി താഴെ കൊടുത്ത വീഡിയോ കാണുക:

https://www.youtube.com/watch?v=daC8mMIUXgQ&feature=share

മുസ്ലിഹ് മഊദിന്റെ കടമ ഭിന്നിപ്പിക്കാതെ ഐക്യം ഉണ്ടാക്കുക എന്നതാണ്. അനൈക്യം ഉണ്ടാക്കുകയോ, തന്റെ യജമാനന്റെ അധ്യാപനങ്ങൾക്ക് വിപരീതമായ അധ്യാപനങ്ങൾ നൽകുകയോ അല്ല. അദ്ദേഹത്തിന്റെ അനുയായികൾക്ക് പോലും അദ്ദേഹത്തിന്റെ ഉപദേശങ്ങൾക്ക് പ്രായോഗികത നൽകാൻ സാധിച്ചിട്ടില്ല. സ്വയംക്റ്ത മുസ്ലിഹ് മഊദും അനുയായികളും യഥാർത്ഥത്തിൽ ലജ്ജിച്ച് തല താഴ്ത്തുകയാണ് വേണ്ടത്.

*************

# 8. ഖലീഫ ഇസ്ലാമിക വിവാഹത്തെ വിലക്കുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

ٱلْيَوْمَ أُحِلَّ لَكُمُ ٱلطَّيِّبَاتُ وَطَعَامُ ٱلَّذِينَ أُوتُواْ ٱلْكِتَابَ حِلٌّ لَّكُمْ وَطَعَامُكُمْ حِلٌّ لَّهُمْ وَٱلْمُحْصَنَاتُ مِنَ ٱلْمُؤْمِنَاتِ وَٱلْمُحْصَنَاتُ مِنَ ٱلَّذِينَ أُوتُواْ ٱلْكِتَابَ مِن قَبْلِكُمْ إِذَآ آتَيْتُمُوهُنَّ أُجُورَهُنَّ مُحْصِنِينَ غَيْرَ مُسَافِحِينَ وَلاَ مُتَّخِذِيَ أَخْدَانٍ وَمَن يَكْفُرْ بِٱلإِيمَانِ فَقَدْ حَبِطَ عَمَلُهُ وَهُوَ فِى ٱلآخِرَةِ مِنَ ٱلْخَاسِرِينَ

5:6. എല്ലാ നല്ല വസ്തുക്കളും ഇന്ന് നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. വേദം നൽകപ്പെട്ടവരുടെ ഭക്ഷണം നിങ്ങൾക്ക് അനുവദനീയമാണ്. നിങ്ങളുടെ ഭക്ഷണം അവർക്കും അനുവദനീയമാണ്. സത്യവിശ്വാസിനികളിൽ നിന്നുള്ള പതിവ്രതകളായ സ്ത്രീകളും, നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നുള്ള പതിവ്രതകളായ സ്ത്രീകളും –നിങ്ങളവർക്ക് വിവാഹമൂല്യം നൽകിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ – (നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു). നിങ്ങൾ വൈവാഹിക ജീവിതത്തിൽ ഒതുങ്ങി നിൽക്കുന്നവരായിരിക്കണം. വ്യഭിചാരത്തിൽ ഏർപ്പെടുന്നവരാകരുത്. രഹസ്യവേഴ്ചക്കാരെ സ്വീകരിക്കുന്നവരുമാകരുത്. സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും.

മുകളിൽ കൊടുത്ത വാക്യത്തിൽ നിന്നും വേദക്കാരിൽ നിന്നുള്ള പതിവ്രതകളായ സ്ത്രീകളെ വിവാഹം ചെയ്യുന്നതിനെ എതിർക്കുന്നതിന് ആർക്കും അവകാശമില്ലെന്ന് വ്യക്തമാണ്. ഇത്തരം വിവാഹങ്ങളിൽ ഇടപെടാൻ ആർക്കും അധികാരമില്ല. ഇത്തരം വിവാഹങ്ങൾ ചെയ്തതു കാരണമായി ജമാഅത്തിന്റെ വ്യവസ്ഥിതിയിൽനിന്ന് ആരെയെങ്കിലും പുറത്താക്കുന്നതിനും അധികാരമില്ല. സൂക്തത്തിന്റെ അവസാന ഭാഗം വായിക്കുക:

സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും.

8. ഖലീഫ ഇസ്ലാമിക വിവാഹത്തെ വിലക്കുന്നു.

ഇത്തരം വിവാഹങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുകയെന്നത് സത്യ വിശ്വാസത്തെ തിരസ്കരിക്കുന്നതിനു തുല്യമാണ്. ഇത്തരക്കാർ പര ലോകത്ത് നഷ്ടക്കാരുമായിരിക്കും.

അഹ്മദികൾ വിവാഹം ചെയ്യുമ്പോൾ അഹ്മദി പെൺകുട്ടികൾക്ക് മുൻഗണന നൽകണമെന്ന കാര്യത്തിൽ ആർക്കും എതിർപ്പില്ല. പക്ഷേ അത് നല്ല ഉപദേശങ്ങൾ വഴിയായിരിക്കണം. നിർബന്ധിച്ചു കൊണ്ടാ യിരിക്കരുത്. ലാ ഇക്റാഹ ഫിദ്ദീൻ, മതകാര്യങ്ങളിൽ ബലപ്രയോഗ മില്ല എന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്.

നബിയോടു (സ) പോലും കല്പിച്ചിരിക്കുന്നത് ഇങ്ങനെയാണ്

فَذَكِّرْ إِنَّمَا أَنتَ مُذَكِّرٌ لَّسْتَ عَلَيْهِم بِمُسَيْطِرٍ

അതിനാൽ (നബിയേ) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽനോട്ടക്കാരനല്ല.
(Holy Qur'an 88:22, 23)

അതിനാൽ മതകാര്യങ്ങളിൽ ബലപ്രയോഗം നടത്താൻ ആർക്കും അവകാശമില്ല.

മിർസാ മഹ്മൂദ് അഹ്മദ് സാഹിബിന്റെ അഹ്മദിയ്യ ജമാഅത്തിത്തിൽ, സാധാരണ നിലയിൽ ഖലീഫയുടെ അനുമതിയില്ലാതെ മറ്റ് മുസ്ലിം പെൺകുട്ടികളെ വിവാഹം കഴിക്കാൻ സാധിക്കുകയില്ല. ആരെങ്കിലും വിവാഹം കഴിക്കുകയും, അമീർ സാഹിബ് അവനെതിരായി റിപ്പോർട്ടു കൾ അയയ്ക്കുകയും ചെയ്യുന്നുവെങ്കിൽ വിശദീകരണം ആവശ്യപ്പെ ടാതെയും ശരിയായ അന്വേഷണം നടത്താതെയും അയാളെ ഉടനെ തന്നെ പുറത്താക്കുന്നതാണ്. മിശ്രവിവാഹ ചടങ്ങുകളിൽ പങ്കെടുത്താ ൽപോലും പുറത്താക്കപ്പെടുന്നതാണ്. ഇത് എല്ലാം തന്നെ ന്യായപ്രമാ ണത്തിനും വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്കും എതിരാണ്. അല്ലാഹു അനുവദിച്ച കാര്യങ്ങളിൽ ഖലീഫ വിലക്ക് ഏർപ്പെടുത്തുക യാണ് ചെയ്യുന്നത്. ഇങ്ങനെയുള്ള ഒരു ഖിലാഫത്ത് എങ്ങനെ ദൈവിക ഖിലാഫത്ത് ആകും.

വിശുദ്ധ ഖുർആന്റെ ഉപദേശങ്ങൾക്ക് പ്രാധാന്യം നല്കുന്നവരെ അല്ലാ ഹു ആകാശത്ത് ആദരിക്കുന്നതാണെന്ന മസീഹ് മൌഊദിന്റെ (അ) ഉപ ദേശത്തെ അവഗണിച്ചുകൊണ്ട് പ്രവർത്തിക്കുകയാണ് ഖലീഫ ചെയ്യു ന്നത്.

*************

## 9. ഖലീഫ സക്കാത്തിന് വിലക്ക് ഏർപ്പെടുത്തുന്നു.

ജമാഅത്തിലെ ഒരു അംഗം ഖലീഫ ഇഷ്ടപ്പെടാത്ത ഏതെങ്കിലും പ്രവൃത്തി കാരണമായി പുറത്താക്കപ്പെട്ടാൽ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ സക്കാത്ത് നൽകുന്നതിൽ നിന്നും അയാളെ വിലക്കുന്നു. അയാളോട് സക്കാത്ത് വാങ്ങിക്കരുതെന്നാണ് ഉത്തരവ്.

സകാത്ത് നല്കുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്താൻ, അല്ലാഹു ഈ ഭൂമിയിൽ ഒരു വ്യക്തിക്കും അനുമതി നല്കിയിട്ടില്ല. അങ്ങനെയുള്ളയാൾ താൻ ദൈവത്തേക്കാൾ സ്വയം വലിയവനായി കരുതുകയാണ് ചെയ്യുന്നത്.

അതിനാൽ ഇസ്‌ലാമിന്റെ അടിസ്ഥാനത്തിന് തുരങ്കം വെക്കുന്ന ഇത്തരം നിർദ്ദേശങ്ങൾ ആരു നല്കിയാലും അത് അനുസരിക്കുകയെന്നത് അയാളെ അല്ലാഹവിനേക്കാൾ വലിയവനായി കാണുന്നതിനു തുല്യമാണ്.

ഇത്തരം മതാചാരങ്ങളെ വിലക്കുന്നവർക്കതിരായി അല്ലാഹു വിശുദ്ധ ഖുർആനിൽ വളരെ വലിയ താക്കീതാണ് നല്കിയിരിക്കുന്നത്.

أَلَمْ يَعْلَم بِأَنَّ ٱللَّهَ يَرَىٰ كَلَّا لَئِن لَّمْ يَنتَهِ لَنَسْفَعًا بِٱلنَّاصِيَةِ نَاصِيَةٍ كَاذِبَةٍ خَاطِئَةٍ فَلْيَدْعُ نَادِيَهُۥ سَنَدْعُ ٱلزَّبَانِيَةَ كَلَّا لَا تُطِعْهُ وَٱسْجُدْ وَٱقْتَرِب

അവൻ മനസ്സിലാക്കിയിട്ടില്ലേ, അല്ലാഹു കാണുന്നുണ്ടെന്ന്? നിസ്സംശയം, അവൻ വിരമിച്ചിട്ടില്ലെങ്കൽ നാം ആ കുടുമ പിടിച്ചു വലിക്കുക തന്നെ ചെയ്യും. കള്ളം പറയുന്ന, പാപം ചെയ്യുന്ന കുടുമ. അവൻ അവന്റെ സഭയിലുള്ളവരെ വിളിച്ചുകൊള്ളട്ടെ. നാം നമ്മുടെ ശിക്ഷ നടപ്പാക്കുന്ന മലക്കുകളെയും വിളിച്ചുകൊള്ളാം. നിസ്സംശയം, നീ അവനെ അനുസരിച്ചു പോകരുത്, നീ പ്രണമിക്കുകയും സാമീപ്യം നേടുകയും ചെയ്യുക. (96. 15–20)

ഈ കാലഘട്ടത്തിൽ അല്ലാഹുമായി ഏറ്റവും അടുത്തവനാണെന്ന് അവകാശപ്പെടുന്ന ഒരു വ്യക്തിക്ക് എങ്ങനെ ഇങ്ങനെയുള്ള ഹീനമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു?

*************

# 10. അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കപ്പെടാനുണ്ടായ കാരണങ്ങൾ.

അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കപ്പെടാനുണ്ടായ കാരണങ്ങളിലേക്ക് വെളിച്ചം വീശുന്ന സംഭവവികാസങ്ങൾ മാധ്യമങ്ങളിൽനിന്ന് ലഭിക്കുന്നത് ഈ രീതിയിലൊക്കെയാണ്.

1974 മെയ് 22ന്, ജമാഅത്ത് ഇസ്ലാമിയുടെ വിദ്യാർത്ഥി വിഭാഗമായ ഐ.ജെ.ടി യുടെ ഇരുനൂറോളം വരുന്ന കോളേജ് വിദ്യാർഥികൾ മുൾട്ടാനിൽനിന്നും പെശവാറിലേക്ക് ഒരു വിനോദയാത്ര സംഘടിപ്പിച്ചു. ട്രെയിൻ വഴിയായിരുന്നു യാത്ര. പെശവാറിലേക്കുള്ള യാത്രാമദ്ധ്യേ ട്രെയിൻ, അഹ്മ്ദികളുടെ മുഖ്യ നഗരമായ റബ്വാ റെയിൽവേ സ്റ്റേഷനിൽ നിർത്തിയപ്പോൾ വിദ്യാർത്ഥികൾ പുറത്തിറങ്ങി അഹ്മദിയ്യാ വിരുദ്ധ മുദ്രാവാക്യങ്ങൾ വിളിക്കാൻ തുടങ്ങി. മിർസ ഗുലാം അഹ്മദിനെതിരായും (അ) ശാപങ്ങൾ ചൊരിഞ്ഞു. അനിഷ്ട സംഭവങ്ങൾ ഒന്നും ഉണ്ടായില്ല. ട്രെയിൻ തുടർന്ന് പെശവാറിലേക്ക് യാത്ര തിരിച്ചു.

എന്നാൽ, ഈ സംഭവം റബ്വയിലെ ചില അഹ്മദിയ്യ നേതാക്കൾ അറിയാൻ ഇടയായപ്പോൾ, അവർ അഹമദീ യുവാക്കളൊട് ട്രെയിൻ പെഷവാറിൽ നിന്ന് മടങ്ങിവരുന്ന സമയത്ത് ഹോക്കിവടികളും മറ്റുമായി റബ്വാ സ്റ്റേഷലിൽ എത്താൻ ഉത്തരവിട്ടു. അഹ്മദികൾക്ക് സുൽഫിക്കർ അലി ഭൂട്ടോയുടെ പിന്തുണയുള്ള കാലമായിരുന്ന് ഇത്. എന്തിനും ഏതിനും ഭൂട്ടോയുടെ പിന്തുണ ലഭിക്കുമെന്ന അമിത വിശ്വാസവും അഹ്മദിയ്യാ നേതാക്കൾക്കുണ്ടായിരുന്നു.

വിദ്യാർത്ഥികൾ മെയ് 29 ന് പെശവാറിൽ നിന്ന് മുൽട്ടാനിലേക്ക് മടങ്ങുമെന്ന് വിവരം ലഭിച്ചു. നൂറു കണക്കിന് അഹ്മദിയ്യ യുവാക്കൾ റബ്വാ സ്റ്റേഷനിൽ തടിച്ചുകൂടി. ട്രെയിൻ നിന്നപ്പോൾ യുവാക്കൾ, വിദ്യാർത്ഥികൾ കയറിയ ബോഗിയിലേക്ക് തള്ളിക്കയറി, മുപ്പതോളം വിദ്യാർത്ഥികളെ അഹ്മദിയ്യ മതവികാരത്തെ അധിക്ഷേപിച്ചതിനു പ്രതികാരമായി കഠിനമായി പരിക്കേല്പിച്ചു. ഈ വാർത്ത തീ പോലെ പാകിസ്ഥാനിൽ പരക്കുകയും അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭം രാജ്യത്താകമാനം ആളിക്കത്തുകയും അഹ്മദിയ്യാ ഭവനങ്ങളും വ്യവസായ സ്ഥാപനങ്ങളും അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തു.

പ്രതികരണങ്ങൾ പാകിസ്ഥാൻ അസംബ്ളിയിലുമെത്തി. ചർച്ചക്കു വിധേയമായി. അഹ്മദികളുടെ തോന്ന്യവാസത്തിനെതിരായും, രണ്ടാം ഖലീഫ നേരത്തേ തന്നെ മറ്റു മുസ്ലിംകളെ കാഫിറായി പ്രഘ്യാപിച്ച തിന് പ്രതികാരമെന്ന നിലയിലും അഹ്മദികൾക്ക് തങ്ങളുടെ നില പാട് വ്യക്തമാക്കാനും തിരുത്താനുമുള്ള അവസരം കൊടുത്തു. എന്നാൽ മൂന്നാം ഖലീഫ, രണ്ടാം ഖലീഫയുടെ പഴയ നിലപാടിൽ തന്നെ ഉറച്ചു നിന്നു. അതിനാൽ അഹ്മദികളെ അമുസ്ലിം ന്യൂനപക്ഷ മായി പ്രഖാപിക്കുകയായിരുന്നു.

റബ്‌വാ ട്രെയിൻ സംഭവത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇപ്പോഴും ഇന്റെ ർനെറ്റിൽ ലഭ്യമാണ്. താല്പര്യമുള്ളവർക്ക് വായിച്ചു മനസ്സിലാക്കാം.

http://dawn.com/news/1057427/the-1974-ouster-of-the-heretics-what-really-happened/1

മറ്റു മുസ്‌ലിംകൾ ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്താണെന്ന രണ്ടാം ഖലീഫയുടെ പ്രഖ്യാപനം ഇതിനുമുമ്പ് രേഖപ്പെടുത്തിയ താണ്.

1. ഹദ്രത്ത് മിർസാ ഗുലാം അഹ്മദ് യഥാർത്ഥൽ നബിയാണെന്ന വിശ്വാസം, 2. വിശുദ്ധ ഖുർആനിൽ സൂറത്തുസ്സഫ്ഫിൽ (61:7) ഈസാനബിയുടെ (അ) പ്രവചനത്തിൽ പറഞ്ഞ അഹ്മദ് അദ്ദേഹമാ ണെന്ന വിശ്വാസം, 3. അദ്ദേഹ ത്തിന് ബൈഅത്ത് ചെയ്യാത്ത എല്ലാ മുസ്‌ലിംക്ളും, അവർ എവിടെ ആയിരുന്നാലും ശരി, അദ്ദേഹത്തിന്റെ പേര് പോലും കേട്ടിട്ടില്ലെങ്കിലും ശരി, അവർ കാഫിറുകളും ഇസ്‌ലാ മിക വൃത്തത്തിൽനിന്ന് പുറത്താണെന്നുമു ള്ള വിശ്വാസം, ഈ വിശ്വാ സങ്ങളെല്ലാം എന്റേതാണെന്ന് ഞാൻ അംഗീകരിക്കുന്നു. 'The Truth about the Split' (പേജ് 56)

ഇങ്ങനെയുള്ള പ്രഖ്യാപനങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് പാക്കി സ്ഥാന്റെ അറ്റോർണി ജനലറായ യഹ്യാ ബഖ്ത്യാർ മൂന്നാം ഖലീഫ യോട് പാക്കിസ്ഥാൻ അസംബ്ളിയിൽ വെച്ച് ചോദിച്ച ചോദ്യം ഇതായി രുന്നു.

ഇപ്പോൾ കാഫിറാക്കുന്ന വിഷയമാണ് നം കൈകാര്യം ചെയ്യുന്നത്. 'ഞാൻ ഒരു മുസൽമാൻ എങ്കിൽ എന്നെ കാഫിറെന്ന് വിളിക്കാനുള്ള അധികാരം ആർക്കും ഇല്ല. ഇതേ അധികാരം നിങ്ങൾ മറ്റുള്ളവർക്ക് വകവെച്ച് കൊടുക്കാൻ തയ്യാറാണോ. നിങ്ങൾ മറ്റുള്ളവരെ കാഫിർ എന്ന് വിളിക്കുമ്പോൾ അതേ അവകാശം വെച്ചുകൊണ്ട് അവർക്ക്

നിങ്ങളെയും കാഫിറെന്ന് വിളിക്കാനുള്ള അധികാരമുണ്ട്. ഇത് വളര വ്യക്തമായ കാര്യമാണ്. ഇപ്പോൾ നാം ആ വിഷയത്തിന്റെ പിടിയിലാണ് അകപ്പെട്ടിരിക്കുന്നത്.
(Page 178, Proceeding of the Special Committee of the National Assembly of Pakistan 5th Aug.1974).

1911 മുതൽ മിർസ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, രണ്ടാം ഖലീഫ, ഒരു വ്യക്തി മുസ്ലിം ആകാൻ വേണ്ടി കലിമ ശഹാദയിലുള്ള വിശ്വാസം പ്രഖ്യാപിച്ചാൽ മാത്രം പോരാ, മസീഹ് മഊദ് ഒരു പ്രവാചകനായി വന്നതു കാരണം അദ്ദേഹത്തിലുള്ള വിശ്വാസം കൂടി പ്രഖ്യാപിച്ചേ മതിയാവൂ എന്ന നിയമം കൂടി മുന്നോട്ടു വെക്കാൻ തുടങ്ങി.

ഇതെല്ലാം തന്നെ മസീഹ് മഊദ് (അ) പടിപ്പിച്ച അദ്ധ്യാപനങ്ങൾക്ക് എതിരായിരുന്നു.

یہ نکتہ یاد رکھنے کے لائق ہے کہ اپنے دعوے کے انکار کرنے والے کو کافر کہنا یہ صرف ان نبیوں کی شان ہے جو خدا تعالیٰ کی طرف سے شریعت اور احکام جدیدہ لاتے ہیں۔لیکن صاحب الشریعت کے ماسوا جس قدر ملہم اور محدث ہیں گو وہ کیسی ہی جناب الٰہی میں اعلیٰ شان رکھتے ہیں اور خلعتِ مکالمہ الٰہیہ سے سرفراز ہوں ان کے انکار سے کوئی کافر نہیں بن جاتا۔

ഓർക്കേണ്ട ഒരു കാര്യം, നിഷേധിയായ ഒരാളെ കാഫിറെന്ന് വിളിക്കാനുള്ള അധികാരം ശരീഅത്ത് കൊണ്ടുവരികയും അല്ലാഹുവിൽനിന്ന് പുതിയ കല്പനകൾ കൊണ്ടുവരികയും ചെയ്യുന്നവരുടെ പ്രത്യേകാധികാരമാണെന്നാണ്. എന്നാൽ ശരീഅത്തുമായി വരാത്ത മറ്റുള്ള മുൽഹംമാരും മുഹദ്ദസുമാരും, അവരുടെ പദവി എത്ര തന്നെ അല്ലാഹുവിന്റെയടുക്കൽ ഉന്നതമായിരുന്നാലും, അവരുടെ വെളിപാടുകൾ എത്രമാത്രം ഉയർന്ന നിലയി ലുള്ളതായിരുന്നാലും, അവരെ നിഷേധിക്കുന്നതുകൊണ്ട് ആരും തന്നെ കാഫിറായിത്തീരുന്നില്ല. (Tiryaq-ul-Qulub, October 1902, p. 130, footnote)

അങ്ങനെ അഹ്മദികൾ അവരുടെ പ്രവർത്തനഫലങ്ങൾ ഭുജിച്ചു കൊണ്ടിരിക്കുന്നു. അവരുടെ ദുഷ്പ്രവൃത്തികളെ മറച്ചുകൊണ്ട് മറ്റുള്ളവരെ കുറ്റപ്പെടുത്തുകയും ചെയ്യുന്നു.

*************

# 11. ഇമാം ഹസനെ (റ) കുറ്റപ്പെടുത്തുന്നു.

റസൂൽ(സ) ഇമാം ഹസനെ കുറിച്ച് പ്രവിചച്ചത് ഇപ്രകാരമായിരുന്നു:

حَدَّثَنَا عَلِيُّ بْنُ عَبْدِ اللَّهِ، حَدَّثَنَا سُفْيَانُ، حَدَّثَنَا إِسْرَائِيلُ أَبُو مُوسَى، وَلَقِيتُهُ، بِالْكُوفَةِ جَاءَ إِلَى ابْنِ شُبْرُمَةَ فَقَالَ أَدْخِلْنِي عَلَى عِيسَى فَأَعِظَهُ. فَكَأَنَّ ابْنَ شُبْرُمَةَ خَافَ عَلَيْهِ فَلَمْ يَفْعَلْ. قَالَ حَدَّثَنَا الْحَسَنُ قَالَ لَمَّا سَارَ الْحَسَنُ بْنُ عَلِيٍّ . رضى الله عنهما . إِلَى مُعَاوِيَةَ بِالْكَتَائِبِ. قَالَ عَمْرُو بْنُ الْعَاصِ لِمُعَاوِيَةَ أَرَى كَتِيبَةً لاَ تُوَلِّي حَتَّى تُدْبِرَ أُخْرَاهَا. قَالَ مُعَاوِيَةُ مَنْ لِذَرَارِيِّ الْمُسْلِمِينَ. فَقَالَ أَنَا. فَقَالَ عَبْدُ اللَّهِ بْنُ عَامِرٍ وَعَبْدُ الرَّحْمَنِ بْنُ سَمُرَةَ نَلْقَاهُ فَنَقُولُ لَهُ الصُّلْحَ. قَالَ الْحَسَنُ وَلَقَدْ سَمِعْتُ أَبَا بَكْرَةَ قَالَ بَيْنَا النَّبِيُّ صلى الله عليه وسلم يَخْطُبُ جَاءَ الْحَسَنُ فَقَالَ النَّبِيُّ صلى الله عليه وسلم " ابْنِي هَذَا سَيِّدٌ وَلَعَلَّ اللَّهَ أَنْ يُصْلِحَ بِهِ بَيْنَ فِئَتَيْنِ مِنَ الْمُسْلِمِينَ ".

അൽ–ഹസൻ അൽ–ബസ്രി (റ) നിവേദനം ചെയ്യുന്നു:

അൽ ഹസൻ ബിൻ അലി മുആവിയയുടെ നേരെ സൈന്യവുമായി നീങ്ങിയപ്പോൾ, അംറ് ബിൻ ആസ് മുആവിയയോട് പറഞ്ഞു, ചെറുത്തു നിൽക്കുന്ന സൈന്യം പിന്മാറുന്നതുവരെ പിന്മാറാത്ത ഒരു സൈന്യത്തെയണ് ഞാൻ കാണുന്നത്. മുആവിയ പറഞ്ഞു, (മുസ്ലിംകൾ കൊല്ലപ്പെടുകയാണെങ്കിൽ) ആരാണ് അവരുടെ കുട്ടികളെ സംരക്ഷിക്കുക? അംറ് ബിൻ ആസ് പറഞ്ഞു: ഞാൻ അവരെ സംരക്ഷിക്കും. അപ്പോൾ അബ്ദുള്ള ബിൻ ആമിറും അബ്ദുർറഹ്മാൻ ബിൻ സമുറയും പറഞ്ഞു. നമുക്ക് മുആവിയയുടെ നേരെ ചെന്ന് സമാധാനം നിർദ്ദേശിക്കാം. അൽ–ഹസൻ അൽബസ്രി കൂട്ടിച്ചേർത്തു: നിസ്സംശയം, ഞാൻ അബു ബക്റ പറയുന്നതായി കേട്ടു, ഒരിക്കൽ നബി (സ) ആളുകളെ അഭിസംബോധന ചെയ്തുകൊണ്ടിരുന്നപ്പോൾ അൽ ഹസൻ ബിൻ അലി വന്നു. നബി (സ) പറഞ്ഞു: എന്റെ ഈ മകൻ ഒരു നേതാവാകുന്നു. അല്ലാഹു ഇവൻ മുഖാന്തരം സത്യവിശ്വാസികളായ രണ്ടു വിഭാഗങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കുന്നതാണ്. (സ്വഹീഹ് ബുഖാരി കിതാബ് അൽഫിതൻ)

അലിയുടെ (റ) മരണശേഷം, ഒരു വിഭാഗം മുസ്ലിംകൾ അവരുടെ ഖലീഫയായി ഇമാം ഹസനെ തെരഞ്ഞെടുക്കുകയും വേറൊരു വിഭാഗം

അവരുടെ ഖലീഫയായി മുആവിയയെ (റ) തിരഞ്ഞെടുക്കുകയും ചെയ്തു. രണ്ടു വിഭാഗങ്ങൾ പരസ്പരം യുദ്ധം ചെയ്തു കൊന്നൊടുക്കി കൊണ്ടിരുന്നപ്പോൾ, ഇമാം ഹസ്സൻ (റ) തന്റെ ഖിലാഫത്ത് രാജിവച്ചു കൊണ്ട് രണ്ടു വിഭാഗങ്ങൾക്കിടയിൽ സമാധാനം സ്ഥാപിച്ചു.

മസീഹ് മഊദ് ഇമാം ഹസൻ ചെയ്ത ഈ പ്രവർത്തിയെ പ്രകീർത്തിച്ചു കൊണ്ട്  ഇങ്ങനെ എഴുതി:

حضرت حسن علیہ السلام نے میری دانست میں بہت اچھا کام کیا کہ خلافت سے الگ ہو گئے۔پہلے ہی ہزاروں خون ہو چکے تھے۔انہوں نے پسند نہ کیا کہ اور خون ہوں ....حضرت امام حسن علیہ السلام نے پسند نہ کیا کہ مسلمانوں میں خانہ جنگی بڑھے اور خون ہوں۔انہوں نے امن پسندی کو مدنظر رکھا۔(ملفوظات جلد چہارم صفحہ579،580)

എന്റെ അഭിപ്രായത്തിൽ  ഹദ്രത്ത് ഹസ്സൻ (അ) നല്ലൊരു കാര്യമാണ് ചെയ്തിരിക്കുന്നത്. അദ്ദേഹം ഖിലാഫത്ത് രാജിവെച്ചു. ആയിരക്കണക്കിന് ആളുകൾ മുമ്പേതന്നെ കൊല്ലപ്പെട്ടിരുന്നു. കൂടുതൽ പേർ കൊല്ലപ്പെടാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ഹദ്രത്ത് ഇമാം ഹസ്സൻ (അ) മുസ്ലിംകൾ വീണ്ടും യുദ്ധം ചെയ്യാനും പരസ്പരം കൊല്ലപ്പെടുവാനും  ആഗ്രഹിച്ചില്ല. അദ്ദേഹം സമാധാനപരമായ നിലനില്പിന് പ്രാധാന്യം കൊടുത്തു .(മൽഫൂസാത് വാല്യം 4, പേജ് 579,580).

മാത്രമല്ല, മസീഹ് മഊദ് (അ) ഇമാം ഹസനുമായി താരതമ്യം ചെയ്യപ്പെട്ടിരിക്കയാണ് :

آنحضرت صلی اللہ علیہ وآلہ وسلم نے بھی کی اور خواب میں مجھے فرمایاکہ **سلمان منا اهل البيت على مشرب الحسن**۔میرا نام سلمان رکھا یعنی دو سلم۔اور سلم عربی میں صلح کو کہتے ہیں...

(ایک غلطی کا ازالہ صفحہ9،8حاشیہ۔روحانی خزائن جلد 18صفحہ 212 ،213)

വിശുദ്ധ നബി (സ) ഒരിക്കൽ എന്റെ സ്വപ്നത്തിൽ പ്രത്യക്ഷനായിക്കൊണ്ട് പറഞ്ഞു: സൽമാൻ നമ്മിൽപ്പെട്ടവനും ഹസ്സന്റെ സ്ഥാനത്തുള്ളവനുമാകുന്നു. ഞാൻ സൽമാൻ (സമാധാനം ദ്വിവചനം) ആയി സംബോധന ചെയ്യപ്പെട്ടിരിക്കയാണ്. അറബിയിൽ സില്മ് എന്നാൽ സമാധാനം എന്നാണർത്ഥം....

എന്നാൽ ഖലീഫ സാനി സാഹിബ് ഇമാം ഹസ്സൻ (റ) കുറിച്ച് എഴുതുകയാണ്:

غلطی بڑے بڑے خطرناک نتائج پیدا کرتی ہے۔امام حسنؓ سے یہی غلطی ہوئی جس کا بہت خطرناک نتیجہ نکلا ...... انہوں نے بعد میں معاویہؓ سے صلح کر لی جس کا نتیجہ یہ ہواکہ انکے بعد امام حسینؓ اور ان کا سارا خاندان شہید ہو گیا ایک دفعہ انہوں نے اس نعمت کو چھوڑا۔خدا تعالیٰ نے کہا کہ اچھا اگر تم اس نعمت کو قبول نہیں کرتے تو پھر تم میں سے کسی کو یہ نہ دی جائے گی۔چنانچہ پھر کوئی سید بادشاہ نہیں ہوا۔ (خلافتہ علی منھاج النبوہ جلداول صفحہ112،113)

അബദ്ധങ്ങൾ വളരെ ഭീകരമായ ഫലങ്ങൾ സൃഷ്ടിക്കുന്നു. ഇമാം ഹസ്സൻ (റ) ഒരു തെറ്റ് ചെയ്തു, അത് വലിയ അപകടകരമായ ഫലം ഉളവാക്കി .... അദ്ദേഹം മുആവിയയുമായി (റ) സമാധാന ഉടമ്പടി ചെയ്തു. തത്ഫലമായി ഇമാം ഹുസൈൻ (റ) കുടുംബവും രക്തസാ ക്ഷികളായി. (കൊല്ലപ്പെട്ടു). ഒരിക്കൽ അല്ലാഹുവിൻറെ ഈ അനുഗ്രഹം അദ്ദേഹം നിരസിച്ചു. അപ്പോൾ അല്ലാഹു പറഞ്ഞു നീ എന്റെ അനുഗ്രഹങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ ഞാൻ ഈ അനുഗ്രഹങ്ങൾ വീണ്ടും നിങ്ങളിൽ ആർക്കും നല്കുന്നതല്ല. അതിനു ശേഷം ഒരു സയ്യിദിനും രാജാവാകാൻ (ഖലീഫയകാൻ) സാധിച്ചില്ല.

മുകളിൽകൊടുത്ത ഉദ്ധരണിയിൽനിന്ന് ഖലീഫ സാനി സാഹിബ് നബിയും (സ) മസീഹ് മഊദും (അ) നൽകിയ അദ്ധ്യാപനങ്ങൾക്ക് വിപരീതമായി ഇമാം ഹസ്സനെ (റ) കുറ്റപ്പെടുത്തുകയാണെന്നത് വളരെ വ്യക്തമാണ്. ഇതിനുള്ള പ്രധാന കാരണം അദ്ദേഹം ജീവിതത്തിലുടനീളം തിരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് ദൈവിക ഖിലാഫത്തായി പരിഗണിച്ചു എന്നതാണ് . ഇത് അദ്ദേഹം ചെയ്ത വലിയ വിഡ്ഢിത്തമാണ്. തന്റെ കുടുംബത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഖിലാഫത്ത് ശാശ്വതമാക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അതിനാൽ അദ്ദേഹം സ്വന്തമായി ഇലക്ടറൽ കോളേജ് ഉണ്ടാക്കി.

യഥാർത്ഥത്തിൽ ഖലീഫ സാനി സാഹിബിന്റെ മുകളിലുള്ള പ്രസ്താവന അദ്ദേഹത്തിന്റെ അപാരമായ അജ്ഞതയെ കാണിക്കുന്നു. അല്ലാഹു നിയോഗിച്ച എല്ലാ ദൈവിക ഖലീഫമാരും വിശുദ്ധ നബിയുടെ (സ) കുടുംബത്തിൽ നിന്നുള്ളവരും ഖുറൈശികളുമായിരുന്നു. മസീഹ് മഊദ് (അ) ഇതാണ് പഠിപ്പിച്ചിട്ടുള്ളത്.

خدا تعالیٰ نے حضرت ابراہیم علیہ السلام کی اولاد میں سے دو رسول ظاہر کر کے ان کو دو مستقل شریعتیں عطا فرمائی ہیں۔ایک شریعت موسویہ۔دوسری شریعت محمدیہ اور ان دونوں سلسلوں میں تیرہ تیرہ خلیفے مقرر کیے ہیں اور درمیانی بارہ خلیفے جو ان دونوں شریعتوں میں پائے جاتے ہیں وہ

ہر دو نبی صاحب الشریعت کی قوم میں سے ہیں۔یعنی موسوی خلیفے اسرائیلی ہیں اور محمدی خلیفے قریشی ہیں.

പ്രതാപവാനായ അല്ലാഹു ഹദ്രത്ത് ഇബ്രാഹിമിന്റെ (അ) സന്തതികളിൽനിന്ന് രണ്ട് പ്രവാചകന്മാരെ നിയമിച്ചു. അവർക്ക് രണ്ട് സ്വതന്ത്രമായ ശരീഅത്ത് നൽകി. ഒന്ന് ശരീഅത്ത് മൂസവിയ്യ, രണ്ടാമത്തെത് ശരീഅത്ത് മുഹമ്മദിയ്യ. ഈ രണ്ടു ശരീഅത്തിൽനിന്നും പതിമൂന്നു ഖലീഫമാരെ നിയമിച്ചു. ഇവരിൽ ആദ്യത്തെ പന്ത്രണ്ടു ഖലീഫമാരും ഈ രണ്ടു പ്രവാചകന്മാരുടെ കുടുംബത്തിൽ നിന്നുള്ളവരാണ്. മൂസവിയ്യ ഖലീഫമാർ ഇസ്രായേല്യർ ആയിരുന്നു. മുഹമ്മദിയ്യ ഖലീഫമാർ ഖുറേഷികളും ആയിരുന്നു. (Tohfa Goldawiyya P63-RK P192).

ഖലീഫ സാനി സാഹിബ് ഇമാം ഹസനെ (അ) അവതരിപ്പിച്ച രീതി യഥാർഥ വസ്തുതകൾക്ക് നിരക്കാത്തതാണെന്നത് വളരെ വ്യക്തമാണ്. ഖലീഫ സാനി സാഹിബ് നേർമാർഗത്തിൽ ചരിച്ച ഖലീഫ ആയിരുന്നില്ല എന്ന് ഈ ഉദ്ധരണികൾ വളരെ വ്യക്തമായി തെളിയിക്കു ന്നു.

ഇത്രയും അജ്ഞതയുള്ള വ്യക്തിയാണ് ഏത് വിജ്ഞാനമണ്ഡലത്തിൽ നുന്നുള്ള ആൾ എന്നോട് ഏറ്റുമുട്ടാൻ വന്നാലും എന്നോട് പരാജയം ഏറ്റുവങ്ങുന്നതാണെന്ന് വീമ്പിളക്കിയിരിക്കുന്നത്!

*************

# 12. ആദ്യ ഖലീഫയുടെ സന്താനങ്ങൾക്കു നേരെ വിദ്വേഷം

രണ്ടാം ഖലീഫയായ മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്, തന്റെ ഗ്രന്ഥമായ ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്തിൽ എഴുതുകയാണ്:

"حضرت خلیفہ اول (رض) کی اولاد نے ثابت کر دیا ہے کہ وہ پیغامیوں کے ساتھ ہیں .... اِن میں سے کسی کا خلیفہ بننے کے لئے نام نہیں لیا جائے گا۔" ﴿خلافت علیٰ منھاج النبوۃ جلد دوم صفحہ 454﴾۔

ഹദ്രത്ത് ഖലീഫത്തുൽ മസീഹിന്റെ (റ) സന്താനങ്ങൾ പൈഗാമികളുടെ കൂടെയാണെന്ന് തെളിയിച്ചിരിക്കയാണ് ... അതിനാൽ ഇവരുടെ പേരുകൾ ഖലീഫയാകുവാൻവേണ്ടി നിർദ്ദേശിക്കപ്പെടാവുന്നതല്ല.

ഖലീഫ സാനി സാഹിബ്, തെരഞ്ഞെടുക്കപ്പെടുന്ന ഖലീഫ, അല്ലാഹു നിയോഗിക്കുന്ന ഖലീഫ അല്ലെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു ആരെയെങ്കിലും ഖലീഫ ആയി നിയോഗിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആരുടെയെങ്കിലും അഭിപ്രായം ആരായേണ്ട ആവശ്യമില്ല. ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ മക്കൾ, മിർസ മഹ്മൂദ് അഹ്മദ് സാഹിബിന്റെ ജമാഅത്തിൽ ഇല്ലാത്തതിനാൽ, അവർ ഈ ജമാഅത്തിന്റെ ഖലീഫയായിത്തീരാൻ യാതൊരു സാഹചര്യവും ഇല്ല. അദ്ദേഹം അവരുടെ നേരെ സ്വന്തം വിദ്വേഷം പ്രകടിപ്പിച്ചുകൊണ്ട് താൻ ദൈവത്തെക്കാളേറെ വലിയവനാണെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന ഖലീഫ അല്ലാഹു നിയോഗിക്കുന്ന ഖലീഫയാണെങ്കിൽ അദ്ദേഹം അത് അല്ലാഹുവിന്റെ ഇഷ്ടത്തിന് വിടേണ്ടതായിരുന്നു. ഖലീഫയെ തിരഞ്ഞെടുക്കുന്ന രീതിയിൽ ഏതെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ പാടില്ലായിരുന്നു. ഇത് അദ്ദേഹം അല്ലാഹുവിന്റെ നേരെ ഒരു കല്പന പ്രകടിപ്പിക്കുന്നതിനു തുല്യമാണ്, എന്റെ നിർദ്ദേശ പ്രകാരം അല്ലാതെ അല്ലാഹു ഇവരിൽനിന്ന് ആരെയും തന്നെ ഖലീഫയാക്കാൻ പാടില്ല എന്ന്.

പാകിസ്ഥാൻ ഭരണഘടനയിൽ, ഒരു അഹ്മദി ആ രാജ്യത്തെ പ്രസിഡന്റ് ആകാൻ പാടില്ല എന്ന നിയമമുള്ളതു പോലെ അസംബന്ധമാണിത്. ഭൂരിഭാഗം ജനങ്ങളും പാകിസ്ഥാനിൽ അഹ്മദികളായിത്തീരുകയാണെങ്കിൽ ഈ നിയമം സ്വയം ആ ഭരണഘടനയിൽ നിന്നും നീക്കം ചെയ്യപ്പെടുന്നതാണ്.

*************

# 13. ചന്ദയിലും വസിയ്യത്തിലും വരുത്തിയ മാറ്റങ്ങൾ

മിർസ മഹ്മൂദ് സാഹിബ് ചന്ദയിൽ (മാസവരി) ഭേദഗതി വരുത്തി, ഓരോ അംഗവും തന്റെ മാസവരുമാനത്തിന്റെ 1/16 (6.25%) ഭാ പ്രകാരം ചന്ദ കൊടുക്കേണ്ടതാണെന്ന്. ചന്ദ കൊടുക്കുന്നില്ലെങ്കിൽ അയാൾ ജമാഅത്തിന്റെ വ്യവസ്ഥിതിയിൽ ഉൾപ്പെടുകയില്ല. ചന്ദ കൊടുത്തു തീർക്കാൻ സാധിക്കുന്നില്ലെങ്കിൽ ഖലീഫക്ക് എഴുതി അനുമതി നേടണം. ജമാഅത്തിന് ഭരണാധികാരം ഇല്ലാത്തതിനാൽ ചന്ദ ശേഖരിക്കാൻ ഒരു തരത്തിലുള്ള ആന്തരിക ശക്തി ഉപയോഗിക്കുന്നു. അല്ലെങ്കിൽ അത്തരം അംഗങ്ങൾക്ക് ജമാഅത്തിന്റെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പിൽ വോട്ട വകാശം ഉണ്ടായിരിക്കുകയില്ല. ഈ തരത്തിലുള്ള ചന്ദ സിസ്റ്റം മസീഹ് മഊദിന്റെ (അ) ഉപദേശങ്ങൾക്ക് തികച്ചും എതിരായതാണ്.

حضرت مسیح موعود علیہ السلام فرماتے ہیں:

جو شخص اپنی حیثیت کے موافق کچھ ماہواری دینا چاہتا ہے وہ اس کو حق واجب اور دین لازم کی طرح سمجھ کر خود بخود ماہوار اپنی فکر سے ادا کرے اور اس فریضہ کو خالصۃً للہ نذر مقرر کر کے اس کے ادا میں تخلف اور سہل انگاری کو روانہ رکھے۔اور جو شخص یکمشت امداد کے طور پر دینا چاہتا ہے وہ اسی طرح ادا کرے لیکن یاد رہے کہ اصل مدعا جس پر جس سلسلہ کی بلا انقطاع چلنے کی امید ہے وہ یہی انتظام ہے کہ سچے خیر خواہ دین کے اپنی بضاعت اور اپنی بساط کے لحاظ سے ایسی سہل رقمیں مہواری کے طور پر ادا کرنا اپنے نفس پر حتمی وعدہ ٹھہرا لیں جن کو بشرط نہ پیش آنے کسی اتفاقی مانع کے بآسانی ادا کر سکیں ہاں جس کو اللہ جلشانہ، توفیق اور انشراح بخشے وہ علاوہ اس ماہواری چندہ کے اپنی وسعت ہمت اور اندازہ مقدرت کے موافق یکمشت طور پر بھی مدد کر سکتا ہے۔

اور تم اے میرے عزیزو میرے پیارو ! میرے درخت وجود کی سرسبز شاخو !جو خدا تعالیٰ کی رحمت سے جو تم پر ہے میرے سلسلہ بیعت میں داخل ہو، اور اپنی زندگی ،اور اپنا آرام،اور

اپنا مال اس راہ میں فدا کر رہے ہو اگرچہ میں جانتا ہوں کہ میں جو کچھ کہوں تم اسے قبول کرنا اپنی سعادت سمجھو گے اور جہاں تک تمہاری طاقت ہے دریغ نہیں کرو گے لیکن اس خدمت کیلئے معین طور پر اپنی زبان سے تم پر کچھ فرض نہیں کر سکتا۔ تا کہ تمہاری خدمتیں نہ میرے کہنے کی مجبوری سے بلکہ اپنی خوشی سے ہوں۔ (فتح اسلام 56،57۔روحانی خزائن جلد 3 صفحہ 33،34)

ചുരുക്കമിതാണ്, മതപരമായ ആവശ്യത്തെ മുൻനിർത്തിക്കൊണ്ട് ഓരോരുത്തർക്കും പ്രതിമാസം എന്താണോ കൊടുക്കാൻ സാധിക്കുന്നത് അതനുസരിച്ച് നല്കുക... ഞാൻ ഏതെങ്കിലും പ്രത്യേക തുക നിങ്ങൾക്ക് നിർബന്ധമാക്കുന്നില്ല. നിങ്ങളുടെ സംഭാവന ഞാൻ പറയുന്നതിനെ അടിസ്ഥാനമാക്കി ആവരുത്, അതു നിങ്ങളുടെ സ്വന്തം ഇഷ്ടപ്രകാരം ആയിരിക്കേണ്ടതാണ്.

ഇതുപോലെ വസിയ്യത്തിനെ കുറിച്ചും മസീഹ് മഊദിന്റെ (അ) നിർദ്ദേശം നമുക്കു കാണാൻ കഴിയും:

ہر ایک صاحب جو حسب شرائط متذکرہ بالا کوئی وصیت کرنا چاہیں تو ان کی وصیت پر عمل درآمد ان کی موت کے بعد ہو گا (رسالہ الوصیت صفحہ22،روحانی خزائن جلد20صفحہ230)

മുകളിൽ പറഞ്ഞ നിബന്ധനകൾക്ക് അനുസൃതമായി വസിയ്യത്ത് ചെയ്യാൻ ആഗ്രഹിക്കുന്നവയാൾ അവൻറെ/അവളുടെ വസിയ്യത്ത് അവന്റെ/അവളുടെ മരണശേഷം നിർവഹിക്കേണ്ടതാണ്. അൽവസിയ്യത്ത്, പേജ് (29).

پنجاب میں کچھ مالکان اراضی ہیں اور ان کی راہ میں وصیت کرنے میں کچھ دقتیں ہیں تو ان کیلیے مناسب ہے کہ وہ جس قدر جائداد کی وصیت کرنا چاہتے ہوں اسے بجائے وصیت کے اپنی زندگی میں ہبہ کر دیں۔(رسالہ الوصیت مشمولہ بعنوان روئیداد اجلاس اول مجلس معتمدین صدر انجمن احمدیہ قادیان منعقدہ (29 جنوری 1906ء ، روحانی خزائن جلد20صفحہ331،332)

പഞ്ചാബിൽ സ്വത്തുടമകൾക്ക് വസിയ്യത്ത് ചെയ്യുന്നതിൽ എന്തെങ്കിലും പ്രയാസങ്ങൾ നേരിടുകയാണെങ്കിൽ, അവരുടെ സ്വത്തിന്റെ ഒരു ഭാഗം അവരുടെ ജീവിതകാലത്ത് ഇഷ്ട ദാനം ചെയ്യുന്നത് ഉചിതമായിരിക്കും. ഇഷ്ട ദാനം അവരുടെ അനന്തരാവകാശികൾ കൂടി അവരുടെ സമ്മതം

കാണിക്കുച്ചുകൊണ്ട് ഒപ്പിടേണ്ടതാണ്. ഇഷ്ട ദാനം രജിസ്റ്റർ ചെയ്യേണ്ടതും മജ്ലിസ് മൂതമദിൻ സദർ അഞ്ചുമൻ അഹ്മദിയ്യയുടെ പേരിൽ വേർ തിരിച്ച് വെക്കേണ്ടതുമാണ്. അധികമയി സ്വത്ത് സമ്പാദിക്കുകയാണെങ്കിൽ ഇതേ നടപടിക്രമം സ്വീകരിക്കേണ്ടതാണ്. (അൽവസിയ്യത്ത് പേജ് 45).

വസിയ്യത്തിന്റെ പേരിൽ എന്തെങ്കിലും തുക ചന്ദയായിക്കൊടുക്കണമെന്ന നിബന്ധന മസീഹ് മഊദ് (അ) ചുമത്തിയിട്ടില്ലെന്ന് വ്യക്തമാണ്. ഒരു വ്യക്തിയുടെ മരണസമയത്തു അവശേഷിക്കുന്ന സ്വത്തിൽനിന്നാണ് വസിയ്യത്ത് ചെയ്യേണ്ടത്. ഏതെങ്കിലും പ്രശ്നം നേരിടുകയാണെങ്കിൽ ആ സ്വത്തോ അതിന്റെ തുകയോ തന്റെ ജീവിത കാലത്ത് ജമാഅത്തിന് നല്കാവുന്നതാണ്.

എന്നാൽ മിർസ മഹ്മൂദ് അഹ്മദ് സാഹിബ് സ്വത്തിന്റെ വിഹിതത്തിനു പുറമേ വ്യക്തിയുടെ പ്രതിമാസ വരുമാനത്തിൽനിന്നും അതേ വിഹിതം നൽകണമെന്നത് നിർബന്ധമാക്കി.

അതുപോലെ വസിയ്യത്ത് തിരിച്ചു നൽകേണ്ട ഘട്ടത്തിൽ അത് തിരിച്ചു നല്കുന്നതും റദ്ദാക്കി. മസീഹ് മഊദ് (അ) അൽവസിയ്യത്തിൽ പറയുന്നത് ശ്രദ്ദിക്കുക:

വസിയ്യത്ത് ചെയ്തതിനുശേഷം തന്റെ വിശ്വാസ ദൌർബല്യത്താൽ വസിയ്യത്തിൽനിന്ന് പിന്മാറുകയോ ജമാഅത്തിൽനിന്ന് വേർപ്പെട്ടു പോകുകയൊ ചെയ്താൽ, അയാളുടെ സമ്പത്ത് നിയമാനുസ്റ്തം അഞ്ചുമൻ അധീനമാക്കി വെച്ചിട്ടുണ്ടെങ്കിൽ പോലും, അത് കൈവശം വെക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല. മറിച്ച്, അത് പൂർണ്ണമായും തിരിച്ചു നൽകേണ്ടതാണ്. കാരണം അല്ലാഹു ആരുടെയും സമ്പത്തിന്റെ ആവശ്യക്കാരനല്ല. ഇത്തരം സമ്പത്ത് ദൈവദ്റ്ഷ്ടിയിൽ വെറുക്കപ്പെട്ടതും തിരസ്ക്റ്തവുമാകുന്നു. (അൽവസിയ്യത്ത് പത്റിക – അനുബന്ധം 12, അൽവസിയ്യത്ത് പേജ് 40, രണ്ടാം എഡിഷൻ 2014).

ജമാഅത്തിൽനിന്ന് പുറത്താക്കുകയം ശേഷം വസിയ്യത്ത് തിരിച്ചു നല്കാതെ അത് റദ്ദാക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവദ്റ്ഷ്ടിയിൽ വെറുക്കപ്പെട്ടതും തിരസ്ക്റ്തവുമായ സമ്പത്ത് ഭുജിക്കുന്നവരായി മാറിയിരിക്കയാണ് ഖലീഫമാരും ജമാഅത്തിലെ മുബല്ലിഗുമാരും ഉദ്യോഗസ്ഥ വ്റ്ന്ദവും. മസീഹ് മഊദിന്റെ (അ) നിർദ്ദേഷത്തിന് ഒരു പുല്ലുവില പോലും രണ്ടാം ഖലീഫ കല്പ്പിച്ചിട്ടില്ല.

*************

# 14. മറ്റു മുസ്ലിംകളുടെ പിറകെയുള്ള നമസ്ക്കാരം

മസീഹ് മഊദ് (അ) പറയുന്നത് ശ്രദ്ധിക്കുക:

جب تک یہ لوگ ایک اشتہار نہ دیں کہ ہم سلسلہ احمدیہ کے لوگوں کو مومن سمجھتے ہیں بلکہ ان کو کافر کہنے والوں کو کافر سمجھتے ہیں۔تو میں آج ہی اپنی تمام جماعت کو حکم دے دیتا ہوں کہ وہ ان کے ساتھ مل کر نماز پڑھ لیں. (Malfoozat Vol5-P636).

ഈ ആളുകൾ, ഞങ്ങൾ അഹ്മദിയ്യ ജമാഅത്തിൽപ്പെട്ടവരെ മുസ്ലിംകൾ ആയി പരിഗണിക്കുന്നു എന്നും അഹ്മദികളെ കാഫിറെന്ന് വിളിക്കുന്നവരെ ഞങ്ങളും കാഫിറായി കണക്കാക്കുന്നുവെന്നും ഒരു വിളംബരം പുറപ്പെടുവിക്കുകയാണെങ്കിൽ ഇന്നുതന്നെ ഞാൻ എന്റെ ജമാഅത്തിലെ എല്ലാ അംഗങ്ങളോടും അവരോടൊപ്പം നമസ്ക്കരിക്കാൻ കല്പിക്കുന്നതാണ്.

അതുകൊണ്ട് അഹ്മദികളെ മുസ്ലികളായി കണക്കാക്കുന്നവരുടെ കൂടെ നമസ്ക്കരിക്കുന്നത് നിരോധിച്ചിട്ടില്ല. എന്നാൽ മിർസ മഹ്മൂദ് സാഹിബ് മറ്റ് എല്ലാ മുസ്ലിംകളയും കാഫിറുകളായി പ്രഖ്യാപിച്ചു. അവരുടെ കൂടെ നമസ്ക്കരിക്കുന്നതും നിരോധിച്ചു.

*************

# 15. എന്താണ് രണ്ടാം ശക്തി പ്രഭാവം?

മേയ് 27, 1908 മുതൽ സ്ഥാപിതമായ തെരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്താണ് ഖുദ്റത്തെ സാനിയയെന്ന് (രണ്ടാം ശക്തി പ്രഭാവം) അഹ്മദികളെ കുട്ടിക്കാലം മുതലേ പഠിപ്പിച്ചു വരുന്ന അദ്ധ്യാപനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്താണ് ഖുദ്റത്തെ സാനിയയാണെന്ന് സമവായം (ഇജ്മാ) ഉണ്ടെന്ന അവകാശവാദവും ഉന്നയിക്കുന്നു.

എന്നാൽ മൌലാന ദോസ്ത് മുഹമ്മദ് ഷാഹിദ് സാഹിബ് എഴുതിയ തഹ്രീഖെ അഹ്മദിയ്യത്ത് (അഹ്മദിയ്യാ ചരിത്രം) എന്ന ഗ്രന്ഥത്തിൽ, (വാല്യം 3 പേജ് 212), ഒന്നാം ഖിലാഫത്ത് സ്ഥാപിതമായ ശേഷം, ഖലീഫതുൽ മസീഹ് ഒന്നാമൻ (റ), ഖാദിയാനിലും മറ്റു രാജ്യങ്ങളിലും താമസിക്കുന്ന ജമാഅത്തിലെ എല്ലാ അംഗങ്ങളോടും, മസീഹ് മഊദ് (അ) അദ്ദേഹത്തിന്റെ അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ വിവരിച്ച ഖുദ്റത്തെ സാനിയ പ്രത്യക്ഷപ്പെടാൻ വേണ്ടി പ്രത്യേകമായ കൂട്ട പ്രാർത്ഥനയിൽ പങ്കെടുക്കാൻ ആവശ്യപ്പെട്ടതായി വായിക്കാവുന്നതാണ്. ഇതേ ഗ്രന്ഥത്തിൽ പേജ് 341, 342–ൽ രണ്ടാം ശക്തി പ്രഭാവം 30 വർഷത്തിനു ശേഷം പ്രത്യക്ഷമാകും എന്നും 1912 ഡിസംബർ ഒന്നിന് അദ്ദേഹം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു.

അതുകൊണ്ട് തിരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്താണ് ഖുദ്റത്തെ സാനിയ എന്നതിലേക്ക് സമവായം ഉണ്ടായതായി എങ്ങനെ അവകാശപ്പെടാൻ സാധിക്കും. രണ്ടാം ശക്തി പ്രഭാവം 30 വർഷത്തിനു ശേഷമായിരിക്കും പ്രത്യക്ഷപ്പെടുകയെന്ന് 1912 ഡിസംബർ ഒന്നിന് അദ്ദേഹം പറഞ്ഞതായി രേഖപ്പെടുത്തിയതിനാൽ, അദ്ദേഹത്തിന്റെ ഖിലാഫത്തോടുകൂടി ഖുദ്റത്തെ സാനിയക്ക് തുടക്കം കുറിച്ചെന്ന് പറയുന്നത് എത്ര മാത്രം വിഡ്ഢിത്തമാണ്.

രണ്ടാം ഖലീഫ, ഖലീഫയായതിനുശേഷം, ഒന്നാം ഖലീഫ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട സ്ഥാനത്ത് ഖുദ്റത്തെ സാനിയയുടെ ഉത്ഭവം എന്ന ഫലകം അവിടെ സ്ഥാപിച്ചത് അദ്ദേഹത്തിന്റെ ഒരു തമാശയായി മാത്രമെ കണക്കാക്കാൻ പറ്റുകയുള്ളൂ.

തെരഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് രണ്ടാം ശക്തി പ്രഭാവം അല്ലെന്നതാണ് ശരി. മസീഹ് മഊദ് (അ) എന്താണ് പറയുന്നതെന്ന് നോക്കുക:

ഞാൻ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ഒരു ദൈവിക സമ്പൂർണ്ണ ശക്തിപ്രഭാവമാകുന്നു. എനിക്കു ശേഷം ചില വ്യക്തികളുണ്ടാകും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ നിങ്ങളെല്ലാവരും ഒത്തു ചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥനയിൽ നിരതരാവുക. കൂടാതെ ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴുവുറ്റവനാണെന്ന് കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുക്റ്തവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. (അൽവസിയ്യത്ത് പേജ് 13, മലയാളം എഡിഷൻ 2014).

ഈ നിർദ്ദേശമനുസരിച്ചാണ് ഒന്നാം ഖലീഫയുടെ (റ) കാലത്ത് കൂട്ട പ്രാർത്ഥനകൾ നടത്തിയത്. ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ബൈഅത്ത് വങ്ങിക്കുവാൻ വേണ്ടി തെരെഞ്ഞടുക്കപ്പെടുന്ന വ്യക്തിയല്ല. ബൈഅത്ത് വങ്ങിക്കുവാൻ വേണ്ടി തെരെഞ്ഞടുക്കപ്പെടുന്ന വ്യക്തിയെ കുറിച്ച് മസീഹ് മഊദ് (അ) തുടർന്നു പറയുകയാണ്.

എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധ ഹ്റ്ദയമുള്ള മഹത് വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽനിന്ന് ബയ്അത്ത് വങ്ങട്ടെ.

ഇങ്ങനെയുള്ളവരുടെ തെരെഞ്ഞെടുപ്പ് സത്യവിശ്വാസികളുടെ യോജിച്ചുള്ള അഭിപ്രായത്തോടെയായിരിക്കണം നടക്കേണ്ടത്. എന്റെ പേരിൽ ബൈഅത്ത് വാങ്ങിക്കുവാൻ അർഹനാണെന്ന് 40 വിശ്വാസികൾ ആരെപ്പറ്റിയാണോ യോജിച്ച അഭിപ്രായത്തിലെത്തുന്നത് അയാൾ ബൈഅത്ത് വാങ്ങുവാൻ അധികാരമുള്ള ആളായിരിക്കും. പ്രസ്തുത വ്യക്തി സ്വയം മത്റ്കായോഗ്യനായിരിക്കുകയും വേണം.

ഇവിടെ പറഞ്ഞത് ബൈയത്ത് വാങ്ങിക്കുവാൻ അർഹനായ വ്യക്തിയെക്കുറിച്ചാണ്. തുടർന്നു പറയുന്നത് ശ്രദ്ധിക്കുക.

നിന്റെ ജമാഅത്തിനുവേണ്ടി നിന്റെ പിൻഗാമികളിൽനിന്ന് ഒരാളെ എഴുന്നേല്പിക്കുമെന്നും അവനെ തന്റെ വഹ്യ് കൊണ്ടും സാമിപ്യം കൊണ്ടും പ്രത്യേകപ്പെടുത്തുമെന്നും അവൻ മുഖേനെ സത്യം അഭിവ്റ്ദ്ധി പ്രാപിക്കുമെന്നും അധികമായി ജനങ്ങൾ സത്യം സ്വീകരിക്കുമെന്നും അല്ലാഹു എന്നെ അറിയിച്ചിട്ടുണ്ട്. അതിനാൽ ആ ദിവസങ്ങളെ കാത്തിരിക്കുക. (അൽവസിയ്യത്ത് പേജ് 13–14, മലയാളം എഡിഷൻ 2014).

ആകാശത്തുനിന്ന് വെളിവാകുന്ന അല്ലെങ്കിൽ അല്ലാഹു നേരിട്ട് നിയോഗിക്കുന്ന ദിവ്യശക്തി വേറെ തന്നെയാണെന്ന് വളരെ വ്യക്തമായി ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

*************

# 16. മുജദ്ദിദുമാർ വരില്ലേ?

തെരഞ്ഞെടുക്കപ്പെട്ട അഹ്മദിയ്യ ഖിലാഫത്ത് സജീവമായി നിലനിൽക്കുന്നതിനാൽ, ഇനിമുതൽ മുജദ്ദിദ്മാർ വരില്ല എന്നു പറഞ്ഞുകൊണ്ട് അഹ്മദിയ്യ ഖലീഫമാർ തങ്ങളുടെ അനുയായികളെ വഴിതെറ്റിച്ചുകൊണ്ടിരിക്കയാണ്. ഇത് മസീഹ് മഊദ് (അ) നൽകിയ ഉപദേശങ്ങൾക്ക് കടക വിരുദ്ധമാണ്. അവരെ സംബന്ധിച്ചിടത്തോളം ഖിലാഫത്ത് ശുദ്ധജലത്തിന്റെ സ്ഥാനത്തും മുജദ്ദിദുമാർ മൺതരികളുമാണ്. അംഗശുദ്ധി വരുത്താൻ ശുദ്ധജലമുള്ളപ്പോൾ മൺതരികൾ ഉപയോഗിക്കേണ്ട ആവശ്യമില്ലെന്നും ഉപദേശിച്ചു വരുന്നു. ഇത് മസീഹ് മഊദിനെ (അ) എത്രമാത്രം തരം താഴ്ത്തുന്ന നടപടിയാണെന്ന് അവർ മനസ്സിലാക്കുന്നില്ല. മസീഹ് മഊദ് (അ) അവതരിച്ചത് ഒരു മുജദ്ദിദ് ആയിട്ടാണെന്ന കാര്യം അവർ വസ്മരിക്കുന്നു. മസീഹ് മഊദിനെക്കാൾ (അ) ഉന്നതമായ സ്ഥാനമാണ് തങ്ങൾക്കുള്ളതെന്ന അഹങ്കാരത്തിലാണ് ഇവർ നിലകൊള്ളുന്നത്.

മുജദ്ദിദുമാരുടെ ആഗമനത്തെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

بِسْمِ اللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

إِنَّا أَنزَلْنَاهُ فِي لَيْلَةِ ٱلْقَدْرِ وَمَآ أَدْرَاكَ مَا لَيْلَةُ ٱلْقَدْرِ لَيْلَةُ ٱلْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ تَنَزَّلُ ٱلْمَلَآئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ سَلَامٌ هِيَ حَتَّىٰ مَطْلَعِ ٱلْفَجْرِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെനാമത്തിൽ, തീർച്ചയായും നാം ഇതിനെ നിർണയരാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു. നിർണയരാത്രി എന്താണെന്ന് നിനക്കറിയാമോ? നിർണയരാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു. മലക്കുകളും ആത്മാവും (ജിബ്രീൽ മാലാഖയും) അവരുടെ രക്ഷിതാവിന്റെ അനുമതിയോടുകൂടി വിവിധ കല്പനകളുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു. അത് (ആ രാത്രി) സമാധാനത്തിന്റേതാണ്, പ്രഭാതോദയം (ഇസ്ലാമിന്റെ വിജയം) വരെ. അദ്ധ്യായം (97).

ഇതിനെ എന്നതു കൊണ്ട് വിശുദ്ധ ഖുർആനെയും, മുഹമ്മദ് നബി(സ)യെയും അതുപോലെ ഓരോ നൂറ്റാണ്ടിലും വരാനിരിക്കുന്ന മുജദ്ദിദുമാരെയുമാണ് വിവക്ഷിക്കുന്നത്. മലക്കുകളും ആത്മാവും (ജിബ്രീൽ മാലാഖയും) അവ രുടെ രക്ഷിതാവിന്റെ അനുമതിയോടുകൂടി വിവിധ കല്പനകളുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു

എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് വർത്തമാനത്തെയും ഭാവിയെയും കാണിക്കുന്നു. ആയിരം മാസം ആലങ്കാരികമായി ഒരു നൂറ്റാണ്ടിനെ സൂചിപ്പിക്കുന്നു.

മുജദ്ദിദുമാരുടെ ആഗമനത്തെക്കുറിച്ച് റസൂൽ (സ) പറയുന്നത് ഇപ്രകാരമാണ്:

حَدَّثَنَا سُلَيْمَانُ بْنُ دَاوُدَ الْمَهْرِيُّ، أَخْبَرَنَا ابْنُ وَهْبٍ، أَخْبَرَنِي سَعِيدُ بْنُ أَبِي أَيُّوبَ، عَنْ شَرَاحِيلَ بْنِ يَزِيدَ الْمَعَافِرِيِّ، عَنْ أَبِي عَلْقَمَةَ، عَنْ أَبِي هُرَيْرَةَ، فِيمَا أَعْلَمُ عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ " إِنَّ اللَّهَ يَبْعَثُ لِهَذِهِ الأُمَّةِ عَلَى رَأْسِ كُلِّ مِائَةِ سَنَةٍ مَنْ يُجَدِّدُ لَهَا دِينَهَا "

അബു ഹുറയ്റ നിവേദനം ചെയ്യുന്നു. റസൂൽ (സ) അരുൾ ചെയ്തു. തീർച്ചയായും അല്ലാഹു ഈ ഉമ്മത്തിനുവേണ്ടി, ഓരോ നൂറ്റാണ്ടിന്റെ തലക്കലും, ദീനിനെ പുനരുദ്ധരിക്കുന്നയാളെ (മുജദ്ദദിനെ) നിയോഗി ക്കുന്നതാണ്. Sunan Abi Dawud – Book of Battles (Kitab Al-Malahim– 1587).

മുജദ്ദിദുമാരുടെ ആവിർഭാവത്തെക്കുറിച്ച് മസീഹ് മഊദ് (അ) എന്താ ണ് പറയുന്നതെന്ന് നോക്കാം.

اس امت کے لئے ہر ایک صدی کے سر پر مجدّد پیدا ہو گا۔

ഈ ഉമ്മത്തിൽ ഓരോ നൂറ്റാണ്ടിന്റെ തുടക്കത്തിലും ഒരു മുജദ്ദിദ് ആവി ർഭവിക്കുന്നതായിരിക്കും.
(Roohani Khazain, Volume 13, Page 474)

مستعد اور سعید فطرتوں کے لئے ضروری تھا کہ وہ صدی کے سر آ جانے پر نہایت اضطراب اور بے قراری کے ساتھ اس مرد آسمانی کی تلاش کرتے اور اس آواز کو سننے کے لئے ہمہ تن گوش ہو جاتے جو انہیں یہ مژدہ سناتی کہ میں خدا تعالیٰ کی طرف سے وعدے کے موافق آیا ہوں۔

ഓരോ നൂറ്റാണ്ടിന്റെയും തുടക്കത്തിൽ ഉത്കണ്ഠയോടും അസ്വസ്ഥത യോടും കൂടി വരാനിരിക്കുന്ന സ്വർഗീയ വ്യക്തിയെ തിരഞ്ഞു കൊണ്ട് ദൈവിക വാഗ്ദാനമനുസരിച്ച് ഞാനിതാ വന്നിരിക്കുന്നു എന്ന ശബ്ദം കേൾക്കാൻ വേണ്ടി തയ്യാറായി നിൽക്കുകയെന്നത് ഓരോ ശുദ്ധ പ്രക്റ് തിക്കാരന്റെയും കടമയാകുന്നു. (Malfoozat, Volume 2, Page 356)

آیت کریمہ سے وہ حدیث مطابق ہے جو پیغمبر خداﷺ فرماتے ہیں۔من لم یعرف امام زمانه فقد مات میتة الجاهلية۔جس شخص نے اپنے زمانہ کے امام کو شناخت نہ کیا وہ جاہلیّت کی موت پر مر گیا یعنی جیسے جیسے ہر ایک زمانہ میں امام پیدا ہوں گے اور جو لوگ ان کو شناخت نہیں کریں گے تو ان کی موت کفار کی موت کے مشابہ ہو گی

നബി (സ)പറഞ്ഞു: ആരെങ്കിലും തന്റെ കാലത്തെ ഇമാമിനെ തിരിച്ചറിയാതിരുന്നാൽ അയാൾ ജാഹിലിയ്യത്തിന്റെ (അജ്ഞതയുടെ) മരണമാണ് മരിക്കുക. ഓരോ യുഗത്തിലും ആവിർഭവിക്കുന്ന കാലത്തിന്റെ ഇമാമിനെ തിരിച്ചറിയാത്തതിരുന്നാൽ അവർ അവിശ്വാസികളെ പോലെയുള്ള മരണം വരിക്കുന്നതാണെന്ന് സാരം.
(Roohani Khazain, Volume 6, Page 334)

ایک زمانہ گزرنے کے بعد جب پاک تعلیم پر خیالات فاسدہ کا ایک غبار پڑ جاتا ہےاور حق خالص کا چہرہ چھپ جاتا ہےتب اس خوبصورت چہرے کو دکھلانے کےلئے مجدّد اور محدث اور روحانی خلیفےآتے ہیں

ഒരു നൂറ്റാണ്ട് കഴിഞ്ഞുപോകുകയും നിർമ്മലമായ അദ്ധ്യാപനങ്ങളുടെമേൽ ദുഷിച്ച ചിന്താഗതികൾ കാരണമായി പൊടിപടലങ്ങൾ പിടിക്കുകയും ചെയ്യുമ്പോൾ യഥാർഥ സത്യത്തിന്റെ മുഖം പ്രകാശമാനമാക്കുന്നതിനുവേണ്ടി മുജദ്ദിദുമാരും മുഹദ്ദസുമാരും ആത്മീയ (ദൈവിക) ഖലീഫമാരും അവതരിക്കുന്നതാണ്.
(Roohani Khazain, Volume 6, Page 339-340)

خوب جان لو کہ ماموروں کا انکار بڑی بھاری بات ہے اور جو ان سے لڑایقیناً اپنے آپ کو دوزخ کا کندا بنایا۔

അല്ലാഹു നിയോഗിച്ചയക്കുന്നവരെ നിഷേധിക്കുകയെന്നത് വളരെ ഗുരുതരമായ കാര്യമാണെന്ന് വ്യക്തമായി ഓർക്കുക. വല്ലവരും അവരോട് പൊരുതിയാൽ അവർ തങ്ങളെ സ്വയം നരകത്തിന്റെ ഇന്ധനമാക്കി മാറ്റുകയാണ് ചെയ്യുന്നത്.
(Roohani Khazain, Volume 16, Page 190)

مجدّدوں اور روحانی خلیفوں کی اس امت میں ایسے ہی طور سے ضرورت ہے جیسا کہ قدیم سے انبیاء کی ضرورت پیش آتی رہی ہے اس سے کسی کو انکار نہیں.

## 16. മുജദ്ദിദുമാർ വരില്ലേ?

പുരാതനകാലം മുതൽക്കേ പ്രവാചകന്മാരുടെ ആവശ്യം ഉണ്ടായിരുന്നതുപോലെ ഈ ഉമ്മത്തിന് മുജദ്ദിദുമാരുടെയും ആത്മീയ ഖലീഫമാരുടെയും ആവശ്യമുണ്ടെന്നുള്ളതിനെ ആരും നിഷേധിക്കുന്നില്ല .
(Roohani Khazain, Volume 6, Page 340)

ہر ایک نئ صدی جو آتی ہے تو گویا ایک نئ دنیا شروع ہوتی ہے اس لئے اسلام کا خدا جو سچا خدا ہے ہر ایک نئ دنیا کےلیے نئے نشان دکھلاتا ہے...

ഓരോ പുതിയ നൂറ്റാണ്ടും ആവിർഭവിക്കുന്നത് ഒരു പുതിയ ലോകം ആരംഭിക്കുന്നതിന് തുല്യമായാണ്. അതുകൊണ്ടു ഇസ്‌ലാമിന്റെ ദൈവം സത്യദൈവമായതിനാൽ ഓരോ പുതിയലോകത്തിലും പുതിയ അടയാളങ്ങൾ കാണിക്കുന്നു.
(Roohani Khazain, Volume 5, Page 246-247)

ഇസ്‌ലാമിന്റെ നുബുവ്വത്ത് രൂപത്തിലുള്ള ആദ്യ കാല ഖിലാഫത്ത് മുപ്പതു വർഷം മാത്രമെ നിലനിന്നിരുന്നുവെന്നും, അത് ആദ്യത്തെ നാല് ഖലീഫമാരോടുകൂടി അവസാനിച്ചവെന്നും ഇപ്പോൾ മസീഹ് മഊദിന്റെ (അ) ജമാഅത്തിൽ വീണ്ടും നിബുവ്വത്ത് രൂപത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമായിരിക്കയാണെന്നും ഖാദിയാനി അഹ്മദികൾ അവരുടെ പ്രസംഗങ്ങളിൽ സാധാരണ പറഞ്ഞുവരുന്ന ഒരു കാര്യമാണ്. ഇത്തരം പ്രസ്താവനകൾ മസീഹ് മഊദിന്റെ (അ) ഉപദേശങ്ങൾക്ക് വിരുദ്ധമായതാണ്. ആദ്യമായി മനസ്സിലാക്കേണ്ടത് തെരെഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് നുബുവ്വത്ത് രൂപത്തിലുള്ള ഖിലാഫത്ത് അല്ല എന്നതാണ്. ഇസ്‌ലാമിലെ ആദ്യത്തെ നാലു ഖലീഫമാരിൽ ആരും തന്നെ, അഹ്മദിയ്യാ ഖലീഫമാർ അവകാശപ്പെടുന്നതു പോലെ തങ്ങൾ ദൈവനിയോഗിതരാണെന്ന് അവകാശപ്പെട്ടിട്ടില്ല. അവർ ഖലീഫത്തുൽ റസൂൽ എന്നാണ് അവകാശപ്പെട്ടിരുന്നത്. അല്ലാഹു അറിയാതെ ഒരു ഇലപോലും കൊഴിയുന്നില്ല എന്ന് വിശുദ്ധ ഖുർആനിൽ പറഞ്ഞത് പ്രകാരം ഈ ലോകത്ത് നടക്കുന്ന എല്ലാ സംഭവങ്ങളും അല്ലാഹു അറിഞ്ഞുകൊണ്ടാണ് നടക്കുന്നത്. ഭാവിയിൽ നടക്കുന്ന കാര്യങ്ങൾ അല്ലാഹുവിന് അറിയാൻ സാധിക്കുകയില്ലെങ്കിൽ അല്ലാഹുവും നമ്മെപ്പോലെയുള്ള ഒരു സാധാരണ വ്യക്തിയായി മാറുന്നതാണ്. ഒരാൾ അഹ്മദിയ്യാ ഖലീഫയായി വരുന്നതും അല്ലെങ്കിൽ വേറൊരാൾ പോപ്പായി വരുന്നതും അല്ലാഹു അറിഞ്ഞുകൊണ്ടു തന്നെയാണ്. ഇതിനെ ദൈവനിയോഗമെന്ന് വിളിക്കുന്നത് അവരുടെ അജ്ഞതയും വഞ്ചനയുമാണ്.

അല്ലാഹു നേരിട്ട് നിയോഗിക്കുന്ന മുജദ്ദിദുമാരാണ് ദൈവിക ഖലീഫമാർ. അതാണ് നുബുവ്വത്ത് രൂപത്തിലുള്ള ഖിലാഫത്ത്. ഈ ഖിലാ

ഫത്താണ് അവസാനനാൾ വരെ നീണ്ടുനിൽക്കുക. മസീഹ് മ‌ഊദ് (അ) ഇതുതന്നെയാണ് പഠിപ്പിക്കുന്നത്. തെഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് കുറച്ചു കാലത്തിനുശേഷം ഏകാധിപത്യത്തിലേക്ക് നീങ്ങുന്നു. ആദ്യകാല ഇസ്‌ലാമിക ഖിലാഫത്ത് അഞ്ചാം ഖിലാഫത്തോടുകൂടിയും അഹ്മദിയ്യാ ഖിലാഫത്ത് രണ്ടാം ഖിലാഫത്തോടുകൂടിയും ഏകാധിപത്യത്തിലേക്ക് നീങ്ങി. ജമാഅത്തെ അഹ്മദിയ്യയിൽ സ്ഥാപിതമായ ഖിലാഫത്തിന്റെ ലക്ഷ്യം എല്ലാവരും ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ട് വരാനിരിക്കുന്ന മുജദ്ദിദിനെ സ്വാഗതം ചെയ്യുകയെന്നതാണ്. ഇതാണ് അൽവസിയ്യത്ത് എന്ന ഗ്രന്ഥത്തിൽ മസീഹ് മ‌ഊദ് (അ) നിർദ്ദേശിച്ചിരിക്കുന്നത്.

അതിനാൽ നിങ്ങളെല്ലാവരും ഒത്തു ചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർത്ഥനയിൽ നിരതരാവുക. കൂടാതെ ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുകയും നിങ്ങളുടെ ദൈവം കഴുവുറ്റവനാണെന്ന് കാണിച്ചുതരുമാറാവുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. (അൽവസിയ്യത്ത് പേജ് 13, മലയാളം എഡിഷൻ 2014).

ഈ നിർദ്ദേശമനുസരിച്ചാണ് ഒന്നാം ഖലീഫയുടെ (റ) കാലത്ത് കൂട്ടപ്രാർത്ഥനകൾ നടത്തിയത്. ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്നു വെളിവാകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ബൈഅത്ത് വങ്ങിക്കുവാൻ വേണ്ടി തെരെഞ്ഞടുക്കപ്പടുന്ന വ്യക്തിയല്ല. ബൈഅത്ത് വങ്ങിക്കുവാൻ വേണ്ടി തെരെഞ്ഞടുക്കപ്പടുന്ന വ്യക്തിയെ കുറിച്ച് മസീഹ് മ‌ഊദ് (അ) തുടർന്നു പറയുകയാണ്.

എനിക്കുശേഷം എന്റെ ജമാഅത്തിലെ വിശുദ്ധ ഹ്റ്ദയമുള്ള മഹത് വ്യക്തി എന്റെ നാമത്തിൽ ജനങ്ങളിൽനിന്ന് ബയ്അത്ത് വങ്ങട്ടെ.

ഇങ്ങനെയുള്ളവരുടെ തെരെഞ്ഞെടുപ്പ് സത്യവിശ്വാസികളുടെ യോജിച്ചുള്ള അഭിപ്രായത്തോടെയായിരിക്കണം നടക്കേണ്ടത്. എന്റെ പേരിൽ ബൈഅത്ത് വാങ്ങിക്കുവാൻ അർഹനാണെന്ന് 40 വിശ്വാസികൾ ആരെപ്പറ്റിയാണോ യോജിച്ച അഭിപ്രായത്തിലെത്തുന്നത് അയാൾ ബൈഅത്ത് വാങ്ങുവാൻ അധികാരമുള്ള ആളായിരിക്കും. പ്രസ്തുത വ്യക്തി സ്വയം മത്റ്കായോഗ്യനായിരിക്കുകയും വേണം.

ഇവിടെ പറഞ്ഞത് ബൈയത്ത് വാങ്ങിക്കുവാൻ അർഹനായ വ്യക്തിയെക്കുറിച്ചാണ്. തുടർന്നു പറയുന്നത് ശ്രദ്ധിക്കുക.

നിന്റെ ജമാഅത്തിനുവേണ്ടി നിന്റെ പിൻഗാമികളിൽനിന്ന് ഒരാളെ എഴുന്നേല്പിക്കുമെന്നും അവനെ തന്റെ വഹ്‌യ് കൊണ്ടും സാമിപ്യം കൊണ്ടും പ്രത്യേകപ്പെടുത്തുമെന്നും അവൻ മുഖേനെ സത്യം അഭിവ്റ്ദ്ധി പ്രാപിക്കുമെന്നും അധികമായി ജനങ്ങൾ സത്യം സ്വീകരിക്കുമെന്നും അല്ലാഹു എന്നെ അറിയിച്ചിട്ടുണ്ട്. അതിനാൽ ആ ദിവസങ്ങളെ കാത്തിരിക്കുക.

ആകാശത്തുനിന്ന് വെളിവാകുന്ന അല്ലെങ്കിൽ അല്ലാഹു നേരിട്ട് നിയോഗിക്കുന്ന ദിവ്യശക്തി വേറെ തന്നെയാണെന്ന് വളരെ വ്യക്തമായി ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

عدم علم سے عدم شے لازم نہیں آتا۔ بعض مصلح اور مجدّد دین دنیا میں ایسے آتے ہیں کہ چام طور پر دنیا کو ان کی بھی خبر نہیں ہوتی۔

അറിവിന്റെ അഭാവം അനിവാര്യമായും ഒരു വസ്തുവിന്റെ അസ്തിത്വത്തെ ഇല്ലാതാക്കുന്നില്ല. ചില പരിഷ്ക്കർത്താക്കളും മുജദ്ദിദുമാരും ഭൗതിക ജനം അറിയാത്ത വിധത്തിൽ ഈ ലോകത്തു വരുന്നു.
(Roohani Khazain, Volume 5, Page 108).

29 ستمبر1905 سء قبل دوپہر

ایک شخص نے سوال کیا کہ کیا آپ کے بعد بھی مجدّد آئے گا؟ اس پر فرمایا:-

اس میں کیا ہرج ہے کہ میرے بعد بھی کوی مجدّد آ جاوے۔حضرت موسیٰ علیہ السّلام کی نبوت ختم ہو چکی تھی اس لئے مسیح علیہ السّلام پر آپ کے خلفاء کا سلسلہ ختم ہو گیا۔لیکن آنحضرت ﷺ کا سلسلہ قیامت تک ہےاس لئے اس میں قیامت تک ہی مجدّد دین آتے رہیں گے۔

1905 സെപ്റ്റംബർ 29ന്, ഒരാൾ ചോദിച്ചു: താങ്കൾക്ക് ശേഷം മുജദ്ദിദ് വരുമോ. അപ്പോൾ വാഗ്ദത്ത മസീഹ് (അ) പറഞ്ഞു:

എനിക്ക് ശേഷം മുജദ്ദിദ് വരുന്നതിൽ എന്താണ് കുഴപ്പം? മൂസാ നബിയുടെ പ്രവാചക പരമ്പര അവസാനിച്ചിരിക്കുന്നു. അതിനാൽ ഈസാ നബിയോടുകൂടി അദ്ദേഹത്തിന്റെ ഖലീഫമാരുടെ വരവ് നിലച്ചിരിക്കുന്നു. എന്നാൽ മുഹമ്മദ് നബി (സ) യുടെ നുബുവ്വത്ത് ഖിയാമത്ത് നാൾവരെ നിലനിൽക്കുന്നതിനാൽ, ഖിയാമത്ത് നാൾവരെ മുജദ്ദിദുമാർ വന്നുകൊണ്ടിരിക്കുന്നതാണ്. (Malfoozat-v8-p119, 29 Sept 1905)

ഖിയാമത്ത് നാൾവരെ നിലനിൽക്കുന്ന മുജദ്ദദിയ്യത്താണ് ഖിയാമത്ത് നാൾവരെ നിലനിൽക്കുന്ന ഖിലാഫത്ത്. ഇതിനെ തെരഞ്ഞെടുക്കപ്പെടുന്ന അഹ്മദിയ്യാ ഖലീഫമാർ കൊള്ളയടിച്ചിരിക്കയാണ്.

الرٰ کے لفظ ر سے پتہ لگتا ہے کہ یہ لفظ مجدّدوں اور مرسلوں کے سلسلہ جاریہ کی طرف اشارہ کرتا ہے۔جو قیامت تک جاری ہے۔

മറ്റൊരു കാര്യം അലിഫ്–ലാം-റാ യിലുള്ള റാ എന്ന അക്ഷരം മുജദ്ദിദുമാരുടെയും മുർസൽമാരുടെയും പരമ്പരെയാണ് സൂചിപ്പിക്കുന്നത്. അത് ഖിയാമത്ത് നാൾവരെ തുടരുന്നതാണ്. Malfoozat-v2-p63

ایک ہفتہ کے بعد کپڑے بھی میلے ہو جاتے ہیں اور اُن کے دُھلانےکی ضرورت پڑتی ہے۔لیکن کیا پوری صدی گزر جانے کے بعد بھی مجدّد کی ضرورت نہیں ہوتی؟ ہوتی ہے اور ضرور ہوتی ہے۔اور یہی وجہ ہے کہ خدا تعالیٰ نے یہ سلسلہ قائم کیا۔کہ ہر صدی کے سرایک مجدّد اصلاح خلق کے لئے آتا ہےکیونکہ صدی کے اس درمیانی حصہّ میں بہت سی غلطیاں اور بدعتیں دین میں شامل کر لی جاتی ہیں اور خدا تعالیٰ کبھی پسند نہیں فرماتا کہ اس کے پاک دین میں خرابی رہ جاوے۔اس لئے وہ ان کی اصلاح کی خاطر مجدّد بھیج دیتا ہے۔ Malfoozat-v3-p254-255

ഒരാഴ്ചയ്ക്കുശേഷം വസ്ത്രങ്ങൾ അഴുക്കുപിടിച്ചതായി മാറുകയും അവയെ അലക്കി വൃത്തിയാക്കേണ്ടിവരികയും ചെയ്യേണ്ടി വരുന്നു. എന്നാൽ ഒരു മുഴുവൻ നൂറ്റാണ്ട് പിന്നിട്ട ശേഷവും ഒരു മുജദ്ദിദ് ആവശ്യമായി വരുന്നില്ലേ. ആവശ്യമായി വരുന്നു, തീർച്ചയായും ആവശ്യമായി വരുന്നു. ഇതു കാരണമായാണ് മുജദ്ദിദുമാരുടെ പരമ്പരക്ക് തുടക്കം കുറിച്ചിരിക്കുന്നത്. ഓരോ നൂറ്റാണ്ടിന്റെയും തുടക്കത്തിൽ മുജദ്ദിദുമാർ സൃഷ്ടികളുടെ പരഷ്കരണത്തിനായി അവതരിക്കുന്നു. ഒരു നൂറ്റാണ്ടിയിനടയിൽ വളരെയധികം തെറ്റുകളും ദുഷ്ചര്യകളും മതത്തിൽ കൂട്ടിച്ചേർക്കുന്നു. ഈ വിശുദ്ധ മതത്തിൽ വൃത്തികേട് ചേർന്നിരിക്കയെന്നത് അല്ലാഹു തആല ഇഷ്ടപ്പെടുന്നില്ല. ഇതു കാരണമായി ഓരോ നൂറ്റാണ്ടിന്റെ തലക്കലും ഇതിന്റെ പരിഷ്കരണത്തിനായി മുജദ്ദിദുമാരെ അയക്കുന്നു. (Malfoozat-v3-p254-255).

മുകളിൽ കൊടുത്ത വിവരണങ്ങളിൽനിന്ന് അഹ്മദിയ്യ ഖലീഫമാർ മുജദ്ദിദുമാർ വരില്ല എന്ന് പറഞ്ഞുകൊണ്ട് സാധാരണ അഹ്മ്ദികളെ വഞ്ചിക്കുകയാണെന്നത് വളരെ വ്യക്തമാണ്. അഹ്മദിയ്യാ മൗലവിമാർ വെറും ഉച്ചഭാഷിണികൾ ആയതിനാൽ അവർക്ക് സ്വതന്ത്രമായ

രീതിയിൽ യാതൊരുവിധ അഭിപ്രായവും പറയുവാൻ സാധിക്കുന്നതല്ല. സ്വതന്ത്രമായ രീതിയിൽ അഭിപ്രായം പറഞ്ഞാൽ അവരെയും ജമാഅത്തിൽ നിന്ന് പുറത്താക്കുന്നതായിരിക്കും.

അല്ലാഹു നിയോഗിക്കുന്ന യഥാർത്ഥ മുജദ്ദിദുമാരെ തിരിച്ചറയാനുള്ള സൌഭാഗ്യം എല്ലാവർക്കും ലഭിക്കുമാറാകട്ടെ. കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ www.alghulam.com സന്ദർശിക്കുക.

*************

# 17. പതിനായിരം മസീഹിന്റെ ആഗമനം.

ഭാവിയിൽ പതിനായിരം മസീഹുമാർ വരുമെന്ന മസീഹ് മഊദിന്റെ (അ) പ്രവചനം വായിച്ചാൽ ആശ്ചര്യം തോന്നിയെന്ന് വരാം.

میں نے صرف مثیل مسیح ہونے کا دعویٰ کیا ہے اور میرا یہ بھی دعویٰ نہیں کہ صرف مثیل ہونا میرے پر ہی ختم ہو گیا ہے بلکہ میرے نزدیک ممکن ہے کہ آئندہ زمانوں میں میرے جیسے اور دس ہزار بھی مثیل مسیح آ جائیں ہاں اس زمانے کے لئے میں مثیل مسیح ہوں اور دوسرے کی انتظار بے سود ہے اور یہ بھی ظاہر رہے کہ یہ کچھ میرا ہی خیال نہیں کہ مثیل مسیح بہت ہو سکتے ہیں بلکہ احادیث نبویہ کا بھی یہی منشاء پایا جاتا ہے کیونکہ آنحضرت ﷺ فرماتے ہیں کہ دنیا کے اخیر تک قریب تیس کے دجال پیدا ہوں گے اب ظاہر ہے کہ جب تیس دجال کا آنا ضروری ہے تو بحکم لِکُلِّ دجّال عیسٰی تیس مسیح بھی آنے چاہئیں پس اس بیان کی روح سے ممکن اور بالکل ممکن ہے کہ کسی زمانہ میں کوئی ایسا مسیح بھی آ جائے جس پر حدیثوں کے بعض ظاہری الفاظ صادق آ سکیں .

ഞാൻ മസീഹിന്റെ സദ്റ്ശ്യനാണെന്നാണ് അവകാശപ്പെട്ടിരിക്കുന്നത്. മസീഹിന്റെ സദ്റ്ശ്യനാണെന്ന വാദം എന്നോടു കൂടി അവസാനിച്ചു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. എന്റെ കാഴ്ച്ചപ്പാടിൽ വരും കാലങ്ങളിൽ എന്നെപ്പോലുയുള്ള പതിനായിരം മസീഹുമാർക്ക് വരാവുന്നതാണ്. എന്നാൽ ഈ കാലഘട്ടത്ത് ഞാനാണ് മസീഹിന്റെ സദ്റ്ശ്യനായി വന്നിരിക്കുന്നത്, വേറെയാളെ പ്രതീക്ഷിച്ചിരിക്കുകയെന്നത് വ്യർത്ഥമാണ്. ഇത് എന്റെ മാത്രം കാഴ്ചപ്പാടല്ല. വിശുദ്ധ നബി (സ) ലോകം അവസാനിക്കുന്നതിനു മുമ്പായി 30 ദജ്ജാലുകൾ വരുമെന്ന് പറഞ്ഞിട്ടുണ്ട്. 30 ദജ്ജാലുകൾ വരുമെന്ന് പറയുമ്പോൾ, ഓരോ ദജ്ജാലിനും ഓരോ മസീഹുണ്ട് എന്ന ഹദീസിന്റെ അടിസ്ഥാനത്തിൽ 30 മസീഹുമാർ വരേണ്ടതാണ്. വേറെ സമയത്ത് മറ്റൊരു മസീഹ് വന്ന്, വിശുദ്ധ നബിയുടെ (സ) ചില പ്രവചനങ്ങൾ അദ്ദേഹത്തിൽ പൂർത്തിയാകാമെന്നത് സാധ്യമാണ്, തികച്ചും സാധ്യമാണ്,

## 17. പതിനായിരം മസീഹിന്റെ ആഗമനം

പതിനായിരം മസീഹുമാർ വന്നില്ലെങ്കിലും കുറഞ്ഞപക്ഷം 30 മസീഹു മാരെ അല്ലാഹു നേരിട്ട് അയച്ചാൽ, അവരുടെ വിയോഗ ശേഷം വീണ്ടും ഖിലാഫത്ത് നിലവിൽ വരുന്നതാണ്. അങ്ങനെ പല ജമാഅത്തുകളും പല ഖിലാഫത്തുകളും ഉണ്ടാകും. ആ സമയത്ത് ഇപ്പോഴത്തെ ഖിലാഫ ത്തിന്റെ സാധുത നഷ്ടപ്പെടും. അതുകൊണ്ടു തന്നെ ഈ ഖിലാഫത്ത് ലോകാവസാനം വരെ തുടരും എന്നു പറയുന്നത് തെറ്റാണ്.

*************

# 18. മസീഹ് ഇബ്നു മർയം വീണ്ടും വരുന്നു.

മഹ്ദി അല്ലാതെ ഈസാ ഇല്ല എന്ന് പറയുന്നത് പൂർണ്ണമായും ശരിയല്ല. മസീഹ് മഊദിന്റെ കാലത്ത് അദ്ദേഹം തന്നെയാണ് മഹ്ദിയും മസീഹും. അദ്ദേഹത്തിന്റെ ജീവിത കാലത്ത് വേറെ ഈസയില്ല. എന്നാൽ മസീഹ് മഊദ് (അ) വരാനിരിക്കുന്ന വേറൊരു മസീഹ് ഇബ്നു മർയമിനെ കുറിച്ചുള്ള പ്രവചനം നടത്തിയിരിക്കയാണ്.

اس مسیح کو بھی یاد رکھو جو اس عاجز کی ذریت میں سے ہے جس کا نام ابن مریم بھی رکھا گیا ہے کیونکہ اس عاجز کو براہین میں مریم کے نام سے بھی پکارا ہے۔

ഈ വിനീതന്റെ പിൻഗാമികളിൽനിന്ന് ഇബ്നു മർയം എന്ന പേരിൽ വരാനിരിക്കുന്ന ആ മസീഹിനെയും ഓർക്കുക. എന്തെന്നാൽ ഈ വിനീതനെ ബറാഹീനിൽ മർയം എന്ന പേരിലും അഭിസംബോധന ചെയ്തിരിക്കുന്നു. (RK Vol 03, P318)

റസൂൽ (സ) പറയുന്നത് ശ്രദ്ധിക്കുക:

**عَن جَعفَرٍ عَن اَبِیهِ عَن جَدِّهِ قَالَ قَالَ رَسُولُ اللهِﷺ اَبشِرُو اَبشِرُوا اِنَّمَا مَثَلُ اُمَّتِی مَثَلُ الغَیثِ لاَ یُدرٰی اٰخِرُهُ خَیرٌ اَم اَوَّلُهُ اَو کَحَدِیقَةٍ اُطعِمَ مِنهَا فَوجٌ عَامًا ثُمَّ اُطعِمَ فَوجٌ عَامً لَعَلَّ آخِرَهَا فَوجًا اَن یَّکُونَ اَعرَضَهَا عَرُضًا وَ اَعمَقَهَا عُمُقًاوَّ اَحسَنَهَا حُسنًا کَیفَ تَهلِكُ اُمَّةٌ اَنَا اَوَّلُهَا وَ المَهدِیُّ وَسطُهَاَ وَالمَسِیحُ آخِرُهَا وَلٰکِن بَینَ ذَالِكَ فَیجٌ اَعوَجُ لَیسُو امِنِّیِ وَلاَ اَنَاَ مِنهُم۔ رَوَاهُ رَزِینٌ۔**

ജാഫർ (റ) നിവേദനം ചെയ്യുന്നു: റസൂൽ (സ) അരുൾ ചെയ്തു: സന്തോഷമായിരിക്കുക, സന്തോഷമായിരിക്കുക. എന്റെ സമുദായം ഒരു മഴ പോലെയാകുന്നു. അതിന്റെ ആദ്യ ഭാഗമാണോ ഉത്തമം, അതല്ല അതിന്റെ അവസാന ഭാഗമാണോ ഉത്തമം എന്നറിയില്ല. അല്ലെങ്കിൽ അതൊരു തോട്ടം പോലെയാകുന്നു. ഒരു സൈനിയവ്യൂഹം ഒരു വർഷം അതിനെ നോക്കിനടത്തി ആകർഷകമാക്കി. അതിനു ശേഷം മറ്റൊരു സൈനിയവ്യൂഹം അതിനെ കൂടുതൽ മനോഹരമാക്കി. ഞാൻ ആദ്യവും മഹ്ദി മദ്ധ്യത്തിലും മസീഹ് അവസാനത്തിലും ഉള്ള ഒരു സമൂഹം എങ്ങനെ നശിക്കാനാണ്. എന്നാൽ അതിനിടയിൽ വക്രതയുള്ള ഒരു വിഭാഗം ഉണ്ടായിരിക്കുന്നതാണ്. അവർ എന്നിൽനിന്നോ ഞാൻ അവരിൽനിന്നോ ആയിരിക്കുകയില്ല.

ഈ ഹദീസിൽ മൂന്ന് കാലഘട്ടത്തുള്ള വ്യത്യസ്ത വ്യക്തികളെക്കുറിച്ചാണ് റസൂൽ (സ) പ്രതിപാദിച്ചിരിക്കുന്നത്. വക്രതയുള്ള ഈ വിഭാഗം ഏതാണ്? മസീഹ് മഊദിന്റെ (അ) അദ്ധ്യാപനങ്ങളെ മാറ്റി മറിച്ച ഖാദിയാനി വിഭാഗമാണ് ഇത്.

മറ്റൊരു ഹദീസ് കാണുക:

**عَنِ ابنِ عَبَّاسٍ رَضِيَ الله عَنهُ مَرفُوعًا قَالَ لَن تَهلُكَ اُمَّةٌ اَنَا فِي اَوَّلِهَا وَ عِيسٰى بنُ مَريَمَ فِي اٰخِرِهَا وَالمِهدِى وَسَطِهَا** (حدیقۃ الصالحین صفحہ402بحوالہ کنز العمال187/2)

ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു. നബി (സ) അരുൾ ചെയ്തു: ഞാൻ ആദ്യവും ഈസാ ഇബ്നു മറിയം അവസാനത്തിലും മഹ്ദി മദ്ധ്യത്തിലും ഉള്ള ഒരു സമൂഹം എങ്ങനെ നശിക്കാനാണ് .

ഇസ്ലാം വിജയിപ്പിക്കുന്നതിനായി മൂന്നു വലിയ വ്യക്തിത്വങ്ങൾ ആവിർഭവിക്കുന്നതാണ്. വിശുദ്ധ ഖുർആനിലും അല്ലാഹു മൂന്നു പ്രാവശ്യമായി വിജയ വാഗ്ദാനം ആവർത്തിച്ചിരിക്കുന്നു:

هُوَ ٱلَّذِيٓ أَرۡسَلَ رَسُولَهُۥ بِٱلۡهُدَىٰ وَدِينِ ٱلۡحَقِّ لِيُظۡهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوۡ كَرِهَ ٱلۡمُشۡرِكُونَ

9.33– അവനാണ് സൻമാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതങ്ങൾക്കും മീതെ അതിനെ വിജയിപ്പിച്ചു കാണിക്കാൻ വേണ്ടി. ബഹുദൈവവിശ്വാസികൾക്ക് അത് അനിഷ്ടകരമായാലും

هُوَ ٱلَّذِيٓ أَرۡسَلَ رَسُولَهُۥ بِٱلۡهُدَىٰ وَدِينِ ٱلۡحَقِّ لِيُظۡهِرَهُۥ عَلَى ٱلدِّينِ كُلِّهِۦۚ وَكَفَىٰ بِٱللَّهِ شَهِيدٗا

48.29– അവനാണ് സൻമാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതങ്ങൾക്കും മീതെ അതിനെ വിജയിപ്പിച്ചു കാണിക്കാൻ വേണ്ടി. സാക്ഷിയായിട്ട് അല്ലാഹു മതിയായവനാകുന്നു.

هُوَ ٱلَّذِيٓ أَرۡسَلَ رَسُولَهُۥ بِٱلۡهُدَىٰ وَدِينِ ٱلۡحَقِّ لِيُظۡهِرَهُۥ عَلَى ٱلدِّينِ كُلِّهِۦ وَلَوۡ كَرِهَ ٱلۡمُشۡرِكُونَ

61.10– അവനാണ് സൻമാർഗവും സത്യമതവുമായി തന്റെ ദൂതനെ അയച്ചവൻ. എല്ലാ മതങ്ങൾക്കും മീതെ അതിനെ വിജയിപ്പിച്ചു കാണിക്കാൻ വേണ്ടി. ബഹുദൈവവിശ്വാസികൾ അത് വെറുക്കുന്നുവെങ്കിലും ശരി.

ആയിന കമാലാത്തെ ഇസ്ലാം എന്ന ഗ്രന്ഥത്തിൽ (പേജ് 346) മസീഹ് മഊദ് (അ), ക്രിസ്തുമതം പാരമ്യത്തിലെത്തുമ്പോൾ, അതിന്റെ തെറ്റായ വിശ്വാസങ്ങൾ ഇല്ലാതാക്കാനായി മസീഹിന്റെ അവരോഹണം മൂന്നു തവണ സംഭവിക്കുമെന്ന് എഴുതിയിരിക്കയാണ്. ആദ്യത്തെത് തിരുനബിയുടെ (സ) കാലഘട്ടവും രണ്ടാമത്തെത് മസീഹ് മഊദിന്റെ

(അ) കാലഘട്ടവും മൂന്നാമത്തെത് മറ്റൊരു പ്രതാപ മസീഹിന്റെ (അ) കാലഘട്ടവും ആയിരിക്കും അത്.

تب پھر مسیح کی روحانیت سخت جوش میں آ کر جلالی طور پر اپنا نزول چاہے گی- تب ایک قہری شبیہ میں اس کا نزول ہوکراس زمانہ کا خاتمہ ھو جاےءگا تب آخر ھوگا اور دنیا کی صف لپیٹ دی جاےء گی-اس سے معلوم ہوا کہ مسیح کی امت کی نالا ئق کرتوتوں کی وجہ سے مسیح کی روحانیت کیلیےء یہی مقدر تھا کہ تین مرتبہ دنیا میں نازل ہو-

(മസീഹിന്റെ സമുദായത്തിന്റെ കൊള്ളരുതാത്ത പ്രവ്ർത്തികൾ പാരമ്യ ലെത്തുമ്പോൾ) മസീഹിന്റെ ആത്മീയത പ്രകമ്പനംകൊണ്ട് പ്രതാ പശക്തിയോടുകൂടി അവരോഹണം ആഗ്രഹിക്കുന്നതാണ്. അങ്ങനെ ശക്തമായ നിലയിലുള്ള അവരോഹണത്തോടു കൂടി ആ കാലഘട്ടം സമാപിക്കുന്നതാണ്. ഇത് അവസാനത്തേതാണ്. അപ്പോൾ ഈ ലോക ത്ത് വലിയൊരു മാറ്റം സംഭവിക്കുന്നതായിരിക്കും. ഇതിൽനിന്നും (ഈ കാര്യങ്ങൾ അല്ലാഹു മസീഹ് മഊദിന് (അ) കശ്ഫ് മുഖേനെ വെളി പ്പെടുത്തി കൊടുത്തതാണ്) മനസ്സിലാവുന്നത് മസീഹിന്റെ സമുദായ ത്തിന്റെ കൊള്ളരുതാത്ത പ്രവ്ർത്തികൾ കാരണമായി മസീഹിന്റെ ആത്മീയത മൂന്നു തവണയായി ഈ ലോകത്ത് ഇറങ്ങിവരുവാൻ വിധി ക്കപ്പെട്ടിരിക്കുന്നു എന്നാണ്.

ആരാണീ മൂന്നാമത്തെയാൾ എന്ന ചോദ്യം അവശേഷിക്കുന്നു.

ഇത് മസീഹ് മഊദിന്റെ (അ) താഴെ പറയുന്ന പ്രവചനത്തിൽനിന്നും വ്യക്തമാകുന്നതാണ്:

സാഹിബ്സാദാ പീർ സിറാജുൽ ഹഖ് ഉദ്ധരിക്കുന്നു: വാഗ്ദത്ത മസീ ഹ് (അ) ഒരിക്കൽ പറഞ്ഞു:

എന്റെ പ്രസ്ഥാനത്തിലും വലിയൊരു പിളർപ്പ് സംഭവിക്കുമെന്ന് അല്ലാ ഹു എന്നെ അറിയിച്ചിരിക്കുന്നു, കുഴപ്പക്കാരും സ്വന്തം ആഗ്രഹങ്ങൾ ക്ക് അടിമകളായവരും വേർപെട്ടു പോകുന്നതാണ്. എന്നാൽ സർവ്വ ശക്തനായ ദൈവം ഈ പിളർപ്പിനെ യോജിപ്പിക്കുന്നതാണ്. എന്നാൽ ഛേദിക്കപ്പെടാൻ അർഹരായവർ, സത്യവുമായി ബന്ധമില്ലാത്തവരും നാശകാരികളായവരും വേർപെടുത്തപ്പെടുന്നതാണ്. അപ്പോൾ ലോക ത്തിൽ ഒരു കലഹം പൊട്ടിപ്പുറപ്പെടും. ഈ ആദ്യലഹളയിൽ രാജാക്ക ന്മാർ രാജാക്കന്മാരെ ആക്രമിക്കുന്നതാണ്. ഭൂമി രക്തം കൊണ്ട് നിറയു കയും രക്തപ്പുഴ ഒഴുകുകയും ചെയ്യും. രാജാക്കന്മാരുടെ കീഴിലുള്ള

വർ തമ്മിലും ഭയങ്കരമായ യുദ്ധം നടക്കും. സാർവത്രിക നാശം ഉണ്ടാകും .ഇതിന്റെയെല്ലാം കേന്ദ്രം സിറിയ ആയിരിക്കും.

സാഹിബ്സാദാ പീർ സിറാജുൽ ഹഖ്റയുമായി സംസാരിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് (അ) തുടർന്നു പറഞ്ഞു:

ഇത് എന്റെ വാഗ്ദത്ത പുത്രന്റെ സമയത്തായിരിക്കും നടക്കുക. ദൈവം അവനുമായി ബന്ധപ്പെടുത്തിയാണ് ഈ സംഭവങ്ങളെ വിധിച്ചിരിക്കുന്നത്. പിന്നീട് നമ്മുടെ പ്രസ്ഥാനം വ്യാപിക്കുന്നതാണ്. രാജാക്കന്മാർ പ്രസ്ഥാനത്തിൽ അംഗങ്ങളായി ചേരും. അതിനാൽ വാഗ്ദത്ത പുത്രനെ തിരിച്ചറിയുമെന്ന് ഉറപ്പു വരുത്തുക. (തദ്കിറ ഇംഗ്ളീഷ് പേജ് 1066–1065).

അപ്പോൾ ഇസ്ലാമിന്റെ മൂന്നാമത്തെ വിജയം സംഭവിക്കുന്നത് വാഗ്ദത്ത പുത്രന്റെ സമയത്തായിരിക്കുന്നതാണ്. അതുകൊണ്ട് ഇസ്ലാമിന്റെ വിജയം ഇപ്പോഴുള്ള അഹ്മദിയ്യ ഖിലാഫത്ത് വഴി നടക്കുകയില്ല എന്നതും രണ്ടാം ഖലീഫ മുസ്ലിഹ് മഊദായ വാഗ്ദത്ത പുത്രനല്ല എന്നതും വളരെ വ്യക്തമാണ്. രണ്ടാം ഖലീഫയുടെ കാലത്ത് സിറിയ കേന്ദ്രമായി മുകളിൽ പ്രവചിച്ച രീതിയിലുള്ള സംഭവവികാസങ്ങളൊന്നും നടന്നിട്ടില്ല.

اس مسیح کو بھی یاد رکھو جو اس عاجز کی ذریت میں سے ہے جس کا نام ابن مریم بھی رکھا گیا ہے کیونکہ اس عاجز کو براہین میں مریم کے نام سے بھی پکارا ہے۔

ഈ വിനീതന്റെ പിൻഗാമികളിൽനിന്ന് വരാനിരിക്കുന്ന ആ മസീഹിനെയും ഓർക്കുക. അദ്ദേഹത്തിന് ഇബ്നുമർയം എന്നും പേര് നൽകിയിരിക്കുന്നു. ഈ വിനീതനെ ബറാഹീനിൽ മർയം എന്ന പേരിലും അഭിസംബോധന ചെയ്തിരിക്കുന്നു. (RK Vol 03, P318)

ഈ മൂന്നാം അവരോഹണത്തെ തിരിച്ചറിയാനുള്ള സൌഭാഗ്യം അല്ലാഹു എല്ലാവർക്കും നൽകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു. കൂടുതൽ അറിയുവാനായി www.alghulam.com സന്ദർശിക്കുക.

*************

## 19. വിജയ പ്രസ്ഥാന ഘടകങ്ങൾ.

ഒരു മതപ്രസ്ഥാനം വിജയിക്കുവാനും സ്ഥായിയായി നിലനിൽക്കുവാനും താഴെ പറയുന്ന ഘടകങ്ങൾ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

1. ശക്തമായ അടിസ്ഥാന തത്വങ്ങളിൽ അധിഷ്ഠിതമായ വിശുദ്ധ ഗ്രന്ഥം.
2. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന ശക്തമായ നേതൃത്വം.
3. ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന കൂടിയാലോചന സമിതി.
4. സുതാര്യവും സ്വതന്ത്രവുമായ തിരഞ്ഞെടുപ്പ് രീതി.
5. നേതൃത്വത്തിൽനിന്നും വേർപ്പെട്ട നീതിന്യായ വ്യവസ്ഥ.
6. നേതൃത്വത്തിൽനിന്നും സ്വതന്ത്രമായ സാമ്പത്തിക സംവിധാനം.
7. കണക്ക് ബോധിപ്പിക്കേണ്ട സാമ്പത്തിക ഘടന.
8. സ്വതന്ത്രമായ കണക്കു പരിശോധനാസമിതി. (ഓഡിറ്റിംഗ്)
9. ഓഡിറ്റ് ചെയ്ത കണക്കുകളുടെ പ്രസിദ്ധീകരണം.
10. അഭിപ്രായ സ്വാതന്ത്ര്യം.
11. വിവരാവകാശ സ്വാതന്ത്ര്യം.

നാം അഹ്മദിയ്യ ജമാഅത്തിന്റെ സംവിധാനം നോക്കിയാൽ, മുകളിൽ പറഞ്ഞ ഒരു ഘടകവും അവിടെ കണ്ടെത്താൻ സാധിക്കുകയില്ല, ആദ്യത്തേത് ഒഴികെ. മുഴുവൻ അംഗങ്ങളുടെയും പ്രാതിനിധ്യം വഹിക്കാത്ത ഇലക്ടറൽ കോളേജെന്ന പ്രത്യേക സമിതി തിരഞ്ഞെടുക്കുന്ന ഒരു ഖലീഫക്ക് എങ്ങനെ ജമാഅത്തിൽ സത്യസമ്പൂർണ്ണമായ നീതിന്യായ വ്യവസ്ഥ നിലനിർത്താൻ സാധിക്കും? ഒരു യഥാർഥ ഖലീഫ ആദ്യമായി ചെയ്യേണ്ടത് ഈ തെറ്റായ തെരഞ്ഞെടുപ്പ് രീതി ശരിയാക്കുക എന്നതാണ്.

ആദ്യകാല ഇസ്‌ലാമിക ഖിലാഫത്തിൽ സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥ നിലനിന്നിരുന്നു. നീതിന്യായ തർക്കങ്ങൾ എല്ലാം കോടതിയായിരുന്നു കൈകാര്യം ചെയ്തിരുന്നത്. ഖലീഫയെ പോലും വിളിച്ചുവരുത്തി ചോദ്യം ചെയ്യാനും തെളിവുകൾ ശേഖരിക്കാനും ന്യായാധിപന് അധികാരമുണ്ടായിരുന്നു. ശിക്ഷാവിധികൾ നടപ്പാക്കിയത് കോടതികളായിരുന്നു. എന്നാൽ അഹ്മദിയ്യ ഖിലാഫത്തിൽ ശിക്ഷാവിധികൾ ഖലീഫ നേരിട്ടാണ് നടപ്പാക്കുന്നത്. അമീർമാർ അയക്കുന്ന ഏകപക്ഷീയമായ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഖലീഫ ശിക്ഷ വിധിക്കുന്നു. ചോദ്യം ചെയ്യലോ തെളിവുകൾ ശേഖരിക്കലോ ഒന്നുമില്ല. ജമാഅത്തിലെ അംഗങ്ങൾ അമീർമാറുടെ കാരുണ്യത്തിന് വിധേയ

മായി നിലകൊള്ളുന്നു. ഒരു അമീറിന് ഏതെങ്കിലും അംഗത്തോട് കോപമുണ്ടെങ്കിൽ കള്ള റിപ്പോർട്ടുകൾ അയച്ച് അയാളുടെ നേരെ നട പടി എടുക്കാൻ സാധിക്കും. മറ്റുള്ളവർക്ക് അമീർമാറുടെ അക്രമ പ്രവ ർത്തനങ്ങൾക്കു നേരെ ശബ്ദം ഉയർത്താൻ സാധിക്കുകയില്ല. ചോദ്യം ചെയ്യുന്ന ആളും പുറത്തായെന്നുവരാം. ഭയവിഹ്വലമായ അക്രമ രീതി യാണ് ജമാഅത്തിൽ നിലനില്ക്കുന്നത്. ഖലീഫ, അമീർമാരുടെ റി പ്പോർട്ടുകൾ നടപ്പാക്കുന്ന ഒരു റബ്ബർ സ്റ്റാമ്പ് പോലെ പ്രവർത്തിക്കു ന്നു. അമീർമാരുടെ റിപ്പോർട്ടുകളെയും പ്രവർത്തനങ്ങളെയും സൂക്ഷ്മ പരിശോധന നടത്താൻ കേന്ദ്രത്തിൽനിന്ന് ആരെയും നിയമിക്കുന്നില്ല. അങ്ങനെ ഒരുപാട് അനീതി ജമാഅത്തിൽ നിലനിൽക്കുന്നു. അഹ്മദി യ്യ ജമാഅത്തിന്റെ സ്വന്തം വെബ്സൈറ്റുകളെക്കാളുമധികം ജമാഅത്തി ൽനിന്നും പുറത്താക്കിയവർ സൃഷ്ടിച്ച വിരുദ്ധ വെബ്സൈറ്റുകൾ കാ ണാനാവും. യഥാർത്ഥത്തിൽ ശിക്ഷ ഒരു സ്വതന്ത്ര ജുഡീഷ്യൽ സി സ്റ്റം കൈകാര്യം ചെയ്യുകയും മപ്പുകൊടുക്കൽ ഖലീഫ കൈകാര്യം ചെയ്യു കയുമായിരുന്നു വേണ്ടിയിരുന്നത്. ഖലീഫ നേരിട്ട് ശിക്ഷ നൽകുന്ന തുമൂലം ഖലീഫയെക്കുറിച്ച് മോശമായ മതിപ്പ് ഉണ്ടാവുകയാണ് ചെ യ്യുന്നത്.

മസീഹ് മഊദിന്റെ (അ) പ്രവ്ർത്തി കാണുക. അദ്ദേഹം സദ്ർ അഞ്ചു മൻ അഹ്മദിയ്യക്ക് രൂപം കൊടുത്തുകൊണ്ട് സാമ്പത്തികവും അതു പോലെ മറ്റ് തീരുമാനങ്ങളും കൈകാര്യം ചെയ്യാനുള്ള അധികാരം നൽ കിക്കൊണ്ട് ഭൂരിപക്ഷത്തോടുകൂടി അവരെടുക്കുന്ന തീരുമാനങ്ങൾ അനുസരിക്കുവാൻ നമ്മെ ബാധ്യതപ്പെടുത്തുകയും ചെയ്തു. എന്നാ ൽ ഖലീഫ സാനി സാഹിബ്, മസീഹ് മഊദ് (അ) രൂപം കൊടുത്ത സദ്ർ അഞ്ചുമൻ അഹ്മദിയ്യയെ പിരിച്ചുവിടുകയും സ്വയം വേറൊരു സദ്ർ അഞ്ചുമൻ അഹ്മദിയ്യ രൂപീകരിച്ചുകൊണ്ട് അതിനെ തന്റെ കീഴിലാക്കുകയും ചെയ്തു.

ഇതിൽനിന്ന് വ്യക്തമാകുന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴ ത്തെ ഖിലാഫത്ത് ഏകാധിപത്യ രീതിയിലുള്ളതാണെന്നാണ്. ഇതിനെ ഒരു ജനാധിപത്യ ഖിലാഫത്ത് എന്നു പറയാൻ കഴിയുകയില്ല. ഇതിനെ ദൈവിക ഖിലാഫത്ത് എന്ന് പറഞ്ഞു പരത്തുന്നത് ഒരു തരം വഞ്ചന യാണ്. യൂറോപ്യൻ രാജാക്കന്മാർ യൂറോപ്യൻ രാജ്യങ്ങളിൽ വിപ്ലവം വരുന്നതിനുമുമ്പ് സാധാരണ ജനങ്ങളെ വഞ്ചിക്കുവാനും അമിത നി കുതി ഭാരം അവരുടെമേൽ അടിച്ചേല്പിക്കുവാനും ഇതേ തന്ത്രങ്ങളാ ണ് പ്രയോഗിച്ചിരുന്നത്.

ഇത്തരം തന്ത്രങ്ങൾക്ക് ദീർഘായുസ്സ് ലഭിക്കുകയില്ല. ഇത്തരം ഏകാധി പത്യ രീതിയിലുള്ള ഘടനക്ക് ഇന്നല്ലെങ്കിൽ നാളെ അവസാനം വരു മെന്ന് ചരിത്രം തെളിയിച്ചിയിരിക്കയാണ്.

************

# 20. കള്ളപ്പണത്തിന്റെ പനാമ രേഖകൾ.

ഈ രേഖകളിൽ അഞ്ചാം ഖലീഫയുടെയും കുടുംബാംഗങ്ങളുടെയും 27–ഓളം എക്കൗണ്ട് ഉള്ളതായി പുറത്തു വന്നിരിക്കയാണ്. ഇതിനു ള്ള പൈസ ഇവർക്ക് എവിടെ നിന്ന് കിട്ടിയെന്നതിന് ജമാഅത്ത് ഉത്ത രം പറയേണ്ടതാണ്.

ലോകത്തിലെ ഏറ്റവും വലിയ സീക്രട്ടീവ് കമ്പനികളിലൊന്നായ പനാ മാനിയൻ ലോ ഫേമായ മോസാക്ക് ഫോൻസെകയിൽ നിന്നും ചോർന്ന രേഖകളാണ് പനാമ പേപ്പർ എന്നറിയപ്പെടുന്നത്. ഒരു ഡസനിലധികം ലോക നേതാക്കളും നിരവധി രാഷ്ട്രീയക്കാരും ഓഫ്ഷോർ അക്കൗ ണ്ടുകളിൽ വൻതോതിൽ കള്ളപ്പണം പൂഴ്ത്തിയെന്നാണ് പനാമ രേഖക ളിലൂടെ പുറത്ത് വന്നിരിക്കുന്ന നഗ്നസത്യം .

യുഎസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്റർനാഷണൽ കൺസോർ ഷ്യ ഓഫ് ഇൻവെസ്റ്റിഗേറ്റീവ് ജേർണലിസ്റ്റ്സ് (ഐസിഐജെ) ആണ് പ്രസ്തുത രേഖകളെ പനാമ പേപ്പേർസ് എന്ന് വിളിച്ചിരിക്കുന്നത്. യുഎസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന നോൺ–പ്രോഫിറ്റ് ഗ്രൂപ്പായ ഐസിഐജെ തന്നെയാണീ രേഖകൾ ആദ്യമായി പ്രസിദ്ധീകരിച്ചിരി ക്കുന്നത്. മോസാക്ക് ഫോൻസെകയിൽ നിന്നും ചോർന്ന ഈ രേഖകൾ അജ്ഞാതമായ ഒരു ഉറവിടമാണ് തങ്ങൾക്ക് നൽകിയതെന്നാണ് ഐ സിഐജെ പറയുന്നത്.

ലോകത്തിൽ ഷെൽ കമ്പനികളുടെ ഏറ്റവും വലിയ ക്രിയേറ്റർമാരാണ് മൊസാക്ക് ഫോൻസെക. 12 ലോക നേതാക്കന്മാർ, 128 രാഷ്ട്രീയക്കാർ, പബ്ലിക് ഒഫീഷ്യലുകൾ, ബില്യണയർമാർ, സെലിബ്രിറ്റികൾ, കായിക താരങ്ങൾ എന്നിവർ വിദേശങ്ങളിലെ അക്കൗണ്ടുകളിൽ നികുതി വെട്ടി ച്ച് നടത്തിയ നിക്ഷേപങ്ങളെക്കുറിച്ചാണ് ഈ രേഖകൾ വെളിപ്പെടുത്തി യിരിക്കുന്നത്. 1977 മുതൽ 2015 വരെയുള്ള രേഖകൾ ഇതിലുണ്ടെന്നാ ണ് റിപ്പോർട്ട്. 214,000 ഓഫ്ഷോർ എന്റിറ്റികളും ഇതിൽ ഉൾപ്പെടുന്നു ണ്ട്. ഈ രേഖകൾ ഹാക്കിംഗിലൂടെയാണ് ചോർന്നതെന്നാണ് മൊസാ ക്ക് ഫോൻസെകയുടെ കോഫൗണ്ടറായ രാമൊൻ ഫോൻസെക പറയു ന്നത്. ഇവയിൽ പലതും യഥാർത്ഥമാണെന്നും അദ്ദേഹം സാക്ഷ്യപ്പെടു ത്തുന്നുണ്ട്.

എന്നാൽ തന്റെ സ്ഥാപനം ആരെയെങ്കിലും തെറ്റ് ചെയ്യാൻ പ്രേരിപ്പിച്ചുവെന്നത് അദ്ദേഹം നിഷേധിക്കുന്നുമുണ്ട്. 2.6 ടെറാബൈറ്റ്സ് ഡാറ്റകൾ അഥവാ 600 ഡിവിഡികളിൽ കൊള്ളുന്ന ഡാറ്റകൾ തങ്ങൾക്ക് ഇതിനെ സംബന്ധിച്ച് ലഭിച്ചുവെന്നാണ് ജർമനിയിലെ പത്രമായ സുഡ്യൂറ്റ്സ്ചെ സിടുൻഗ് അവകാശപ്പെടുന്നത്. ഇതുവരെ ജേർണലിസ്റ്റുകൾ കണ്ടെത്തിയതിൽ വച്ച് ഏറ്റവും വലിയ രഹസ്യരേഖകളാണിതെന്നാണ് ജേർണലിസ്റ്റായ ബാസ്റ്റിയാൻ ഒബെർമായർ പറയുന്നത്.

പനാമ പേപ്പറിലൂടെ വെളിപ്പെട്ടിരിക്കുന്ന മറവിൽ നടത്തിയിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ കുറ്റകൃത്യമായി കണക്കാക്കി നേരിട്ട് കേസെടുക്കാവുന്നതല്ല. എന്നാൽ ആഗോള സാമ്പത്തിക വ്യവസ്ഥയിലൂടെ എത്രമാത്രം കള്ളപ്പണം ഒഴുകുന്നുവെന്ന ഞെട്ടിപ്പിക്കുന്ന സത്യമാണ് ഇതിലൂടെ വെളിപ്പെട്ടിരിക്കുന്നതെന്നാണ് ഐസിഐജെ ചൂണ്ടിക്കാട്ടുന്നത്. ഇത് കുറ്റകൃത്യങ്ങളെ ഊട്ടി വളർത്തുകയും രാജ്യങ്ങളുടെ ട്രഷറി വരുമാനവും നികുതി വരുമാനവും കൊള്ളയടിക്കുന്ന പ്രവൃത്തിയുമാണെന്നും ഐസിഐജെ പറയുന്നു. ഓഫ്ഷോർ ഇന്റസ്ട്രികൾ പ്രദാനം ചെയ്യുന്ന മിക്ക സർവീസുകളും നിയമവിരുദ്ധമാണ്. എന്നാൽ ഇപ്പോൾ പനാമ പേപ്പറുകളിലൂടെ വെളിച്ചത്ത് വന്നിരിക്കുന്ന നിക്ഷേപങ്ങളുടെ ഉടമകൾ ക്രിമിനൽ പ്രവർത്തനങ്ങളിലോ, നികുതി വെട്ടിപ്പിലോ, രാഷ്ട്രീയ അഴിമതിയിലോ ഏർപ്പെട്ടവരല്ലെന്ന് തെളിയാത്തതിനാൽ ഇതിനെതിരെ നേരിട്ട് കേസെടുക്കാൻ സാധ്യമല്ല.

ഒരാൾ താമസിക്കുന്ന രാജ്യത്തിന് പുറത്തുള്ള മറ്റൊരു രാജ്യത്ത് അയാൾക്കുള്ള അക്കൌണ്ടുകളാണ് ഓഫ്ഷോർ അക്കൌണ്ടുകൾ. സാധാരണയായി നികുതി കൊടുക്കേണ്ടാത്ത രാജ്യത്തായിരിക്കും ഇവ ഉണ്ടാകുന്നത്. ഇതിലൂടെ അക്കൌണ്ടുടമയ്ക്ക് സാമ്പത്തികമായും നിയമപരമായും നേട്ടങ്ങളേറെയുണ്ട്. ഇത്തരം അക്കൌണ്ടിലുകളിലേക്ക് മാതൃരാജ്യത്തിന്റെ നികുതി വ്യവസ്ഥയുടെയും ബാങ്കിങ് വ്യവസ്ഥയുടേയും കണ്ണ് വെട്ടിച്ച് വൻതോതിൽ പണം നിക്ഷേപിച്ച് നികുതി വെട്ടിപ്പ് നടത്തുകയാണ് ഇത്തരം അക്കൌണ്ടുകളിലുടെ ലക്ഷ്യമിടുന്നത്.വ്യക്തികളും ചിലപ്പോൾ കമ്പനികളും ഷെൽ കമ്പനികളുടെ പേരിൽ ഇത്തരം സാമ്പത്തിക തിരിമറികൾ നടത്തി ടാക്സ് വെട്ടിക്കാറുണ്ട്.

നികുതി വെട്ടിപ്പ് നടത്തി സാമ്പത്തിക ഇടപാടുകൾ നടത്താൻ വേണ്ടി പേരിന് മാത്രം നടത്തുന്ന കമ്പനികളാണ് ഷെൽ കമ്പനികൾ. ഇവയ്ക്ക് വേണ്ടത്ര ആസ്തിയോ അല്ലെങ്കിൽ പ്രവർത്തനങ്ങളോ ഉണ്ടായിരിക്കില്ല. ബെർമുഡയിലെ ചാനൽ ഐസ്ലാൻഡ്സായ പനാമ ഇത്തരം പ്രവർത്തനങ്ങൾക്ക് പേര് കേട്ട സ്ഥലമാണ്. ഇവിടെ നികുതി നിരക്ക് കുറഞ്ഞ ഒരു ഡസനിലധികം സ്ഥലങ്ങളുണ്ട്. വിദേശത്തുള്ള കമ്പനി

കൾക്കായി ബിസിനസ് സർവീസുകളും നിക്ഷേപങ്ങളും നൽകുന്നതിൽ സ്പെഷ്യലൈസ് ചെയ്ത പ്രദേശങ്ങളാണ് പനാമയിലുള്ളത്.

ബിസിനസ് ഫിനാൻസ്, ലയനം, അക്യൂസിഷൻസ്, എസ്റ്റേറ്റ് അല്ലെങ്കിൽ ടാക്സ് പ്ലാനിങ് എന്നിവയ്ക്കായി കമ്പനികളോ അല്ലെങ്കിൽ ട്രസ്റ്റുകളോ ഓഫ്ഷോർ അക്കൌണ്ടുകൾ എടുക്കുന്നതിൽ തെറ്റില്ലെന്നാണ് ഗ്ലോബൽ മണി ലോണ്ടറിങ് നിരീക്ഷണ സമിതിയായ ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് പറയുന്നത്. എന്നാൽ ഇത്തരം അക്കൌണ്ടുകൾ നികുതി വെട്ടിപ്പ്, ക്രിമിനൽ–തീവ്രവാദ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് ദുരുപയോഗിക്കുകയാണെങ്കിൽ അത് നിയമവിരുദ്ധമാണ്.

നികുതി ബാദ്ധ്യതയില്ലാത്ത ചാരിറ്റി പ്രസ്ഥാനമായ അഹ്മദിയ്യാ ജമാത്തിന്റെ തലപ്പത്തിരിക്കുന്നവർക്ക് പനാമയിലെ ഈ കള്ളപ്പണ നിക്ഷേപ സ്ഥാപനത്തിൽ പണം നിക്ഷേപിക്കേണ്ട ആവശ്യമെന്തെന്നും അതിനുള്ള പണം എവിടെ നിന്ന് കിട്ടിയെന്നും വ്യക്തമാക്കേണ്ട ബാദ്ധ്യതയുണ്ട്. ഇത് വെള്ളപ്പണമാണെങ്കിൽ പോലും മറ്റുള്ളവർക്ക് പ്രയോജനപ്പെടാത്ത രീതിയിൽ സംഭരിച്ചുവെക്കുകയെന്നത് ഒരു മുസ്ലിമിന്ചേർന്നതാണോ? ഇത് സ്വർണവും വെള്ളിയും സംഭരിച്ചുവെക്കുന്നതിനു തുല്യമല്ലേ. സാധാരണ മുസ്ലിമിന് ചെയ്യാൻ പാടില്ലാത്ത പ്രവർത്തി ദൈവിക ഖലീഫയാണെന്ന് അവകാശപ്പെടുന്ന ഒരു വ്യക്തിക്ക് എങ്ങനെ ചെയ്യാൻ സാധിക്കും? ഇങ്ങനെയുള്ളവരെക്കുറിച്ച് വിശുദ്ധ ഖുർആൻ എന്താണ് പറയുന്നതെന്ന് നോക്കാം.

يَٰٓأَيُّهَا ٱلَّذِينَ آمَنُوٓاْ إِنَّ كَثِيراً مِّنَ ٱلأَحْبَارِ وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَالَ ٱلنَّاسِ بِٱلْبَاطِلِ وَيَصُدُّونَ عَن سَبِيلِ ٱللَّهِ وَٱلَّذِينَ يَكْنِزُونَ ٱلذَّهَبَ وَٱلْفِضَّةَ وَلاَ يُنفِقُونَهَا فِى سَبِيلِ ٱللَّهِ فَبَشِّرْهُمْ بِعَذَابٍ أَلِيمٍ

يَوْمَ يُحْمَىٰ عَلَيْهَا فِى نَارِ جَهَنَّمَ فَتُكْوَىٰ بِهَا جِبَاهُهُمْ وَجُنوبُهُمْ وَظُهُورُهُمْ هَٰذَا مَا كَنَزْتُمْ لِأَنْفُسِكُمْ فَذُوقُواْ مَا كُنتُمْ تَكْنِزُونَ

സത്യവിശ്വാസികളേ, പണ്ഡിതൻമാരിലും പുരോഹിതൻമാരിലും പെട്ട ധാരാളം പേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും, അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന്(അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും, അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി സന്തോഷവാർത്ത അറിയിക്കുക.

നരകാഗ്നിയിൽ വെച്ച് അവ ചുട്ടുപഴുപ്പിക്കപ്പെടുകയും, എന്നിട്ടത് കൊണ്ട് അവരുടെ നെറ്റികളിലും പാർശ്വങ്ങളിലും മുതുകുകളിലും ചൂടുവെക്കപ്പെടുകയും ചെയ്യുന്ന ദിവസം അവരോട് പറയപ്പെടും: നിങ്ങൾ നിങ്ങൾക്ക് വേണ്ടി തന്നെ നിക്ഷേപിച്ചുവെച്ചതാണിത്. അതിനാൽ നി

ങ്ങൾ നിക്ഷേപിച്ച് വെച്ചിരുന്നത് നിങ്ങള് ആസ്വദിച്ച് കൊള്ളുക. (9:35–36).

അല്ലയോ അഹ്മദികളേ, നിങ്ങളുടെ ഖലീഫ ദൈവികമോ അതോ പൈശാചികമോ? ചിന്തിച്ചു നോക്കുക, വഞ്ചനയിൽനിന്നും രക്ഷ പ്പെടുക. രണ്ടാം ഖിലാഫത്തിന്റെ തുടക്കം തന്നെ വഞ്ചനയിൽ കൂടി യാണെന്ന് മനസ്സിലാക്കുക, രണ്ടാം ഖലീഫയുടെ മുസ്ലിഹ് മഊദ് വാദവും വ്യാജമാണെന്ന് തിരിച്ചറിയുക. അല്ലാഹു നിങ്ങളെ സഹായിക്കുമാറാകട്ടെ, ആമീൻ.

*************

# 21. ഖിലാഫത്ത് ചരിത്രം ഒറ്റ നോട്ടത്തിൽ

ഖിലാഫാത്ത് ചരിത്രം പരിശോധിക്കുകയാണെങ്കിൽ പല കാലഘട്ടങ്ങളിലും ഒന്നിലധികം ഖിലാഫാത്തും ഖലീഫമാരും നിലനിന്നതായി കാണാവുന്നതാണ്. ആദ്യകാല ഇസ്‌ലാമിൽ പ്രധാനമായും നാല് രീതിയിലുള്ള ഖിലാഫത്ത് കാലഘട്ടാമാണ് നിലനിന്നിരുന്നത്.

| പൊതുസ്വീകാര്യതയുള്ള സുന്നീ ഖിലാഫത്തുകൾ | പൊതുസ്വീകാര്യത ലഭിക്കാത്ത സമാന്തര സുന്നീ ഖിലാഫത്തുകൾ |
|---|---|
| 1. ഖിലാഫതുർ റാഷിദ (8 ജൂൺ 632 മുതൽ 29 ജനുവരി 661 വരെ). ആസ്ഥാനം മദീന. | ഈ കാലത്ത് വേറെ സമാന്തര ഖലീഫമാർ ഉണ്ടായിരുന്നില്ല. |
| 2. ഉമയ്യാ ഖിലാഫത്ത് (661 മുതൽ ഓഗസ്ത് 750 വരെ). (ദിമശ്ക്, സിറിയ) | ഹസൻ ബിൻ അലിയുടെ ഖിലാഫത്ത് 661 (6–7 മാസം) (കൂഫ)<br>ഇബ്ൻ അൽ–സുബൈറിന്റെ ഖിലാഫത്ത് (684–692) (മക്ക). |
| 3. അബ്ബാസീ ഖിലാഫത്ത് (750–1258, 1261–1517) (ബാഗ്ദാദ്, ഇറാക്ക്) | 1. കൊർദോബയിലെ ഉമയ്യാ ഖിലാഫത്ത് (929–1031), (സ്പെയിൻ).<br>2. ഫാത്തിമിയ്യാ (ഷിയാ) ഖിലാഫത്ത് (909 – 1171), (ഈജിപ്ത്).<br>3. അൽമൊഹദ് ഖിലാഫത്ത് (1145–1269) ഉത്തരാഫ്രിക്ക, ഇൽബീരിയ.<br>4. കൈറൊ ഖിലാഫത്ത് (13 ജൂൺ 1261 – 22 ജനുവരി 1517), ആചാരപരം. |
| 4. ഒട്ടോമൻ ഖിലാഫത്ത് (1517 മുതൽ മാർച്ച് 3,1924 വരെ.(തുർക്കി) | ഷരീഫീ ഖിലാഫത്ത് (1924), മക്ക |

| മറ്റു ഖിലാഫത്തുകൾ | |
|---|---|
| അഹ്മദിയ്യ മുസ്‌ലിം ഖിലാഫത്ത് (1908 മുതൽ തുടരുന്നു), (ആദ്യം ഖാദിയാൻ, രണ്ടാമതായി റബ്‌വ, മൂന്നാമതായി ലണ്ടൻ). | ഐ.എസ്.ഐ.എസ് തീവ്ര ഖിലാഫത്ത് (2014 മുതൽ തുടരുന്നു), (ഇറാഖ്, സിറിയൻ പ്രദേശങ്ങൾ). |

അഹ്മദിയ്യാ ഗാർഹിക ഖലീഫമാർ അവകാശപ്പെടുന്നതുപോലെ, ആദ്യത്തെ നാലു ഖലീഫമാരോ അല്ലെങ്കിൽ പിന്നീടുള്ളവരോ, തങ്ങൾ ദൈവിക ഖലീഫമാരാണെന്ന് അവകാശപ്പെട്ടിട്ടില്ല. ആദ്യത്തെ നാലു ഖലീഫമാർ പോലും ഖലീഫത്തുൽ റസൂൽ എന്നാണ് പറഞ്ഞു കൊണ്ടിരുന്നത്.

# 21. ഖിലാഫത്ത് ചരിത്രം ഒറ്റ നോട്ടത്തിൽ

നാലാം ഖലീഫയുടെ മരണ ശേഷം മുസ്‌ലിംകളിലെ ഒരു വിഭാഗം ഹസൻ ബിൻ അലിയെയും (അ), മറ്റൊരു വിഭാഗം മുആവിയയെയും ഖലീഫയായിട്ട് അംഗീകരിക്കുകയായിരുന്നു. രണ്ട് വിഭാഗങ്ങളും പട പൊരുതി രക്തച്ചൊരിച്ചൽ നടത്തിയപ്പോൾ ഹസൻ (അ), മുആവിയയുമായി ഒത്തുതീർപ്പിലെത്തി തന്റെ സ്ഥാനം രാജി വെക്കുകയായിരുന്നു. തെരെഞ്ഞെടുക്കപ്പെടുന്ന ഖിലാഫത്ത് ദൈവികമാണെന്നും ആ സ്ഥാനം രാജിവെക്കാൻ പാടില്ലെന്നും ഒരു ഖലീഫ ജീവിച്ചിരിക്കുമ്പോൾ മറ്റൊരാൾക്ക് ഖലീഫയാകാൻ പാടില്ലെന്നും ഒക്കെയുള്ള അഹ്മദിയ്യ വിശ്വാസത്തിനേല്ക്കുന്ന പ്രഹരമാണ് ഹസൻ (അ) ബിൻ അലിയുടെ രാജി. അതുപോലെ ഒരേ സമയത്ത് ഒന്നിലധികം ഖലീഫമാരുണ്ടായിരുന്ന ഇസ്‌ലാമിക ഖിലാഫത്തും.

സുന്നി, ഷിയാ എന്നീ രണ്ടു വിഭാഗങ്ങൾ ഉണ്ടായതിനു ശേഷം, ഷിയാക്കൾ ആദ്യത്തെ മൂന്നു ഖലീഫമാരായ (അബൂബക്കർ (അ), ഉമർ (അ), ഉസ്മാൻ (അ)) എന്നിവരെ ഖലീഫമാരായി അംഗീകരിക്കുന്നില്ല. സുന്നികളും ഷിയാക്കളും രണ്ട് ഖലീഫമാരെ അംഗീകരിക്കുന്നുണ്ട്. അവർ അലി ഇബ്നു അബി താലിബും (അ) ഹസൻ ബിൻ അലിയും (അ) ആകുന്നു അവർ.

എന്നാൽ ഷിയാ വിഭാഗമായ സൈദിയ്യ (Zaidiyyah) അബൂബക്കർ, ഉമർ ഇബ്നു അൽ ഖത്താബ് എന്നീ രണ്ട് ഖലീഫമാരുടെ ഖിലാഫത്ത് അംഗീകരിക്കുന്നവരാണ്.

എനിക്കു ശേഷം പന്ത്രണ്ട് പിൻഗാമികൾ വരുമെന്നും അവരെല്ലാം ഖുറൈഷി ഗോത്രത്തിൽ നിന്ന് ആയിരിക്കുമെന്നും ഉള്ള റസൂൽ (സ) യുടെ ഹദീസ് പ്രകാരം ഷിയാക്കൾ പന്ത്രണ്ട് പ്രധിനിധികളെ (ഇമാമീങ്ങളെ)യാണ് അംഗീകരിക്കുന്നത്.

സുന്നികളിൽ ക്രിസ്താബ്ദം 7 നൂറ്റാണ്ട് മുതൽ 13 നൂറ്റാണ്ടുവരെ മാത്രമെ (മംഗോളികൾ ബാഗ്ദാദ് ആക്രമിച്ചു കീഴടക്കുന്നതുവരെ) സാർവത്രികമായ ഖിലാഫത്ത് നിലനിന്നിരുന്നുള്ളു. ഈ കാലഘട്ടമാണ് ഇസ്‌ലാമിക ഖിലാഫത്തിന്റെ സുവർണ്ണകാലം. 1258–ൽ ബാഗ്ദാദിലെ അവസാന അബ്ബാസീ ഖലീഫയായിരുന്ന അൽ–മുസ്തസിമിന്റെ മരണ ശേഷം, 1517 വരെ (ഏകദേശം 259 വർഷക്കാലം) സാർവത്രികമായ അംഗീകാരമുള്ള ഖിലാഫത്ത് ഉണ്ടായിരുന്നില്ല. 1517–ൽ ഓട്ടോമൻ സുൽത്താനായ സലീം ഒന്നാമൻ മംലൂക്ക് സുൽത്താനായ അൽമുതവക്കിൽ മൂന്നാമനെ തോൽപ്പിച്ചുകൊണ്ട് ഖലീഫയുടെ ശീർഷകനാമം അടിയറ വെപ്പിക്കുകയായിരുന്നു. പിന്നീട്, ഓട്ടോമൻ സുൽത്താന്മാരാണ് ഖലീഫയെന്ന സ്ഥാനപ്പേര് വഹിച്ചുകൊണ്ടിരുന്നത്. 1924–ൽ കമാൽ പാഷ അത്താതുർക്ക് തുർക്കിയിലുള്ള ഒട്ടോമൻ ഖിലാഫത്തിനെ അവ

സ്ഥാപിച്ചതിനു ശേഷം സുന്നി മുസ്‌ലിംകളിൽ സാർവത്രിക രീതിയിലുള്ള ഖലീഫമാരുണ്ടായിട്ടില്ല.

ഖിലാഫത്തിനെ കുറിച്ചുള്ള അഹ്മദിയ്യാ വിശ്വാസങ്ങൾ തെറ്റാണെന്ന് ആദ്യകാല ഖിലാഫത്ത് ചരിത്രം തെളിയിക്കുന്നു. അല്ലാഹു നേരിട്ട് നിയമിക്കുന്ന മുജദ്ദിദുമാരാണ് യഥാർത്ഥത്തിലുള്ള ദൈവിക ഖലീഫമാർ. അല്ലാതെ തെരെഞ്ഞെടുക്കപ്പെടുന്ന ഖലീഫമാരല്ല.

*********

# 22. എല്ലാവരോടും സ്നേഹമെന്ന വഞ്ചന.

ജമാഅത്തിന്റെ വലിയൊരു മുദ്രാവാക്യമായ 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വിദ്വേഷം' എന്നത് ഒരുതരം കാപട്യമാണ്. ജമാഅത്തിന്റെ വാർഷിക സമ്മേളനങ്ങളിൽ ക്ഷണിക്കപ്പെട്ട അതിഥികൾക്ക് മുന്നിൽ വലിയ വലിയ ബാനറുകളിൽ പ്രയോഗവൽക്കരിക്കാത്ത ഈ തത്വം പ്രദർശിപ്പിക്കുന്നതായി കാണാം.

യഥാർത്ഥ ചോദ്യം ഇതാണ്. 'എല്ലാവരോടും സ്നേഹം' എന്നത് നിരുപാധികമാണോ? തീർച്ചയായും അല്ല. എന്നാൽ ഈ മുദ്രാവാക്യത്തിന്റെ ഏറ്റവും കുറഞ്ഞ ആവശ്യകത ജമാഅത്ത് മറ്റുള്ളവരുടെ മതപരമായ കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കി ഏതെങ്കിലും തരത്തിലുള്ള വിവേചനം കാണിക്കുകയ്യില്ല എന്നതാണ്. എന്നാൽ ജമാഅത്ത് ഈ അർഥത്തിൽ പോലും എല്ലാവരോടും സ്നേഹം കാണിക്കുന്നില്ല. എല്ലാവരോടും സ്നേഹം എന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് ഞങ്ങളുടെ നയങ്ങളെ സ്തുതിക്കുന്നവരോട് ഞങ്ങൾക്ക് സ്നേഹവും അല്ലാത്തവരോട് ഞങ്ങൾക്ക് വിദ്വേഷവും ആണെന്നാണ്.

ഉദാഹരണമായി ആരെങ്കിലും ജമാഅത്തിന്റെ നയങ്ങളെ ലേഖനങ്ങൾ വഴിയോ, മാധ്യമങ്ങൾ വഴിയൊ സമാധാനപരമായ രീതിയിൽ വിമർശിച്ചാൽ പോലും, അത്തരം ആൾക്കാരോട് ജമാഅത്ത് ഒരുതരത്തിലുള്ള സഹിഷ്ണുതയും കാണിക്കുകയില്ല. സ്നേഹം പ്രകടിപ്പിക്കുന്നതിനു പകരം വിദ്വേഷം കാണിക്കുവാൻ ആരംഭിക്കും. ജമാഅത്തുമായി വ്യത്യസ്ത വീക്ഷണം വെച്ചു പുലർത്തുന്ന ഇത്തരം ആളുകളെ ഉടനെ ജമാഅത്തിൽനിന്ന് പുറത്താക്കുകയും ചെയ്യും.

അന്യായമായ രീതിയിൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു നേതാവിന് കേവല നീതി നടപ്പാക്കാനും, തന്റെ അനുയായികളോട് നിഷ്കളങ്ക സ്നേഹം കാണിക്കാനും കഴിയില്ലെന്നത് വ്യക്തമാണ്. മുകളിലെ മുദ്രാവാക്യം മനസ്സാക്ഷി പണയം വെച്ചും അഭിപ്രായ സ്വാതന്ത്ര്യം അടിയറ വെച്ചും ആരാണോ കീഴടങ്ങാൻ തയ്യാറാകുന്നത്, അവർക്ക് മാത്രമുള്ളതാണ്. അവരുടെ വരുമാനം ചൂഷണം ചെയ്യുന്നതിനുവേണ്ടി മത്രമാണത്. ഖലീഫയുടെ തെറ്റായ നയങ്ങൾക്കുനേരെ കണ്ണടക്കുന്നവർക്കുള്ളതാണത്.

അതിനാൽ, മുകളിലെ മുദ്രാവാക്യത്തിന്റെ യഥാർത്ഥ അർത്ഥം 'എല്ലാ സ്വഭക്തരോടും സ്നേഹം, എല്ലാ അന്യഭക്തരോടും വിദ്വേഷം' എന്നതാണ് . മറ്റുള്ള എല്ലാ മത സംഘടനകളും കാണിക്കുന്നത് ഈ രീതിയിലുള്ള സ്വഭാവ രീതിയാണ്. ജമാഅത്തിന് പ്രത്യേകമായി ഒന്നും തന്നെ അവകാശപ്പെടാനില്ല. ജമാഅത്തിന്റെ ഇത്തരത്തിലുള്ള പ്രവർത്തന രീതി മറ്റുള്ളവരെ വിഡ്ഢികളാക്കനും അവരുടെ കണ്ണിൽ പൊടിയിടുവാനും മാത്രമുള്ളതാണ്.

*************

# 23. ഈ ചതിപ്രയോഗങ്ങൾ അവസാനിച്ചാലും.

ദൈവത്തിന്റെ നാമത്തിൽ കള്ളം പറയുകയും ബഹുജന വഞ്ചന കാണിക്കുകയും ചെയ്യുന്നവരാണ് ഈ ലോകത്ത് ഏറ്റവും അധികം ശപിക്കപ്പെട്ടവർ. അതാണ് അഹ്മദിയ്യ ഖലീഫമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഞാൻ നിന്നെ ഭൂമിയിൽ ഖലീഫയായി നിയോഗിച്ചിരിക്കുന്നുവെന്ന് അല്ലാഹുവിൽ നിന്ന് വെളിപാടുകൾ ലഭിക്കാത്ത കാലത്തോളം ആർക്കും തന്നെ ഞാൻ ദൈവത്തിന്റെ ഖലീഫയാണെന്ന് അവകാശപ്പെടാനുള്ള അർഹതയില്ല. ഇവരുടെ സ്ഥാനപ്പേരുതന്നെ ഖലീഫത്തുൽ മസീഹ് (മസീഹിന്റെ പ്രതിനിധി) എന്നാണ്. അല്ലാതെ ഖലീഫത്തുല്ലാഹ് (അല്ലാഹുവിൻറെ പ്രതിനിധി) എന്നല്ല, എന്നിട്ടും ഞങ്ങൾ അല്ലാഹുവിന്റെ ഖലീഫയാണെന്ന അവകാശവാദം ഉന്നയിച്ചുകൊണ്ട് ജനങ്ങളെ വഞ്ചിക്കുകയെന്നത് എത്രമാത്രം കുറ്റകരമായ കാര്യമാണെന്ന് ഇവർ ആലോചിക്കുന്നുപോലുമില്ല.

ജമാഅത്തിന്റെ നിഷ്കളങ്കരായ അംഗങ്ങൾ ഖലീഫയുടെ നിർദേശങ്ങൾക്ക് അല്ലാഹുവിന്റെ നിർദ്ദേശങ്ങളെക്കാൾ പരിഗണന നല്കുന്നവരാണ്. അന്ധമായി അവർ ഖലീഫയുടെ നിർദ്ദേശങ്ങളെ പിൻപറ്റുന്നു. ഖലീഫയുടെ നിർദ്ദേശങ്ങൾ വിശുദ്ധ ഖുർആനെതിരായാലും മസീഹ് മഊദിന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാലും ആർക്കും തന്നെ ഒരെതിർപ്പും പ്രകടിപ്പിക്കാൻ സാധിക്കുകയില്ല.

വിശുദ്ധ നബിയുടെ (സ) മരണത്തിനു ശേഷം ഇസ്ലാമിക ഖിലാഫത്ത് ഹദ്രത്ത് അബൂബക്കർ സിദ്ദീഖിന്റെ (റ) ഖിലാഫത്തോടുകൂടി ആരഭിച്ചു. സന്മാർഗചരിതരായ നാലു ഖലീഫമാരിൽ ആദ്യത്തെ ആളായിരുന്നു അദ്ദേഹം. അല്ലാഹുവിനാൽ നിയോഗിതനായ ഒരു പ്രവാചകന്റെ അഭാവത്തിൽ, അദ്ദേഹത്തിന് തന്റെ പരിമിതികൾ എന്തൊക്കെയാണെന്ന് നല്ലവണ്ണം അറിയാമായിരുന്നു. അഹ്മദിയ്യ ഖിലാഫത്തും അവകാശപ്പെടുന്നത് തങ്ങളും ആദ്യകാല ഇസ്ലാമിക ഖിലാഫത്തിന്റെ അതേ പാതയിൽ സ്ഥാപിക്കപ്പെട്ടവരാണെന്നാണ്. എന്നാൽ ഹദ്രത്ത് അബു ബക്കർ സിദ്ദീഖിന്റെ (റ) ഉദ്ഘാടന പ്രസംഗം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

**خطبة أبو بكر الصديق عند توليه الخلافة (11 هجرية)**

تكلّم أَبو بكر رضي الله عنه بعد أن بَايَعَه الناسُ بالخلافة فَحَمِدَ الله وأَثْنَى عليه بالذي هو أَهْلُهُ ثم قال:

أما بعدُ، أَيُّها الناسُ فَإِنِي قد وُلِّيتُ عليكم ولست بخيركم فإِنْ أَحْسَنْتُ فَأَعِينُونِي وإِنْ أَسَأْتُ فَقَوِّمُونِي. الصِدْقُ أمانةٌ والكَذِبُ خِيَانَةٌ . والضعيفُ فيكم قويٌّ عندي حتى أرجعَ إليه حقَّه إن شاء الله، والقويّ فيكم ضعيفٌ عندي حتى آخذَ الحقَّ منه إن شاء الله. لا يَدَعُ قومٌ الجِهادَ في سبيل الله إلا خَذَلَهم اللَّهُ بالذُلِّ ولا تَشِيعُ الفاحشةُ في قومٍ إِلا عَمَّهم اللَّهُ بِالبلاءِ. أَطِيعُونِي ما أَطَعْتُ اللَّهَ ورسولَه فإِذا عَصَيْتَ اللَّهَ ورسولَه فلا طاعةَ لِي عليكم .قُومُوا إِلى صلاتكم يَرْحَمْكُمُ الله (سيرة ابن هشام).

ജനങ്ങളേ, എനിക്ക് നിങ്ങളുടെ മേൽ അധികാരം നൽകപ്പെട്ടിരിക്കയാണ്. എന്നാൽ ഞാൻ നിങ്ങളിൽവെച്ച് ഏറ്റവും മികച്ചവനല്ല. ഞാൻ ശരിയായ നടപടി സ്വീകരിച്ചാൽ നിങ്ങൾ എന്നെ സഹായിക്കുക. ഞാൻ തെറ്റായ നടപടി സ്വീകരിച്ചാൽ നിങ്ങൾ എന്നെ തിരുത്തുക. സത്യസന്ധത ഒരു അമാനത്തും കളവ് പറയൽ ഒരു വഞ്ചനയുമാണ്. നിങ്ങളുടെ കൂട്ടത്തിലുള്ള ദുർബലർ എന്റെ മുമ്പിൽ ശക്തരാണ്. തീർച്ചയായും ഞാൻ അവരുടെ വേദനയും കഷ്ടപ്പാടും നീക്കാൻ ശ്രമിക്കും .നിങ്ങളിലുള്ള ശക്തർ എന്റെ മുമ്പിൽ ദുർബലരാണ്. അല്ലാഹു ഉദ്ദേശി ക്കുന്ന പക്ഷം ഞാൻ അവരിൽ നിന്ന് ബാധ്യതകൾ പൂർണ്ണമായി വസൂലാക്കുന്നതാണ്. അശ്ലീല കാര്യങ്ങൾ ഏതെങ്കിലും സമുദായത്തിൽ വ്യാപിക്കുമ്പോൾ അവരിൽ ദുരന്തങ്ങൾ ഇറങ്ങാൻ തുടങ്ങുന്നതായിരിക്കും .ഞാൻ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുമ്പോൾ നിങ്ങൾ എന്നെ അനുസരിക്കുക. ഞാൻ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുന്നില്ലെങ്കിൽ പിന്നെ എന്നെ അനുസരക്കാൻ നിങ്ങൾ ബാധ്യസ്ഥരല്ല. നമസ്കാരത്തിനുവേണ്ടി തയ്യാറെടുക്കുക. അല്ലാഹു നിങ്ങൾക്ക് നേരെ കരുണ കാണിക്കുന്നതാണ് .

ഹദ്രത്ത് അബു ബക്കർ സിദ്ദീഖ് (റ) പോലും എന്നെ അല്ലാഹുവാണ് ഖലീഫയായി നിയോഗിച്ചിരിക്കുന്നതെന്ന് അവകാശപ്പെട്ടില്ല. അദ്ദേഹം പറഞ്ഞത് എനിക്ക് നിങ്ങളുടെ മേൽ അധികാരം നൽകപ്പെട്ടിരിക്കയാണ്, ഞാൻ നിങ്ങളിൽവെച്ച് ഏറ്റവും മികച്ചവനല്ല. ഞാൻ ശരിയായ നടപടി സ്വീകരിച്ചാൽ നിങ്ങൾ എന്നെ സഹായിക്കുക. ഞാൻ തെറ്റായ നടപടി സ്വീകരിച്ചാൽ നിങ്ങൾ എന്നെ തിരുത്തുക എന്നാണ്. അല്ലാഹു നിയോഗിക്കുന്ന ഖലീഫയെ തിരുത്തേണ്ടത് അല്ലാഹുവാണ്, ജനങ്ങളല്ല.

ഞാൻ അല്ലാഹുവിനെയും അവൻറെ ദൂതനെയും അനുസരിക്കുമ്പോൾ നിങ്ങൾ എന്നെ അനുസരിക്കുക. ഞാൻ അല്ലാഹുവിനെയും അവൻറെ ദൂതനെയും അനുസരിക്കുന്നില്ലെങ്കിൽ പിന്നെ എന്നെ അനുസരിക്കാൻ നിങ്ങൾ ബാധ്യസ്ഥരല്ല എന്നതു കൂടി ശ്രദ്ധിക്കുക. അല്ലാ

ഹു നിയോഗിക്കുന്ന ഖലീഫയെ അനുസരിക്കുകയെന്നത് എല്ലാവരുടെയും ബാധ്യതയാണ്.

അഹ്മദിയ്യ ഖലീഫമാർ ചെയ്യുന്ന ഏറ്റവും വലിയ അനീതി അമീർമാർ അയക്കുന്ന ഏകപക്ഷീയമായ റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ശരിയായ അന്വേഷണം പോലും നടത്താതെ, ഒരു വിശദീകരണത്തിന് പോലും അവസരം നൽകാതെ, തങ്ങളുടെ സമയവും സമ്പത്തും നല്കി ജമാഅത്തിന് സേവനം നൽകിക്കൊണ്ടിരിക്കുന്ന അംഗങ്ങളെ പുറത്താക്കുന്ന നടപടിയാണ്. ഇത് ഒരു തരം പൈശാചിക നടപടിയാണ്. ഇത് അവരുടെ അഭിമാനത്തെ തകർക്കുന്നതിനും, അവരുടെ മാംസം തിന്നുന്നതിനും അവരുടെ രക്തം ഊറ്റിക്കുടിച്ച് അവരുടെ തലയോട്ടി വലിച്ചെറിയുന്നതിനും തുല്യമാണ്. ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർക്ക് കഠിനമായ ശിക്ഷയാണ് വിശുദ്ധ ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നത്:

إِنَّ ٱلَّذِينَ فَتَنُوا۟ ٱلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ثُمَّ لَمْ يَتُوبُوا۟ فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ ٱلْحَرِيقِ

85:11– സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും പീഡിപ്പിക്കുകയും പിന്നീട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവരാരോ അവർക്ക് തീർച്ചയായും നരക ശിക്ഷയും ഹൃദയം എരിയുന്ന ശിക്ഷയും ഉണ്ടായിരിക്കുന്നതാണ്. (വിശുദ്ധ ഖുർആൻ)

ഇത് ഹജ്ജത്തുൽവിദായിൽ നബി (സ) നടത്തിയ അവസാന പ്രഭാഷണത്തിൽ നല്കിയ നിർദ്ദേശങ്ങൾക്ക് എതിരുമാണ്:

'ഈ മാസം പവിത്രമായതുപോലെ ഈ പ്രദേശം അലംഘനീയമായതുപോലെ ഇന്നത്തെ ദിവസം വിശുദ്ധമായതുപോലെ ദൈവം ഓരോ ആളുടെയും ജീവനും സ്വത്തും മാനവും വിശുദ്ധമാക്കി വെച്ചിരിക്കുന്നു. ആരുടെയെങ്കിലും ജീവനോ സ്വത്തോ എടുക്കുകയെന്നതും അല്ലെങ്കിൽ അവന്റെ അഭിമാനത്തിന് ക്ഷതമേല്പിക്കുകയെന്നതും ഈ മാസത്തിന്റെ പവിത്രതയും ഈ പ്രദേശത്തിന്റെ അലംഘനീയതയും ഈ ദിവസത്തിന്റെ വിശുദ്ധതയും ലംഘിക്കുന്നതു പോലെയാണ്. ഞാൻ നിങ്ങൾക്ക് നൽകുന്ന ഈ കല്പന ഇന്നത്തേക്ക് മാത്രമുള്ളതല്ല. ഇത് എല്ലാ കാലത്തേക്കുമുള്ളതാണ്. നിങ്ങൾ ഈ ലോകം വിട്ടു അടുത്ത ലോകത്ത് നിങ്ങളുടെ സ്രഷ്ടാവിനെ കണ്ടുമുട്ടാൻ പോകുന്നതുവരെ നിങ്ങൾ ഇത് ഓർമ്മ വെക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.'

ഏറ്റവും പരിതാപകരമായ കാര്യം ഖിലാഫത്ത് ദൈവികമാണെന്ന് കരുതി ജമാഅത്തിലെ അംഗങ്ങൾ ഖലീഫയുടെ എല്ലാവിധ കൊള്ളരുതായ്മക്കും കൂട്ടു നില്ക്കുന്നു എന്നതാണ്. ഇത് ഒരു തരം അടിമത്ത

മാണ്. ഈ ചതി പ്രയോഗത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹു തന്നെ വേറൊരു രക്ഷാമാർഗ്ഗം ഏർപ്പെടുത്താതെ മറ്റു പോംവഴികളൊന്നുമില്ല. ഏറ്റവും സന്തോഷകരമായ കാര്യം അല്ലാഹു അതിനുള്ള ഏർപ്പാടുകൾ ചെയ്തിരിക്കുന്നുവന്നതാണത്. അതാണ് ജമാഅത്ത് അഹ്മദിയ്യാ ഇസ്‌ലാഹ് പസന്ദ് (നവീകരണ പിയം). ഈ ജമാഅത്തിൽകൂടിയായി രിക്കും അഹ്മദിയ്യാ ഖിലാഫത്തിന്റെ വഞ്ചനകളിൽനിന്ന് മോചനം ലഭിക്കുക. അല്ലാഹു അത് വേഗത്തിൽ തന്നെ നടപ്പിൽവരുത്തട്ടെ എന്ന് ദുആ ചെയ്യുന്നു.

********

## 24. ഇസ്‌ലാമിൽ കക്ഷി പിരിയൽ നിഷിദ്ധം.

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

إِنَّ ٱلَّذِينَ فَرَّقُواْ دِينَهُمْ وَكَانُواْ شِيَعاً لَّسْتَ مِنْهُمْ فِى شَيْءٍ إِنَّمَآ أَمْرُهُمْ إِلَى ٱللَّهِ ثُمَّ يُنَبِّئُهُم بِمَا كَانُواْ يَفْعَلُونَ

തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും, കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി നിനക്ക് യാതൊരു ബന്ധവുമില്ല. അവരുടെ കാര്യം അല്ലാഹുവിലേക്ക് തന്നെയാണ് (മടക്കപ്പെടുന്നത്). അവർ ചെയ്തു കൊണ്ടിരുന്നതിനെപ്പറ്റി അവൻ അവരെ അറിയിച്ച് കൊള്ളും. (6:160)

എന്താണ് ഈ കക്ഷിയായിത്തീരൽ? ഒരു മുസ്‌ലിം മറ്റൊരുമുസ്‌ലിമിനെ മതപരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ കാഫിറാക്കുകയും അവരുമായി അകന്നു നില്ക്കുകയും, അവരുമായുള്ള വിവാഹം വിരോധിക്കുകയും അവരുടെ ജനാസ നമസ്ക്കരിക്കുന്നതു വിലക്കുകയും, അഹമ്മദിയ്യത്ത് സ്വീകരിച്ചുകൊണ്ട് ജമാഅത്തിലേക്ക് വരുന്നവരുടെ മാതാപാതാക്കൾ മരണപ്പെട്ടാൽ അവരുടെ ജനാസ നമസ്ക്കരിക്കുന്നത് വിരോധിക്കുകയും ഒക്കെ ചെയ്തുകൊണ്ട് മറ്റു മുസ്‌ലിംകളിൽനിന്ന് വേർപ്പെട്ടുകൊണ്ട് ഒരു സമുദായമായി നിലകൊള്ളുകയെന്നതാണത്.

ഈ ഹീന പ്രവ്റ്ത്തിയാണ് രണ്ടാം ഖലീഫ ചെയ്തിരിക്കുന്നത്. മുകളിൽ വിവരിച്ച എല്ലാവിധ അനിസ്‌ലാമിക പ്രവർത്തനങ്ങളും അദ്ദേഹമാണ് ജമാഅത്തിൽ നടപ്പാക്കിയിരിക്കുന്നത്. ഇതെല്ലാം തന്നെ വിശുദ്ധ ഖുർആന്റെയും റസൂൽ (സ) യുടെയും മസീഹ് മഊദഇന്റെയും (അ) അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമായതാണ്.

അല്ലാഹു വിശുദ്ധ ഖുർആനിൽ ഒരു ദുആ പഠിപ്പിക്കുന്നുണ്ട്. അത് ഇതാണ്:

رَبَّنَا ٱغْفِرْ لَنَا وَلإِخْوَانِنَا ٱلَّذِينَ سَبَقُونَا بِٱلإِيمَانِ وَلاَ تَجْعَلْ فِى قُلُوبِنَا غِلاًّ لِّلَّذِينَ آمَنُواْ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ

ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്കും സത്യവിശ്വാസത്തിൽ ഞങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയിട്ടുള്ള ഞങ്ങളുടെ സഹോദരന്മാർക്കും നീ പൊറുത്തുതരേണമേ, സത്യവിശ്വാസം സ്വീകരിച്ചവരോട് ഞങ്ങളുടെ മനസ്സിൽ നീ ഒരു വിദ്വേഷവും ഉണ്ടാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ,

തീർച്ചയായും നീ ഏറെ ദയയുള്ളവനും കരുണാനിധിയുമാകുന്നു. (29:11).

ഈ ദുആ അനുസരിച്ച് സത്യവിശ്വാസത്തിൽ മുൻ കടന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയെന്നതും അവരുടെ നേരെ മനസ്സിൽ വിദ്വേഷം വെച്ചു പുലർത്താതിരിക്കുകയെന്നതും ഓരോ വിശ്വാസിയുടെയും കടമയാകുന്നു.

ആരാണ് മുസ്‌ലിമെന്നും, ഒരു മുസ്‌ലിമിന്റെ അവകാശങ്ങൾ എന്തൊക്കെയാണെന്നും, ആർക്കാണ് ഒരാളെ കാഫിറെന്ന് വിളിക്കാനുള്ള അവകാശമുള്ളതെന്നും ഒക്കെയുള്ള കാര്യങ്ങൾ ഇതിനുമുമ്പ് വിവരിച്ചതാണ്. എന്നാലും ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്:

حَدَّثَنَا عَمْرُو بْنُ عَبَّاسٍ، قَالَ حَدَّثَنَا ابْنُ الْمَهْدِيِّ، قَالَ حَدَّثَنَا مَنْصُورُ بْنُ سَعْدٍ، عَنْ مَيْمُونِ بْنِ سِيَاهٍ، عَنْ أَنَسِ بْنِ مَالِكٍ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم " مَنْ صَلَّى صَلاَتَنَا، وَاسْتَقْبَلَ قِبْلَتَنَا، وَأَكَلَ ذَبِيحَتَنَا، فَذَلِكَ الْمُسْلِمُ الَّذِي لَهُ ذِمَّةُ اللَّهِ وَذِمَّةُ رَسُولِهِ، فَلاَ تُخْفِرُوا اللَّهَ فِي ذِمَّتِهِ "

അനസ് ബിൻ മാലിക് നിവേദനം ചെയ്യുന്നു:

നബി (സ) പറഞ്ഞു: നാം പ്രാർഥിക്കുന്നതുപോലെ പ്രാർഥിക്കുകയും നമ്മുടെ ഖിബ്‌ലയെ ഖിബ്‌ലയാക്കുകയും നാം അറുത്തത് ഭക്ഷിക്കുകയും ചെയ്യുന്നവരെല്ലാം അല്ലാഹുവും അവൻറെ പ്രവാചകനും ഉത്തരവാദിത്വമേറ്റടുത്ത മുസ്‌ലിംകളാണ്. അതിനാൽ അല്ലാഹു ഏറ്റെടുത്ത ഉത്തരവാദിത്വം നിങ്ങൾ ലംഘിക്കാതിരിക്കുക. (ബുഖാരി).

മസീഹ് മഊദ് (അ) പറയുന്നു:

یہ نکتہ یاد رکھنے کے لائق ہے کہ اپنے دعوے کے انکار کرنے والے کو کافر کہنا یہ صرف ان نبیوں کی شان ہے جو خدا تعالیٰ کی طرف سے شریعت اور احکام جدیدہ لاتے ہیں۔لیکن صاحب الشریعت کے ماسوا جس قدر ملہم اور محدث ہیں گو وہ کیسی ہی جناب الٰہی میں اعلیٰ شان رکھتے ہیں اور خلعتِ مکالمہ الہیہ سے سرفراز ہوں ان کے انکار سے کوئی کافر نہیں بن جاتا۔

ഓർക്കേണ്ട ഒരു കാര്യം, നിഷേധിയായ ഒരാളെ കാഫിറെന്ന് വിളിക്കാനുള്ള അധികാരം ശരീഅത്ത് കൊണ്ടുവരികയും അല്ലാഹുവിൽനിന്ന് പുതിയ കല്പനകൾ കൊണ്ടുവരികയും ചെയ്യുന്നവരുടെ പ്രത്യേകാധികാരമാണെന്നാണ്. എന്നാൽ ശരീഅത്തുമായി വരാത്ത മറ്റുള്ള മുൽഹംമാരും മുഹദ്ദസുമാരും, അവരുടെ പദവി എത്ര തന്നെ അല്ലാഹുവിന്റെ

യടുക്കൽ ഉന്നതമായിരുന്നാലും, അവരുടെ വെളിപാടുകൾ എത്രമാത്രം ഉയർന്ന നിലയി ലുള്ളതായിരുന്നാലും, അവരെ നിഷേധിക്കുന്നതു കൊണ്ട് ആരും തന്നെ കാഫിറായിത്തീരുന്നില്ല. (Tiryaq-ul-Qulub, October 1902, p. 130, footnote)

മസീഹ് മഊദിന് (അ) ലഭിക്കാത്ത ഈ അധികാരം രണ്ടാം ഖലീഫയ്ക്ക് ആരു കൊടുത്തു? രണ്ടാം ഖലീഫ ശരീഅത്തും കൊണ്ട് വന്ന പ്രവാചകനായി മാറിയോ?

മതപരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനെ കാഫിറാക്കുമ്പോൾ റസൂൽ (സ) യുടെ ഹദീസ് പ്രകാരം അയാൾ സ്വയം കാഫിറായിത്തീരുകയാണ് ചെയ്യുന്നത്. അപ്പോൾ രണ്ടാം ഖലീഫയുടെയും അദ്ദേഹത്തെ പിൻതുടരുന്ന മറ്റുള്ളവരുടെയും അവസ്ഥ എന്തായിരിക്കും? ആലോചിച്ചു നോക്കുക.

********

# 25. അഹ്മദിയ്യ ഖലീഫ അമേരിക്കൻ പ്രസിഡണ്ടിനേക്കാൾ വലിയ ഏകാധിപതി.

അമേരിക്കൻ പ്രസിഡണ്ടിന്റെ ഉത്തരവു പോലും കോടതിയിൽ ചോദ്യം ചെയ്തുകൊണ്ട് ന്യായവിധി തേടാൻ സാധിക്കുമ്പോൾ അഹ്മദിയ്യാ ഖിലാഫത്തിൽ അങ്ങനെയുള്ള യാതൊരു സംവിധാനവുമില്ല എന്നത് എത്ര മാത്രം ലജ്ജാവഹമാണ്? അല്ലയോ അഹ്മദികളേ നിങ്ങൾ ലജ്ജിച്ചുകൊണ്ട് തല താഴ്ത്തുക. ഇങ്ങനെയുള്ള ഒരു ഖലീഫ എങ്ങനെ ഇസ്‌ലാമിക ഖലീഫയാകും? ഈ നിങ്ങളാണോ ഇസ്‌ലാമിനെ ലോകത്ത് മുഴുവനും വിജയിപ്പിക്കാൻ പോകുന്നത്? പോപ്പിസത്തെ ഇഞ്ചിഞ്ചായി പിന്തുടരുന്ന നിങ്ങൾക്ക് ലോകത്ത് എവിടെയെങ്കിലും അധികാരം കിട്ടുകയാണെങ്കിൽ മുസ്‌ലിം തീവ്രവാദികളേക്കാൾ വലിയ അക്രമമായിരിക്കുകയില്ലേ നിങ്ങൾ അഴിച്ചു വിടുക? ഇസ്‌ലാമിക ഖിലാഫത്തിന്റെ പ്രഥമ ധർമ്മം എന്താണെന്ന് നിങ്ങൾക്ക് അറിയില്ലെങ്കിൽ വിശുദ്ധ ഖുർആൻ വായിച്ചു മനസ്സിലാക്കുക:

يَٰدَاوُۥدُ إِنَّا جَعَلْنَٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ ٱللَّهِ إِنَّ ٱلَّذِينَ يَضِلُّونَ عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌۢ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ

ഓ ദാവൂദ്, നാം താങ്കളെ ഭൂമിയിൽ ഒരു ഖലീഫയാക്കിയിരിക്കുന്നു. അതിനാൽ താങ്കൾ ജനങ്ങൾക്കിടയിൽ നീതിയോടുകൂടി വിധി കല്പിക്കുക. സ്വാർത്ഥ താല്പര്യങ്ങളെ പിന്തുടരുത്. അത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്നും താങ്കളെ വ്യതിചലിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽനിന്ന് വ്യതി ചലിച്ചവർക്ക് കഠിനമായ ശിക്ഷയുണ്ടായിരിക്കുന്നതാണ്. അവർ വിചാരണ നാളിനെ വിസ്മരിച്ചതു കാരണമായി. (വിശുദ്ധ ഖുർആൻ 38:27)

സമ്പൂർണ്ണ നീതി വ്യവസ്ഥ നടപ്പാക്കാത്ത ഖലീഫക്ക് കഠിനമായ ദൈവിക ശിക്ഷ ലഭിക്കുമെന്നല്ലേ വിശുദ്ധ ഖുർആൻ മുന്നറിയിപ്പ് നൽകുന്നത്. ഇങ്ങനെയുള്ള വ്യക്തികളെയാണോ ദൈവിക ഖലീഫയെന്നും പറഞ്ഞുകൊണ്ട് നിങ്ങൾ മറ്റുള്ളവരെ വഞ്ചിഞ്ചുകൊണ്ടിരിക്കുന്നത്. ഈ വഞ്ചന അവസാനിപ്പിക്കേണ്ട സമയമായിരിക്കുന്നു.

**********

# 26. ലേഖ്റാമിന്റെ കൂട്ടാളികൾ!

യുക്തിവാദികളുമായുള്ള ഒരു സംവാദത്തിൽ അവരുടെ ഒരു നേതാവ് ഒരു കഷണം കടലാസ്സെടുക്കുകയും അത് കീറിക്കൊണ്ട് നിങ്ങളുടെ സർവ്വ വ്യാപിയായ ദൈവത്തെ ഞാനിതാ രണ്ടു തുണ്ടമാക്കിയിരിക്കുന്നു എന്നവകാശപ്പെടുകയും ചെയ്തപ്പോൾ അതിനു മറുപടിയെന്നോണം ഇ. താഹിർ സാഹിബ് ദൈവം സർവ്വ വ്യാപിയല്ലെന്ന് പറഞ്ഞുകൊണ്ട് ആ വാദത്തെ ഖണ്ഡിക്കുകയുണ്ടായി. എന്നാൽ ജമാത്തിലെ അജ്ഞരായ ആളുകൾ താഹിർ സാഹിബിനെ പ്രതിയാക്കിക്കൊണ്ട് ഇത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസത്തിനെതിരാണെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തിനെതിരെ നടപടിയെടുക്കാൻ അഹ്മദിയ്യാ ഖലീഫയെ പ്രേരിപ്പിക്കുകയും അങ്ങനെ അദ്ദേഹത്തെ ജമാഅത്തിൽനിന്ന് ഖലീഫ പുറത്താക്കുകയും ചെയ്തു. ഇത് അഹ്മദിയ്യാ മൗലവിമാരുടെയും ഭാരവാഹികളുടെയും അജ്ഞതയും അതുപോലെ ഖലീഫയുടെ വിവരമില്ലായ്മ പ്രകടമാക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരപരാധികളെ ക്രൂശിക്കുകയെന്നത് ഖാദിയാനി ജമാഅത്തിന്റെ ഒരു സ്ഥിരം ഏർപ്പാടായി മാറിയിരിക്കുകയാണ്.

ഹിന്ദുക്കളുടെ അടിസ്ഥാന വിശ്വാസമാണ് അദ്വൈത സിദ്ധാന്തം. അദ്വൈതം എന്നാൽ രണ്ട് അല്ല, ഒന്നാണ് എന്നാണ്. അതായത് ദൈവം അവന്റെ സൃഷ്ടികളിൽനിന്നും ഈ പ്രപഞ്ചത്തിൽനിന്നും വേർപെട്ടവനല്ല, എല്ലാറ്റിലും വ്യാപച്ചിരിക്കുന്നവനാണ് എന്നതാണ് ഈ സിദ്ധാന്തത്തിന്റെ കാതലായ വശം. ദൈവവും ഈ പ്രപഞ്ചവും രണ്ടായി വേർപെട്ടു നിൽക്കുന്നതല്ല, ഒന്നു തന്നെയാണെന്ന് ഈ വിശ്വാസം പഠിപ്പിക്കുന്നു.

അതിനാൽ തൂണിലും തുരുമ്പിലും കല്ലിലും മുള്ളിലും അഗ്നിയിലും സർപ്പത്തിലും ലിംഗത്തിലും ഒക്കെ ദൈവം ഇരിക്കുന്നു. ഹിന്ദുക്കൾ വിഗ്രഹത്തെ ആരാധിക്കുമ്പോൾ, അവർ ആ കല്ലിനെയല്ല ആരാധിക്കുന്നത്, അതിനകത്ത് കുടികൊള്ളുന്ന ദൈവത്തെയാണ് ആരാധിക്കുന്നതെന്ന് അവർ പ്രഖ്യാപിക്കുന്നു.

ഈ വിശ്വാസപ്രകാരം കല്ലിലും മുള്ളിലും മാത്രമല്ല എല്ലാ വിസർജനത്തിലും മലിന വസ്തുക്കളിലും വിസർജന സ്ഥലങ്ങളിലും ഒക്കെ ദൈവമുണ്ടെന്ന് പറയേണ്ടി വരും. ഇതെല്ലാം തന്നെ അല്ലാഹുവിന്റെ പരിശുദ്ധിക്ക് ചേർന്നതല്ല.

ഈ വിശ്വാസത്തിനെതിരെ പോരാടിയ ഹസ്രത്ത് അഹ്മദിന്റെ (അ) അനുയായികളാണ് ഇത്രമാത്രം അധ:പതിച്ചിരിക്കുന്നതെന്ന് അറിയുമ്പോൾ അവരിൽ സംഭവിച്ചിരിക്കുന്ന ജീർണ്ണതയുടെ ആഴമാണ് അത് പ്രകടമാക്കുന്നത്.

ഇസ്ലാമിലെ യഥാർഥ വിശ്വാസമെന്തെന്ന് അറിയുവാൻ ലേഖ്റാമുമായുള്ള മുബാഹല എന്തിനുവേണ്ടിയായിരുന്നുവെന്ന് മനസ്സിലാക്കിയാൽ മതിയാകുന്നതാണ്. അതിന്റെ സംഗ്രഹം ഇപ്രകാരമാണ്.

പണ്ഡിറ്റ് താരാ സിംഗ് ശർമ്മ സാഹിബിന്റെ മകനും ബറാഹിനെ അഹ്മദിയ്യ എന്ന ഖണ്ഡന കൃതിയുടെയും ഈ ലേഖനത്തിന്റെയും കർത്താവും ആയ നിയാസ് ഇൽതിയാം ലേഖ്റാം എന്ന ഞാൻ സുബോധത്തോടും വ്യക്തമായ ധാരണയോടും കൂടി പറയുന്നു... സൃഷ്ടിയുടെ ആരംഭത്തിൽ മനുഷ്യസൃഷ്ടി തുടങ്ങുമ്പോൾ ശ്രീ അഗ്നി, ശ്രീ വായു, ശ്രീ ആദത്ത്, ശ്രീ അങ്കരജീവ് എന്നീ നാല് ഋഷിമാരുടെ ആത്മാക്കളിൽ വേദം വെളിപാടായി അറിയിച്ചു. എന്നാൽ ജിബ്രീലോ അല്ലെങ്കിൽ ഏതെങ്കിലും പോസ്റ്റ്മാൻ വഴിയൊ അല്ല. ദൈവം സ്വയം തന്നെ നല്കിയതാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവം ആകാശത്തിലോ അർശിലോ അല്ല. പക്ഷേ സർവ്വവ്യാപിയാകുന്നു...എന്റെ എതിർകക്ഷിയായ മിർസാ ഗുലാം അഹ്മദ് ഖുർആനിനെ ദൈവവചനമായി മനസ്സിലാക്കുകയും അതിലെ എല്ലാ അദ്ധ്യാപനങ്ങളും ശരിയാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. ഞാൻ ഏതുപോലെ ഖുർആനും മറ്റു ഗ്രന്ഥങ്ങളും വായിച്ചിട്ട് തെറ്റാണെന്ന് മനസ്സിലാക്കുന്നുവോ അതേരീതിയിൽ അദ്ദേഹം സംസ്കൃതവും നാഗരി ലിപിയും അറിയാത്ത വ്യക്തിയും വേദങ്ങളെ പഠിക്കാതെയും നോക്കാതെയും തെറ്റാണെന്ന് മനസ്സിലാക്കുന്നു. അല്ലയോ പരമേശ്വരാ ഞങ്ങൾ രണ്ട് വിഭാഗങ്ങളുടെയും ഇടയിൽ നീ സത്യമായ വിധി കല്പിച്ചാലും. എന്തുകൊണ്ടെന്നാൽ കള്ളവാൻ സത്യവാനെപ്പോലെ നിന്റെ സന്നിധിയിൽ ബഹുമാന്യനായിരിക്കുന്നതല്ല.... (Chashma-e-Ma'rifat Page 173-184)

ഈ മുബാഹലയുടെ പരിണിതഫലമായി, മാർച്ച് 6, 1897 ശനിയാഴ്ച 4 മണിക്ക് ലേഖ്റാം ഒരു അജ്ഞാതനാൽ വധിക്കപ്പെടുകയുണ്ടായി.

ഈ മുബാഹല തെളിയിച്ച കാതലായ വശം ദൈവം സർവ്വവ്യാപിയാണെന്ന ലേഖ്റാമിന്റെ വിശ്വാസത്തിനെതിരെയുള്ള വിധിതീർപ്പ് കൂടിയാണ് അത് എന്നതാണ്.

ഹസ്രത്ത് അഹ്മദ് (അ) വേറൊരു സ്ഥലത്ത് എഴുതുകയാണ്:

إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَمَاوَاتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ

തീർച്ചയായും നിങ്ങളുടെ രക്ഷിതാവ് ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവനായ അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനത്തിലാവിഷ്ടനായി. (7:55)

അവൻ ഈ ലോകത്തിലെ സകല ആകാശഗോളങ്ങളും ഭൂമിയും ആറു ദിവസത്തിനുള്ളിൽ (ആറു ദിവസമെന്നത് ഒരു ദീർഘ കാലയളവാണ്) ഉണ്ടാക്കിയ ശേഷം അർശിൽ ഉപവിഷ്ടനായി. അതായത് അത്യുന്നതമായ സ്ഥാനത്ത് ആസ്ഥനത്തനായി. ഇസ്തിവാ എന്ന പദത്തിനു ശേഷം അലാ എന്ന പ്രത്യയം ഒരു വസ്തു അതിനനുയോജ്യമായ സ്ഥാനം സ്വീകരിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്. ഖുർആൻ ശരീഫിൽ ഇങ്ങനെയും ഒരു സൂക്തമുണ്ട്:

وَٱسْتَوَتْ عَلَى ٱلْجُودِىِّ 11:45 ജൂദിപർവ്വതത്തിന്മേൽ പേടകം ചെന്നുനിന്നു.

അതായത് നൂഹിന്റെ പേടകം വെള്ളപ്പൊക്കത്തിനു ശേഷം അതിനനുയോജ്യ മായൊരു സ്ഥലത്ത് നിലയുറപ്പിച്ചു. ഭൂമിയിലേക്ക് എളുപ്പം ഇറങ്ങുന്നതിനനു യോജ്യമായ സ്ഥലത്ത്. ഇതേ രീതിയിൽ അല്ലാഹു തആലക്കും ഇസ്തിവാ എന്ന പദം ഉപയോഗിച്ചിരിക്കുന്നു. അതായത് അല്ലാഹു തആല സൃഷ്ടി ജാലങ്ങൾക്ക് അപ്പുറത്തിനത്തപ്പുറമുള്ള ഒരു സ്ഥാനത്ത് നിലയുറപ്പിച്ചിരിക്കുന്നു. ആ സ്ഥാനം അല്ലാഹുവിന്റെ ഔന്നത്യത്തിനും പരിശുദ്ധിക്കും അനുയോജ്യമായ സ്ഥാനമാകുന്നു. എന്തുകൊണ്ടെന്നാൽ ഔന്നത്യത്തിന്റെയും പരിശുദ്ധിയുടെയും സ്ഥാനം അല്ലാഹുവിനുവേണ്ടിയുള്ള ഒരു മരണത്തെ ആഗ്രഹിക്കുന്നു. അല്ലാഹു ചിലയവസരങ്ങളിൽ താൻ സ്രഷ്ടാവെന്ന അവന്റെ ഗുണ മഹാത്മ്യമനുസരിച്ച് അവൻ സൃഷ്ടികളെ സൃഷ്ടിക്കുന്നു. മറ്റെരവസരത്തിൽ അവന്റെ ഔന്നത്യവും ഏകത്വവും ദ്യോതിപ്പിക്കുന്ന രീതിയിൽ അവൻ അതിന്റെ അസ്ഥിത്വം തന്നെ ഇല്ലാതാക്കിത്തീർക്കുന്നു. അർശിൽ ഉപവിഷ്ടനായി എന്നത് അവന്റെ മഹോന്നതമായ സ്ഥാനത്തെയാണ് സൂചിപ്പിക്കുന്നത്. ഇങ്ങനെ അല്ലായിരിന്നുവെങ്കിൽ ദൈവവും സൃഷ്ടികളും ഒന്നിച്ചു കൂടിക്കലർന്നതായി സങ്കല്പിച്ചു പോകുമായിരുന്നു.

എന്നാൽ അർശിൽ അഥവാ സൃഷിടികൾക്കപ്പുറത്തിനപ്പുറമുള്ള സ്ഥാനത്ത് അല്ലാഹു ബന്ധിതനായ നിലയിലാണ് അല്ലെങ്കിൽ പരിമിതനായ നിലയിലാണ് ഉള്ളതെന്ന് എവിടെയാണ് പറഞ്ഞിരിക്കുന്നത്?

ഖുർആൻ ശരീഫിൽ എല്ലായിടത്തും അല്ലാഹു സർവ്വ സ്ഥലത്തും സാന്നിദ്ധ്യമുള്ളവനാണെന്നാണ് പറഞ്ഞിരിക്കുന്നത്.

وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ 57:5 നിങ്ങൾഎവിടെയായിരുന്നാലും അവൻ നിങ്ങളുടെ കൂടെയുണ്ട്.

ഇതുപോലെ വേറൊരിടത്ത് പറയുകയാണ്:

هُوَ ٱلْأَوَّلُ وَٱلْآخِرُ وَٱلظَّاهِرُ وَٱلْبَاطِنُ 57:4 അവൻ ആദ്യനും അന്ത്യനും പ്രത്യക്ഷനും പരോക്ഷനുമാണ്.

വീണ്ടും പറയുന്നു: ٱللَّهُ نُورُ ٱلسَّمَاوَاتِ وَٱلْأَرْضِ

24:36 അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു.

അവന്റെ പ്രകാശം എല്ലാ വസ്തുക്കളിലുമുണ്ട്. അത് ആകാശത്തിലായാലും ഭൂമിയിലായാലും.

വേറൊരിടത്ത് പറയുന്നു: وَكَانَ ٱللَّهُ بِكُلِّ شَيْءٍ مُّحِيطاً

4:127 അല്ലാഹു എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു.

وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ ٱلْوَرِيدِ 50:17 നാം ( അവന്റെ ) കണ്ഠനാഡിയെക്കാൾ അവനോട്അടുത്തവനാകുന്നു.

ٱللَّهُ لاَ إِلَٰهَ إِلاَّ هُوَ ٱلْحَيُّ ٱلْقَيُّومُ 2:256 അല്ലാഹു – അവനല്ലാതെ ഒരു ആരാധ്യനില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. സ്വയം നിലനിൽക്കുന്നവൻ.

ഇതിൽനിന്നും വ്യക്തമാകുന്നത്, ജീവിച്ചിരിക്കുന്ന ഓരോ വ്യക്തിയും അവനിൽനിന്ന് ജീവൻ ലഭിച്ചത് മൂലമാണ് ജീവിച്ചിരിക്കുന്നാതെന്നാണ്. ആകാശത്തിലും ഭൂമിയിലും ഉള്ള ഓരോ വസ്തുവും നിലനില്ക്കുന്നത് അവനാൽ നിലനില്ക്കുന്നതുകൊണ്ടാണ്.

വീണ്ടും പറയുന്നു:

مَا يَكُونُ مِن نَّجْوَىٰ ثَلاَثَةٍ إِلاَّ هُوَ رَابِعُهُمْ وَلاَ خَمْسَةٍ إِلاَّ هُوَ سَادِسُهُمْ 58:8 മൂന്നു പേർ തമ്മിലുള്ള രഹസ്യസംഭാഷണത്തിൽ അവൻ നാലാമനായിട്ടുണ്ടാകും. അഞ്ചു പേർതമ്മിലുള്ള രഹസ്യസംഭാഷണത്തിൽ അവൻ ആറാമനായിട്ടുണ്ടാകും.

ഇതുപോലെയുള്ള ധാരാളം സൂക്തങ്ങളുണ്ട്. അങ്ങനെ ആവർത്തിച്ചാവർത്തിച്ച് അവൻ എല്ലായിടത്തും സാന്നിദ്ധ്യമുള്ളവനാണെന്നാണ് പറ

എത്രത്തോളമെന്നാൽ അവനെ എല്ലാറ്റിന്റെയും ജീവന്റെ ജീവനാകുന്നു. നാം ഇതിനു മുമ്പു പറഞ്ഞതുപോലെ അല്ലാഹു അവനെക്കുറിച്ചുള്ള ജ്ഞാനം ഇത്രയും പറഞ്ഞവസാനിപ്പിക്കുകയും

അങ്ങനെ ദൈവം സൃഷ്ടികളിൽ നിന്ന് വേർപ്പെട്ടവനല്ലെന്ന് വരികയും ചെയ്താൽ ഹിന്ദുക്കളിലെന്ന പോലെ മുസ്ലിംകളിലും സൃഷ്ടിപൂജ ആരംഭിക്കുമായിരുന്നു. അപ്പോൾ ദൈവത്തിന്റെയും സൃഷ്ടികളുടെയും ഇടയിൽ പ്രത്യേകമായ ഗുണങ്ങളൊന്നും അവശേഷിക്കുമായിരുന്നില്ല. ഇങ്ങനെയുള്ള കാരണങ്ങൾ കൊണ്ടാണ് അവസാനം വേദങ്ങളുടെ അദ്ധ്യാപന പ്രകാരം സൃഷ്ടിപൂജ ആരംഭിച്ചത്.

വേദങ്ങളിൽ എല്ലായിടത്തും അഗ്നി, വായു, സൂര്യൻ, ചന്ദ്രൻ എന്നിവയെ ആരാധ്യ വസ്തുക്കാളായി ചിത്രീകരിച്ചു. അങ്ങനെ ജനങ്ങൾ അവസാനം അവയെ ദൈവമായിത്തന്നെ മനസ്സിലാക്കുകയും അഗ്നി മുതലായവയെ ദൈവത്തിന്റെ നാമങ്ങളായി സങ്കല്പിക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ ഈ മഹോന്നത ഗുണമഹാത്മ്യത്തെ, അതായത് അവൻ സൃഷ്ടികൾക്കപ്പുറത്തിനപ്പുറമുള്ള ഉന്നതവും വേർപ്പെട്ടതുമായ സ്ഥാനത്താണുള്ളതെന്ന കാര്യം വേദങ്ങളിൽ എവിടെയും പ്രതിപാദിച്ചില്ല. വേദങ്ങൾ ഓരോ വാക്കിലും സൃഷ്ടിപൂജയിലേക്ക് വലിച്ചുകൊണ്ടു പോകുകയും ദൈവത്തെ പരിമിതനാക്കുകയും ചെയ്തു കൊണ്ടേയിരുന്നു. യജുർവേദം അദ്ധ്യായം 31 മന്ത്രം 19-ൽ പറയുന്നു: പരമേശ്വരൻ ഗർഭത്തിനകത്ത് സ്ഥിതിചെയ്യുന്നു. അങ്ങനെ ശിശുവായി ജനിച്ച് പലരൂപത്തിലും ഭാവത്തിലുമായിത്തീരുന്നു. പാണ്ഡിത്യമുള്ളവർ ഗർഭപാത്രത്തിലുള്ള പരമേശ്വരനെ എല്ലാ കോണുകളിലൂടെയും കാണുന്നു.

അപ്പോൾ നോക്കുക, വേദങ്ങൾ ദൈവത്തെ എങ്ങനെയാണ് പരിമിതനാക്കിയിരിക്കുന്നതെന്ന്? പരിമിതമായ എല്ലാ വസ്തുക്കളുടെയും പേരുകൾ അവന് നൽകുകയും ചെയ്തു. സൂര്യൻ, അഗ്നി, വായു എന്നിവയൊക്കെ പരമേശ്വരനാണെന്ന ഋഗ്വേദത്തിലെ പ്രതിപാദനം ശ്രദ്ധിക്കുക. ഗർഭപാത്രത്തിൽ പ്രമേശ്വരൻ കുടികൊള്ളുന്നതുപോലെ സൂര്യന്റെ തിളങ്ങുന്ന തിരശ്ശീലയിലും പരമേശ്വരൻ കുടികൊള്ളുന്നതായി യജുർവേദത്തിലെ അലീഷ് ഉപനിഷത്തിൽ 15ഉം 16ഉം മന്ത്രത്തിൽ എഴുതിയിരിക്കുന്നതിൽനിന്ന് വ്യക്തമാകുന്നു. അതുപോലെ പരമേശ്വരൻ പൊക്കിളിന്റെ താഴെ 10 വിരൽ അകത്തിലാണെന്ന പാഠത്താൽ ഹിന്ദുക്കളിൽ ലിംഗപൂജ ആരംഭിക്കുകയും ചെയ്തു.

വേദങ്ങൾ വിശുദ്ധ ഖുർആനെപ്പോലെ അല്ലാഹുവിന്റെ തൻസീഹി സിഫത്തുകൾ (സൃഷ്ടികളിൽനിന്ന് വേർപെട്ടവനാണെന്ന ഗുണ മഹാത്മ്യം) എഴുതുകയും തശ്ബീഹി സിഫത്തുകൾ (സൃഷ്ടികളെപ്പോലെ താരതമ്യമുള്ളവനാണെന്ന ഗുണമഹാത്മ്യം) മാത്രം കണക്കിലെടുക്കാതരിക്കുകയും ചെയ്തിരുന്നുവെങ്കിൽ സൃഷ്ടിപൂജയാകുന്ന കൊടുങ്കാറ്റ് വേദങ്ങൾ മുഖേന ഉണ്ടാകുമായിരുന്നില്ല. ഈ കാരണത്താൽ വിശുദ്ധ ഖുർആൻ എല്ലാവിധ വഞ്ചനാത്മകമായ പ്രതിപാദനങ്ങളിൽനിന്നും സുരക്ഷിതമാകുന്നു.

അതിൽ അവൻ അവനെക്കുറിച്ചുള്ള ഗുണമഹാത്മ്യങ്ങൾ യഥാർത്ഥ രീതിയിൽ പറഞ്ഞതിനാൽ അല്ലാഹുവിന്റെ ഏകത്വം സൃഷ്ടിപൂജയാകുന്ന മാലിന്യത്തിൽനിന്നും പരിശുദ്ധമായി നിലകൊള്ളുന്നു. ആദ്യമായി അവൻ അവനെക്കുറിച്ച് അവന്റെ സൃഷ്ടികളുമായി താരതമ്യമുള്ള അവന്റെ ഗുണങ്ങൾ പ്രതിപാദിച്ചു. ഈ ഗുണങ്ങളിൽനിന്നാണ് അവൻ സൃഷ്ടികളുമായി അടുപ്പമുള്ളവനാണെന്ന് തെളിയുന്നതും അവന്റെ സ്വഭാവഗുണങ്ങൾ മനുഷ്യൻ സ്വായത്തമാക്കുന്നതും. ഈ ഗുണങ്ങളുടെ പേര് തശ്ബീഹി സിഫാത്ത് എന്നാണ്. പക്ഷേ ഈ ഗുണങ്ങൾ കാരണമായി ദൈവത്തെ പരിമിതനായി കണക്കാക്കുകയും ദൈവത്തെ സൃഷ്ടികളെപ്പോലെ താരതമ്യപ്പെടുത്തുകയും ചെയ്തുപോകുമെന്ന ഭയമുള്ള കാരണത്താൽ, ഈ ഭയം നീക്കം ചെയ്യുന്നതിനായി ദൈവം തന്റെ വേറൊരു ഗുണാത്തെക്കുറിച്ചും വിവരിച്ചിരിക്കുന്നു. അതായത് അർശിൽ ആസ്ഥനസ്ഥനാണെന്ന ഗുണം. ഇതിന്റെ അർത്ഥം അല്ലാഹു സൃഷ്ടികളിൽനിന്നെല്ലാം വേർപെട്ടവനും ഉന്നതമായ സ്ഥാനത്തുള്ളവനും ആകുന്നു എന്നതാണ്. അവനു തുല്യമായി ഒരു വസ്തുവും ഇല്ല. അവന് പങ്കുകാർ ആരുമില്ല. ഈ കാരണത്താൽ അല്ലാഹുവിന്റെ ഏകത്വം (വിശുദ്ധ ഖുർആൻ മുഖേനെ) പരിപൂർണ്ണമായ രീതിയിൽ സ്ഥാപിതമായി. (Chashma e Ma'rifat Page 119-122).

അല്ലാഹു വിശുദ്ധ ഖുർആനിൽ ഞാൻ എല്ലാ വസ്തുക്കളിലും എല്ലാ സ്ഥലത്തും വ്യാപിച്ചിരിക്കുന്നു എന്ന് പറഞ്ഞിട്ടില്ല. നേരെ മറിച്ച് അവന്റെ കാരുണ്യവും അറിവും ആധിപത്യവും ഉടമസ്ഥാവകാശവും വ്യാപിച്ചിരിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്.

وَسِعَ كُرْسِيُّهُ ٱلسَّمَاوَاتِ وَٱلْأَرْضَ അവന്റെ ആധിപത്യം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചിരിക്കുന്നു. 2:255

لَّهُ مَا فِي ٱلسَّمَاوَاتِ وَمَا فِي ٱلْأَرْضِ ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റെതാണ്. 2:255. അവന്റെതാണ് എന്നു പറഞ്ഞാൽ അവനാണ് ഉടമസ്ഥൻ എന്നർത്ഥം. അവന്റെതാണ് എന്നു പറഞ്ഞാൽ അവനല്ല എന്നും അർത്ഥം.

وَسِعَ رَبِّي كُلَّ شَيْءٍ عِلْماً എന്റെ രക്ഷിതാവിന്റെ ജ്ഞാനം എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. 6:80

وَسِعَ رَبُّنَا كُلَّ شَيْءٍ عِلْماً ഞങ്ങളുടെ രക്ഷിതാവിന്റെ അറിവ് എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. 7:90

وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ എന്റെ കാരുണ്യം എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. 7:156

وَسِعَ كُلَّ شَيْءٍ عِلْماً അവന്റെ അറിവ് എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. 20:99
رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَعِلْماً ഞങ്ങളുടെ രക്ഷിതാവേ! നിന്റെ കാരുണ്യവും അറിവും എല്ലാ വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. 40:8

മൂന്നു പേർതമ്മിലുള്ള രഹസ്യസംഭാഷണത്തിൽ അവൻ നാലാമനായിട്ടുണ്ടാകും. അഞ്ചു പേർതമ്മിലുള്ള രഹസ്യസംഭാഷണത്തിൽ അവൻ ആറാമനായിട്ടുണ്ടാകും എന്ന് പറഞ്ഞതിൽനിന്ന് അവൻ മൂന്നു പേരിൽ നിന്നും അഞ്ചുപേരിൽ നിന്നും വേർപെട്ട് നില്ക്കുന്നവനാണെന്ന് മനസ്സിലാക്കാവുന്നതാണ്.

നാം ( അവന്റെ ) കണ്ഠനാഡിയെക്കാൾ അവനോട്അടുത്തവനാകുന്നു എന്നു പറഞ്ഞതിൽ നിന്ന് അല്ലാഹു നമ്മുടെയെല്ലാം തൊണ്ടക്കുഴിയിൽ ജീവിക്കുന്നു എന്ന് അർത്ഥമാക്കേണ്ടതില്ല. അടുപ്പവും അകലവും ആപേക്ഷികമായതാണ്. മുൻ കാലങ്ങളിൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്ത് സന്ദേശമെത്തിക്കാൻ മാസങ്ങൾ എടുത്തിരുന്നുവെങ്കിൽ ഇപ്പോൾ ഇന്റെർനെറ്റ് മുഖേന നിമിഷങ്ങൾക്കകം സാധിക്കുന്നു. അതിനാൽ അല്ലാഹു അർശിലാണെങ്കിലും നമ്മുടെ ജീവനെടുക്കാൻ അവന് നിമിഷനേരം മാത്രമെ വേണ്ടിവരികയുള്ളു. ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് പ്രയാണം ചെയ്യാൻ മനുഷ്യന് സമയം വേണ്ടി വരുന്നത് അവന് ശരീരമുള്ളടുകൊണ്ടാണ്. എന്നാൽ ആത്മാവിന് ഇത് ബാധകമല്ല. അതുകൊണ്ടാണ് സ്വപ്നത്തിൽ നമുക്ക് ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് നിമിഷനേരം കൊണ്ട് സഞ്ചരിക്കാൻ സാധിക്കുന്നത്.

മീറാജ് രാത്രിയിൽ റസൂൽ (സ) ഏഴാകാശവും കടന്ന്, ജിബ്രീലിന്റെ സ്ഥാനവും കടന്ന് അല്ലാഹുവിനെ കാണാൻ പോയതിൽനിന്ന് അല്ലാഹുവിന് അവന്റെ പ്രത്യേകമായ ഒരു സ്ഥാനമുണ്ടെന്നാണ് അത്

കാണിക്കുന്നത്. ഈ പ്രപഞ്ചം സൃഷ്ടിക്കുന്നതിനുമുമ്പ് എവിടെയായിരുന്നുവോ അല്ലാഹുവിന്റെ സ്ഥാനം അതു തന്നെയാണ് പ്രപഞ്ച സൃഷ്ടിക്കുശേഷവും അവന്റെ സ്ഥാനം. അതാണ് അവന്റെ സിംഹാസനമായ അർശ്. അത് അവൻ സൃഷ്ടിച്ച പ്രപഞ്ചത്തിൽ നിന്നും അവന്റെ സൃഷ്ടികളിൽനിന്നും വേർപെട്ടതാണ്. അതിൽ വ്യാപിച്ചു നിൽക്കുന്നതല്ല. അല്ലാഹു സർവ്വ വ്യാപിയാണെന്ന് പറയുന്നവർ യഥാർത്ഥത്തിൽ ഞങ്ങൾ ലേഖ്റാമിന്റെ കൂട്ടാളികളാണെന്ന് തെളിയിക്കുകയാണ് ചെയ്യുന്നത്.

*************

# 27. ഖിലാഫത് റാഷിദയും അഹ്മദിയ്യാ ഖിലാഫതും

ഒരിക്കൽ ഹദ്രത്ത് ഉമർ ഒരു നിയമ നടപടിയിൽ കോടതിയിൽ ഹാജറായപ്പോൾ ഖലീഫയോടുള്ള ആദരവെന്ന നിലയിൽ ജഡ്ജി എഴുന്നേറ്റു നിന്നു. അപ്പോൾ തന്നോട് യാതൊരു വിധത്തിലുള്ള ബഹുമാനവും കാണിക്കരുതെന്നും നിയമ നടപടികൾ അതിന്റെ വഴിക്ക് നീങ്ങട്ടെയെന്ന് അദ്ദേഹം പറയുകയും ചെയ്തു. ഉമർ (റ) എപ്പോഴും സ്വതന്ത്രവും നിക്പക്ഷവുമായ നീതിയ്ക്കുവേണ്ടി നിലനിന്നിരുന്നു. ജഡ്ജിമാരെ നിയമിക്കുമ്പോൾ അവരെ ഈ രീതിയിൽ ഉദ്ബോധിപിച്ചിരുന്നു:

നീതിനിർവ്വഹണം പ്രധാനപ്പെട്ട ചുമതലയാണ്. വിധി കല്പിക്കുമ്പോൾ ജനങ്ങളോട് തുല്യ രീതിയിൽ പെരുമാറുക. നിങ്ങളിൽനിന്ന് ബലഹീനർ നീതി ലഭിക്കുന്നതിനെക്കുറിച്ച് നിരാശരാവാതിരിക്കുകയും ഉന്നതർ ഏതെങ്കിലും ആനുകൂല്യം ലഭിക്കുമെന്ന് പ്രതീക്ഷിക്കാതിരിക്കുകയും ചെയ്യട്ടെ.

എന്നാൽ അഹ്മദിയ്യാ ഖിലാഫത്തിൽ യാതൊരുവിധത്തിലുള്ള നീതിനിർവ്വഹണ വ്യവസ്ഥയുമില്ല. കോടതിയൊ വാദം കേൾക്കലോ വിധിപറയലോ ഒന്നുമില്ല. അമീർമാരുടെ ഏകപക്ഷീയമായ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഖലീഫ ഉടനെ തന്നെ പിടിച്ചു പുറത്താക്കുന്നു. പിന്നെ ആ വക്തി ഒന്നുമല്ല. വെറും നാലാം കൂലി. കറിവേപ്പിലയെ കറിയിൽ നിന്നും എടുത്തു കളയുന്നതുപോലെ. പിന്നെ സാമൂഹ്യ ഭ്രഷ്ടാണ്. അയാളൊട് മിണ്ടരുത്, സലാം പറയരുത്, കൂട്ടുകൂടരുത് എന്നതൊക്കെ. അങ്ങനെ ചെയ്യുന്നവരെ പുറത്താക്കുമെന്ന ഭീഷണിയും പുറപ്പെടുവിക്കുന്നു. ഇന്നയാളെ പുറത്താക്കിയെന്ന വിളംബരം ജുമുഅക്ക് ശേഷം വായിച്ച് അയാളുടെ പച്ചമാംസം നല്ല രുചിയോടെ ഭുജിക്കുകയും ചെയ്യുന്നു. ഇതാണ് ദൈവികമായ അഹ്മദിയ്യാ ഖിലാഫത്ത്!

ഇത്തരത്തലുള്ള നീതി വ്യവസ്ഥയാണോ ഇസ്ലാം മുന്നോട്ടു വെക്കുന്നത്? ഇത് ബിംബാരാധനയ്ക്ക് തുല്യമല്ലെ? റിപ്പോർട്ട് കിട്ടിയാൽ അന്വേഷണം നടത്തി വേണ്ടേ നടപടിയെടുക്കാൻ? ഒരാൾ പാര വെച്ചതാണെങ്കിൽ ഖലീഫ അതെങ്ങനെ മനസ്സിലാക്കും? ഖിലാഫത് റാഷിദ ഇത്തരത്തിലാണോ പ്രവർത്തിച്ചിരുന്നത്? ഒരു RSS കമ്മിറ്റി പോത്തിറച്ചി കൈവശം വെച്ചു എന്ന അനുമാനത്തിൽ ഒരു മുസ്ലിമിനെ കൊല്ലാൻ തീരുമാ

നിച്ചാൽ അഹ്മദികൾ അത് അംഗീകരിക്കുമോ? അവരുടെ നേതാവ് ആ മുസ്ലിമിനെ കൊല്ലാൻ ഇടുന്ന ഉത്തരവ് അംഗീകാരയോഗ്യമാണൊ?

അഹ്മദികൾ കാണിക്കുന്ന അതെ ആരാധനാ മനോഭാവമാണ് അവർക്കും ഉള്ളത്. ഒരു വ്യത്യാസം മാത്രമേ ഉള്ളൂ. അഹ്മദികൾക്ക് സംഘബലവും അധികാരവുമില്ല. അവർക്ക് രണ്ടുമുണ്ട്.

പാകിസ്ഥാനിൽ അഹ്മദികളെ കൊല ചെയ്യുന്നത് അവരുടെ നേതാക്കളുടെ ഉത്തരവ് പ്രകാരമാണ്. ഇതും അഹ്മദികൾ അംഗീകരിക്കുമോ?

നേതാവ് കാണിക്കുന്ന എന്ത് നെറികേടിനും കൂട്ട് നിന്നാൽ പിന്നെ ഇസ്ലാം എവിടെ? അല്ലാഹു എവിടെ?

അന്യായമായ നിലയിൽ ഏതാനും പേർ തെരെഞ്ഞെടുക്കുന്ന വ്യക്തിയെ ദൈവിക ഖലീഫയായി അവതരിപ്പിക്കുന്നതിനേക്കാൾ വേറെ വലിയ വിഡ്ഢിത്തം എന്താണുള്ളത്? ആത്മനിഭാനമുണ്ടെങ്കിൽ ആ വ്യക്തി സ്വയം തന്നെ സ്ഥാനമൊഴിഞ്ഞു പോകേണ്ടതും ഇലക്ട്റൽ കോളേജ് പിരിച്ചു വിടേണ്ടതുമാണ്.

ഏതാനും കുടുംബാംഗങ്ങൾ തെരെഞ്ഞുടുക്കുന്ന വ്യക്തി വന്നു ഞാൻ നിങ്ങളുടെ ഖലീഫയായി നിയോഗിതനായിരിക്കുന്നു എന്ന് പറയുന്നതിനേക്കാൾ വലിയ കള്ളം വേറെ എന്താണുള്ളത്? ഒരു സത്യവാന് യോജിച്ച പണിയാണോ ഇത്?

ഉമർ ബിൻ അബ്ദു അസീസ് അതാണ് ചെയ്തത്. പാരമ്പര്യ ഖിലാഫത് അദ്ദേഹം രാജിവെച്ചൊഴിഞ്ഞു. എന്നിട്ട് ജനങ്ങളോട് പറഞ്ഞു ഖലീഫയെ തെരെഞ്ഞെടുക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്. എന്നിട്ട് ജനങ്ങൾ അദ്ദേഹത്തെ തന്നെ വീണ്ടും ഖലീഫയായി തെരെഞ്ഞെടുത്തു. ഇതിനെയാണ് ആഭിജാത്യം എന്ന് പറയുന്നത്.

എനിക്ക് ശേഷം ഖിലാഫത് ഉണ്ടാകുമെന്ന് മസീഹ് മൌഊദ് (അ) എവിടെയും പറഞ്ഞിട്ടില്ല. കാരണം അദ്ദേഹം തന്നെ ഒരു ഖലീഫ ആയിരുന്നു. ഖലീഫയ്ക്ക് പിന്നെ ഖലീഫ ഉണ്ടാകുമെന്നു അല്ലാഹു വാഗ്ദാനം ചെയ്തിട്ടില്ല. അതുകൊണ്ടാണ് 14 പേരടങ്ങുന്ന ഒരു കമ്മിറ്റിയെ അദ്ദേഹം നിയോഗിച്ചുകൊണ്ടു അവർക്ക് എല്ലാ അധികാരവും കൊടുത്തത്.

ഈ കമ്മിറ്റിയെ ആണ് തന്റെ പ്രതിനിധിയായി അദ്ദേഹം നിയോഗിച്ചത്. അല്ലാതെ ഒരു വ്യക്തിയെ ഖലീഫയായി തെരെഞ്ഞെടുക്കണമെന്ന് അദ്ദേഹം എവിടെയും പറഞ്ഞിട്ടില്ല.

ഈ കമ്മിറ്റിയുടെ സദ്ർ (തലവൻ) ആയിട്ടാണ് മൗലാന നൂറുദ്ദീനെ (റ) അദ്ദേഹം നിയമിച്ചത്. അല്ലാതെ ഖലീഫ ആയിട്ടല്ല.

ഖലീഫത്തുൽ മസീഹ് എന്ന സ്ഥാനപ്പേര് തന്നെ അസംബന്ധം ആണ്. മസീഹ് മൗഊദ് അങ്ങനെയുള്ള ഒരു നിർദ്ദേശവും നൽകിയിട്ടില്ല.

മൗലാന നൂറുദ്ദീന്റെ വിയോഗ ശേഷം ഈ കമ്മിറ്റിയിലെ ഭൂരിഭാഗം പേരും ലാഹോർ വിഭാഗത്തിലേക്ക് പോയി. പക്ഷെ അവർ അവരുടെ നേതാവിന് ഖലീഫ എന്ന പേരല്ല നൽകിയത്. അമീർ എന്ന സ്ഥാന പ്പേരാണ് നൽകിയത്.

ഫ്യൂഡ ൽ രാജാക്കന്മാർ ജനങ്ങളെ വഞ്ചിക്കാൻ ഞങ്ങൾ ദൈവത്തിന്റെ പ്രതിനികളാണെന്നു അവകാശപ്പെട്ടത് പോലെ ഏകാധിപതികളായ മു സ്ലിം ഭരണാധികാരികളും ഖലീഫ എന്ന പേരിനെ ദുരുപയോഗം ചെയ്യു കയുണ്ടായത്. യസീദിനെ പോലെയുള്ള കിരാതന്മാർവരെ ഖലീഫ എന്ന പേരാണ് ഉപയോഗിച്ചത്.

ഇന്ത്യ മഹാരാജ്യത്തിലെ ഒരു പഞ്ചായത്തിലെ വാർഡ് മെമ്പർമാർ ചേ ർന്ന് അവരുടെ പ്രസിഡന്റിനെ തെരെഞ്ഞെടുക്കുന്നു, എന്നിട്ട് പറയു ന്നു ഞങ്ങളിതാ മുഴുവൻ ഇന്ത്യയുടെയും പ്രസിഡന്റിനെ തെരെ ഞ്ഞെടുത്തിരിക്കുന്നുവെന്ന്. ബോധമുള്ളവർ ആരെങ്കിലും ആ തെരെ ഞ്ഞെടുപ്പ് അംഗീകരിക്കുമോ? ഈ രീതിയിലാണ് ഏതാനും പേര് ചേ ർന്നു കൊണ്ട് അഹ്മദിയ്യാ ഖലീഫയെ തെരെഞ്ഞെടുക്കുന്നത്. എന്നിട്ട് പറയുന്നു ഞങ്ങളിതാ മുഴുവ ൻ മുസ്ലിംകളുടെയും ദൈവിക ഖലീഫ യെ തെരെഞ്ഞെടുത്തിരിക്കുന്നുവെന്നു. അയാൾ വന്നു മഴുവൻ ആളു കളുടെയും ഖലീഫയായി ചമയുന്നു. ഇതിനപ്പുറം വഞ്ചന വേറെ എ ന്താണുള്ളത്?

ഒരു ഖലീഫക്ക് വിശ്വാസികളെ പുറത്താക്കാനും സാമൂഹ്യ ബഹിഷ്കര ണം ഏർപ്പെടുത്താനുമുള്ള യാതൊരധികാരവുമില്ല. ഖലീഫയെ അല്ലാ ഹു വിശ്വാസികളുടെമേൽ ഒരു പൊലിസുകാരനായി നിയമിച്ചിട്ടില്ല. റ സൂൽ (സ)യോടുപോലും അല്ലാഹു ഇതാണ് കല്പിച്ചിരിക്കുന്നത്:

فَذَكِّرْ إِنَّمَا أَنْتَ مُذَكِّرٌ لَسْتَ عَلَيْهِمْ بِمُصَيْطِرٍ

അതിനാൽ (നബിയേ) നീ ഉൽബോധിപ്പിക്കുക. നീ ഒരു ഉൽബോധകൻ മാത്രമാകുന്നു. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല. (വിശുദ്ധ ഖുർആൻ 88:21–22)

ജമാഅത്തിൽനിന്ന് പുറത്താക്കുന്ന നേതാക്കന്മാർക്കുള്ള ശിക്ഷ അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിക്കുന്നതിങ്ങനെയാണ്:

ثُمَّ أَنْتُمْ هَٰؤُلَاءِ تَقْتُلُونَ أَنْفُسَكُمْ وَتُخْرِجُونَ فَرِيقًا مِنْكُمْ مِنْ دِيَارِهِمْ تَظَاهَرُونَ عَلَيْهِمْ بِالْإِثْمِ وَالْعُدْوَانِ وَإِنْ يَأْتُوكُمْ أُسَارَىٰ تُفَادُوهُمْ وَهُوَ مُحَرَّمٌ عَلَيْكُمْ إِخْرَاجُهُمْ ۚ أَفَتُؤْمِنُونَ بِبَعْضِ الْكِتَابِ وَتَكْفُرُونَ بِبَعْضٍ ۚ فَمَا جَزَاءُ مَنْ يَفْعَلُ ذَٰلِكَ مِنْكُمْ إِلَّا خِزْيٌ فِي الْحَيَاةِ الدُّنْيَا ۖ وَيَوْمَ الْقِيَامَةِ يُرَدُّونَ إِلَىٰ أَشَدِّ الْعَذَابِ ۗ وَمَا اللَّهُ بِغَافِلٍ عَمَّا تَعْمَلُونَ

എന്നിട്ടും പിന്നെയുമിതാ നിങ്ങൾ സ്വന്തക്കാരെ കൊല്ലുന്നു. സ്വജനങ്ങളിലൊരു വിഭാഗത്തെ അവരുടെ വീടുകളിൽനിന്ന് ആട്ടിപ്പുറത്താക്കുന്നു. കുറ്റകരമായും ശത്രുതാപരമായും നിങ്ങൾ അവർക്കെതിരെ ഒത്തുചേരുന്നു. അവർ നിങ്ങളുടെ അടുത്ത് യുദ്ധത്തടവുകാരായെത്തിയാൽ നിങ്ങളവരോട് മോചനദ്രവ്യം വാങ്ങുന്നു. അവരെ തങ്ങളുടെ വീടുകളിൽനിന്ന് പുറന്തള്ളുന്നതുതന്നെ നിങ്ങൾക്കു നിഷിദ്ധമത്രെ. നിങ്ങൾ വേദപുസ്തകത്തിലെ ചിലവശങ്ങൾ വിശ്വസിക്കുകയും ചിലവശങ്ങൾ തള്ളിക്കളയുകയുമാണോ? നിങ്ങളിൽ അവ്വിധം ചെയ്യുന്നവർക്കുള്ള പ്രതിഫലം ഐഹികജീവിതത്തിൽ നിന്ദ്യത മാത്രമായിരിക്കും. ഉയിർത്തെഴുന്നേൽപുനാളിൽ കൊടിയ ശിക്ഷയിലേക്ക് അവർ തള്ളപ്പെടും. നിങ്ങൾ ചെയ്യുന്നതിനെപ്പറ്റി അല്ലാഹു ഒട്ടും അശ്രദ്ധനല്ല. (വിശുദ്ധ ഖുർആൻ 2:85)

إِنَّ الَّذِينَ فَتَنُوا الْمُؤْمِنِينَ وَالْمُؤْمِنَاتِ ثُمَّ لَمْ يَتُوبُوا فَلَهُمْ عَذَابُ جَهَنَّمَ وَلَهُمْ عَذَابُ الْحَرِيقِ

സത്യവിശ്വാസികളെയും വിശ്വാസിനികളെയും പീഡിപ്പിക്കുകയും എന്നിട്ട് പശ്ചാത്തപിക്കാതിരിക്കുകയും ചെയ്തവർക്ക് ഉറപ്പായും നരകശിക്ഷയുണ്ട്. ചുട്ടു കരിക്കുന്ന ശിക്ഷയുമുണ്ട്. (വിശുദ്ധ ഖുർആൻ 85:10)

അന്ധമായ അനുകരണവും പിന്തുടരലും അത് മതരംഗത്തായാലും രാഷ്ട്രീയ രംഗത്തായാലും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാര്യമാണ്. ലോകത്ത് നടക്കുന്ന എല്ലാവിധ കലാപങ്ങൾക്കും കാരണം അന്ധമായ ഈ അനുകരണമാണ്. മിക്ക മത സംഘടനകളും രാഷ്ട്രീയ സംഘടനകളും തീവ്രവാദ സംഘടനകളും ഈ രീതിയിലാണ് പ്രവർത്തിക്കുന്നത്. അഹ്മദികളും ഇതിൽനിന്ന് ഒട്ടും ഭിന്നമല്ല. നേതാക്കൾ അടിക്കാനും കുത്താനും കൊല്ലാനും സാമൂഹ്യ ഭ്രഷ്ട് കല്പിക്കാനും പറയുമ്പോൾ അണികൾ അതനുസരിച്ചു പ്രവർത്തിക്കുന്നു. ഇങ്ങനെയുള്ള നേതാക്കളുടെ നിർദേശങ്ങൾക്ക് മുമ്പിൽ അണികൾക്ക് രക്ത

ബന്ധമോ സൗഹൃദ ബന്ധമോ ഒന്നും ബാധകമല്ല. വിശുദ്ധ ഖുർആന്റെ കല്പനകൾക്ക് കടക വിരുദ്ധമായ നിലയിലാണ് ഇവർ പ്രവർത്തിക്കുന്നത്. ഈ രീതിയിൽ ബന്ധങ്ങൾ വിച്ഛേദിക്കുന്നവർക്ക് വളരെ ഗൗരവമേറിയ താക്കീതാണ് അല്ലാഹു നൽകിയിരിക്കുന്നത്.

وَالَّذِينَ يَنْقُضُونَ عَهْدَ اللَّهِ مِنْ بَعْدِ مِيثَاقِهِ وَيَقْطَعُونَ مَا أَمَرَ اللَّهُ بِهِ أَنْ يُوصَلَ وَيُفْسِدُونَ فِي الْأَرْضِ ۙ أُولَٰئِكَ لَهُمُ اللَّعْنَةُ وَلَهُمْ سُوءُ الدَّارِ

അല്ലാഹുവോടുള്ള കരാർ ഉറപ്പിച്ചശേഷം ലംഘിക്കുകയും അവൻ കൂട്ടിയിണക്കാൻ കൽപിച്ചവയെ അറുത്തുമാറ്റുകയും ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവർക്ക് ശാപം. അവർക്കുണ്ടാവുക ഏറ്റവും ചീത്തയായ പാർപ്പിടമാണ്. (വിശുദ്ധ ഖുർആൻ 13:25)

വിശുദ്ധ ഖുർആനിൽ റസൂൽ (സ)യോടു പോലും പറഞ്ഞിരിക്കുന്നത് നീ ഉപദേശിക്കുക, നീ വെറും ഉപദേശകൻ മാത്രമാണ്, നീ അവരുടെ മേൽ മേല്നോട്ടക്കാരൻ അല്ല എന്നാണ്. എന്നാൽ ഈ നേതാക്കന്മാരും ഖലീഫമാരും അല്ലാഹുവിന്റെ ഈ നിർദ്ദേശത്തെ മറികടന്നുകൊണ്ട് അക്രമം പ്രവർത്തിക്കുന്നവരായി മാറിയിരിക്കയാണ്.

************

# 28. പാരമ്പര്യ ഖിലാഫതും ഇസ്ലാമിന്റെ വിജയവും

ഏതെങ്കിലും കാര്യം ഈ ലോകത്ത് വിജയത്തിലെത്തണമെങ്കിൽ അത് പരിപൂർണമായ നീതി നിർവഹണത്തിൽ കൂടി മാത്രമേ സാധ്യമാകുക യുള്ളൂ. പാരമ്പര്യ ഖിലാഫത്തുകളിൽ പരിപൂർണമായ നീതി വ്യവസ്ഥ ഇല്ലാത്തതിനാൽ, ഈ ഖിലാഫത് മുഖേനെ ഒരിക്കലും തന്നെ ഇസ്ലാം വിജയത്തിൽ എത്താൻ പൊകുന്നില്ല.

بِسْمِ اللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ وَٱلْعَصْرِ إِنَّ ٱلْإِنسَانَ لَفِى خُسْرٍ إِلَّا ٱلَّذِينَ آمَنُوا۟ وَعَمِلُوا۟ ٱلصَّالِحَاتِ وَتَوَاصَوْا۟ بِٱلْحَقِّ وَتَوَاصَوْا۟ بِٱلصَّبْرِ

103:1–4പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമ ത്തിൽ, കാലം തന്നെയാണ് സത്യം, തീർച്ചയായും മനുഷ്യൻ നഷ്ടത്തി ൽ തന്നെയാകുന്നു, വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കു കയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ.

നീതി നിർവ്വഹണവും സത്യത്തിന്റെ ഭാഗം തന്നെയാണ്. ഹദ്രത്ത് ഉമർ (റ) നടപ്പാക്കിയതുപൊലെയുള്ള പരിപൂർണ്ണ നീതി വ്യവസ്ഥ നടപ്പാക്കാ ൻ വേണ്ടി ഖലീഫയെ ഉപദേശിക്കാൻ കെല്പുള്ള ആരും തന്നെ ജമാ അത്തിൽ ഇല്ല എന്നതാണ് സത്യം. അങ്ങനെയുള്ള ഉപദേശം നൽകി യാൽ തന്നെ ഖലീഫ അത് നടപ്പാക്കുമെന്നും തോന്നുന്നില്ല.

പാരമ്പര്യ ഖിലാഫത് കൊണ്ട് ഇസ്ലാം വിജയിക്കുമായിരുന്നെങ്കിൽ 1300 വർഷത്തെ ഭരണമുണ്ടായിരുന്ന പാരമ്പര്യ ഖിലാഫത് കൊണ്ട് ഇസ്ലാം വിജയിക്കുമായിരുന്നു. ഇസ്ലാം എവിടെയെങ്കിലും വളർന്നി ട്ടുണ്ടെങ്കിൽ അത് വലിമാരിൽ കൂടിയും മുജദ്ദിദുമാരിൽ കൂടിയും ആണ്. അവരാണ് അല്ലാഹുവിന്റെ ഖലീഫമാർ. മുസ്ലിംകളെ അഹ്മദി കളാക്കുന്നത് കൊണ്ട് ഇസ്ലാം എവിടെയാണ് വിജയിക്കാൻ പോകുന്ന ത്? എത്ര മറ്റു മതസ്ഥരെ അഹ്മദികളാക്കി? ആയിരത്തിലോ നൂറിലൊ താഴെ ആയിരിക്കും അത്. ഭരണം ഇല്ലാത്തതു കൊണ്ടാണ് ഇത്രയെ ങ്കിലും പിടിച്ചു നിൽക്കാൻ പറ്റുന്നത്. ഏതെങ്കിലും രാജ്യത്ത് ഭരണം ലഭിക്കുകയും ആ രാജ്യത്ത് യസീദിനെ പോലെയുള്ള ഒരു ഭരണാധി പൻ വരികയും ചെയ്തതിന് ശേഷം ഖലീഫ അയാളെ പുറത്താക്കാൻ തുനിഞ്ഞാൽ അയാളെ അനുസരിക്കാത്ത അഹ്മദികളുടെ തല അയാൾ വെട്ടുന്നതായിരിക്കും. കുരിശ് ഉടക്കാനും, കൽക്കിയും ഒക്കെ ആയി

വന്ന മസീഹിനെ പിൻപറ്റുന്ന അഹ്മദികൾ ആദ്യം മറ്റു മതസ്ഥരെ അഹ്മദികളാക്കി കൊണ്ട് മാതൃക കാണിക്കുകയാണ് വേണ്ടത്. അപ്പോൾ അഹ്മദിയ്യാ ഖിലാഫത്തിൽ കൂടി ഇസ്ലാം വിജയിക്കുമെന്ന് വീമ്പിളക്കാൻ അവകാശമുണ്ട്. അല്ലാത്ത കാലത്തോളം അഹ്മദിയ്യാ ഖിലാഫത്ത് ഒരു പരാജയമാകുന്നു.

മുസ്‌ലിഹ് മൌഊദിനെ കുറിച്ചുള്ള പ്രവചനം വായിക്കുക. വിജയത്തിന്റെ താക്കോൽ അദ്ദേഹത്തിന് നൽകപ്പെട്ടിരിക്കുന്നു എന്നാണ് പറഞ്ഞത്. രണ്ടാം ഖലീഫ മുസ്‌ലിഹ് മൌഊദ് ആയിരുന്നുവെങ്കിൽ അദ്ദേഹം വന്നിട്ട് നൂറിലധികം വർഷം കഴിഞ്ഞു. ഇസ്ലാം വിജയിച്ചോ? അഹ്മദിയ്യത് ലോകം മുഴുവനും വ്യാപിച്ചു എന്ന് പറയുന്നു. എവിടെയാണ് വ്യാപിച്ചത്? എല്ലാ സ്ഥലത്തും പ്രവാസികളുടെ ജമാഅത്താണ് ഉള്ളത്. ആ രാജ്യത്തെ പൌരന്മാർ തീരെ ഇല്ലെന്നു തന്നെ പറയാം. ഉണ്ടെങ്കിൽ തന്നെ വിരലിൽ എണ്ണാൻ പോലും തികയുകയില്ല. എന്നാൽ മറ്റു മുസ്ലിം ജമാഅത്തുകളിൽ ആ രാജ്യത്തെ നാട്ടുകാരാണ് വളരെ പേർ. ഖലീഫ ചില അമീർമാരെ പുറത്താക്കിയപ്പോൾ ആ അമീർമാർ ജമാത്തിലെ വളരെയധികം പേരെ റാഞ്ചിയെടുത്ത് കൊണ്ടു പോയി. നൈജീരിയയിലും മൊറീഷ്യസിലും ഒക്കെ ഇങ്ങനെ സംഭവിച്ചു.

ലോകം മുഴുവനും ഒരു വ്യക്തിയുടെ കീഴിൽ വരികയെന്നതിനേക്കാൾ നാശം ഈ ലോകത്തു സംഭവിക്കാനില്ല. അങ്ങനെ ആയാൽ അത് മറ്റൊരു ഹിറ്റ്ലർ യുഗമായിരിക്കും. ഖലീഫ പറയുന്ന കാടത്തരങ്ങൾ എല്ലാവരും അംഗീകരിക്കേണ്ടി വരും. വിശുദ്ധ ഖുർആൻ പറയുന്നത് പോലെ വിശ്വാസ സംരക്ഷണത്തിനായി ഹിജ്റ പോലും പോകാൻ പറ്റാത്ത ഒരവസ്ഥ വരും. ഇതൊക്കെ ഖാദിയാനി അഹ്മദികളുടെ ഉട്ടോപ്യൻ സ്വപ്നങ്ങളാണ്. അല്ലാഹു അവരുടെ ഏകാധിപത്യ വീക്ഷണത്തിൽ നിന്നും ഖലീഫ എന്ന ബിംബാരാധനയിൽ നിന്നും മനിഷ്യരാശിയെ കാത്തു രക്ഷിക്കുമാറാകട്ടെ. ആമീൻ.

നീതിമാനല്ലാത്ത ഒരു വ്യക്തി ഒരിക്കലും ലോക നേതാവായി വരാൻ സ്വപ്നം കാണരുത്. നമ്മുടെ സ്വപ്നം എല്ലാവർക്കും തുല്യ അവകാശമുള്ള തുല്യ നീതിയുള്ള മനുഷ്യാവകാശങ്ങളെ സംരക്ഷിക്കുന്ന ഒരു ലോക ക്രമമായിരിക്കണം. അല്ലാതെ ഒരു പ്രത്യേക വ്യക്തിക്ക് പുറത്താക്കാനും അകത്താക്കാനും അധികാരമുള്ള ഏകാധിപത്യ ഭരണ സംവിധാനമായിരിക്കരുത് നമ്മുടെ സ്വപ്നം.

മുഹമ്മദ് നബി (സ) പറഞ്ഞത് ഓർമ്മയുണ്ടോ എന്റെ മകൾ ഫാത്തിമയാണ് കളവ് നടത്തിയത് എങ്കിൽ ഞാൻ അവളുടെ കൈ വെട്ടുന്നതാണ് എന്ന്. ഉമർ(റ) നീതി നടപ്പാക്കുന്നതിനായി സ്വതന്ത്ര കോടതികൾ ഉണ്ടാക്കി, ഉമറിനെ പോലും കോടതിയിൽ ചോദ്യം ചെയ്യാനുള്ള അവകാശം വിട്ടു കൊടുത്തു. ഈ സിസ്റ്റമാണോ അഹ്മദിയ്യ ഖിലാഫത്തിൽ ഉള്ളത്? റസൂലുള്ളാനെ അയച്ചിരിക്കുന്നത് നീതി നടപ്പാക്കാനാ

ണ്. അല്ലാഹു എല്ല മുജദ്ദിദുമാരെ അയക്കുന്നതും അതിനുവേണ്ടിയാണ്. ജംബ സാഹിബിനെ അയച്ചതും അതിന് വേണ്ടി തന്നെയാണ്.

إِنَّ اللَّهَ يَأْمُرُكُمْ أَنْ تُؤَدُّوا الْأَمَانَاتِ إِلَىٰ أَهْلِهَا وَإِذَا حَكَمْتُمْ بَيْنَ النَّاسِ أَنْ تَحْكُمُوا بِالْعَدْلِ ۚ إِنَّ اللَّهَ نِعِمَّا يَعِظُكُمْ بِهِ ۗ إِنَّ اللَّهَ كَانَ سَمِيعًا بَصِيرًا

വിശ്വസിച്ചേൽപിക്കപ്പെട്ട അനാമത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും, ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പ് കൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പു കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്. തീർച്ചയായും എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു അല്ലാഹു. (4:58)

قُلْ أَمَرَ رَبِّى بِٱلْقِسْطِ

7:29 പറയുക: എന്റെ രക്ഷിതാവ് എന്നോട് നീതിപാലിക്കാൻ കൽപിച്ചിരിക്കുന്നു.

وَإِنْ حَكَمْتَ فَٱحْكُم بَيْنَهُم بِٱلْقِسْطِ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ

5:42 നീ വിധി കൽപിക്കുകയാണെങ്കിൽ അവർക്കിടയിൽ നീതിപൂർവ്വം വിധി കൽപിക്കുക. നീതി പാലിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു.

നീതി പാലിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു എന്നു പറയുമ്പോൾ നീതി പാലിക്കാത്തവരെ അല്ലാഹു സ്നേഹിക്കുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്.

3:22 അല്ലാഹുവിന്റെ തെളിവുകളെ നിഷേധിച്ച് തള്ളുകയും, ഒരു ന്യായവുമില്ലാതെ പ്രവാചകൻമാരെ കൊലപ്പെടുത്തുകയും, നീതി പാലിക്കാൻ കൽപിക്കുന്ന ആളുകളെ കൊലപ്പെടുത്തുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെപ്പറ്റി നീ സന്തോഷവാർത്ത അറിയിക്കുക.

يَا أَيُّهَا ٱلَّذِينَ آمَنُواْ كُونُواْ قَوَّامِينَ بِٱلْقِسْطِ شُهَدَآءَ لِلَّهِ وَلَوْ عَلَىٰٓ أَنْفُسِكُمْ أَوِ ٱلْوَالِدَيْنِ وَٱلأَقْرَبِينَ إِن يَكُنْ غَنِيّاً أَوْ فَقِيراً فَٱللَّهُ أَوْلَىٰ بِهِمَا فَلاَ تَتَّبِعُواْ ٱلْهَوَىٰ أَن تَعْدِلُواْ وَإِن تَلْوُواْ أَوْ تُعْرِضُواْ فَإِنَّ ٱللَّهَ كَانَ بِمَا تَعْمَلُونَ خَبِيراً

4:136 സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് കണിശമായി നിലയിൽ നീതി പാലിക്കുന്നവരായിത്തീരുവിൻ. അത് നിങ്ങൾക്കോ, നിങ്ങളുടെ മാതാപിതാക്കൾക്കോ, അടുത്ത ബന്ധുക്കൾക്കോ പ്രതികൂലമായിരുന്നാലും ശരി. (പ്രതിയും വാദിയും) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗ

ത്തോടും കൂടുതൽ ബന്ധപ്പെട്ടവൻ അല്ലാഹുവാകുന്നു. അതിനാൽ നിങ്ങൾ നീതി പാലിക്കാതെ തന്നിഷ്ടങ്ങളെ പിൻപറ്റരുത്. നിങ്ങൾ വളച്ചൊടിക്കുകയോ ഒഴിഞ്ഞ് മാറുകയോ ചെയ്യുന്ന പക്ഷം തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു.

وَأَقِيمُواْ ٱلْوَزْنَ بِٱلْقِسْطِ وَلاَ تُخْسِرُواْ ٱلْمِيزَانَ

55:10 നിങ്ങൾ നീതി പൂർവ്വം തൂക്കം ശരിയാക്കുവിൻ. തുലാസിൽ നിങ്ങൾ കമ്മി വരുത്തരുത്.

لاَّ تَجِدُ قَوْماً يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلآخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُ وَلَوْ كَانُوۤاْ آبَآءَهُمْ أَوْ أَبْنَآءَهُمْ أَوْ إِخْوَانَهُمْ أَوْ عَشِيرَتَهُمْ أُوْلَئِكَ كَتَبَ فِى قُلُوبِهِمُ ٱلإِيمَانَ وَأَيَّدَهُمْ بِرُوحٍ مِّنْهُ وَيُدْخِلُهُمْ جَنَّاتٍ تَجْرِى مِن تَحْتِهَا ٱلأَنْهَارُ خَالِدِينَ فِيهَا رَضِىَ ٱللَّهُ عَنْهُمْ وَرَضُواْ عَنْهُ أُوْلَئِكَ حِزْبُ ٱللَّهِ أَلاَ إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ

58:23 അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവിനോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നതായി നീ കാണുകയില്ല. അവർ അവരുടെ പിതാക്കളോ, പുത്രൻമാരോ, സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അവരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം ആലേഖനം ചെയ്യുകയും അവനിൽ നിന്നുള്ള വെളിപാടു കൊണ്ട് അവൻ അവരെ ശക്തിപ്പെടുത്തുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോ പ്പുകളിൽ അവൻ അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെപറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെ പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അവരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാ ഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ.

മുകളിൽ ഉദ്ധരിച്ച വിശുദ്ധ ഖുർആൻ വചനങ്ങളിൽനിന്ന് നീതി നിർവ്വഹണത്തിന് അല്ലാഹു കൊടുക്കുന്ന പ്രാധാന്യം നല്ല നിലയിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അത് എല്ലാവിധ ബന്ധങ്ങൾക്കും മേലെയാണ്. അഹ്മദിയ്യ ഖലീഫയെ പൊലെയുള്ള പരിപൂർണ്ണമായ നീതി വ്യവസ്ഥ നടപ്പാക്കാത്ത വ്യക്തികൾ യഥർത്ഥത്തിൽ അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കല്പനകളെ ധിക്കരിക്കുന്നവരാണ്. അങ്ങനെയുള്ളവരുമായി സ്നേഹബന്ധം വെച്ച് പുലർത്തുന്നതു പോലും അല്ലാഹു വിലക്കിയിരിക്കുന്നു.

************

## 29. പരമോന്നത പ്രാർത്ഥനയും പരമോന്നത ലക്ഷ്യവും.

നാം എല്ലാ നമസ്കാരങ്ങളിലുമുള്ള മുഴുവൻ റകഅത്തുകളിലും പാരായണം ചെയ്യുന്ന സൂറാ ഫാത്തിഹയാണ് നമ്മുടെയെല്ലാം പരമോന്നത പ്രാർത്ഥനയെന്ന് നമുക്കെല്ലവർക്കും അറിയുന്ന കാര്യമാണ്. പക്ഷെ ആ പ്രാർത്ഥനയിൽ നാം ഒരേയൊരു കാര്യമെ അല്ലാഹുവിനോട് ചോദിക്കുന്നുള്ളൂ, അല്ലെങ്കിൽ നമ്മോട് ചോദിക്കുവാൻ പറഞ്ഞിട്ടുള്ളൂ. മറ്റുള്ള എല്ലാ കാര്യങ്ങളും അതിനു താഴെയാണ്. നമ്മുടെ ജീവിത ലക്ഷ്യമായി അല്ലാഹു നിശ്ചയിച്ച, എല്ലാ സമയത്തും അല്ലാഹുവിനോട് ചോദിക്കുവാൻ ആവശ്യപ്പെട്ട ഈ ഒരേയൊരു കാര്യം എന്താണ്? അത് അല്ലാഹു അനുഗ്രഹിച്ചവരുടെ മാർഗത്തിൽ നമ്മെ നയിക്കേണമേ എന്നതാണ്. ഈ ലക്ഷ്യത്തിനുവേണ്ടിയാണ് അല്ലാഹു നമ്മെ സൃഷ്ടിച്ചിരിക്കുന്നതു തന്നെ. പക്ഷെ കോടനുകോടി മുസ്ലിംകൾ നിത്യേനെ പ്രാർത്ഥിക്കുന്നവരായിട്ടും എന്തുകൊണ്ട് ഇത് അവർക്ക് ലഭിക്കാതെ പോകുന്നു?

അതിനുള്ള പ്രധാന കാരണം നാം ഈ കാര്യം നമ്മുടെ ജീവിത ലക്ഷ്യമായി എടിക്കുന്നില്ല എന്നതാണ്. നാം മുൻഗണന നലുകുന്നത് ഇതൊഴിച്ചുള്ള മറ്റു പലതിനുമാണ്. നാം മറ്റു പലതിനുവേണ്ടിയും അല്ലാഹുവിനോട് ചോദിച്ചാൽ നമുക്ക് ലഭിച്ചില്ലെന്ന് വരാം. അല്ലാഹുവിനോട് നമുക്ക് പരിഭവം തോന്നിയെന്നും വരാം. എന്നാൽ അല്ലാഹുവിനോട് ചോദിക്കുവാൻ നമ്മോട് കല്പിക്കപ്പെട്ട ഈ കാര്യം നാം ആത്മാർത്ഥമായി ചോദിക്കുകയാണെങ്കിൽ നമുക്ക് ലഭിക്കാതെ പോകുമോ? തീർച്ചയായും ഇല്ല.

പക്ഷെ എന്തൊരു കാര്യമാണ് നമ്മെ നേർമാർഗം ലഭിക്കുന്നതിൽനിന്ന് തടയുന്നത്? അത് നമ്മുടെ മതപ്രസ്ഥാനവും മതനേതാക്കളുമാണ് അവസാനത്തേതെന്ന ധാരണയാണ്. ഇതു കാരണമായി നമുക്ക് നമ്മുടെ പഴഞ്ചൻ വിശ്വാസങ്ങളെ കയ്യൊഴിക്കുവാനും പുതുതായി വരുന്ന സത്യത്തെ സീകരിക്കുവാനുമുള്ള ശേഷിയില്ലാതെ പോകുന്നു.

അതിനാൽ പുതുതായി ദൈവനിയൊഗിതരായി വരുന്നവരെ മനസ്സിലാക്കുവാനും അവർ എന്താണ് പറയുന്നതെന്ന് അറിയുവാനുമുള്ള ഒരു ത്വര നമ്മിൽ ഉണ്ടായിരിക്കേണ്ടതാണ്.

മുജദ്ദിദുമാരുടെ ആഗമനത്തെക്കുറിച്ച് റസൂൽ (സ) പറയുന്നത് ഇപ്രകാരമാണ്:

حَدَّثَنَا سُلَيْمَانُ بْنُ دَاوُدَ الْمَهْرِيُّ، أَخْبَرَنَا ابْنُ وَهْبٍ، أَخْبَرَنِي سَعِيدُ بْنُ أَبِي أَيُّوبَ، عَنْ شَرَاحِيلَ بْنِ يَزِيدَ الْمَعَافِرِيِّ، عَنْ أَبِي عَلْقَمَةَ، عَنْ أَبِي هُرَيْرَةَ، فِيمَا أَعْلَمُ عَنْ رَسُولِ اللَّهِ صلى الله عليه وسلم قَالَ " إِنَّ اللَّهَ يَبْعَثُ لِهَذِهِ الأُمَّةِ عَلَى رَأْسِ كُلِّ مِائَةِ سَنَةٍ مَنْ يُجَدِّدُ لَهَا دِينَهَا "

അബു ഹുറയ്റ നിവേദനം ചെയ്യുന്നു. റസൂൽ (സ) അരുൾ ചെയ്തു. തീർച്ചയായും അല്ലാഹു ഈ ഉമ്മത്തിനുവേണ്ടി, ഓരോ നൂറ്റാണ്ടിന്റെ തലക്കലും, ദീനിനെ പുനരുദ്ധരിക്കുന്നയാളെ (മുജദ്ദിദിനെ) നിയോഗിക്കുന്നതാണ്. Sunan Abi Dawud – Book of Battles (Kitab Al-Malahim– 1587).

ഇതു സംബന്ധമായി മസീഹ് മഊദ് (അ) പറയുന്നു:

مستعد اور سعید فطرتوں کے لئے ضروری تھا کہ وہ صدی کے سر آ جانے پر نہایت اضطراب اور بے قراری کے ساتھ اس مرد آسمانی کی تلاش کرتے اور اس آواز کو سننے کے لئے ہمہ تن گوش ہو جاتے جو انہیں یہ مژدہ سناتی کہ میں خدا تعالیٰ کی طرف سے وعدے کے موافق آیا ہوں۔

ഓരോ നൂറ്റാണ്ടിന്റെയും തുടക്കത്തിൽ ഉത്കണ്ഠയോടും അസ്വസ്ഥതയോടും കൂടി വരാനിരിക്കുന്ന സ്വർഗീയ വ്യക്തിയെ തിരഞ്ഞു കൊണ്ട് ദൈവിക വാഗ്ദാനമനുസരിച്ച് ഞാനിതാ വന്നിരിക്കുന്നു എന്ന ശബ്ദം കേൾക്കാൻ വേണ്ടി തയ്യാറായി നിൽക്കുകയെന്നത് ഓരോ ശുദ്ധ പ്രകൃതക്കാരന്റെയും കടമയാകുന്നു. (Malfoozat, Volume 2, Page 356).

ഈ കടമ നിറവേറ്റാൻ നാം തയ്യാറാണോ? നമ്മുടെ ജീവിത ലക്ഷ്യത്തെ നിറവേറ്റാൻ നം തയ്യാറാണൊ? ജനങ്ങൾ തിരഞ്ഞെടുക്കുന്നവരെ മാറ്റി നിർത്തിക്കൊണ്ട് അല്ലാഹു നിയോഗിക്കുന്നവരെ സ്വീകരിക്കുവാൻ നാം തയ്യാറാണൊ? ആലോചിച്ച് നല്ല തീരുമാനങ്ങളെടെക്കുവാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

സമ്പൂർണ്ണ നീതി വ്യവസ്ഥയുള്ള യഥാർത്ഥ ദൈവിക ഖലീഫയായ മുസ്ലിഹ് മഊദ് ആഗതമായ കാലഘട്ടത്താണ് നിങ്ങൾ ഇപ്പോൾ ജീവിക്കുന്നത്. യഥാർത്ഥ മുസ്ലിഹ് മഊദിനെ തിരിച്ചറിയാനുള്ള നല്ല ഭാഗ്യം നിങ്ങൾക്കു ലഭിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. സത്യങ്ങൾ തുറന്നെഴുതാൻ സഹായം നൽകിയ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് ഈ ഗ്രന്ഥം ഇവിടെ പൂർണ്ണമാകുന്നു. ആമീൻ.

***********